Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

വാചകം
VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
VOL. 6 / ISSUE 16 / PAGES32
25
നവംബർ 2026
ബുധനാഴ്ച
1202 വൃശ്ചികം 9

www.vachakam.com
news@vachakam.com
canada@vachakam.com



ട്രംപിന്റെ പുതിയ തീരുവയും വ്യാപാര നയവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ

ആഗോള വ്യാപാര രംഗത്ത് വീണ്ടും ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് 14 പ്രധാന വ്യാപാര പങ്കാളികൾക്ക് മേൽ പുതിയ ഇറക്കുമതി തീരുവകൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇടക്കാല തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടി നേരിട്ട കനത്ത തിരിച്ചടികൾക്കിടയിലും തന്റെ സംരക്ഷണവാദ നിലപാടുകളിൽ നിന്ന് പിന്നോട്ടില്ലെന്ന വ്യക്തമായ സന്ദേശമാണ് ഇതിലൂടെ ട്രംപ് നൽകുന്നത്. ചൈന, ജപ്പാൻ, യൂറോപ്യൻ യൂണിയൻ, ഇന്ത്യ എന്നിവയുൾപ്പെടെയുള്ള രാജ്യങ്ങളെ ലക്ഷ്യമിട്ടുള്ള ഈ പുതിയ നയം, അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെയും സാധാരണക്കാരായ ജനങ്ങളെയും ആഗോള രാഷ്ട്രീയത്തെയും എങ്ങനെ ബാധിക്കുമെന്നത് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.

അമിത വ്യാവസായിക ഉൽപ്പാദനശേഷി പ്രോത്സാഹിപ്പിക്കുന്ന രാജ്യങ്ങളെ നേരിടുക എന്ന ലക്ഷ്യത്തോടെയാണ് 20% മുതൽ 40% വരെ പുതിയ തീരുവകൾ നിർദ്ദേശിച്ചിരിക്കുന്നത്. മുൻപ് ദേശീയ അടിയന്തരാവസ്ഥാ നിയമപ്രകാരം ട്രംപ് ഏർപ്പെടുത്തിയ ആഗോള തീരുവകൾ സുപ്രീം കോടതി റദ്ദാക്കിയിരുന്നു. ഈ സാഹചര്യത്തിൽ, കൂടുതൽ നിയമപരമായ സുരക്ഷിതത്വം ഉറപ്പാക്കാൻ 1974-ലെ വ്യാപാര നിയമത്തിലെ സെക്ഷൻ 301 പ്രകാരമാണ് പുതിയ നീക്കം.

നിലവിലെ വ്യാപാര കരാറുകൾക്ക് അനുസൃതമായി ചില രാജ്യങ്ങൾക്ക് ഇളവുകൾ നൽകുന്നുണ്ടെങ്കിലും, കരാറുകളിൽ എത്താത്ത രാജ്യങ്ങൾക്ക് കനത്ത പ്രഹരമാണ് ഇത് നൽകുന്നത്. ഉദാഹരണത്തിന്, ചൈനയുമായുള്ള വ്യാപാര വെടിനിർത്തൽ തകർന്നാൽ അവർക്ക് മേലുള്ള തീരുവ 40% വരെയായി ഉയരും. ഇന്ത്യയെ സംബന്ധിച്ചിടത്തോളം വ്യാപാര കരാർ അന്തിമമായാൽ 17% നിരക്കും, ചർച്ചകൾ പരാജയപ്പെട്ടാൽ 25% തീരുവയുമാണ് നേരിടേണ്ടി വരിക.

ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് മേൽ ഉയർന്ന നികുതി ചുമത്തുമ്പോൾ, അതിന്റെ ഭാരം ആത്യന്തികമായി വന്നുചേരുന്നത് അമേരിക്കൻ ഉപ

ശേഷം പേജ് 8ൽ

അമേരിക്കൻ കയറ്റുമതി നിയമങ്ങളിലെ പഴുതുകളും കരിമ്പട്ടിക നടപടികളും

അമേരിക്കയും ചൈനയും തമ്മിലുള്ള ആഗോള സാങ്കേതിക മേധാവിത്വ പോരാട്ടത്തിന്റെ ഏറ്റവും നിർണ്ണായകമായ യുദ്ധഭൂമിയായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചിപ്പുകൾ മാറിയിരിക്കുകയാണ്! ചൈനയ്ക്ക് അത്യാധുനിക സെമികണ്ടക്ടറുകളും ചിപ്പ് നിർമ്മാണ സാങ്കേതികവിദ്യകളും ലഭിക്കുന്നത് തടയാനായി വാഷിംഗ്ടൺ കഴിഞ്ഞ കുറച്ച് വർഷങ്ങളായി കർശനമായ കയറ്റുമതി ചട്ടങ്ങൾ കൊണ്ടുവന്നിട്ടും, ഇടനിലക്കാരായ കമ്പനികളിലൂടെയും മൂന്നാം രാജ്യങ്ങളിലൂടെയും എൻവിഡിയയുടെ കരുത്തുറ്റ

ശേഷം പേജ് 8ൽ

ഒരു ഇന്ത്യൻ പ്രണയകഥ
(ഡോ.സെബാസ്റ്റ്യൻ പോൾ)
..... പേജ് 05

തൊലി വെളുപ്പിക്കാൻ അധിക ത്വര; വൃക്കകൾ തകരുന്നു
.....പേജ് 15

പടക്കളങ്ങളാകുന്ന പാർട്ടി പാളയങ്ങൾ
.....പേജ് 16

ഭാഗ്യദേവത കടാക്ഷിച്ച ഒൻപതാം നമ്പർ മുറിയും 'മഞ്ഞിൽ വിരിഞ്ഞ പൂക്കളി'ലേക്കുള്ള വാതിലും
.....പേജ് 17

ക്ലാ ക്ലാ ക്ലീ ക്ലീ ക്ലൂ ക്ലൂ ... ഉണ്ണിത്താൻ തിരിഞ്ഞുനോക്കുന്നത് ആർക്കുവേണ്ടി?
.....പേജ് 24

യുപി 2027:സീറ്റ് തർക്കത്തിൽ ഉലഞ്ഞ് 'ഇന്ത്യ' സഖ്യം; കളി മാറ്റുമോ ഉവൈസി ആസാദ് കൂട്ടുകെട്ട്?
.....പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com
വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
✆ 1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
✆ 1-773-888-2242
1-773-842-9149
Email: vachakamonline@gmail.com
E-Paper reading
visit vachakam.com

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

യുക്രെയ്ൻ വ്യോസേനയ്ക്ക് കരുത്തായി അമേരിക്ക

എഫ്16 യുദ്ധവിമാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 621.9 ദശലക്ഷം ഡോളറിന്റെ പാക്കേജിന് അനുമതി



റഷ്യയുമായുള്ള യുദ്ധം തുടരുന്നതിനിടെ യുക്രെയ്നിന്റെ എഫ്16 യുദ്ധവിമാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി 621.9 ദശലക്ഷം ഡോളറിന്റെ പ്രതിരോധ വിൽപ്പനയ്ക്ക് അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അനുമതി നൽകി. യുക്രെയ്നിന്റെ വ്യോമപ്രതിരോധ ശേഷി നിലനിർത്തുന്നതിൽ ഈ തീരുമാനം ഏറെ നിർണ്ണായകമാകും.

യുദ്ധവിമാനങ്ങളുടെ പ്രവർത്തന ക്ഷമത ഉറപ്പാക്കുന്നതിനുള്ള പ്രത്യേക ഉപകരണങ്ങൾ, ലബോറട്ടറി സാമഗ്രികൾ, ഗതാഗത സൗകര്യങ്ങൾ എന്നിവയാണ് പുതിയ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനുപുറമെ വിമാനങ്ങളുടെ സുരക്ഷാ സംവിധാനങ്ങൾക്ക് ആവശ്യമായ കാർട്രിഡ്ജ്, പ്രൊപ്പല്ലന്റ് ഉപകരണങ്ങളും യുക്രെയ്നിന് ലഭിക്കും.

ഈ വൻകിട പ്രതിരോധ ഇടപാടിനുള്ള മുഴുവൻ തുകയും നാല് യൂറോപ്യൻ രാജ്യങ്ങളാണ് വഹിക്കുന്നത് എന്നതാണ് ശ്രദ്ധേയമായ കാര്യം. ബെൽജിയം, ഡെന്മാർക്ക്, നെതർലാൻഡ്സ്, നോർവേ എന്നീ രാജ്യങ്ങൾ സംയുക്തമായി രൂപീകരിച്ച ജസ്റ്റിസ്റ്റാർട്ട് പദ്ധതിയിലൂടെയാണ് ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നത്.

അമേരിക്കൻ സർക്കാരിന്റെ ബജറ്റിൽ നിന്ന് ഈ ഇടപാടിനായി ഒരു രൂപ പോലും ചെലവഴിക്കുന്നില്ലെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഔദ്യോഗിക പ്രസ്താവനയിൽ വ്യക്തമാക്കി. യൂറോപ്യൻ സഖ്യകക്ഷികളുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ സൈനിക ഉപകരണങ്ങൾ യുക്രെയ്നിലേക്ക് എത്തുന്നത്.

അമിതമായ ഉപയോഗവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം യുക്രെയ്നിന്റെ പക്കലുള്ള പല എഫ് 16 വിമാനങ്ങളും നിലവിൽ സർവീസ് നടത്താൻ കഴിയാത്ത അവസ്ഥയിലായിരുന്നു. പഴയ മോഡൽ വിമാനങ്ങളായതിനാൽ ഇവയ്ക്ക് കൃത്യമായ ഇടവേളകളിൽ യന്ത്രഭാഗങ്ങൾ മാറ്റി സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

അമേരിക്കയുടെപുതിയഅനുമതിലഭിച്ചതോടെ പ്രവർത്തനരഹിതമായി കിടക്കുന്ന വിമാനങ്ങൾ വേഗത്തിൽ നന്നാക്കിയെടുക്കാൻ യുക്രെയ്ൻ വ്യോമസേനയ്ക്ക് സാധിക്കും. അമേരിക്കൻ സർക്കാർ നടത്തുന്ന ടെൻഡർ നടപടികളിലൂടെയാകും ഇതിനാവശ്യമായ പ്രധാന കരാറുകാരെ തിരഞ്ഞെടുക്കുക.

റഷ്യൻ വ്യോമാക്രമണങ്ങളെ പ്രതിരോധിക്കാൻ യുക്രെയ്ൻ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന യുദ്ധവിമാനങ്ങളാണ് എഫ്16. ഈ ഇടപാട് പ്രാബല്യത്തിൽ വരുന്നതോടെ മേഖലയിലെ സൈനിക സന്തുലിതാവസ്ഥയിൽ യുക്രെയ്നിന് വലിയ ആശ്വാസം ലഭിക്കുമെന്നാണ് വിലയിരുത്തൽ.

റീ...പോളിംഗ്



പഴയ യു.ഡി.എഫ് ആയി മാറാനല്ല ജനം വോട്ടു ചെയ്തതെന്ന് ജി. സുധാകരൻ.

എല്ലാ വായനക്കാർക്കും
HAPPY THANKSGIVING
ആശംസകൾ



വായിക്കൂ!
വായിച്ചു വളരൂ!
സന്ദർശിക്കുക
വാചകം VACHAKAM
News Portal for Malayalees Worldwide
www.vachakam.com
വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

A 24/7 Newspaper Focusing on Malayalees Worldwide
Published from CHICAGO (USA) and TORONTO (CANADA)

Free E-Paper നിങ്ങളുടെ ഇൻബോക്സിൽ ലഭിക്കുവാൻ Email ID ഞങ്ങൾക്കയച്ചുതരിക
vachakamonline@gmail.com

കേരളത്തിലെ 100 അംഗൻവാടികൾക്കും പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സഹായവുമായി ഷിക്കാഗോയിലെ ജീവകാരുണ്യ പ്രവർത്തകൻ പീറ്റർ കുളങ്ങര



ഷിക്കാഗോ: കേരളത്തിലെ ഭിന്നശേഷിക്കാരുടെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളുടെയും ക്ഷേമത്തിനായി ഷിക്കാഗോയിലെ പ്രമുഖ ജീവകാരുണ്യ പ്രവർത്തകൻ പീറ്റർ കുളങ്ങരയുടെ നേതൃത്വത്തിൽ പുതിയ സഹായപദ്ധതി ഒരുങ്ങുന്നു. അദ്ദേഹം നേതൃത്വം നൽകുന്ന Handicap Educational Assistance Program മുഖേന കേരളത്തിലെ 100 അംഗൻവാടികൾക്കും ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി 10,000 രൂപ വീതം വിലമതിക്കുന്ന ഇൻക്ലൂസീവ് ലേണിങ് കിറ്റുകൾ വിതരണം ചെയ്യുന്നതാണ് പദ്ധതി.

അദ്ദേഹത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് പൂർണ പിന്തുണയുമായി ഷിക്കാഗോ സോഷ്യൽ ക്ലബ്, മെഡിവെസ്റ്റ് മലയാളി അസോസിയേഷൻ, ഫോമ ഷിക്കാഗോ റീജിയൻ എന്നീ സംഘടനകളും സഹകരിക്കുന്നുണ്ട്.

കഴിഞ്ഞ നാലുവർഷമായി പീറ്റർ കുളങ്ങരയുടെ നേതൃത്വത്തിൽ അറുപതോളം ഇലക്ട്രിക് വീൽചെയറുകൾ, നൂറോളം സാധാരണ വീൽചെയറുകൾ, കേൾവിപരിമിതിയുള്ളവർക്ക് ശ്രവണസഹായികൾ, കാഴ്ചപരിമിതിയുള്ളവർക്ക് പ്രത്യേക ലാപ്ടോപ്പുകൾ, ഏഴോളം ഭിന്നശേഷി സൗഹൃദ ഇലക്ട്രിക് സ്കൂട്ടറുകൾ, തയ്യൽ മെഷീനുകൾ തുടങ്ങി നിരവധി സഹായോപകരണങ്ങളാണ് ഈ കാലയളവിൽ വിതരണം ചെയ്തത്.

ഇത്തവണത്തെ പദ്ധതിയുടെ ഏറ്റവും ശ്രദ്ധേയമായ പ്രത്യേകത ഭിന്നശേഷിക്കാരായ യുവാക്കൾ തന്നെ നിർമ്മിക്കുന്ന പഠനോപകരണങ്ങൾ ഭിന്നശേഷിക്കാരായ കുട്ടികൾക്ക്ലഭ്യമാക്കുന്നു എന്നതാണ്. കേരളത്തിലെ സാമൂഹിക സംരംഭമായ പുനർജീവ ടെക്നോളജി സൊല്യൂഷൻസ് LLPയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന സംനിത നിർമിതി ഇൻക്യൂഷൻ ലാബിലാണ് കിറ്റുകൾ നിർമ്മിക്കുന്നത്.

ബൗദ്ധികവും മറ്റ് തരത്തിലുള്ളതുമായ ഭിന്നശേഷികളുള്ള യുവാക്കൾ പരിശീലനം ലഭിച്ച മേൽനോട്ടത്തിൽ കിറ്റുകളുടെ നിർമ്മാണം, ഗുണനിലവാര പരിശോധന, പാക്കിങ് എന്നിവ നിർവഹിക്കുന്നു. ഈ ജോലികൾക്ക് അവർക്ക് പ്രതിഫലവും ലഭിക്കുന്നു.

കുട്ടികളുടെ കൈവിരലുകളുടെ ചലനശേഷി, രൂപങ്ങളും നിറങ്ങളും തിരിച്ചറിയാനുള്ള കഴിവ്, ഓർമശക്തി, ശ്രദ്ധ, സ്പർശനത്തിലൂടെയുള്ള പഠനം തുടങ്ങിയവ വികസിപ്പിക്കാൻ സഹായിക്കുന്ന അഞ്ച് വ്യത്യസ്ത പ്രവർത്തനങ്ങളാണ് ഓരോ കിറ്റിലുമുള്ളത്. ഭിന്നശേഷിക്കാരായ കുട്ടികൾക്കും മറ്റ് കുട്ടികൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന രീതിയിലാണ് ഇവ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഈ ജീവകാരുണ്യ സംരംഭത്തിൽ പങ്കാളികളായിരിക്കുന്ന സംഘടനകൾക്കോ മറ്റ് സ്പോൺസർമാർക്കോ മാത്രമല്ല, വ്യക്തികൾക്കും നേരിട്ട് പങ്കാളികളാകാൻ അവസരമുണ്ട്. നോർത്ത് അമേരിക്കയിലെ മലയാളികൾക്ക് 100 അമേരിക്കൻ ഡോളർ സംഭാവന നൽകി പദ്ധതിയുടെ ഭാഗമാകാം. സംഭാവന നൽകുന്നവർക്ക് കേരളത്തിലെ സ്വന്തം നാട്ടിലോ വാർഡിലോ ഉള്ള അർഹമായ അംഗൻവാടിയിലേക്കോ പ്രത്യേക വിദ്യാഭ്യാസ സ്ഥാപനത്തിലേക്കോ സഹായം എത്തിക്കുന്നതിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

2027 ജനുവരിയിൽ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 100 സ്ഥാപനങ്ങളിൽ പഠനകിറ്റുകൾ വിതരണം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രവാസി മലയാളികളുടെ സാമ്പത്തിക പിന്തുണയും സംഘടനകളുടെ കൂട്ടായ സഹകരണവും സമന്വയിപ്പിച്ചുകൊണ്ട് ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ഭിന്നശേഷിക്കാരായ യുവാക്കളുടെ തൊഴിൽ ശേഷി വികസനത്തിനും ഒരേ സമയം പിന്തുണ നൽകുന്ന ജീവകാരുണ്യ സംരംഭമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ഷിക്കാഗോ മലയാളി അസോസിയേഷൻ ഇന്ത്യൻ കോൺസുലർ ക്യാമ്പ് ഡിസംബർ 12ന്

ഷിക്കാഗോ: ഷിക്കാഗോയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ, ഷിക്കാഗോ മലയാളി അസോസിയേഷന്റെയും വിഎഫ്എസ് ഗ്ലോബലിന്റെയും സഹകരത്തോടെ ഡിസംബർ 12 ശനിയാഴ്ച മോർട്ടൺ ഗ്രോവിൽ പ്രത്യേക കോൺസുലാർ ക്യാമ്പ് നടത്തും. രാവിലെ 11 മുതൽ വൈകിട്ട് 3 വരെ സെന്റ് മേരീസ് ക്നാനായ ചർച്ചിലെ സ്കൂൾ ഹാളിലാണ് ക്യാമ്പ്. വിലാസം 7800 Lyons St, Morton Grove, IL60053.

ഇന്ത്യൻ പാസ്പോർട്ട് പുതുക്കൽ, ഒസിഐ അപേക്ഷ, ഇന്ത്യൻ പാസ്പോർട്ട് സറണ്ടർ, ഇന്ത്യൻ വിസ, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഗ്ലോബൽ എൻട്രി പ്രോഗ്രാം എന്നിവയ്ക്കുള്ള പൂരിപ്പിച്ച അപേക്ഷകൾ ക്യാമ്പിൽ നേരിട്ട് പരിശോധിച്ച് സമർപ്പിക്കാം. ഷിക്കാഗോ ഇന്ത്യൻ കോൺസുലേറ്റിന്റെ അധികാരപരിധിയിൽ വരുന്ന അപേക്ഷകർക്കാണ് ക്യാമ്പിൽ പങ്കെടുക്കാനാകുക. വിവാഹം, ജനനം, ലൈഫ്, എൻആർഐ സർട്ടിഫിക്കറ്റുകൾ, NORI-I, NORI-III, ജനന രജിസ്ട്രേഷൻ, പവർ ഓഫ് അറ്റോർണി, സത്യവാങ്മൂലങ്ങൾ, മരണവുമായി ബന്ധപ്പെട്ട രേഖകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തൽ തുടങ്ങിയ സേവനങ്ങളും ക്യാമ്പ് അറിയിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എല്ലാ സേവനങ്ങൾക്കും വിഎഫ്എസ് വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്യുകയും ഫീസ് ഓൺലൈനായി അടയ്ക്കുകയും വേണം.

കേരളാ കൾച്ചറൽ സെന്റർ ഷിക്കാഗോയുടെ നേതൃത്വത്തിൽ ടാക്സ് ചോദ്യോത്തര അഭിമുഖ പരിപാടി ഡിസംബർ ഒന്ന് മുതൽ

ഷിക്കാഗോ: കേരളാ കൾച്ചറൽ സെന്റർ ഷിക്കാഗോയുടെ നേതൃത്വത്തിൽ മുതിർന്നവർക്കായുള്ള സാമൂഹിക പ്രവർത്തനത്തിന്റെ ഭാഗമായി ഡിസംബർ ഒന്നു മുതൽ ഡിസംബർ 31 വരെ മുതിർന്ന പൗരന്മാർക്ക് 2026 ടാക്സ് സീസണിലെ ടാക്സ് സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി കെ.സി.സി.സി ഈ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ പരിപാടിയിൽ ടാക്സ് പ്രൊഫഷണൽസായി സന്തോഷ് അഗസ്റ്റിൻ സിപിഎ, പ്രമോദ് സക്കറിയ ഇഎ, ടിനൊ സൈമൺ എന്നിവർ നേതൃത്വം നൽകുന്നു. 30 മിനിറ്റ് നീണ്ടുനിൽക്കുന്ന ഒരു വ്യക്തിപരമായ അഭിമുഖം ആയിരിക്കും നിങ്ങളുടെ സംശയങ്ങൾ എഴുതി തയ്യാറാക്കി വരുന്നത് സഭികാമ്യമാണ്. കൂടുതൽ വിവരങ്ങൾ ഇതിനോടനുബന്ധിച്ചുള്ള ഫ്ളെയർ കാണുക.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക 773-842-9149, ഇമെയിൽ kcc4chicago@gmail.com



ന്യൂയോർക്ക് സോഷ്യൽ ക്ലബ്ബിന്റെ 56 ടൂർണമെന്റിൽ മധു കുട്ടി, നിതിൻ ഈപ്പൻ, രാജീവ് ജോർജ് എന്നിവർക്ക് കിരീടം



ന്യൂയോർക്ക്: റോയ് ജേക്കബ്, സാജൻ കുഴിപ്പറമ്പിൽ, ബിജു വലിയകല്ലുങ്കൽ എന്നിവരുടെ നേതൃത്വത്തിലുള്ള റോക്ക്ലാൻഡ് കൗണ്ടിയിലെ ന്യൂയോർക്ക് സോഷ്യൽ ക്ലബ്, ഇന്റർനാഷണൽ ഫോർമാറ്റിലുള്ള രണ്ടാമത് 56 ടൂർണമെന്റ് നവംബർ 22ന് ന്യൂയോർക്കിലെ ക്നാനായ സെന്ററിൽ സംഘടിപ്പിച്ചു.

അമേരിക്കയുടെ കിഴക്കൻ തീരപ്രദേശങ്ങളിൽനിന്നുള്ള 20 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. നിശ്ശബ്ദമായ മനസ്സാന്നിധ്യവും അപ്രതീക്ഷിത നാടകീയതയും നിറഞ്ഞ വേദിയായി ക്നാനായ സെന്റർ മാറി. ധൈര്യത്തോടെ വിളികൾ ഉയർന്നു, കണക്കുകൂട്ടിയ സ്വരത്തിൽ തുറുപ്പുകൾ പ്രഖ്യാപിക്കപ്പെട്ടു; ഒരു ഗുലാന്റെ പിഴച്ച നീക്കം മതിയായിരുന്നു ഒരു ഉച്ചനേരത്തെ മുഴുവൻ ശ്രദ്ധാപൂർവമായ അധ്വാനവും പാഴാക്കാൻ. അവസാന കൈയും കളിച്ചുതീർന്നപ്പോൾ, ചാമ്പ്യൻഷിപ്പ് പാരമ്പര്യമുള്ള കണക്റ്റിക്കട്ടിൽ നിന്നുള്ള മൂവർസംഘം പട്ടികയുടെ തലപ്പത്തെത്തി.

2023ലെ 56 ഇന്റർനാഷണൽ ചാമ്പ്യന്മാരായ കണക്റ്റിക്കട്ടിന്റെ മധു കുട്ടി, നിത്തിൻ ഈപ്പൻ, രാജീവ് ജോർജ് എന്നിവരടങ്ങിയ ടീമാണ് കിരീടം സ്വന്തമാക്കിയത്. ടൂർണമെന്റിലുടനീളം ആധിപത്യം പുലർത്തിയ ഇവർ എല്ലാ ലീഗ് മത്സരങ്ങളും വിജയിച്ച് ആദ്യ റൗണ്ട് റോബിൻ ഘട്ടത്തിൽ പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി. അതേ മികവും ആത്മവിശ്വാസവും ഫൈനലിലേക്കും കൊണ്ടുപോയ ടീം കിരീടനേട്ടത്തോടെ മുന്നേറ്റം പൂർത്തിയാക്കി.

കഴിഞ്ഞ വർഷത്തെ ന്യൂയോർക്ക് സോഷ്യൽ ക്ലബ് അമ്പത്തിയാറ് ടൂർണമെന്റ് ജേതാക്കളായ ന്യൂജേഴ്സിയുടെ ജോസഫ് ചാമക്കാല, സന്തോഷ് ജോർജ്, ജോസ് വർക്കി എന്നിവരടങ്ങിയ ടീമായിരുന്നു ഫൈനലിലെ എതിരാളികൾ. പരിചയസമ്പന്നരായ രണ്ടു ടീമുകളുടെ ഏറ്റുമുട്ടൽ, വാശിയേറിയ മത്സരങ്ങൾ നിറഞ്ഞ ദിനത്തിന് ഉചിതമായ കലാശപ്പോരായി. ഒടുവിൽ കണക്റ്റിക്കട്ട് ടീം വിജയികളായി.

മൂന്നാംസ്ഥാനവുംകണക്റ്റിക്കട്ടിനായിരുന്നു. റെജി നെല്ലിക്ക, ജോ വെള്ളയിപറമ്പിൽ, ജോഷി ജോർജ് എന്നിവരടങ്ങിയ ടീമാണ് മൂന്നാം സമ്മാനം നേടിയത്. ഇതോടെ കണക്റ്റിക്കട്ടിലെ അമ്പത്തിയാറ്കളിക്കാർക്ക് അഭിമാനകരമായ നേട്ടങ്ങളുടെ ദിനമായി ടൂർണമെന്റ് മാറി.

2027 ഒക്ടോബറിൽ നടക്കുന്ന 28-ാമത് അന്താരാഷ്ട്ര അമ്പത്തിയാറ് ചാമ്പ്യൻഷിപ്പിന് ന്യൂയോർക്ക് സോഷ്യൽ ക്ലബ് ആതിഥ്യമരുളും. അഭിമാനകരമായ ഈ വാർഷിക മത്സരത്തിനായി വിവിധ ദേശങ്ങളിലെ കളിക്കാരും അമ്പത്തിയാറ് പ്രേമികളും വീണ്ടും ഒത്തുചേരും.

നവംബറിലെ ടൂർണമെന്റ് വരാനിരിക്കുന്ന ചാമ്പ്യൻഷിപ്പിന്റെ സൂചനയാണെങ്കിൽ, തന്ത്രങ്ങളുടെ മാറ്റുരയ്ക്കലും ആവേശകരമായ പോരാട്ടങ്ങളും ചീട്ടുമേശയ്ക്കു ചുറ്റും പുതുക്കപ്പെടുന്ന സൗഹൃദങ്ങളും നിറഞ്ഞ ഒരു മഹാമേളയ്ക്കാണ് ന്യൂയോർക്ക് ഒരുങ്ങുന്നത്.



ലൂമിന 2026: സെന്റ് മേരീസ് ഇടവകയുടെ ഫാമിലി നൈറ്റ് വർണാഭമായി

പെയർലാൻഡ്: സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ ഇടവകയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫാമിലി നൈറ്റ് 'ലൂമിന 2026' നവംബർ 14ന് പൂർവാധികം ഭംഗിയോടെയും പ്രൗഢഗംഭീരമായും നടത്തപ്പെട്ടു.

റിച്ചാർഡ്സ് ജേക്കബ് കയ്യാലപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. ഇടവക വികാരി ഫാ. വർഗീസ് ജോർജ് കുന്നത്തും വിവിധ ഇടവക സംഘടനകളായ SMCC, Ladies Forum, HCA, Mission League എന്നിവയുടെ ഭാരവാഹികളും ചേർന്ന് നിലവിളക്ക് തെളിയിച്ച് സംഗമം ഉദ്ഘാടനം ചെയ്തു. സിസ്റ്റർ റാണിസ് എം.എസ്.എം.ഐ. അനുഗ്രഹപ്രഭാഷണം നടത്തി. മദർ ബെൻസിയും മറ്റു സിസ്റ്റർമാരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

സെന്റ് തെരേസ വാർഡ് ക്ലിയർ ലേക്ക് അവതരിപ്പിച്ച 'അബ്രഹാമിന്റെ ബലി' എന്ന സിനിമാറ്റിക് ബൈബിൾ ഡ്രാമ കാണികളുടെ മുക്തകണ്ഠം മായ പ്രശംസ നേടി. ഹൃദ്യമായ അവതരണവും മികവുറ്റ രംഗാവിഷ്കാരവും കൊണ്ട് സദസ്സിനെ ഒന്നടങ്കം വിസ്മയിപ്പിച്ച ഈ നാടകം പരിപാടിയുടെ പ്രധാന ആകർഷണങ്ങളിലൊന്നായി മാറി.

ഇടവക വികാരിയോടൊപ്പം കൈക്കാരന്മാരായ ജോർജ് വർഗീസ്, റിച്ചാർഡ്സ് സ്കറിയ, ബിജു എബ്രഹാം, ജോബി ജോയ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. എസ്.എം.സി.സിയും വുമൺസ് ഫോറം വും വിവിധ ചുമതലകൾ ഏകോപിപ്പിച്ചു. യുവജന പ്രതിനിധികൾ വേദിയിലെ പരിപാടികളുടെ ഏകോപനത്തിൽ സജീവ പങ്കുവഹിച്ചു.

◗ *ജീമോൻ റാന്നി*



മന്ത്ര ശാക്തേയം 2027 മെക്സിക്കോ കിക്കോഫ് ശ്രദ്ധേയമായി

മോണ്ടെറേ, മെക്സിക്കോ: വടക്കേ അമേരിക്കയിലെ മലയാളി ഹൈന്ദവ സംഘടനയായ മന്ത്ര (മലയാളി അസോസിയേഷന ഓഫ് നോർത്ത് അമേരിക്കൻ ഹിന്ദൂസ്) സംഘടിപ്പിക്കുന്ന ശാസ്തേയം 2027 ഗ്ലോബൽ ഹിന്ദു കൺവെൻഷന്റെ മെക്സിക്കോ കിക്കോഫ് നവംബർ 14ന് മോണ്ടെറേയിൽ വിജയകരമായി നടന്നു.

മന്ത്ര ട്രസ്റ്റി ബോർഡ് ചെയർമാൻ ഹരി ശിവരാമൻ, ദേശീയ പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ, ജനറൽ സെക്രട്ടറി ഉണ്ണി തൊയക്കാട്ട് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അമേരിക്കയിൽ നിന്നെത്തിയ മന്ത്ര അംഗങ്ങളുടെ സാന്നിധ്യവും പരിപാടിക്ക് കൂടുതൽ പ്രാധാന്യം നൽകി.

മന്ത്ര ട്രസ്റ്റി ബോർഡ് അംഗവും സംഘടനയുടെ സ്ഥാപക അംഗം എന്ന നിലയിൽ സജീവമായി പ്രവർത്തിക്കുന്ന ഹരീന്ദ്രനാഥ് വെങ്ങിലാട്ട് മെക്സിക്കോ കിക്കോഫിന്റെ മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു. പരിപാടിയുടെ ആസൂത്രണം മുതൽ വിജയകരമായ നടത്തിപ്പ് വരെയുള്ള അദ്ദേഹത്തിന്റെ നേതൃത്വവും ആത്മാർത്ഥമായ പരിശ്രമങ്ങളും പ്രത്യേകം ശ്രദ്ധേയമായി.

മെക്സിക്കോയിലെ മോണ്ടെറേയിൽ താമസിക്കുന്ന പ്രാദേശിക ഹൈന്ദവ സമൂഹാംഗങ്ങളുമായും മലയാളികളുമായും മന്ത്ര പ്രതിനിധികൾ കൂടിക്കാഴ്ച നടത്തുകയും ആശയവിനിമയം നടത്തുകയും ചെയ്തു. ശാക്തേയം 2027 കൺവെൻഷനെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ചപ്പോൾ മികച്ച പ്രതികരണമാണ് ലഭിച്ചത്. കൂടിക്കാഴ്ചയിൽ പങ്കെടുത്തവർ കൺവെൻഷനിൽ പങ്കെടുക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തു.

2027 ജൂലൈ 2 മുതൽ 5 വരെ കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിലുള്ള DoubleTree by Hilton ഹോട്ടലിൽ നടക്കുന്ന ശാക്തേയം 2027 ഗ്ലോബൽ ഹിന്ദു കൺവെൻഷൻ, വടക്കേ അമേരിക്കയിലെയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെയും മലയാളി ഹൈന്ദവ കുടുംബങ്ങളെ ഒരുമിപ്പിക്കുന്ന മഹാസംഗമമായിരിക്കും.

◗ *രഞ്ജിത് ചന്ദ്രശേഖർ*

ഫോമാ 20–20 ഭവനപദ്ധതി: നാല് വീടുകളുടെ നിർമാണത്തിന് തുടക്കം



നൂയോർക്ക്: കേരളത്തിലെ നിർധനരായ 20 കുടുംബങ്ങൾക്ക് സുരക്ഷിതമായ വീടുകൾ നിർമിച്ചുനൽകുക എന്ന ലക്ഷ്യത്തോടെ ഫോമാ നടപ്പാക്കുന്ന 20-20 ഭവനപദ്ധതിയുടെ ഭാഗമായി നാല് വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഫോമയുടെ ഇരുപതാം വാർഷികമായ 2028ഓടെ 20 കുടുംബങ്ങൾക്ക് സ്വന്തം വീടുകൾ കൈമാറുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് പദ്ധതി മുന്നോട്ടുപോകുന്നത്. ഒരു വീടിന്റെ നിർമാണച്ചെലവ് അമേരിക്കൻ മലയാളിയും ഫോമാ നേതാവുമായ പി.ടി. തോമസ് സ്പോൺസർ ചെയ്തു.

ന്യൂയോർക്ക് സ്റ്റേറ്റിൽ ടാക്സ് കൺസൾട്ടന്റായി പ്രവർത്തിക്കുന്ന പി.ടി. തോമസ് അമേരിക്കൻ മലയാളി സമൂഹത്തിലെ ശ്രദ്ധേയനായ സാമൂഹികസംഘടനാ പ്രവർത്തകനാണ്.

പത്തനംതിട്ട ജില്ലയിലെ തിരുവല്ലയ്ക്കടുത്ത് ചെങ്ങരൂരിൽ ചൂരക്കുട്ടിക്കൽ കുടുംബത്തിനായി നിർമിക്കുന്ന ആദ്യ വീടിന്റെ തറക്കല്ലിടൽ തിരുവല്ല എം.എൽ.എ അഡ്വ. വർഗീസ് മാമൻ നിർവഹിച്ചു.

എറണാകുളം ജില്ലയിലെ കോട്ടപ്പടി പഞ്ചായത്തിലെ അയപ്പാറയിൽ നിർമിക്കുന്ന രണ്ടാമത്തെ വീടിന്റെ നിർമാണോദ്ഘാടനം കോതമംഗലം എം.എൽ.എ ഷിബു തെക്കുംപുറം നിർവഹിച്ചു.

എറണാകുളം ജില്ലയിലെ പിറവം, പാഴൂരിൽ കല്ലുമരിയാൽ കുടുംബത്തിനായി നിർമിക്കുന്ന മൂന്നാമത്തെ വീടിന്റെ നിർമാണ പ്രവർത്തനങ്ങൾക്കും തുടക്കമായി.

നാലാമത്തെ വീട് കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലെ കിളിയന്തറയിലാണ് നിർമിക്കുന്നത്. ഈ വീടിന്റെ തറക്കല്ലിടൽ കർമ്മം കേരള വൈദ്യുതിവകുപ്പ് മന്ത്രി സണ്ണി ജോസഫ് നിർവഹിക്കും.

◗ *സൈജൻ കണയോടിക്കൽ*



ഫോമാ സെൻട്രൽ റീജിയന്റെ 2026–28 വർഷത്തേക്കുള്ള വർക്കിംഗ് കമ്മിറ്റി രൂപീകരിച്ചു; പ്രഥമ യോഗം ഷിക്കാഗോയിൽ നടന്നു

ഷിക്കാഗോ: നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകളുടെ പ്രമുഖ കൂട്ടായ്മയായ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് സെൻട്രൽ റീജിയന്റെ 2026-2028 വർഷത്തേക്കുള്ള വർക്കിംഗ് കമ്മിറ്റി രൂപീകരണവും പ്രഥമ യോഗവും ഷിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വെച്ച് നടന്നു.

ഫോമാ സെൻട്രൽ റീജിയൻ റീജിയണൽ വൈസ് പ്രസിഡന്റ് രഞ്ജൻ എബ്രഹാമിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിന് ഫോമാ നാഷണൽ ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, ജുഡീഷ്യൽ കമ്മിറ്റി ചെയർമാൻ ബെന്നി വാച്ചാച്ചിറ, നാഷണൽ കൗൺസിൽ അംഗങ്ങളായ ജിതേഷ് ചുങ്കത്ത്, പ്രിൻസ് ഈപ്പൻ, യൂത്ത് പ്രതിനിധി കാൽവിൻ കവലക്കൽ, വിമൻസ് ഫോറം പ്രതിനിധി ജൂബി വള്ളിക്കുളം എന്നിവർ നേതൃത്വം നൽകി.

പ്രസ്തുത യോഗത്തിൽ രൂപീകരിച്ച വർക്കിംഗ് കമ്മിറ്റിയുടെ ചെയർമാനായി മനോജ് അച്ചേട്ട്, വൈസ് ചെയർമാനായി സ്റ്റീഫൻ കിഴക്കേക്കുറ്റ്, സെക്രട്ടറിയായി ജോൺ പാട്ടപതി, ജോയിന്റ് സെക്രട്ടറിയായി ആഷ്ലി എബ്രഹാം, ട്രഷററായി ആന്റോ കവലക്കൽ, ജോയിന്റ് ട്രഷററായി അഭിലാഷ് നെല്ലാമറ്റം, പബ്ലിക് റിലേഷൻസ് ഓഫീസറായി അനിൽ മറ്റത്തിക്കന്നേൽ, വിമൻസ് ഫോറം ചെയർപേഴ്സണായി ജൂബി വള്ളിക്കുളം, യൂത്ത് കോഓർഡിനേറ്ററായി മേഘ ചിറയിൽ എന്നിവരെ തിരഞ്ഞെടുത്തു.

ഫോമാ നാഷണൽ കൗൺസിൽ അംഗം ജിതേഷ് ചുങ്കത്ത് പരിപാടിയുടെ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു. നാഷണൽ കൗൺസിൽ അംഗം പ്രിൻസ് ഈപ്പൻ യോഗാനന്തരം നന്ദി പ്രകാശിപ്പിച്ചു.

SUNNY
FINANCIAL STRATEGIES, LLC



Wealth planning that works across generations.

Partnered for Your Family's Success

Tom Sunny, CFP®, CLU®, RICP®

Financial Planner & Wealth Advisor

Building your financial future together, with expertise & fiduciary integrity.

AREAS OF SPECIALTY

- Comprehensive Planning & Wealth Management
- Inheritance & Estate Planning: Trusts, Wills, POAs, Transfers
- Retirement Income Strategy for Retirees & Pre-Retirees
- Professional Investment Advisory & Guidance
- Insurance Protection: Life, Disability, Long-Term Care, Liability, Health & Medicare Supplement (Medigap)
- Tax Planning & Diversification
- 401(k), 403(b), 457(b), TSP, IRA & Roth IRA Rollovers, Optimization, and Set-Ups
- Business Plans, Employee Benefits, Pensions, Social Security, Medicare
- Education Expense Funding

Let's Plan for Your Brighter Future

COMPLIMENTARY CONSULTATION · CALL OR SCAN

847-414-9116

sunnyfinancial.com

tom@sunnyfinancial.com

DIGITAL

Financial Advisor with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated

പലരും പലതും 23

ഒരു ഇന്ത്യൻ പ്രണയകഥ



ഡോ. സെബാസ്റ്റ്യൻ പോൾ

2004ലെ തിരഞ്ഞെടുപ്പ് വിജയം തെരുവിൽ ആഘോഷിച്ചുകൊണ്ടിരിക്കെയാണ് അടിയന്തരമായിഡൽഹിയിലെത്തുന്നതിനുള്ള വിളിയുണ്ടായത്. പ്രധാനമന്ത്രിയാകാൻ സോണിയ ഗാന്ധിയെ സഹായിക്കുന്നതിനുള്ള വിളിയായിരുന്നു അത്. ഒരു ക്രിസ്ത്യാനി പ്രധാനമന്ത്രിയാകുന്നതിനുള്ള അടുത്തെങ്ങും ആവർത്തിക്കപ്പെടാനിടയില്ലാത്ത സന്ദർഭമായിരുന്നിട്ടും ഞാൻ സന്തുഷ്ടനായില്ല. ബി.ജെ.പി പ്രകടിപ്പിക്കുന്ന വിരോധത്തിനു തുല്യമായ വിരോധം ആ രാഷ്ട്രീയകുടുംബത്തോട്എനിക്കുണ്ടായിരുന്നു. ഡൽഹിയിലെത്തിയപ്പോൾ സോണിയ ഗാന്ധി പ്രധാനമന്ത്രിയാകുന്നില്ലെന്ന വിവരം കിട്ടി. അത് അനല്പമായ സംതൃപ്തിക്ക് കാരണമായി. ഒരു ഉൾവിളിയോ വീണ്ടുവിചാരമോ ആണ് മനംമാറ്റത്തിന് കാരണമായതെന്ന് ബിലോങ്ങിങ് - എ ജേണി ഓഫ് ലവ് എന്ന ആത്മകഥയിൽ സോണിയ ഗാന്ധി പറയുന്നു.

രാഷ്ട്രപതിയായിരുന്ന എ.പി.ജെ അബ്ദുൽ കലാമിന്റെ സ്വകാര്യമായി വെളിപ്പെടുത്തപ്പെട്ട നിലപാടാണ് സോണിയയുടെ നിലപാടുമാറ്റത്തിനു കാരണമായതെന്ന് കേട്ടിരുന്നു. സിനിമയാക്കാൻ സാധ്യതയുള്ള കഥയിലെ സിനിമയ്ക്കു ചേർന്ന ടിസ്റ്റായിരുന്നു അത്. പക്ഷേ അവിടെനിന്ന് സോണിയ ഗാന്ധിയുടെ മറ്റൊരു മുഖം കണ്ടുതുടങ്ങി. ആ പരിവർത്തനം ജേണി ഓഫ് ലവ് എന്ന ഉപശീർഷകത്തെ സാധൂകരിക്കുന്നു. ഫാസിസത്തിന്റെ നാട്ടിൽനിന്നെത്തിയ സോണിയ തികഞ്ഞ ജനാധിപത്യവാദിയായി. ഇന്ത്യയെ സ്നേഹിക്കുന്ന മകളായി. മാനവികത അവരുടെ മുഖമുദ്രയായി. സൗഭാഗ്യത്തിന്റെ ഉന്നതിയിൽ പരിത്യാഗം നൽകിയ വൈശിഷ്ട്യശോഭയിൽ ഗ്രീക് ട്രാജഡിയിലെ നായികയെപ്പോലെ അവർ പുനഃരവതരിച്ചു.

കഥയിൽ നേരിട്ട് പങ്കെടുത്തവർ വിവരണത്തിൽ വിയോജിക്കുമ്പോഴാണ് കഥയ്ക്ക് ഉദ്വേഗമുണ്ടാകുന്നത്. സോണിയ ഗാന്ധിയുടേതിൽനിന്ന് വ്യത്യസ്തമായ വിവരണം അക്കാലത്തെ സംഭവങ്ങളിലെ പ്രധാനകഥാപാത്രമായിരുന്നപ്രണബ്മുഖർജിനൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയാകണമെന്ന് തീവ്രമായിആഗ്രഹിച്ചിരുന്നയാളാണ് പ്രണബ് മുഖർജി. ഞങ്ങൾ എംപിമാരുടെ പ്രതീക്ഷയും അതായിരുന്നു. പക്ഷേ ഫ്രെയ്മിൽ ഒരിടത്തും ഇല്ലാതിരുന്ന മൻമോഹൻ സിങ് പ്രധാനമന്ത്രിയായി. ആക്സിഡെന്റൽ പ്രൈം മിനിസ്റ്റർ എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടത്. ഇന്ന് നരേന്ദ്ര മോദിയും മറ്റും കാണിക്കുന്ന വെപ്രാളമൊന്നും കാണിക്കാതെ അദ്ദേഹം പത്തു വർഷം പ്രധാനമന്ത്രിയായിരുന്നു.

ഏറെക്കുറെ നിശ്ശബ്ദനായ പ്രധാനമന്ത്രി. സോണിയ ഗാന്ധിയും ഹർകിഷൻ സിങ് സുർജിത്തും തമ്മിലുള്ള സൗഹൃദംമന്ത്രിസഭയുടെഭദ്രതയുടെഉറപ്പായി. ഉപാധികളില്ലാതെ 64 എംപിമാരെ സുർജിത് സോണിയയുടെ പിന്നിൽ അണിനിരത്തി. മൂല്യവത്തായ ഉപദേശങ്ങളും നിർദേശങ്ങളും നൽകി. പ്രതിസന്ധികളിൽ ഇടപെടുകയെന്നതു മാത്രമായി പ്രണബ് മുഖർജിയുടെ ദൗത്യം. വിശ്വാസവോട്ടിൽ ഭൂരിപക്ഷം ഉറപ്പിക്കുന്നതിന് മുഖർജി നടത്തിയ ശരിയായതും ശരിയല്ലാത്തതുമായ ഇടപെടലുകൾ പ്രസിദ്ധമാണ്. സുർജിത് ഉണ്ടായിരുന്നുവെങ്കിൽ പിന്തുണ പിൻവലിക്കലും തുടർന്നുള്ള വിശ്വാസവോട്ടും ഉണ്ടാകുമായിരുന്നില്ല.



സുർജിത്തുമായുള്ളബന്ധത്തിൽഉയിലാണ് ആത്മകഥ എഴുതേണ്ടത്. ജയിലാണ് അതിനു പറ്റിയ ഇടം. മഹാത്മ ഗാന്ധിയുംജവാഹർലാൽനെഹ്റുവും നെൽസൺ മണ്ടേലയും ഉൾപ്പെടെ പലരും കാരാഗൃഹത്തെ എഴുത്തുപുരയാക്കിയവരാണ്. ഡെറാഡൂണിലെ ജയിൽവാസത്തിനിടയിലാണ് നെഹ്റു ആത്മകഥയെഴുതിയത്. 1935ൽ പൂർത്തിയാക്കിയപുസ്തകത്തിൽപ്രധാനമന്ത്രിയെന്ന നിലയിൽ ലോകമറിയുന്ന നെഹ്റുവില്ല. കോവിഡ് ഏൽപിച്ച നിർബന്ധിത അടച്ചുപൂട്ടലിന്റെ ഏകാന്തതയിലും വിഭ്രാന്തിയിലുമാണ് ഞാൻ എന്റെ ആത്മകഥ എഴുതിയത്. ചരിത്രം തന്നോട് ദയ കാണിക്കുന്നതിന് താൻതന്നെ ആ ചരിത്രമെഴുതുന്നുവെന്ന് വിൻസ്റ്റൻ ചർച്ചിൽ പറഞ്ഞിട്ടുണ്ട്.

ഫലിതമാണെങ്കിലും പ്രസ്താവനയിൽ കാര്യമുണ്ട്. മറക്കേണ്ടത് മറച്ചുകൊണ്ട് എഴുതപ്പെടുന്ന ചരിത്രമാണ് രാഷ്ട്രീയസ്വഭാവമുള്ള ആത്മകഥ. സോക്രട്ടീസ് മുതൽ ജോൺസൺവരെ ഒന്നും എഴുതിയിട്ടില്ലാത്തവരാണ്. സോക്രട്ടീസിനു പ്ളാറ്റോയും ജോൺസണ് ബോസെല്ലും ഉണ്ടായി. വിരൽകൊണ്ട് നിലത്തെഴുതിയ സന്ദർഭം മാത്രമാണ് ജീസസിന്റെ ജീവിതത്തിലുണ്ടായത്. പക്ഷേ അദ്ദേഹത്തിന് ഒന്നിനൊന്ന് മികച്ചതെന്ന രീതിയിൽ നാല് സുവിശേഷ രചയിതാക്കളുണ്ടായി. ജീവിക്കുന്നതല്ല ഓർമിക്കുന്നതാണ് ജീവിതമെന്നു പറഞ്ഞത് മാർക്കേസാണ്. ഓർമിക്കുക എന്നു പറഞ്ഞാൽ ഓർത്തു പറയുക എന്നാണർത്ഥം. ആ ദൗത്യമാണ് രാഷ്ട്രീയമായി മൂല്യമുള്ള ആത്മകഥാരചനയിലൂടെ സോണിയ ഗാന്ധി നിർവഹിച്ചിരിക്കുന്നത്. നെഹ്റുവിനുശേഷം ആ കുടുംബത്തിന്റെ ആഖ്യായികാകാരിയാകാൻ അവസരം ലഭിച്ചത് സോണിയ ഗാന്ധിക്കാണ്.

തന്നെ ഇംഗ്ളിഷ് പഠിപ്പിച്ചത് പ്രൊഫസറാണ് പരിചാരികയല്ല എന്ന് ഒരിക്കൽ രാജീവ് ഗാന്ധിയോട് പ്രൊഫസർ മധു ദന്തവാദെ പറഞ്ഞു. ദന്തവാദെയുടെ പ്രൗഢമായ ഭാഷയെ രാജീവ് ഗാന്ധി പരിഹസിച്ചപ്പോഴായിരുന്നു സാന്ദർഭികമായി ശരിയും രാഷ്ട്രീയമായി ശരിയല്ലാത്തതുമായ പ്രസ്താവനയുണ്ടായത്. അധികവരുമാനത്തിനു വേണ്ടി വിദേശവിദ്യാർഥികൾ റസ്റ്ററന്റിലും മറ്റും പണിയെടുക്കുന്നത് യൂറോപ്പിലെ പതിവുകാഴ്ചയാണ്. പ്രത്യാഘാതമുളവാക്കുന്ന അനുചിതമായ ഭാഷ രാജീവ്ഗാന്ധിയുടെദൗർബല്യമായിരുന്നു. ആന്ധ്രാക്കാരുടെ ആത്മഗൗരവത്തെ സ്പർശിച്ച അത്തരമൊരു പ്രസ്താവനയിൽനിന്നാണ് തെലുഗുദേശം പാർട്ടിയും എൻ.ടി രാമറാവു എന്ന നേതാവും പിറന്നത്. സംസാരം പരിമിതമായിരുന്നതിനാലാവാം സോണിയ ഗാന്ധിക്ക് അത്തരം വീഴ്ചകൾ ഉണ്ടായിട്ടില്ല. അനുചിതമെന്നു പറയാവുന്ന ഒന്നും അവരുടെ ജീവിതത്തിൽ സംഭവിച്ചിട്ടില്ല. പ്രധാനമന്ത്രിയുടെ മകനെ പ്രണയിച്ച് ഇന്ത്യയിലെത്തി പ്രധാനമന്ത്രിയുടെ ഭാര്യയായിത്തീർന്നയാളാണ് സോണിയ ഗാന്ധി. അക്കാലമായിരുന്നു അവരുടെ ശ്രേഷ്ഠകാലം. അന്തസോടെ അവർ പ്രധാനമന്ത്രിക്കൊപ്പം നിന്നു. സന്ദർഭത്തിനു അനുയോജ്യമായ നിശ്ശബ്ദതയായിരുന്നു അവരുടെ മുഖമുദ്ര. അങ്ങനെയാണ് ആ ഇറ്റലിക്കാരി ഇന്ത്യയുടെ പ്രേമഭാജനമായത്. വിദേശിയുടെഭാവാദികൾ പൂർണമായും ഒഴിവാക്കിക്കൊണ്ട് സമ്പൂർണമായും ഇന്ത്യക്കാരിയായിത്തീർന്ന പരിവർത്തനമായിരുന്നു അത്. അധ്യാപികയായി കൊൽക്കത്തയിലെത്തിയ അൽബേനിയൻ കന്യാസ്ത്രീ മദർ തെരേസ എന്ന പേരിൽ ഇന്ത്യക്കാർക്ക് അമ്മയായി മാറിയതിനു സമാനമായ പരിവർത്തനമായിരുന്നു അത്. രാഷ്ട്രീയവും ആത്മസമർപ്പണം ആവശ്യപ്പെടുന്ന ശുശ്രൂഷയാണ്.

മഹാത്മ ഗാന്ധിക്ക് ആത്മകഥാരചന സത്യാന്വേഷണത്തിന്റെ ഭാഗമായിരുന്നു. എല്ലാ ആത്മകഥകളും അങ്ങനെയല്ല. രണ്ട് പ്രധാനമന്ത്രിമാരെയും തദ്വാര ഒരു കുടുംബത്തെയും ന്യായീകരിക്കുന്നതിനുള്ള ശ്രമത്തിലാണ് സോണിയ ഗാന്ധി ഏർപ്പെട്ടത്. മറന്നത് ഓർത്തെടുക്കാനുള്ള അവസരമാണ് രചനയിലൂടെ രാഷ്ട്രീയ എതിരാളികൾക്ക് സോണിയ ഗാന്ധി നൽകിയത്. അടിയന്തരാവസ്ഥയുടെ മങ്ങാത്ത കറ ഇന്ദിര ഗാന്ധിയുടെ പ്രതിഛായയിൽനിന്ന് നീക്കം ചെയ്യാനുള്ള പ്രാപ്തി സോണിയ ഗാന്ധിക്കില്ല. വൻമരം വീഴുമ്പോൾ എന്നു തുടങ്ങി രാജീവ് ഗാന്ധിയുടെ ജീവിതത്തിലെ വിശദീകരണം ആവശ്യമുള്ള സന്ദർഭങ്ങൾ സോണിയ ഗാന്ധി സ്പർശിക്കാതെ വിട്ടു.

ചരിത്രത്തിന് ആ കുടുംബത്തോട് അനുകമ്പയുള്ളതുപോലെ ദയാരാഹിത്യവുമുണ്ട്. കടങ്ങൾ എഴുതിത്തള്ളാനോ വീട്ടാനോ സോണിയയ്ക്ക് കഴിഞ്ഞിട്ടില്ല. പ്രധാനമന്ത്രിപദം ലക്ഷ്യമാക്കി മുന്നേറുന്ന മകന്റെ ചുമലിൽ ദുർവഹമായ ഭൂതകാലഭാരം കെട്ടിവയ്ക്കാതിരിക്കുന്നതിനുള്ള ശ്രമത്തിൽ പലതും പറയാതെ വിടേണ്ടിവരും. കുടുംബത്തിലെ നാലാമത്തെ പ്രധാനമന്ത്രിക്ക് വഴിയൊരുക്കുന്നതിനു ഉത്തരവാദിത്വമുള്ള അമ്മ ഓർമകൾ രേഖപ്പെടുത്തുമ്പോൾ സെലക്ടീവ് ആകുന്നത് സ്വാഭാവികമാണ്. ഓർമകളേക്കാൾ പ്രധാനപ്പെട്ടതാണ് പ്രതീക്ഷകൾ.

Certified Accounting & Tax, Inc
506 B Zenith Dr. Glenview, IL 60025
Personal & Business Income Tax
FREE Electronic Filing
Incorporation, Sales Tax, Payroll, Business and Personal Income Tax & Accounting
Andrew P Thomas CPA
Cell: (847) 702-3877
Joseph Chamakala CPA
Cell: (847) 370-5673
Ph: (888) OUR-CPA-1, (888) 687-2721(224) 567-8089
Fax: (847) 890-6267 ourcpa1@gmail.com

ഷാർലറ്റിൽ കേരളപ്പിറവി ആഘോഷം; മലയാളത്തനിമ നിറഞ്ഞ കലാവിരുന്ന്



ഷാർലറ്റ് (നോർത്ത് കാരലൈന): കേരളത്തിന്റെ സാംസ്കാരിക പൈതൃകവും മലയാളത്തിന്റെ തനിമയും വിളിച്ചോതി വേൾഡ് മലയാളി കൗൺസിൽ (ഡബ്ല്യുഎംസി) ഷാർലറ്റ് പ്രൊവിൻസിന്റെ നേതൃത്വത്തിൽ നവംബർ 21ന് കേരളപ്പിറവി ആഘോഷം സംഘടിപ്പിച്ചു. സംഗീതവും നൃത്തവും നാടകവും ചെണ്ടമേളവും സമന്വയിച്ച ആഘോഷം പ്രവാസി മലയാളികളുടെ സാംസ്കാരിക സംഗമമായി മാറി.

സാജു തുരുത്തേൽ, എൽദോ പോൾ, ഷാജി പീറ്റർ, ജോൺ പീറ്റേഴ്സ്, സിബി ജേക്കബ് എന്നിവർ ചേർന്ന് ഭദ്രദീപം തെളിച്ച് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ഇന്ത്യയുടെയും അമേരിക്കയുടെയും ദേശീയഗാനങ്ങൾ ആലപിച്ചു. എൽദോ പോൾ സ്വാഗതം ആശംസിച്ചു.

സ്മിത ഭാസി സഞ്ജീവിന് ആദരം

49-ാമത് മിസിസ് യൂണിവേഴ്സ് 2026 മത്സരത്തിൽ അവസാന 25 മത്സരാർഥികളിൽ ഇടം നേടുകയും 'മിസിസ് യൂണിവേഴ്സ് പേഴ്സണാലിറ്റി' പുരസ്കാരം കരസ്ഥമാക്കുകയും ചെയ്ത സ്മിത ഭാസി സഞ്ജീവിനെ ചടങ്ങിൽ മുഖ്യാതിഥിയായി ആദരിച്ചു. സാജു തുരുത്തേൽ, ഷാജി പീറ്റർ, എൽദോ പോൾ, ജോൺ പീറ്റേഴ്സ് എന്നിവർ ആദരിക്കൽ ചടങ്ങിൽ പങ്കെടുത്തു.

ആഘോഷങ്ങൾക്ക് പിന്തുണ നൽകിയ ജോൺ പീറ്റേഴ്സ്, ജോർജ് ജോസഫ്, ഷാജി പീറ്റർ, എൽദോ പോൾ എന്നിവരുൾപ്പെടെയുള്ള സ്പോൺസർമാരെയും ചടങ്ങിൽ ആദരിച്ചു.

പീറ്റർ കോരത്തിന്റെയും സംഘത്തിന്റെയും സംഘഗാനം, ആനു ജോസിന്റെയും സംഘത്തിന്റെയും നൃത്തം, രുഗ്മിണി ശ്രീജിത്തിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച 'കറുകറെ കാർമുകിൽ' മോഹിനിയാട്ടം എന്നിവ ആഘോഷത്തിന് മാറ്റേകി.

സമൂഹമാധ്യമങ്ങളുടെ സ്വാധീനം പ്രമേയമാക്കിഷാജിപീറ്ററുംസംഘവും അവതരിപ്പിച്ച 'കൊടുത്താൽ കൊല്ലത്തും കിട്ടും' എന്ന ഹാസ്യനാടകവും വീണ ശബരീഷിന്റെ നേതൃത്വത്തിൽ കുട്ടികൾ അവതരിപ്പിച്ച 'ഏകലവ്യൻ' നൃത്തനാടകവും ശ്രദ്ധേയമായി.

ട്രയാഡ് പ്രൊവിൻസിൽ നിന്നുള്ള ലിജി ശ്രീജേഷ്, അഞ്ജനി ശ്രീനിവാസൻ ഭരദ്വാജ് എന്നിവരുടെ നൃത്താവതരണങ്ങൾ, യുഗ്മഗാനങ്ങൾ, സംഘനൃത്തങ്ങൾ, കുട്ടികളും മുതിർന്നവരും കേരളീയ വേഷവിധാനങ്ങളോടെ അണിനിരന്ന ഫാഷൻ ഷോ എന്നിവ ആഘോഷത്തിന് മിഴിവേകി.

ജിനക്സും രേണുക രാഹുലും അവതാരകരായി. ഷിബി നന്ദി രേഖപ്പെടുത്തി. ഷാർലറ്റ് പഞ്ചാരിമേളം കൂട്ടായ്മയുടെ ചെണ്ടമേളത്തോടെയും തനത് കേരളീയ വിഭവങ്ങളൊരുക്കിയ വിരുന്നോടെയും ആഘോഷങ്ങൾക്ക് സമാപനമായി.

പ്രവാസലോകത്ത് മലയാളഭാഷയും സംസ്കാരവും പുതുതലമുറയ്ക്ക് പകർന്നുനൽകുന്നതിനും മലയാളികൾക്കിടയിലെ സൗഹൃദവും കൂട്ടായ്മയും ശക്തിപ്പെടുത്തുന്നതിനുമുള്ള വേദിയായി കേരളപ്പിറവി ആഘോഷം മാറി.

1995ൽ രൂപീകൃതമായ വേൾഡ് മലയാളി കൗൺസിൽ ലോകമെമ്പാടുമുള്ള മലയാളികളെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന ആഗോള സംഘടനയാണെന്നും മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണത്തോടൊപ്പം സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങളിലും സംഘടന നിർണായക പങ്കുവഹിക്കുന്നുണ്ടെന്നും വേൾഡ് മലയാളി കൗൺസിൽ ഒസിഐ ഫോറം ഗ്ലോബൽ ചെയർമാൻ സാജു തുരുത്തേൽ പറഞ്ഞു.



ഷിക്കാഗോയിൽ നിന്ന് സമാഹരിച്ച നേപ്പാൾ ദുരിതാശ്വാസ ഫണ്ട് വിതരണം ചെയ്തു

ഷിക്കാഗോ: പ്രകൃതിദുരന്തം മൂലം തകർന്നടിഞ്ഞ നേപ്പാളിന്റെ ഉൾപ്രദേശങ്ങളിൽ സഹായമെത്തിക്കുന്നതിന്റെ ഭാഗമായി ചിക്കാഗോയിൽ നിന്ന് സമാഹരിച്ച തുകയുടെ വിതരണം നടന്നു. നേപ്പാളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകൾക്ക് വേണ്ടി പാസ്റ്റർ ജിജു ഉമ്മൻ, ഡോ ടൈറ്റസ് ഈപ്പൻ, പാസ്റ്റർ തിമോത്തി എബ്രഹാമിന് വേണ്ടി ഇവാ. ഡാനി കെവിൻ ജോൺസൺ എന്നിവർ സഹായങ്ങൾ ഏറ്റുവാങ്ങി എഫ്.പി.സി.സി കൺവീനർ പാസ്റ്റർ സേവിയർ ജെയിംസ്, ടൈറ്റസ് മാത്യു, ഡോ.അലക്സ് ടി. കോശി എന്നിവർ സഹായങ്ങൾ വിതരണം ചെയ്തു.

ഷിക്കാഗോ പെന്തക്കോസ്റ്റൽ കമ്മ്യൂണിറ്റി (സി.പി.സി) വാട്സ്ആപ്പ് ഗ്രൂപ്പ് ആണ് ധനസമാഹരണത്തിന് നേതൃത്വം നൽകിയത്. പ്രവർത്തനങ്ങളുടെ ഏകോപനത്തിന് കുര്യൻ ഫിലിപ്പ് നേതൃത്വം നൽകി. അരി ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും മരുന്നുകളും ഉൾപ്പെടുന്ന കിറ്റുകൾ നേപ്പാളിന്റെ ഉൾ ഭാഗങ്ങൾ സന്ദർശിച്ച് വിതരണം ചെയ്ത സംഘടനയ്ക്ക് പ്രത്യേക സഹായങ്ങൾ നൽകി. ആതുര സേവനരംഗത്ത് കൈത്താങ്ങായ എല്ലാവർക്കും സംഘാടകർ നന്ദി അറിയിച്ചു.

◗ *കുര്യൻ ഫിലിപ്പ*

ഫോമാ 2020 ഹൗസിങ് പ്രോജക്ട്: കണ്ണൂരിൽ നാലാമത്തെ വീടിന് മന്ത്രി അഡ്വ. സണ്ണി ജോസഫ് തറക്കല്ലിട്ടു

കണ്ണൂർ: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമാ പ്രഖ്യാപിച്ച 2020 ഹൗസിങ് പ്രോജക്ടിന്റെ ഭാഗമായി നിർമിക്കുന്ന നാലാമത്തെ വീടിന്റെ തറക്കല്ലിടൽ കർമം കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലെ കിളിയന്തറയിൽ നടന്നു. നവംബർ 22 ഞായറാഴ്ച രാവിലെ 10.30ന് നടന്ന ചടങ്ങിൽ കേരള വൈദ്യുതിവകുപ്പ് മന്ത്രിയും കെ.പി.സി.സി പ്രസിഡന്റുമായ അഡ്വ. സണ്ണി ജോസഫ് തറക്കല്ലിടൽ കർമം നിർവഹിച്ചു. അമേരിക്കൻ മലയാളികളുടെ കൂട്ടായ്മയിൽ രൂപംകൊണ്ട ഈ മഹത്തായ ഭവനപദ്ധതിയുടെ മറ്റൊരു സുപ്രധാന നാഴികക്കല്ലായി ചടങ്ങ് മാറി.

പായം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വിനോദ് കുമാറിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഇടവക വികാരിയുടെ അനുഗ്രഹപ്രഭാഷണവും ഉണ്ടായിരുന്നു. പായം ഗ്രാമപഞ്ചായത്ത് അംഗം ഡെന്നിസ് മണി സ്വാഗതം ആശംസിച്ചു. കാനഡയിൽ നിന്നുള്ള ഫോമാ നാഷണൽ കമ്മിറ്റി മെമ്പർ സജയ് സെബാസ്റ്റ്യൻ ഉൾപ്പെടെയുള്ള സംഘാടകരും ജനപ്രതിനിധികളും ചടങ്ങിൽ സംസാരിച്ചു.



ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡന്റ്സാമുവൽ മാത്യു, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരുടെ നേതൃത്വത്തിലുള്ള 2026-2028 ഭരണസമിതിയുടെ പ്രധാന ജീവകാരുണ്യ പദ്ധതികളിലൊന്നാണ് ഈ ഭവന പദ്ധതി. ഇരുപതാം വാർഷികത്തോടെ ഇരുപത് വീടുകൾ എന്ന ലക്ഷ്യത്തിലേക്ക് നാലാമത്തെ വീടിന്റെ തറക്കല്ലിടലും പിന്നിടുമ്പോൾ, സേവനവും സഹാനുഭൂതിയും സാമൂഹിക ഉത്തരവാദിത്വവും സമന്വയിപ്പിച്ച ഒരു മാതൃകാപരമായ പ്രവർത്തനമായി ഫോമാ 2020 ഹൗസിങ് പ്രോജക്ട് മാറുകയാണ്.

◗ *എ. എസ്. ശ്രീകുമാർ*



താങ്ക്സ്ഗിവിംഗ് യാത്രകളെ ആശങ്കയിലാഴ്ത്തി അമേരിക്കയിൽ അതിതീവ്ര കാലാവസ്ഥ; 4.4 കോടിയിലധികം ആളുകൾക്ക് ജാഗ്രതാ നിർദ്ദേശം

വാഷിംഗ്ടൺ: താങ്ക്സ്ഗിവിംഗ് അവധിക്കാല ആഘോഷങ്ങൾക്കും യാത്രകൾക്കും തിരിച്ചടിയായി അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ അതിതീവ്ര കാലാവസ്ഥയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പ്. മോശം കാലാവസ്ഥയ്ക്കൊപ്പം യാത്രാ തിരക്കും സാങ്കേതിക തടസ്സങ്ങളും വർധിക്കുന്നത് രാജ്യത്തെ ഇരു തീരങ്ങളിലെയും മധ്യ ഭാഗത്തെയും ജനങ്ങളെ വലിയ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്.

സൗത്ത് കരോലിന മുതൽ മസാച്യുസെറ്റ്സ് വരെയുള്ള കിഴക്കൻ തീരപ്രദേശങ്ങളിൽ മണിക്കൂറിൽ 70 മൈൽ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ 4.4 കോടിയിലധികം ആളുകൾക്ക് ദേശീയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ബുധനാഴ്ച ഫ്ളോറിഡയ്ക്ക് മുകളിൽ രൂപപ്പെട്ട കൊടുങ്കാറ്റ് തെക്കു



കിഴക്കൻ സംസ്ഥാനങ്ങളിൽ കനത്ത മഴയ്ക്കും മിന്നൽ പ്രളയത്തിനും കാരണമായേക്കും. ഫ്ളോറിഡ, കരോലിന തുടങ്ങിയ സംസ്ഥാനങ്ങളിൽ 5 ഇഞ്ച് വരെ മഴ ലഭിക്കാനും നാശനഷ്ടങ്ങളുണ്ടാക്കുന്ന കാറ്റിനും ചുഴലിക്കാറ്റുകൾക്കും സാധ്യതയുണ്ടെന്നും കാലാവസ്ഥാ നിരീക്ഷകർ വ്യക്തമാക്കുന്നു.

തീരത്തുകൂടി വേഗത്തിൽ സഞ്ചരിക്കുന്ന ഈ കൊടുങ്കാറ്റ് വ്യാഴാഴ്ചയോടെ വടക്കുകിഴക്കൻ മേഖലയിലേക്ക് നീങ്ങുന്നതോടെ ന്യൂയോർക്ക് സിറ്റിയിലും മിന്നൽ പ്രളയ ഭീഷണി ഉയർന്നിട്ടുണ്ട്. ന്യൂയോർക്കിന് പുറമെ ബോസ്റ്റൺ, ഫിലാഡൽഫിയ, വാഷിംഗ്ടൺ ഡി.സി തുടങ്ങിയ പ്രധാന നഗരങ്ങളിലും താങ്ക്സ്ഗിവിംഗ് ദിനത്തിൽ തണുത്ത മഴയ്ക്ക് സാധ്യതയുണ്ട്.

മോശം കാലാവസ്ഥ ന്യൂയോർക്ക് സിറ്റിയിൽ നടക്കുന്ന പ്രശസ്തമായ മേസീസ് താങ്ക്സ്ഗിവിംഗ് ഡേ പരേഡിന്റെ നൂറാം വാർഷികാഘോഷങ്ങൾക്കും ഭീഷണിയാകുന്നുണ്ട്. പരേഡിന്റെ പ്രധാന ആകർഷണമായ ഭീമൻ ബലൂണുകൾ ആകാശത്ത് ഉയർത്തുന്ന കാര്യത്തിൽ കാറ്റിന്റെ വേഗത നിർണ്ണായകമാകും. നഗരത്തിൽ അമിതമായ മഴയ്ക്ക് സാധ്യതയില്ലെങ്കിലും മണിക്കൂറിൽ 23 മൈൽ വേഗതയിലുള്ള തുടർച്ചയായ കാറ്റോ, 34 മൈൽ വേഗതയിലുള്ള ശക്തമായ കാറ്റോ വീശിയാൽ ബലൂണുകൾ താഴെയിറക്കേണ്ടി വരും. 1971ന് ശേഷം ഇതുവരെ മേസീസ് പരേഡിൽ ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടില്ല.

അതേസമയം, കിഴക്കൻ അമേരിക്കയുടെ ഉൾപ്രദേശങ്ങളിലും മിഡ്വെസ്റ്റ് മേഖലയിലും സീസണിലെ ആദ്യത്തെ കനത്ത മഞ്ഞുവീഴ്ചയ്ക്ക് സാധ്യതയുണ്ട്. വ്യാഴാഴ്ച വൈകുന്നേരം വരെ സെന്റ് ലൂയിസ് ഉൾപ്പെടെയുള്ള ഇല്ലിനോയിസ്, മിസോറി സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങളിൽ ശീതകാല കൊടുങ്കാറ്റ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ മേഖലകളിൽ 6 മുതൽ 9 ഇഞ്ച് വരെ മഞ്ഞുവീഴ്ചയുണ്ടായേക്കാം. മഞ്ഞ് അടിഞ്ഞുകൂടുന്നത് കാരണം റോഡുകളും പാലങ്ങളും വഴുവഴുപ്പുള്ളതും അപകടകരവുമാകാൻ സാധ്യതയുണ്ടെന്നും മരക്കൊമ്പുകൾ ഒടിഞ്ഞുവീണ് വൈദ്യുതി ബന്ധം തടസ്സപ്പെട്ടേക്കാമെന്നും സെന്റ് ലൂയിസിലെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. സാഹചര്യം കണക്കിലെടുത്ത് സാധ്യമാണെങ്കിൽ യാത്രകൾ പൂർണ്ണമായും മാറ്റിവെക്കണമെന്ന് അധികൃതർ പൊതുജനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്.

കനത്ത കൊടുങ്കാറ്റ് ഭീഷണി: മേസിസ് താങ്ക്സ്ഗിവിംഗ് പരേഡ് ചരിത്രത്തിലാദ്യമായി മാറ്റിവച്ചു



ന്യൂയോർക്ക് നഗരത്തിൽ ശക്തമായ കാറ്റിനും കനത്ത മഴയ്ക്കും സാധ്യതയുണ്ടെന്ന കാലാവസ്ഥാ മുന്നറിയിപ്പിനെ തുടർന്ന്, 1003മത് മേസിസ് താങ്ക്സ്ഗിവിംഗ് ഡേ പരേഡ് വ്യാഴാഴ്ചയിൽ നിന്ന് ശനിയാഴ്ച രാവിലെ 8:30ലേക്ക് മാറ്റി നിശ്ചയിച്ചു. പരേഡിന്റെ നൂറുവർഷത്തെ ചരിത്രത്തിൽ ഇതാദ്യമായാണ് ഇത്തരമൊരു മാറ്റിവയ്ക്കൽ ഉണ്ടാകുന്നത്. വ്യാഴാഴ്ചത്തെ ആഘോഷങ്ങൾക്കായി കൂറ്റൻ ബലൂണുകളിൽ കാറ്റ് നിറയ്ക്കുന്ന ജോലികൾ പുരോഗമിക്കുന്നതിനിടെയാണ് സംഘാടകരുടെ ഈ നിർണ്ണായക പ്രഖ്യാപനം.

സുരക്ഷയ്ക്കാണ് മുൻഗണനയെന്ന് അധികൃതർ

മാൻഹട്ടനിലെ അംബരചുംബികളായ കെട്ടിടങ്ങൾക്കിടയിലൂടെയും ജനക്കൂട്ടത്തിന് മുകളിലൂടെയും കൂറ്റൻ ബലൂണുകൾ പറത്തുന്നത് അതിശക്തമായ കാറ്റിൽ വലിയ അപകടമുണ്ടാക്കുമെന്ന് വിലയിരുത്തിയാണ് തീരുമാനം. മണിക്കൂറിൽ 30 മുതൽ 38 മൈൽ വരെ വേഗതയിൽ കാറ്റ് വീശാനും, ചില സമയങ്ങളിൽ കാറ്റിന്റെ വേഗത 50 മുതൽ 60 മൈൽ വരെ ഉയരാനും സാധ്യതയുണ്ടെന്ന് അടിയന്തര മാനേജ്മെന്റ് വിഭാഗം മുന്നറിയിപ്പ് നൽകുന്നു. നഗരത്തിലെ നിയമപ്രകാരം കാറ്റിന്റെ വേഗത മണിക്കൂറിൽ 23 മൈലിൽ കൂടിയാൽ ബലൂണുകൾ പറത്താൻ അനുവാദമില്ല. വ്യാഴാഴ്ച മുതൽ വെള്ളിയാഴ്ച വരെ ശക്തമായ കാറ്റിനും തീരദേശ വെള്ളപ്പൊക്കത്തിനും നാഷണൽ വെതർ സർവീസ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കാറ്റ് കാരണം വ്യാഴാഴ്ച രാവിലെ പാലങ്ങളിൽ കാലിയായ ട്രാക്ടർട്രെയിലറുകൾക്ക് നിരോധനവും ഏർപ്പെടുത്തി.

പരേഡ് മാറ്റിവച്ചത് ജനങ്ങൾക്ക് അസൗകര്യമുണ്ടാക്കുമെങ്കിലും പൊതുസുരക്ഷയ്ക്കാണ് പ്രഥമ പരിഗണനയെന്ന് ന്യൂയോർക്ക് മേയർ സൊഹ്റാൻ മംദാനി വ്യക്തമാക്കി.

കലാപരിപാടികളും ചരിത്രപരമായ വസ്തുതകളും

ശനിയാഴ്ചത്തേക്ക് മാറ്റിയ പരേഡിൽ എല്ലാ ബാൻഡുകളെയും കലാകാരന്മാരെയും അണിനിരത്താനുള്ള തീവ്രശ്രമത്തിലാണ് സംഘാടകർ. ബ്രോഡ്വേ ഷോകളായ ചിക്കാഗോ, ഹാമിൽട്ടൺ എന്നിവയുടെ കലാകാരന്മാർ ശനിയാഴ്ചത്തെ പരേഡിൽ പങ്കെടുക്കുമെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. അതേസമയം പരേഡ് സംപ്രേഷണം ചെയ്യുന്ന എൻ.ബി.സി വ്യാഴാഴ്ച പകരം 2025 ലെ പരേഡിന്റെ പുനസംപ്രേഷണം നടത്തും. പരേഡ് മാറ്റിവച്ചത് പല സന്ദർശകരുടെയും യാത്രാ പദ്ധതികൾ മാറ്റിമറിച്ചെങ്കിലും, ഫ്ളോറിഡയിൽ നിന്ന് വെള്ളിയാഴ്ച ന്യൂയോർക്കിലെത്തുന്ന 12 വയസ്സുകാരന് ഇത് വലിയ സന്തോഷമായി. തന്റെ പിറന്നാൾ ആഘോഷത്തിനായി എത്തുന്ന അവന് ഇതോടെ പരേഡ് നേരിട്ട് കാണാൻ അവസരമൊരുങ്ങി. രണ്ടാം ലോകമഹായുദ്ധസമയത്ത് 1942 മുതൽ 1944 വരെ പരേഡ് പൂർണ്ണമായും റദ്ദാക്കിയിട്ടുണ്ടെങ്കിലും, കാലാവസ്ഥ കാരണം പരേഡ് മാറ്റിവയ്ക്കുന്നത് ചരിത്രത്തിൽ ഇതാദ്യമാണ്. 1997ലെ പരേഡിനിടെ ശക്തമായ കാറ്റിൽ ബലൂൺ വിളക്കുകാലിൽ ഇടിച്ച് കാഴ്ചക്കാർക്ക് പരിക്കേറ്റതിനെ തുടർന്നാണ് ബലൂൺ സുരക്ഷാ നിയമങ്ങൾ കർശനമാക്കിയത്.

ജോർജ് കുര്യൻ തെക്കുംകാട്ടിൽ ഷിക്കാഗോയിൽ നിര്യാതനായി



ഷിക്കാഗോ: മോർട്ടൺ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകാംഗവും ഇന്ത്യൻ വ്യോമസേനയിലെ റിട്ടയേർഡ് ഉദ്യോഗസ്ഥനുമായ ജോർജ് കുര്യൻ തെക്കുംകാട്ടിൽ (82) ഷിക്കാഗോയിൽ നിര്യാതനായി. കോട്ടയം നീഴൂർ ഇൻഫന്റ് ജീസസ് കത്തോലിക്കാ ദേവാലയത്തിലെ മുൻ ഇടവകാംഗമാണ്.

ഭാര്യ: ഉഴവൂർ ഐക്കരോത്ത് കുടുംബാംഗമായ ആലീസ് ജോർജ്.

മക്കളും മരുമക്കളും: ജിജു & ദീപ (ഒളിക്കുന്നേൽ, തൊടുപുഴ), ജിമ്മി & സമായ (മാപ്പിളത്തുണ്ടത്തിൽ, നീണ്ടൂർ).

കൊച്ചുമക്കൾ: എമ്മ, ജോനാ, ജെയ്ഡൻ, കൈറ, ആൻഡ്രൂ.

മാതാപിതാക്കൾ: പരേതരായ കുര്യൻ കുര്യൻ, മറിയം കുര്യൻ.

സഹോദരങ്ങളും അവരുടെ ജീവിതപങ്കാളികളും: പരേതനായ ടി.കെ. കുര്യാക്കോസ് & മേരി കുര്യാക്കോസ് (തെക്കുംകാട്ടിൽ), മേരി & പരേതനായ തോമസ് (പുരമഠത്തിൽ), ത്രേസ & മുത്തു റെഡ്ഡി, ചാഞ്ചമ്മ & അലക്സ് (തണ്ണിക്കരിയിൽ), എലിസബത്ത് & ജോർജ് സക്കറിയാസ് (മങ്ങാച്ചാലിൽ).

സംസ്കാര ശുശ്രൂഷകളുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

പരേതന്റെ നിര്യാണത്തിൽ മോർട്ടൺ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക സമൂഹം അനുശോചനം രേഖപ്പെടുത്തി.



നിയമങ്ങളിലെ പഴുതുകളും പുതിയ കരിമ്പട്ടിക നടപടികളും

(ഒന്നാം പേജ് തുടർച്ച)

ചിപ്പുകൾ ബെയ്ജിംഗിലേക്ക് ഒഴുകിയെത്തിയത് വലിയ വിവാദങ്ങൾക്ക് വഴിവെച്ചിരിക്കുന്നു. സിലിക്കൺ വാലിയിലെ പ്രമുഖ ചിപ്പ് നിർമ്മാതാക്കളായ എൻവിഡിയയെ ചുറ്റിപ്പറ്റി ഉയർന്ന വിവാദങ്ങളും, സിംഗപ്പൂർ ആസ്ഥാനമായുള്ള മെഗാസ്പീഡ് എന്ന ക്ലൗഡ് കമ്പനിയെ ഈ ആഴ്ച അമേരിക്കൻ വ്യാപാര കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതും ഈ സങ്കീർണ്ണമായ നിയമവ്യവസ്ഥകളെ വീണ്ടും ലോക ശ്രദ്ധയിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. അമേരിക്കയുടെ നികുതി നിയമങ്ങൾ പോലെ തന്നെ സങ്കീർണ്ണവും നിരന്തരം പരിഷ്കരിക്കപ്പെടുന്നതുമായ ഈ കയറ്റുമതി നിയന്ത്രണങ്ങളിൽ എന്താണ് നിയമപരമായതെന്നും എന്താണ് നിയമവിരുദ്ധമായതെന്നും താഴെ വിശദമായി പരിശോധിക്കാം...

അമേരിക്കയുടെ ചിപ്പ് നിയന്ത്രണങ്ങളുടെ നാൾവഴികളും നിയമങ്ങളിലെ പഴുതുകളും

ദേശീയ സുരക്ഷയും വാണിജ്യ താൽപ്പര്യങ്ങളും സന്തുലിതമാക്കാനായി വാഷിംഗ്ടൺ നടപ്പിലാക്കിയ നിയമങ്ങളും അവയിലുണ്ടായ മാറ്റങ്ങളും താഴെ വ്യക്തമാക്കുന്നു.

2022ലെ ആദ്യ നിയന്ത്രണങ്ങളും 2023ലെ കർശന നടപടികളും

ചൈനയ്ക്ക് അത്യാധുനിക എഐ ചിപ്പുകൾ ലഭിക്കുന്നത് തടയുന്നതിനായി 2022 ഒക്ടോബറിലാണ് അമേരിക്ക ആദ്യമായി സമഗ്രമായ കയറ്റുമതി നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചത്. എന്നാൽ ഈ നിയന്ത്രണങ്ങളുടെ പരിധിക്ക് തൊട്ടുതാഴെ നിൽക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത ചിപ്പുകൾ എൻവിഡിയ ചൈനയിലേക്ക് വിൽക്കാൻ തുടങ്ങിയതോടെ, 2023 ഒക്ടോബറിൽ വാഷിംഗ്ടൺ ചട്ടങ്ങൾ വീണ്ടും കടുപ്പിക്കുകയും പശ്ചിമേഷ്യൻ രാജ്യങ്ങളിലേക്കുള്ള കയറ്റുമതിക്കും നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു.

ആഗോള ലൈസൻസ് ചട്ടത്തിലെ ഇടവേളയും ഡാറ്റാ സെന്ററുകളുടെ വളർച്ചയും

2025 ജനുവരിയിൽ മുൻ ഭരണകൂടം ആഗോളതലത്തിൽ ലൈസൻസ് നിർബന്ധമാക്കുന്ന ചട്ടം കൊണ്ടുവന്നെങ്കിലും, അത് നടപ്പിലാക്കുന്നതിന് തൊട്ടുമുൻപ് 2025 മേയിൽ ട്രംപ് ഭരണകൂടം ആ ചട്ടം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. കഴിഞ്ഞ ആഴ്ചയാണ് ആ പഴയ ചട്ടം ഔദ്യോഗികമായി പിൻവലിച്ച് പുതിയ നിയമം കൊണ്ടുവന്നത്. ഇതിനിടയിലുള്ള സമയത്ത് സിംഗപ്പൂർ പോലുള്ള രാജ്യങ്ങളിൽ വൻകിട ഡാറ്റാ സെന്ററുകൾ വളർന്നുവരികയും, ചൈനീസ് കമ്പനികൾക്ക് വിദൂരമായി ഇവയുടെ കമ്പ്യൂട്ടിംഗ് ശേഷി വാടകയ്ക്കെടുത്ത് എഐ മോഡലുകൾ പരിശീലിപ്പിക്കാൻ സാധിക്കുകയും ചെയ്തു.

മെഗാസ്പീഡ് കമ്പനിയും അമേരിക്കൻ വ്യാപാര കരിമ്പട്ടികയും

സിംഗപ്പൂർ ആസ്ഥാനമായുള്ള മെഗാസ്പീഡ് എന്ന ക്ലൗഡ് കമ്പനി വാങ്ങിയ എൻവിഡിയ ചിപ്പുകൾ ചൈനയിലേക്ക് അനധികൃതമായി കടത്തിയോ എന്ന് രണ്ട് വർഷത്തിലേറെയായി അധികൃതർ അന്വേഷിച്ചുവരികയായിരുന്നു. ഈ ആഴ്ച മെഗാസ്പീഡിനെയും അതിന്റെ തായ്‌ലൻഡ്, മലേഷ്യൻ ഉപകമ്പനികളെയും അമേരിക്കൻ വാണിജ്യ വകുപ്പ് കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതോടെ ഇവരിലേക്കുള്ള ചിപ്പ് വിതരണം പൂർണ്ണമായി തടയപ്പെട്ടു.

അനധികൃത കടത്തും മൂന്നാം രാജ്യങ്ങളുടെ ഉപയോഗവും

വലിയ സെർവർ സംവിധാനങ്ങൾ ബാഗുകളിൽ ഒളിപ്പിച്ചു കടത്താനാവില്ലെങ്കിലും, ഇടനിലക്കാരായ കമ്പനികളിലൂടെയും മൂന്നാം രാജ്യങ്ങളിലെ ഡാറ്റാ സെന്ററുകളിലൂടെയും ഇവ ചൈനീസ് സ്ഥാപനങ്ങളുടെ കൈകളിലേക്ക് എത്തുന്നതായാണ് അന്വേഷണ ഏജൻസികൾ കണ്ടെത്തിയിരിക്കുന്നത്.

എൻവിഡിയയുടെ ചൈനീസ് കയറ്റുമതിയും ചിപ്പുകളുടെ ട്രാക്കിംഗ് വെല്ലുവിളികളും

ചൈനയിലേക്ക് ചിപ്പുകൾ അയക്കുന്നതിൽ ഏതൊക്കെ ഇടപാടുകളാണ് നിയമപരമെന്നും, വിറ്റഴിച്ച ചിപ്പുകൾ കണ്ടെത്തുന്നതിലുള്ള സാങ്കേതിക പരിമിതികൾ എന്തൊക്കെയാണെന്നും നോക്കാം.

എച്ച്200 ചിപ്പുകളുടെ നിയമപരമായ കയറ്റുമതി ലൈസൻസുകൾ

ഏകദേശം ഒരു വർഷം മുൻപ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എൻവിഡിയയുടെ എച്ച്200 ചിപ്പുകൾ ചൈനയിലേക്ക് കയറ്റുമതി ചെയ്യാൻ അനുമതി നൽകിയിരുന്നു. എൻവിഡിയയുടെ ഏറ്റവും മികച്ച ചിപ്പല്ലെങ്കിലും വളരെ ശക്തിയേറിയ ഈ ചിപ്പുകൾ അയക്കുന്നതിന് മുൻപ് കമ്പനി യുഎസ് വാണിജ്യ വകുപ്പിൽ നിന്ന് പ്രത്യേക ലൈസൻസ് നേടേണ്ടതുണ്ട്.

കേസ്ബൈകേസ് അടിസ്ഥാനത്തിലുള്ള അനുമതികൾ

പണം നൽകുന്ന ഏതൊരു ചൈനീസ് കമ്പനിക്കും നേരിട്ട് ചിപ്പുകൾ അയക്കാൻ എൻവിഡിയയ്ക്ക് അധികാരമില്ല. ഓരോ അപേക്ഷയും വെവ്വേറെ പരിശോധിച്ച ശേഷമാണ് വാണിജ്യ വകുപ്പ് അനുമതി നൽകുന്നത്. എങ്കിലും ചൈനയുടെ സൈനിക ആധുനികവൽക്കരണത്തിന് ഇവ സഹായകമാകുമെന്ന് പ്രതിരോധ വിദഗ്ദ്ധർ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്.

വിറ്റഴിച്ച ചിപ്പുകൾ നിരീക്ഷിക്കുന്നതിലെ പരിമിതികൾ

ഒരിക്കൽ വിറ്റഴിച്ച ചിപ്പുകൾ ലോകത്തിന്റെ ഏത് ഭാഗത്താണ് പ്രവർത്തിക്കുന്നതെന്ന് കൃത്യമായി കണ്ടെത്താൻ എൻവിഡിയയ്ക്ക് നിലവിൽ സാങ്കേതിക സംവിധാനമില്ല. ഭാവിയിൽ ഇത്തരം ചിപ്പുകളിൽ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനങ്ങൾ ഉൾപ്പെടുത്താൻ അമേരിക്കൻ ഭരണകൂടം ആലോചിക്കുന്നുണ്ടെങ്കിലും, അത് സൈബർ സുരക്ഷാ പഴുതുകൾക്ക് ഇടയാക്കുമെന്ന് കമ്പനി മുന്നറിയിപ്പ് നൽകുന്നു.

ചൈനീസ് വിപണിയിൽ എൻവിഡിയ നേരിടുന്ന പുതിയ പ്രതിസന്ധി

സുരക്ഷാ ആശങ്കകൾ ചൂണ്ടിക്കാട്ടി അമേരിക്കൻ ചിപ്പുകൾ വാങ്ങരുതെന്ന് ചൈനീസ് സർക്കാർ തങ്ങളുടെ പ്രാദേശിക കമ്പനികൾക്ക് നിർദ്ദേശം നൽകിയതും, അമേരിക്കൻ നിയമങ്ങൾ കടുപ്പിച്ചതും കാരണം ചൈനീസ് വിപണിയിൽ എൻവിഡിയയുടെ വിപണി വിഹിതം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

ആഗോള സെമികണ്ടക്ടർ വിപണിയിലും ഇന്ത്യൻ സാങ്കേതിക മേഖലയിലും ഉണ്ടാകുന്ന മാറ്റങ്ങൾ

ലോകത്തിലെ രണ്ട് വലിയ സാമ്പത്തിക ശക്തികൾ തമ്മിലുള്ള ചിപ്പ് പോരാട്ടം ആഗോള വിതരണ ശൃംഖലയെയും ഇന്ത്യയുടെ സാങ്കേതിക വളർച്ചയെയും എങ്ങനെയാണ് സ്വാധീനിക്കുന്നതെന്ന് പരിശോധിക്കാം.

ആഗോള ഡാറ്റാ സെന്റർ നിക്ഷേപങ്ങളുടെ ദിശാമാറ്റം

സിംഗപ്പൂരിലെയും തെക്കുകിഴക്കൻ ഏഷ്യയിലെയും ഡാറ്റാ സെന്ററുകൾക്ക് മേൽ അമേരിക്ക നിയന്ത്രണങ്ങൾ കടുപ്പിച്ചതോടെ, സുരക്ഷിതവും വിശ്വസ്തവുമായ ഡാറ്റാ സെന്റർ ഹബ്ബുകളായി അന്താരാഷ്ട്ര കമ്പനികൾ ഇന്ത്യയെയാണ് പരിഗണിക്കുന്നത്. ഇത് ഇന്ത്യയിലെ ക്ലൗഡ് കമ്പ്യൂട്ടിംഗ്, സെമികണ്ടക്ടർ മേഖലകളിലേക്ക് വൻ തോതിലുള്ള വിദേശ നിക്ഷേപങ്ങൾ ആകർഷിക്കാൻ സഹായിക്കും.

ഇന്ത്യൻ സെമികണ്ടക്ടർ മിഷനും തദ്ദേശീയ ഉൽപ്പാദനവും

വിദേശ രാജ്യങ്ങളിലെ ചിപ്പ് വിതരണ തടസ്സങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട്, ഇന്ത്യ സ്വന്തമായി സെമികണ്ടക്ടർ നിർമ്മാണ ശാലകളും ചിപ്പ് ഡിസൈൻ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കിയിട്ടുണ്ട്. ഇത് രാജ്യത്തിന്റെ സാങ്കേതിക സ്വയംപര്യാപ്തത വർദ്ധിപ്പിക്കുകയും യുവ എഞ്ചിനീയർമാർക്ക് മികച്ച തൊഴിലവസരങ്ങൾ നൽകുകയും ചെയ്യുന്നു.

ആഗോള എഐ വിപണിയിലെ വിഭജനം

അമേരിക്കൻ സാങ്കേതികവിദ്യയും ചൈനീസ് സാങ്കേതികവിദ്യയും രണ്ട് വ്യത്യസ്ത ചേരികളായി മാറുന്നത് ആഗോള എഐ ചെലവുകൾ വർദ്ധിപ്പിക്കാൻ ഇടയാക്കും.

എങ്കിലും ഇരുരാജ്യങ്ങളുമായും വ്യാപാര ബന്ധമുള്ള ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾക്ക് സ്വതന്ത്രമായ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കാൻ ഇത് വലിയ അവസരമാണ് നൽകുന്നത്.

സൈബർ സുരക്ഷയും വിതരണ ശൃംഖലയിലെ സുതാര്യതയും

ഹാർഡ്വെയർ ഘടകങ്ങളുടെ ഉറവിടം കൃത്യമായി പരിശോധിക്കേണ്ടത് അനിവാര്യമായി മാറിയതോടെ, ലോകമെമ്പാടുമുള്ള ഐടി കമ്പനികളും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ വംശജരായ സാങ്കേതിക വിദഗ്ദ്ധരും പുതിയ കംപ്ലയൻസ് ചട്ടങ്ങൾക്കനുസരിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയാണ്.

ട്രംപിന്റെ വ്യാപാര നയം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ

(ഒന്നാം പേജ് തുടർച്ച)



ഭോക്താക്കളുടെ മേലാണ്. ഇലക്ട്രോണിക്സ്, വാഹനങ്ങൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയുടെ വില വർദ്ധിക്കാൻ ഇത് കാരണമാകും. ഇടക്കാല തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റുകൾക്ക് അനുകൂലമായി ജനവിധി മാറിയതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ട്രംപിന്റെ തീരുവ നയങ്ങൾ സൃഷ്ടിച്ച ജീവിതച്ചെലവ് വർദ്ധനവായിരുന്നു.

ഓഹരി വിപണിയിലെ അനിശ്ചിതത്വം:

പുതിയ വ്യാപാര തടസ്സങ്ങൾ ഉണ്ടാകുമെന്ന പ്രഖ്യാപനം വന്നതിന് പിന്നാലെ തന്നെ യുഎസ് ഓഹരി വിപണികളിൽ വലിയ ഇടിവാണ് രേഖപ്പെടുത്തിയത്. പ്രത്യേകിച്ച് ടെക്നോളജി മേഖലയിലെ ഓഹരികൾ കനത്ത വിൽപ്പന സമ്മർദ്ദം നേരിട്ടു. വ്യാപാര നയങ്ങളിലെ ഈ അസ്ഥിരത നിക്ഷേപകരുടെ ആത്മവിശ്വാസത്തെ ബാധിക്കുകയും, ആഭ്യന്തര ഉൽപ്പാദന മേഖലയിലെ വളർച്ചയെ മന്ദഗതിയിലാക്കുകയും ചെയ്യാൻ സാധ്യതയുണ്ട്.

ആഗോള വ്യാപാര ബന്ധങ്ങളിലെ വിള്ളലുകൾ:

ബ്രസീലിന്റെ വിമാനങ്ങൾക്കും പഞ്ചസാരയ്ക്കും മേൽ അധിക നികുതി ചുമത്തിയതും, ചൈനയുമായുള്ള വാക്പോരും ആഗോള വിതരണ ശൃംഖലയെ വീണ്ടും പ്രതിസന്ധിയിലാക്കും. ഇത് അമേരിക്കൻ കയറ്റുമതിക്കാർക്കും തിരിച്ചടിയാകാൻ സാധ്യതയുണ്ട്, കാരണം മറ്റ് രാജ്യങ്ങൾ പ്രതികാര നടപടികളിലേക്ക് കടന്നാൽ അത് അമേരിക്കൻ കാർഷികവ്യാവസായിക മേഖലകളെ ദോഷകരമായി ബാധിക്കും.

ട്രംപിന്റെ കച്ചവട രാഷ്ട്രീയവും വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളും

ട്രംപിന്റെ സാമ്പത്തിക നയങ്ങൾ വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ ഒരു പ്രധാന ചർച്ചാവിഷയമാകുമെന്നതിൽ സംശയമില്ല. ഇടക്കാല തിരഞ്ഞെടുപ്പിന് ശേഷം നടന്ന അഭിപ്രായ വോട്ടെടുപ്പുകളിൽ 62% അമേരിക്കക്കാരും ട്രംപിന്റെ തീരുവകൾ പിൻവലിക്കണമെന്ന ഡെമോക്രാറ്റുകളുടെ ആവശ്യത്തെ പിന്തുണയ്ക്കുന്നവരാണ്.

ജനുവരിയിൽ പുതിയ കോൺഗ്രസ് അധികാരമേൽക്കുമ്പോൾ സെനറ്റ് ഫിനാൻസ് കമ്മിറ്റിയുടെ തലപ്പത്തെത്തുന്ന ഡെമോക്രാറ്റ് നേതാവ് റോൺ വൈഡൻ, ട്രംപിന്റെ ഈ നയങ്ങളെ ശക്തമായി എതിർക്കുമെന്ന് വ്യക്തമാക്കിക്കഴിഞ്ഞു. സാധാരണക്കാരന്റെ പോക്കറ്റിൽ കൈയിടുവാരുന്ന ഈ നയം വോട്ടർമാരെ ഭരണകക്ഷിയിൽ നിന്ന് കൂടുതൽ അകറ്റാൻ സാധ്യതയുണ്ട്.

എന്നാൽ, ഇവിടെയൊരു രാഷ്ട്രീയ വൈരുദ്ധ്യവും നിലനിൽക്കുന്നുണ്ട്. ചൈനയുടെ അമിത ഉൽപ്പാദനശേഷിയെയും അന്യായ വ്യാപാര രീതികളെയും നിയന്ത്രിക്കണമെന്ന കാര്യത്തിൽ അമേരിക്കൻ കോൺഗ്രസിലെ റിപ്പബ്ലിക്കൻമാർക്കും ഡെമോക്രാറ്റുകൾക്കും ഇടയിൽ പൊതുവായ ധാരണയുണ്ട്. അതിനാൽ തന്നെ, നിലവിലുള്ള തീരുവകൾ പൂർണ്ണമായും എടുത്തുകളയുന്നത് ചില വ്യാപാര കരാറുകൾ തകരാനും അമേരിക്കൻ താൽപ്പര്യങ്ങൾക്ക് ദോഷകരമാകാനും ഇടയാക്കുമെന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു.

സ്വദേശി ഉൽപ്പാദനത്തെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ട്രംപ് മുന്നോട്ടുവെക്കുന്ന കച്ചവട രാഷ്ട്രീയം ഹ്രസ്വകാലത്തേക്ക് ദേശീയവാദികളായ വോട്ടർമാരെ തൃപ്തിപ്പെടുത്തിയേക്കാം. എന്നാൽ, അത് സൃഷ്ടിക്കുന്ന പണപ്പെരുപ്പവും വിലക്കയറ്റവും സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയാൽ വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ റിപ്പബ്ലിക്കൻ പാർട്ടിക്ക് വലിയ വില നൽകേണ്ടിവരും. സാമ്പത്തിക സംരക്ഷണവാദവും ജനങ്ങളുടെ ജീവിതച്ചെലവും തമ്മിലുള്ള ഈ വടംവലിയായിരിക്കും വരും ദിവസങ്ങളിൽ അമേരിക്കൻ രാഷ്ട്രീയത്തിന്റെ ഗതി നിർണ്ണയിക്കുക.





വധുവിനെ ആവശ്യമുണ്ട്

മാർത്തോമ്മാ യുവാവ്, 34 വയസ്സ്, 165cm ഉയരം, മെക്കാനിക്കൽ ഡിപ്ലോമ, കുവൈറ്റ് ഗവൺമെന്റ് (K.P.T.C.) ജോലി. അമേരിക്കയിൽ നിന്നോ നാട്ടിൽ നിന്നോ ഉള്ള അനുയോജ്യരായ ക്രിസ്ത്യൻ യുവതികളുടെ കുടുംബങ്ങളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു (ഏത് ക്രിസ്ത്യൻ സഭയുമാകാം).

ഫോൺ: USA +1-224-241-5582
India: +91 95626 86417

#110426

Malayali Babysitter Wanted

We are looking for a caring, dependable Malayali babysitter to care for our two children in a family environment. Accommodation can also be provided if needed.
Location: Chicagoland.

Contact: Text/Call
224-415-5584, 224-415-5530

#101426

മലയാളി ബേബി സിറ്ററെ ആവശ്യമുണ്ട്

ഞങ്ങളുടെ രണ്ട് കുട്ടികളെ കുടുംബാന്തരീക്ഷത്തിൽ സ്നേഹത്തോടെയും ഉത്തരവാദിത്തത്തോടെയും പരിചരിക്കാൻ ഒരു മലയാളി ബേബിസിറ്ററെ ആവശ്യമുണ്ട്. ആവശ്യമെങ്കിൽ താമസസൗകര്യം നൽകുന്നതാണ്.

സ്ഥലം: ഷിക്കാഗോ ഏരിയ

ബന്ധപ്പെടുക: 224-415-5584, 224-415-5530

#101426

ആവശ്യമുണ്ട്

ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

ബന്ധപ്പെടുക: 847-421-2233

#104026

Holiday Let
Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

Contact NG Jerome
Mob: +91 9446211630

#101426

നൊവേന

പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

കുര്യൻ സിറിയക്

#112526

ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

ജിജു ഉമ്മൻ

#112526



Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM
To Advertise
1 773-888-2242
1 773-842-9149
1 773-888-2243
vachakamonline@gmail.com
news@vachakam.com
For E-Paper reading visit Vachakam.com
Vachakam.com

പത്രപ്രവർത്തനത്തിലേക്ക് മടങ്ങി അൽ ഗോർ; സ്വന്തം നാട്ടിലെ നൂറ്റാണ്ട് പഴക്കമുള്ള പത്രം ഏറ്റെടുക്കുന്നു

ടെന്നസി: പത്രപ്രവർത്തകനായി തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ച മുൻ യു.എസ്. വൈസ് പ്രസിഡന്റ് അൽ ഗോർ, അരനൂറ്റാണ്ടിന് ശേഷം മാധ്യമ രംഗത്തേക്ക് തിരിച്ചെത്തുന്നു. ഇത്തവണ സ്വന്തം ജന്മനാട്ടിലെ പത്രത്തിന്റെ ഉടമയായാണ് മടങ്ങി വരവ്. മധ്യ ടെന്നസിയിലെ സ്മിത്ത് കൗണ്ടിയിൽ നിന്നുള്ള 113 വർഷം പഴക്കമുള്ള പ്രമുഖ ആഴ്ചപ്പതിപ്പായ കാർത്തേജ് കൊറിയർ ഏറ്റെടുക്കാൻ അദ്ദേഹം കരാറായി.

കഴിഞ്ഞ അഞ്ച് പതിറ്റാണ്ടായി പത്രം നടത്തിവന്നിരുന്ന ഹെർഷൽ, ജെറാൾഡിൻ ലേക്ക് കുടുംബമാണ് വരും ആഴ്ചകളിൽ ഉടമസ്ഥാവകാശം ഗോറിന് കൈമാറുമെന്ന് ചൊവ്വാഴ്ച പ്രഖ്യാപിച്ചത്. ഇടപാടിന്റെ സാമ്പത്തിക വിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. നിലവിലെ ജീവനക്കാരെ നിലനിർത്തുമെന്നും റോജർ വെൽസ് പുതിയ പ്രസാധകനായി ചുമതലയേൽക്കുമെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. നാഷ്വില്ലിൽ നിന്ന് ഏകദേശം 55 മൈൽ കിഴക്കായി സ്ഥിതി ചെയ്യുന്ന സ്മിത്ത് കൗണ്ടിയിലെ ഇരുപതിനായിരത്തോളം വരുന്ന നിവാസികളുടെ പ്രധാന വാർത്താ സ്രോതസ്സാണ് ഈ പത്രം.



പ്രാദേശിക പത്രങ്ങൾ അടച്ചുപൂട്ടുകയും ന്യൂസ് ഡെസേർട്ടുകൾ വർദ്ധിക്കുകയും ചെയ്യുന്ന കാലഘട്ടത്തിൽ, പ്രാദേശിക മാധ്യമപ്രവർത്തനത്തെ സംരക്ഷിക്കാനുള്ള പ്രതിബദ്ധതയായാണ് ഗോർ ഈ നീക്കത്തെ വിശേഷിപ്പിച്ചത്. വിയറ്റ്നാമിൽ സൈനിക റിപ്പോർട്ടറായും പിന്നീട് നാഷ്വില്ലിലെ ദ ടെന്നസിയനിലും തന്റെ ആദ്യകാലങ്ങൾ ചെലവഴിച്ചതിനാൽ, നമ്മുടെ സമൂഹത്തിന്റെ ദീർഘകാല ആരോഗ്യത്തിന് സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രാദേശിക പത്രപ്രവർത്തനം ഒഴിച്ചുകൂടാനാവാത്തതാണെന്ന് താൻ ഉറച്ചു വിശ്വസിക്കുന്നതായി ഗോർ പ്രസ്താവനയിൽ പറഞ്ഞു.

പത്രത്തിന്റെ ഔദ്യോഗിക പ്രഖ്യാപനത്തിൽ ഗോറിന്റെ പതിറ്റാണ്ടുകൾ നീണ്ട രാഷ്ട്രീയ ചരിത്രം പരാമർശിക്കാതെ, പ്രസിദ്ധീകരണം പ്രാദേശിക ഉടമസ്ഥതയിൽ തന്നെ നിലനിർത്താൻ മുന്നോട്ടുവന്ന ഒരു നാട്ടുകാരനായി മാത്രമാണ് അദ്ദേഹത്തെ പരിചയപ്പെടുത്തിയത്. 78 കാരനായ ഗോർ പത്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ എത്രോളം ഇടപെടുമെന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ ഓഫീസ് കൂടുതൽ വ്യക്തത വരുത്തിയിട്ടില്ല. 1976 ൽ കോൺഗ്രസിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പ് വിയറ്റ്നാം യുദ്ധകാലത്ത് യു.എസ് ആർമിയിൽ മാധ്യമപ്രവർത്തകനായും പിന്നീട് 'ദ ടെന്നസിയനിൽ' അന്വേഷണാത്മക റിപ്പോർട്ടറായും ഗോർ സേവനമനുഷ്ഠിച്ചിരുന്നു. പിന്നീട് യു.എസ് ഹൗസിലും സെനറ്റിലും അംഗമായ അദ്ദേഹം, പ്രസിഡന്റ് ബിൽ ക്ലിന്റന്റെ കീഴിൽ എട്ട് വർഷം വൈസ് പ്രസിഡന്റായി പ്രവർത്തിച്ചു.

കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പ്രവർത്തനങ്ങൾക്ക് സമാധാനത്തിനുള്ള നൊബേൽ സമ്മാനവും ഓസ്കാർ പുരസ്കാരവും അദ്ദേഹത്തെ തേടിയെത്തി. ഗോറിന്റെ പിതാവ് മുൻ യു.എസ് സെനറ്റർ ആൽബർട്ട് ഗോർ സീനിയറിന്റെ ആദ്യകാല രാഷ്ട്രീയ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നതും ഇതേ പത്രമായിരുന്നു. രാഷ്ട്രീയ നേതാവ് പത്രം ഏറ്റെടുക്കുന്നതിൽ വായനക്കാർക്ക് സ്വാഭാവികമായും ചില സംശയങ്ങൾ ഉണ്ടായേക്കാമെങ്കിലും, പത്രം ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രചാരണ ഉപകരണമായി മാറാൻ സാധ്യതയില്ലെന്ന് നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റിയിലെ മാധ്യമവിഭാഗം അധ്യാപകൻ ടിം ഫ്രാങ്ക്ലിൻ നിരീക്ഷിച്ചു.

പകരം, ഗോർ പത്രത്തിൽ പംക്തികൾ എഴുതുമോ എന്നതും പ്രാദേശിക വാർത്തകളിൽ തന്നെ പത്രം ശ്രദ്ധ കേന്ദ്രീകരിക്കുമോ എന്നതുമാണ് ഏവരും ഉറ്റുനോക്കുന്നത്. മുൻ യു.എസ്. പ്രസിഡന്റ് വാറൻ ഹാർഡിംഗും, 2000ലെ തിരഞ്ഞെടുപ്പിൽ ഗോറിന്റെ എതിരാളിയായിരുന്ന റാൽഫ് നാഡറും ഉൾപ്പെടെ പ്രാദേശിക പത്രങ്ങളുടെ ഉടമസ്ഥത വഹിച്ചിട്ടുള്ള അമേരിക്കൻ രാഷ്ട്രീയ നേതാക്കളുടെ നീണ്ട നിരയിലേക്കാണ് അൽ ഗോറും ഇപ്പോൾ ഇടംപിടിക്കുന്നത്.

ഗൂഗിളിനെയും മെറ്റയെയും വിറപ്പിക്കുന്ന 'ഡിജിറ്റൽ ഡ്യൂട്ടി ഓഫ് കെയർ' നിയമത്തിന്റെ ഉള്ളറകളിലേക്ക്!

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചാറ്റ്ബോട്ടുകളിലൂടെയും പ്രചരിക്കുന്ന അപകടകരമായ ഉള്ളടക്കങ്ങൾക്കും സൈബർ തട്ടിപ്പുകൾക്കും എതിരെ ലോകത്തിലെ ഏറ്റവും കർശനമായ നിയമനിർമ്മാണം പാസാക്കി ഓസ്ട്രേലിയ ആഗോള ടെക് ഭീമന്മാരെ ഞെട്ടിച്ചിരിക്കുകയാണ്!

ഓസ്ട്രേലിയൻ പാർലമെന്റ് അംഗീകരിച്ച 'ഡിജിറ്റൽ ഡ്യൂട്ടി ഓഫ് കെയർ' നിയമപ്രകാരം, ഉപയോക്താക്കളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ പരാജയപ്പെടുന്ന ഗൂഗിൾ, മെറ്റ, എക്സ് തുടങ്ങിയ വൻകിട കമ്പനികൾക്ക് അവരുടെ ആഗോള വാർഷിക വരുമാനത്തിന്റെ അഞ്ച് ശതമാനം വരെ പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്. കേവലം പരാതികൾ ലഭിച്ചതിന് ശേഷം മോശം പോസ്റ്റുകൾ നീക്കം ചെയ്യുന്ന പഴയ രീതി അവസാനിപ്പിച്ച്, അപകടങ്ങൾ മുൻകൂട്ടി കണ്ട് തടയേണ്ട നിയമപരമായ ഉത്തരവാദിത്തം കമ്പനികളുടെ മേൽ കെട്ടിവെക്കുന്നതാണ് ഈ പുതിയ നിയമം.

പ്രധാനമന്ത്രിആന്റണിആൽബനീസിയുടെയും വാർത്താവിനിമയ മന്ത്രി അനിക വെൽസിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഈ വിപ്ലവകരമായ ഡിജിറ്റൽ സുരക്ഷാ പരിഷ്കാരത്തിന്റെ വിശദാംശങ്ങളും, ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ ഉപയോക്തൃ വിപണിയായ ഇന്ത്യ ഈ നിയമത്തിൽ നിന്ന് എന്തുകൊണ്ടാണ് പാഠം ഉൾക്കൊള്ളേണ്ടതെന്നും താഴെ വിശദമായി പരിശോധിക്കാം...

ഓസ്ട്രേലിയയുടെ 'ഡിജിറ്റൽ ഡ്യൂട്ടി ഓഫ് കെയർ' നിയമത്തിലെ കർശന വ്യവസ്ഥകൾ

ഒരു വർഷത്തിനുള്ളിൽപ്രാബല്യത്തിൽ വരുന്ന ഈ നിയമം, നിലവിലുണ്ടായിരുന്ന വിവിധ ഓൺലൈൻ ചട്ടങ്ങളെ ഏകോപിപ്പിച്ച് ടെക് കമ്പനികളെ നേരിട്ട് നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നു.

ആഗോള വരുമാനത്തിന്റെ അഞ്ച് ശതമാനം വരെ പിഴ

നിയമം ലംഘിക്കുന്ന സാങ്കേതിക കമ്പനികൾക്ക് നൂറ്റി ഒൻപത് ദശലക്ഷം ഓസ്ട്രേലിയൻ ഡോളർ അല്ലെങ്കിൽ അവരുടെ ആഗോള വാർഷിക വിറ്റുവരവിന്റെ അഞ്ച് ശതമാനം ഏതാണോ കൂടുതൽ, ആ തുക പിഴയായി ചുമത്താൻ വ്യവസ്ഥയുണ്ട്. ഓസ്ട്രേലിയൻ പാർലമെന്റിൽ ലേബർ പാർട്ടി സർക്കാരും ഗ്രീൻസ് പാർട്ടിയും തമ്മിലുണ്ടാക്കിയ ധാരണയെ തുടർന്നാണ് പിഴത്തുക ഇത്രയധികം ഉയർത്തിയത്.



പരാതികൾക്ക് കാത്തുനിൽക്കാത്ത മുൻകരുതൽ ബാധ്യത

അപകടകരമായ ഉള്ളടക്കങ്ങൾ, സൈബർ ഭീഷണികൾ, സ്ത്രീകൾക്കെതിരായ വിദ്വേഷ പ്രചാരണങ്ങൾ, കുട്ടികളെ ദോഷകരമായി ബാധിക്കുന്ന വിവരങ്ങൾ എന്നിവ ഉപയോക്താക്കളിലേക്ക് എത്തുന്നതിന് മുൻപ് തന്നെ കണ്ടെത്തി തടയാൻ കമ്പനികൾ ബാധ്യസ്ഥരാണ്. ഓൺലൈൻ ഗെയിമുകൾക്കും ആപ്പുകൾക്കും എഐ ചാറ്റ്ബോട്ടുകൾക്കും ഈ സുരക്ഷാ മാനദണ്ഡങ്ങൾ ബാധകമാക്കിയിട്ടുണ്ട്.

അൽഗോരിതങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ഉപയോക്തൃ അവകാശം

പതിനാറ് വയസ്സിന് മുകളിലുള്ള ഉപയോക്താക്കൾക്ക് സോഷ്യൽ മീഡിയ കമ്പനികളുടെ അൽഗോരിതങ്ങൾ നിർദ്ദേശിക്കുന്ന പോസ്റ്റുകൾ ഒഴിവാക്കാനും, തങ്ങൾ പിന്തുടരുന്ന അക്കൗണ്ടുകളിൽ നിന്നുള്ള വിവരങ്ങൾ മാത്രം കാണാനും തിരഞ്ഞെടുക്കാനുള്ള അവകാശം പുതിയ നിയമം നൽകുന്നു. കൂടാതെ ഡീപ്ഫേക്ക് നഗ്നചിത്ര നിർമ്മാണ ആപ്പുകൾ നിരോധിക്കാനുള്ള അധികാരവും റെഗലേറ്റർക്ക് ലഭിച്ചു.

കമ്പനികൾക്കെതിരെ നേരിട്ട് കോടതിയെ സമീപിക്കാനുള്ള അധികാരം

ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ അനാസ്ഥ കാരണം സാമ്പത്തികമായോ മാനസികമായോ നഷ്ടം സംഭവിക്കുന്ന സാധാരണ പൗരന്മാർക്ക് ഇനി കമ്പനികൾക്കെതിരെ ഓസ്ട്രേലിയൻ കോടതികളിൽ നേരിട്ട് കേസ് ഫയൽ ചെയ്യാൻ സാധിക്കും. വാഹനങ്ങളിൽ സീറ്റ് ബെൽറ്റ് നിർബന്ധമാക്കിയതുപോലെയുള്ള ചരിത്രപരമായ സുരക്ഷാ പരിഷ്കാരമാണിതെന്ന് മന്ത്രി അനിക വെൽസ് വിശേഷിപ്പിച്ചു.

അന്താരാഷ്ട്ര പ്രതികരണങ്ങളും ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സംവാദങ്ങളും

അമേരിക്കൻ സാങ്കേതിക ഭീമന്മാരെ നേരിട്ട് ബാധിക്കുന്ന ഈ നിയമത്തിനെതിരെ നയതന്ത്ര തലത്തിലും രാഷ്ട്രീയ തലത്തിലും വിവിധ അഭിപ്രായങ്ങൾ ഉയർന്നിട്ടുണ്ട്.

അമേരിക്കൻ ഭരണകൂടത്തിന്റെ ആശങ്കകൾ

'അപകടകരമായ ഉള്ളടക്കം' എന്നതിന് കൃത്യമായ നിർവ്വചനമില്ലാത്തതും, ഭീമമായ പിഴത്തുകയും കമ്പനികളെ നിയമപരമായ അഭിപ്രായ സ്വാതന്ത്ര്യത്തെപ്പോലും സെൻസർ ചെയ്യാൻ നിർബന്ധിതരാക്കുമെന്ന് ഓസ്ട്രേലിയയിലെ അമേരിക്കൻ അംബാസഡർ ഡേവിഡ് ബ്രാറ്റ് അഭിപ്രായപ്പെട്ടു. അമേരിക്കൻ കമ്പനികൾക്ക് മേൽ അമിതമായ നിയന്ത്രണ ഭാരം അടിച്ചേൽപ്പിക്കരുതെന്ന് വാഷിംഗ്ടൺ നേരത്തെ തന്നെ പാർലമെന്ററി സമിതിയെ അറിയിച്ചിരുന്നു.

ഓസ്ട്രേലിയൻ പ്രതിപക്ഷത്തിന്റെ നിലപാട്

സർക്കാർ മന്ത്രിമാർക്കും ഓൺലൈൻ സുരക്ഷാ കമ്മീഷണർക്കും ഉള്ളടക്കങ്ങളുടെ ഗുണനിലവാരം തീരുമാനിക്കാൻ അമിത അധികാരം നൽകുന്നത് ജനാധിപത്യപരമായ അഭിപ്രായ പ്രകടനങ്ങളെ ബാധിക്കുമെന്ന് പ്രതിപക്ഷമായ ലിബറൽ പാർട്ടി നേതാക്കൾ വിമർശിച്ചു. അധികാരത്തിൽ തിരിച്ചെത്തിയാൽ ഈ നിയമം പിൻവലിക്കുമെന്ന് പ്രതിപക്ഷം വ്യക്തമാക്കിയിട്ടുണ്ട്.

കുട്ടികളുടെ സുരക്ഷയിൽ ഓസ്ട്രേലിയ തുടരുന്ന കർശന നയം

2025 ഡിസംബറിൽ പതിനാറ് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ ഉപയോഗം നിരോധിച്ച ലോകത്തിലെ ആദ്യ രാജ്യമായി ഓസ്ട്രേലിയ മാറിയിരുന്നു. ഡിജിറ്റൽ ലോകം വളർന്ന സാഹചര്യത്തിൽ കുട്ടികളെയും യുവാക്കളെയും സംരക്ഷിക്കാനുള്ള ചരിത്രവിജയമാണിതെന്ന് പ്രധാനമന്ത്രി ആന്റണി ആൽബനീസ് വ്യക്തമാക്കി.

വാർത്താ മാധ്യമങ്ങൾക്കുള്ള ലൈസൻസിംഗ് ഫീസ് നീക്കം

അപകടകരമായ ഉള്ളടക്കം തടയുന്നതിനൊപ്പം, വാർത്താ ഉള്ളടക്കങ്ങൾ ഉപയോഗിക്കുന്നതിന് പ്രമുഖ ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകൾ മാധ്യമ സ്ഥാപനങ്ങൾക്ക് പ്രതിഫലം നൽകണമെന്ന വ്യവസ്ഥയും ഓസ്ട്രേലിയൻ സർക്കാർ മുന്നോട്ടുവെക്കുന്നുണ്ട്.

ഇന്ത്യൻ ഡിജിറ്റൽ വിപണി ഓസ്ട്രേലിയൻ നിയമത്തിൽ നിന്ന് പാഠം ഉൾക്കൊള്ളേണ്ടതെന്തുകൊണ്ട്

കോടിക്കണക്കിന് ആളുകൾ ദിവസേന ഇൻസ്റ്റാഗ്രാമും യൂട്യൂബും വാട്സ്ആപ്പും ഉപയോഗിക്കുന്ന ഇന്ത്യയിൽ, സൈബർ സുരക്ഷയ്ക്ക് ഈ നിയമം വലിയൊരു മാതൃകയാണ്.

നിലവിലെ ഇന്ത്യൻ ഐടി ചട്ടങ്ങളുടെ പരിമിതികൾ

ഇന്ത്യയിൽ നിലവിലുള്ള ഇൻഫർമേഷൻ ടെക്നോളജി ചട്ടങ്ങൾ പ്രകാരം, നിയമവിരുദ്ധമായ ഉള്ളടക്കങ്ങൾ നീക്കം ചെയ്യാൻ സർക്കാരോ ഉപയോക്താക്കളോ പരാതി നൽകിയതിന് ശേഷമാണ് കമ്പനികൾ നടപടിയെടുക്കുന്നത്. എന്നാൽവ്യാജവീഡിയോകളുംസാമ്പത്തികതട്ടിപ്പ് പരസ്യങ്ങളും നിമിഷങ്ങൾക്കകം ലക്ഷക്കണക്കിന് ആളുകളിലേക്ക് എത്തുന്ന കാലത്ത്, പരാതിക്ക് ശേഷമുള്ള നടപടികൾ പര്യാപ്തമല്ല.

ഡീപ്ഫേക്ക് തട്ടിപ്പുകളും വിദ്വേഷ പ്രചാരണങ്ങളും തടയാൻ

ഇന്ത്യയിൽ പ്രമുഖ വ്യക്തികളുടെയും രാഷ്ട്രീയ നേതാക്കളുടെയും പേരിലുള്ള വ്യാജ എഐ നിക്ഷേപ വീഡിയോകളും, വർഗ്ഗീയ വിദ്വേഷം പരത്തുന്ന സന്ദേശങ്ങളും വലിയ സാമൂഹികസാമ്പത്തിക പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. പ്ലാറ്റ്ഫോമുകൾക്ക് മേൽ സാമ്പത്തിക ഉത്തരവാദിത്തം ചുമത്തുന്ന ഓസ്ട്രേലിയൻ മാതൃക ഇന്ത്യയിലും സമാനമായ തട്ടിപ്പുകൾ തടയാൻ സഹായിക്കും.

ഉപയോക്താക്കൾക്ക് ലഭിക്കുന്ന നിയമപരമായ പരിരക്ഷ

ഓൺലൈൻതട്ടിപ്പുകൾക്ക്ഇരയാകുന്നസാധാരണക്കാർക്ക്വിദേശടെക്കമ്പനികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നത് നിലവിൽ വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. കമ്പനികൾക്ക് നേരിട്ടുള്ള ബാധ്യത നിശ്ചയിക്കുന്നതിലൂടെ ഇന്ത്യയിലെ സാധാരണ ഉപയോക്താക്കൾക്കും ഡിജിറ്റൽ ഇടങ്ങളിൽ കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കാൻ സാധിക്കും.







ചോർന്ന രേഖകൾ പുറത്ത്;
യുക്രെയ്ൻ യുദ്ധത്തിൽ കൊല്ലപ്പെട്ട റഷ്യൻ സൈനികരുടെ എണ്ണം അഞ്ച് ലക്ഷത്തോളം

റഷ്യയുക്രെയ്ൻ യുദ്ധം ആരംഭിച്ചതിന് ശേഷം ഇതുവരെ 4,90,000ത്തിലധികം റഷ്യൻ സൈനികർ കൊല്ലപ്പെട്ടതായി ചോർന്ന റഷ്യൻ സർക്കാർ രേഖകൾ വ്യക്തമാക്കുന്നു. റഷ്യയുടെ ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് ഏജൻസിയായ റോസ്സ്റ്റാറ്റിൽ നിന്ന് ഹാക്കർമാർ ചോർത്തിയ വിവരങ്ങൾ വിശകലനം ചെയ്താണ് ബിബിസി ന്യൂസ് ഈ ഞെട്ടിക്കുന്ന കണക്കുകൾ പുറത്തുവിട്ടത്.

ബെലാറുസിയൻ സൈബർ പാർട്ടിസാൻസ്, യുക്രെയ്നിന്റെ സൈലന്റ് ക്രോ എന്നീ യുക്രെയ്ൻ അനുകൂല ഹാക്കർ ഗ്രൂപ്പുകളാണ് ഈ നിർണ്ണായക രേഖകൾ ചോർത്തിയത്. 2021 മുതൽ 2026 സെപ്തംബർ വരെയുള്ള 1.1 കോടിയിലധികം മരണ രേഖകളാണ് ഈ ഡാറ്റാബേസിൽ ഉൾപ്പെട്ടിരുന്നത്.

യുക്രെയ്നിലും റഷ്യൻ അതിർത്തി മേഖലകളിലും നടന്ന മരണങ്ങളുടെ സ്ഥലം, പ്രായം, മരണകാരണം, കോടതി വിധികൾ എന്നിവ അടങ്ങിയ സൂക്ഷ്മമായ വിവരങ്ങളാണ് ചോർന്ന രേഖകളിലുള്ളത്. ബിബിസിയുടെ വിശകലനം അനുസരിച്ച് കുറഞ്ഞത് 4,90,334 റഷ്യൻ സൈനികരെങ്കിലും ഈ യുദ്ധത്തിൽ ജീവൻ നഷ്ടപ്പെട്ടവരാണ്.

അതേസമയം സ്വതന്ത്ര റഷ്യൻ മാധ്യമമായ മീഡിയസോണ നടത്തിയ വിശകലനത്തിൽ യഥാർത്ഥ മരണ സംഖ്യ ഏഴ് ലക്ഷത്തോളം എത്താൻ സാധ്യതയുണ്ടെന്നാണ് വിലയിരുത്തുന്നത്. മരണങ്ങൾ ഔദ്യോഗികമായി രജിസ്റ്റർ ചെയ്യുന്നതിലെ കാലതാമസവും കാണാതായ സൈനികരുടെ കണക്കുകളും കൂടി ഉൾപ്പെടുത്തിയാണ് ഈ നിഗമനത്തിൽ എത്തിയത്.

കഴിഞ്ഞ വർഷം റഷ്യയിൽ മരണപ്പെട്ട 18നും 24നും ഇടയിൽ പ്രായമുള്ള യുവാക്കളിൽ 65 ശതമാനവും യുദ്ധത്തിലാണ് കൊല്ലപ്പെട്ടതെന്ന് രേഖകൾ വെളിപ്പെടുത്തുന്നു. 25നും 34നും ഇടയിൽ പ്രായമുള്ളവരിൽ ഇത് 59 ശതമാനമാണ്. ഇതോടെ റഷ്യയിലെ യുവാക്കളുടെ മരണത്തിനുള്ള പ്രധാന കാരണമായി യുക്രെയ്ൻ യുദ്ധം മാറിയിരിക്കുകയാണ്. ബ്രിട്ടീഷ് രഹസ്യാന്വേഷണ ഏജൻസിയായ ജിസിഎച്ച്ക്യുവിന്റെ മേധാവി ആൻ കീസ്റ്റ്ബട്ട്ലറും റഷ്യൻ സൈനിക മരണസംഖ്യ അഞ്ച് ലക്ഷത്തോളം എത്തിയതായി നേരത്തെ വ്യക്തമാക്കിയിരുന്നു.

2022 ഫെബ്രുവരിയിൽ യുദ്ധം ആരംഭിച്ചതിന് ശേഷം റഷ്യ തങ്ങളുടെ സൈനിക നഷ്ടങ്ങളുടെ കൃത്യമായ കണക്കുകൾ ഇതുവരെ ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. തങ്ങളുടെ പക്ഷത്ത് 55,000 സൈനികർ കൊല്ലപ്പെട്ടതായി യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി വ്യക്തമാക്കിയിരുന്നെങ്കിലും സ്വതന്ത്ര ഏജൻസികൾ ഇതിലും ഉയർന്ന കണക്കുകളാണ് ചൂണ്ടിക്കാണിക്കുന്നത്.

പുറത്തുവന്ന പുതിയ റിപ്പോർട്ടുകളെക്കുറിച്ച് പ്രതികരിച്ച ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് ഈ കണക്കുകൾ തള്ളിക്കളഞ്ഞു. റഷ്യൻ പ്രതിരോധ മന്ത്രാലയത്തിന് മാത്രമാണ് സൈനിക നഷ്ടങ്ങളെക്കുറിച്ചുള്ള ഔദ്യോഗിക വിവരങ്ങൾ പുറത്തുവിടാൻ അധികാരമുള്ളതെന്നും മറ്റു കണക്കുകൾ വിശ്വസിക്കരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഒന്റാറിയോയിലെ മോർട്ട്ഗേജ് കുടിശ്ശിക 2008ലെ സാമ്പത്തിക മാന്ദ്യത്തിന് സമാനമായ നിലയിലേക്ക്

കാനഡയിലെ ഏറ്റവും ജനസംഖ്യയുള്ള പ്രവിശ്യയായ ഒന്റാറിയോയിൽ ഭവനവായ്പാ തിരിച്ചടവ് മുടങ്ങുന്നവരുടെ എണ്ണം ആശങ്കാജനകമാംവിധം ഉയരുന്നു. ഒന്റാറിയോയിലെ മോർട്ട്ഗേജ് കുടിശ്ശിക നിരക്കുകൾ 2008ലെ ആഗോള സാമ്പത്തിക പ്രതിസന്ധി കാലത്ത് കണ്ടിരുന്നതിന് സമാനമായ നിലയിലേക്ക് എത്തുകയാണെന്ന് ദി ഗ്ലോബ് ആൻഡ് മെയിൽ റിപ്പോർട്ട് ചെയ്യുന്നു.

ഉയർന്ന പലിശനിരക്കുകളും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകളുമാണ് സാധാരണക്കാരായ കുടുംബങ്ങളുടെ ബജറ്റ് താളംതെറ്റിച്ചത്. കുറഞ്ഞ പലിശ നിരക്കിൽ മുൻവർഷങ്ങളിൽ ഭവനവായ്പ എടുത്ത പലർക്കും ഇപ്പോൾ ഉയർന്ന നിരക്കിൽ വായ്പ പുതുക്കേണ്ടി വരുന്നത് വലിയ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നത്.

പ്രതിമാസ തിരിച്ചടവ് തുകയിൽ ഉണ്ടായ വൻ വർദ്ധനവ് കാരണം പല കുടുംബങ്ങൾക്കും നിത്യച്ചെലവുകൾ പോലും മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. കാനഡയിലെ മറ്റ് പ്രവിശ്യകളെ അപേക്ഷിച്ച് വീടുകൾക്ക് വില കൂടുതലുള്ള ഒന്റാറിയോയിലാണ് ഈ പ്രതിസന്ധി ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത്.



തൊഴിൽ വിപണിയിലെ മാന്ദ്യവും പണപ്പെരുപ്പവും ഭവന ഉടമകളുടെ തിരിച്ചടവ് ശേഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. വായ്പാ തിരിച്ചടവ് മുടങ്ങുന്നത് വർദ്ധിച്ചതോടെ പലരും തങ്ങളുടെ വീടുകൾ വിൽക്കാൻ നിർബന്ധിതരാകുന്ന സാഹചര്യവും നിലവിലുണ്ട്.

സാമ്പത്തിക വിദഗ്ധരും ബാങ്കിംഗ് മേഖലയും ഈ പ്രവണതയെ അതീവ ഗൗരവത്തോടെയാണ് നിരീക്ഷിക്കുന്നത്. വായ്പാ കുടിശ്ശിക ഇനിയും ഉയരുന്നത് പ്രവിശ്യയിലെ റിയൽ എസ്റ്റേറ്റ് വിപണിയെയും മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയെയും പ്രതികൂലമായി ബാധിച്ചേക്കാം. കാനഡയിലെ മലയാളി സമൂഹം ഉൾപ്പെടെയുള്ള കുടിയേറ്റ കുടുംബങ്ങൾ ഏറെയുള്ള പ്രവിശ്യയാണ് ഒന്റാറിയോ. ഉയർന്ന പലിശനിരക്കിൽ നിന്ന് ആശ്വാസം ലഭിക്കുന്നതിനായി ബാങ്ക് ഓഫ് കാനഡയുടെ തുടർന്നുള്ള സാമ്പത്തിക നയങ്ങളിലേക്കാണ് ഭവന ഉടമകൾ ഉറ്റുനോക്കുന്നത്.

ആഗോള സാമ്പത്തിക ആഘാതങ്ങൾ കൂടുതൽ വലുതും ഇടയ്ക്കിടെ ഉണ്ടാകുന്നതുമായി മാറുന്നു; കാനഡയ്ക്ക് മുന്നറിയിപ്പുമായി ബാങ്ക് ഓഫ് കാനഡ ഗവർണർ ടിഫ് മാക്ലെം!

ആഗോളതലത്തിൽ നിലനിൽക്കുന്ന വ്യാപാര തർക്കങ്ങളും യുദ്ധങ്ങളും കാരണം വരുംനാളുകളിൽ സാമ്പത്തിക ആഘാതങ്ങൾ കൂടുതൽ വലുതും ഇടയ്ക്കിടെ സംഭവിക്കുന്നതുമായി മാറുമെന്ന് ബാങ്ക് ഓഫ് കാനഡ ഗവർണർ ടിഫ് മാക്ലെം മുന്നറിയിപ്പ് നൽകി. ടൊറന്റോയിലെ ഇക്കണോമിക് ക്ലബ് ഓഫ് കാനഡയിൽ സംസാരിക്കവെയാണ് അദ്ദേഹം ആഗോള സമ്പദ്വ്യവസ്ഥ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് വ്യക്തമാക്കിയത്. ഇത്തരം അനിശ്ചിതത്വങ്ങൾക്കിടയിലും സാധാരണക്കാരുടെ ജീവിതച്ചെലവ് കുത്തനെ ഉയരാതിരിക്കാൻ പണപ്പെരുപ്പ ലക്ഷ്യം രണ്ട് ശതമാനത്തിൽ തന്നെ നിലനിർത്താൻ കേന്ദ്ര ബാങ്ക് പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ആഗോള സാമ്പത്തിക ആഘാതങ്ങളെയോ അവയുടെ പ്രത്യാഘാതങ്ങളെയോ പൂർണ്ണമായി തടയാൻ കേന്ദ്ര ബാങ്കിന് കഴിയില്ലെങ്കിലും, അവ വിലക്കയറ്റത്തിന് കാരണമാകുന്നത് തടയാൻ പണനയത്തിലൂടെ സാധിക്കുമെന്ന് മാക്ലെം പറഞ്ഞു. അനിശ്ചിതത്വം നിറഞ്ഞ സാഹചര്യങ്ങളിൽവിശ്വസനീയമായഒരുസാമ്പത്തിക നയം ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. രണ്ട് ശതമാനം പണപ്പെരുപ്പ ലക്ഷ്യം അടുത്ത അഞ്ച് വർഷത്തേക്ക് കൂടി പുതുക്കാൻ കേന്ദ്ര ബാങ്ക് തീരുമാനിച്ച കാര്യവും അദ്ദേഹം പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

കോവിഡ് മഹാമാരിക്ക് ശേഷവും ഉക്രെയ്ൻ യുദ്ധത്തിന്റെ തുടക്കത്തിലും



പണപ്പെരുപ്പം എട്ട് ശതമാനം വരെ ഉയർന്നപ്പോൾ ഈ നയം കാനഡക്കാർക്ക് വലിയ രീതിയിൽ ഗുണം ചെയ്തിരുന്നു. 2022 മുതൽ 2024 വരെയുള്ള കാലയളവിൽ നിരവധി തവണ പലിശ നിരക്കുകൾ വർദ്ധിപ്പിച്ചതിലൂടെ പണപ്പെരുപ്പം രണ്ട് ശതമാനത്തിന് താഴെ എത്തിക്കാൻ സാധിച്ചിരുന്നു. എന്നാൽ നിലവിൽ കാനഡക്കാർ ഏകദേശം മൂന്ന് ശതമാനം പണപ്പെരുപ്പ നിരക്കാണ് നേരിടുന്നത്.

ഇറാൻ യുദ്ധവും അമേരിക്കയുമായുള്ള വ്യാപാര തർക്കങ്ങളും പലിശ നിരക്കുകൾ കുറയ്ക്കുന്നതിന് വലിയ തടസ്സമായി നിൽക്കുകയാണ്. ഇതിനുപുറമെ കാലാവസ്ഥാ വ്യതിയാനവും നിർമ്മിത ബുദ്ധിയുടെ വ്യാപനവും സമ്പദ്വ്യവസ്ഥയിൽ പുതിയ തരത്തിലുള്ള അസ്വസ്ഥതകൾ സൃഷ്ടിക്കുന്നുണ്ടെന്ന് മാക്ലെം ചൂണ്ടിക്കാട്ടി. എണ്ണവിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ പോലുള്ള വിതരണ തടസ്സങ്ങൾ സാമ്പത്തിക വളർച്ചയെ മന്ദഗതിയിലാക്കുന്നതിനൊപ്പം സാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയും തൊഴിൽ സാധ്യതകളെ ബാധിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ മാസം അവസാനം ബാങ്ക് ഓഫ് കാനഡ അടിസ്ഥാന പലിശ നിരക്ക് കാൽ ശതമാനം വർദ്ധിപ്പിച്ച് 2.5 ശതമാനമാക്കിയിരുന്നു. ഒക്ടോബറിന് ശേഷം ആഗോള വിപണിയിൽ എണ്ണവില അൽപ്പം കുറഞ്ഞിട്ടുണ്ടെങ്കിലും, മുൻപ് വർദ്ധിച്ച ഉൽപ്പാദനഗതാഗത ചെലവുകൾ വരും മാസങ്ങളിൽ ഉപഭോക്തൃ വിലകളെ ബാധിക്കാൻ സാധ്യതയുണ്ട്. ഇത് പണപ്പെരുപ്പം തുടരാൻ കാരണമായേക്കാമെന്നും, അതേസമയം കാനഡയുടെ സമ്പദ്വ്യവസ്ഥ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ കരുത്ത് കാണിക്കുന്നുണ്ടെന്നും മാക്ലെം നിരീക്ഷിച്ചു.

2026ലെ അവസാന പലിശ നിരക്ക് തീരുമാനം ഡിസംബർ ഒൻപതിന് ബാങ്ക് ഓഫ് കാനഡ പ്രഖ്യാപിക്കും. അടുത്ത ആഴ്ച പുറത്തുവരാനിരിക്കുന്ന മൂന്നാം പാദ ജിഡിപി കണക്കുകളും നവംബറിലെ തൊഴിൽ വിപണി വിവരങ്ങളും പരിശോധിച്ച ശേഷമായിരിക്കും കേന്ദ്ര ബാങ്കിന്റെ നിർണ്ണായക തീരുമാനം. 2027 ജൂണിൽ ഏഴ് വർഷത്തെ കാലാവധി പൂർത്തിയാക്കി സ്ഥാനമൊഴിയാനിരിക്കുന്ന മാക്ലെമിന്റെ വാക്കുകൾ ഡിസംബറിൽ വീണ്ടും പലിശ നിരക്ക് ഉയർത്താനുള്ള സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നതെന്ന് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു.



വിഴുപ്പലക്കൽ തടയാൻ ഹൈക്കമാൻഡ്

തിരുവനന്തപുരം: നേതാക്കളുടെ വിഴുപ്പലക്കൽ കോൺഗ്രസിന്റെ മുഖം വികൃതമാക്കുമെന്ന് തിരിച്ചറിഞ്ഞ് ദേശീയ നേതൃത്വത്തിന്റെ സത്വര ഇടപെടൽ. കേരളത്തിന്റെ ചുമതലയുള്ള ദീപാദാസ് മുൻഷി ഇന്നലെ രാജ്മോഹൻ ഉണ്ണിത്താനെയും ഷാഫിപറമ്പിലിനെയും ഫോണിൽ വിളിച്ച് പരസ്യപ്രതികരണം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. പിന്നാലെ കെ.പി.സി.സി പ്രസിഡന്റ് സണ്ണിജോസഫും ഇരുവരെയും വിളിച്ചു. കെ.പി.സി.സി ആസ്ഥാനമായ ഇന്ദിരാഭവനിലിരുന്ന് നേതാക്കളുടെ ചേരിപ്പോര് നേരിട്ട് ബോദ്ധ്യപ്പെട്ട ദീപാദാസ് മുൻഷി, ഹൈക്കമാൻഡ് നിർദ്ദേശപ്രകാരമാണ് ഇടപെട്ടത്.

കാസർകോട് ഡി.സി.സി അദ്ധ്യക്ഷൻ പി.കെ.ഫൈസലാണ് ഇപ്പോഴത്തെ എല്ലാ കുഴപ്പങ്ങൾക്കും തുടക്കമിട്ടതെന്നും അയാൾക്കെതിരെ നടപടിയെടുക്കണമെന്നും ഉണ്ണിത്താൻ ദീപാദാസ് മുൻഷിയോട് ആവശ്യപ്പെട്ടു. ഷാഫി പറമ്പിൽ ഇപ്പോൾ എ ഗ്രൂപ്പിൽ ഇല്ലെന്ന് മാത്രമാണ് പറഞ്ഞതെന്നും അതിന്റെ പേരിൽ തനിക്കെതിരെ രൂക്ഷമായ സൈബർ ആക്രമണമാണ് നടന്നതെന്നും ഉണ്ണിത്താൻ വിശദമാക്കി. വസ്തുതാവിരുദ്ധമായ ആരോപണം തനിക്കെതിരെ ഉന്നയിച്ചു എന്നതായിരുന്നു ഷാഫിയുടെ വിശദീകരണം.

പരസ്യപ്രതികരണങ്ങൾ അനുവദിക്കാനാവില്ലെന്ന് ദീപാദാസ് മുൻഷി വ്യക്തമാക്കി. കർശനനടപടി സ്വീകരിക്കാൻ കെ.പി.സി.സി പ്രസിഡന്റ്



സണ്ണിജോസഫിന് നിർദ്ദേശം നൽകി. ബെന്നിബഹനാൻ എം.പിയും എം.എൽ.എമാരായ ചാണ്ടിഉമ്മൻ, സജീവ്ജോസഫ് എന്നിവരും ഇന്ദിരാഭവനിലെത്തി ദീപാദാസ് മുൻഷിയുമായും സണ്ണിജോസഫുമായും ചർച്ച നടത്തി.

ഷാഫിയെ പിന്തുണച്ച് യൂത്ത് കോൺഗ്രസ്

ജനങ്ങൾക്കിടയിൽ വലിയ സ്വീകാര്യത നേടിയ നേതാവാണ് ഷാഫി പറമ്പിലെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന അദ്ധ്യക്ഷൻ കൂടിയായ മന്ത്രി ഒ.ജെ.ജനീഷ് പറഞ്ഞു. വ്യക്തി താത്പര്യങ്ങൾക്കപ്പുറം പാർട്ടിക്കായി ജീവിതം സമർപ്പിച്ച നേതാവെന്നാണ് നാദാപുരം എം.എൽ.എ കെ.എം.അഭിജിത്ത് ഷാഫിയെ വിശേഷിപ്പിച്ചത്. അതേസമയം, ഷാഫി ഗുരുവല്ലെന്നും സഹോദരബന്ധമാണെന്നും മുൻ എം.എൽ.എ രാഹുൽ മാങ്കൂട്ടത്തിൽ പറഞ്ഞു. ആർക്കെതിരെയും സൈബർ ആക്രമണം നടത്തിയിട്ടില്ലെന്നും വിശദീകരിച്ചു.

സംശയ ദൃഷ്ടിയോടെ കോൺഗ്രസ് പക്ഷങ്ങൾ; തൊടാതെ മുഖ്യമന്ത്രി

സംശയദൃഷ്ടിയോടെയാണ് കോൺഗ്രസിലെ പക്ഷങ്ങൾ കാര്യങ്ങളെ കാണുന്നത്. രാജ് മോഹൻ ഉണ്ണിത്താനെ രംഗത്ത് ഇറക്കിയത് മുഖ്യമന്ത്രി പക്ഷക്കാരുടെ ബുദ്ധിയാണെന്നാണ് കെ.സി.പക്ഷവും എ പക്ഷവും സംശയിക്കുന്നത്. താൻ ഈ നാട്ടുകാരനല്ല, മാവിലായക്കാരനാണെന്ന നർമ്മം കലർന്ന പ്രതികരണമാണ് മുഖ്യമന്ത്രി നടത്തിയത്. മുഖ്യമന്ത്രിയെ തീരുമാനിക്കുന്ന ഘട്ടത്തിൽ കെ.സി വേണുഗോപാലിനായി നിലപാടെടുത്ത വ്യക്തിയാണ് ഷാഫിപറമ്പിൽ. കെ.സി.പക്ഷത്തിന്റെ കൂടി പിന്തുണയോടെ കെ.പി.സി.സി അദ്ധ്യക്ഷ പദം പിടിക്കണമെന്ന മോഹം എ പക്ഷത്തിന് ഉണ്ടായിരുന്നു. എന്നാൽ കെ.സിയുമായുള്ള ചങ്ങാത്തത്തിലൂടെ പ്രസിഡന്റ് സ്ഥാനത്തെത്താൻ ഷാഫി പറമ്പിൽ നീക്കം നടത്തുന്നതായി ശ്രുതി പരന്നിരുന്നു. ഇങ്ങനെയിരിക്കുമ്പോഴാണ് ഷാഫി, എ ഗ്രൂപ്പിലാണെങ്കിൽ അത് എട്ടാമത്തെ അത്ഭുതമാണെന്ന് ഉണ്ണിത്താൻ തുറന്നടിച്ചത്. ഇന്നലെ പഴയ എ വിഭാഗം നേതാക്കൾ തലസ്ഥാനത്ത് ഒത്തുകൂടിയതായും അറിയുന്നു. ബെന്നിബഹനാൻ, ഷാഫി പറമ്പിൽ, പി.സി.വിഷ്ണുനാഥ് തുടങ്ങിയവരെല്ലാം പങ്കെടുത്തെന്നാണ് വിവരം.

ഷാഫി ഗുരുവല്ലെന്ന് രാഹുൽ

അടൂർ: ഷാഫി പറമ്പിൽ തന്റെ ഗുരുവല്ലെന്നും ഞങ്ങൾ തമ്മിൽ സഹോദരബന്ധമാണെന്നും മുൻ എം.എൽ.എ രാഹുൽ മാങ്കൂട്ടത്തിൽ പറഞ്ഞു. താൻ ആർക്കെതിരെയും സൈബർ ആക്രമണം നടത്തിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

യൂത്ത് നേതാക്കളുടെ പോര്

തിരുവനന്തപുരം: രാജ് മോഹൻ ഉണ്ണിത്താനെ പിന്തുണച്ചതിന്റെ പേരിൽ തനിക്കെതിരെ വിമർശനമുയർത്തിയ യൂത്ത് കോൺഗ്രസ് ജില്ലാ നേതാവിനെ വെല്ലുവിളിച്ച് കെ.പി.സി.സി അംഗം ജെ.എസ്.അഖിൽ. ആളെ കൂട്ടിയും നന്നായി അടി കൊണ്ടും നന്നായി ജലപീരങ്കി നനഞ്ഞുമൊക്കെയാണ് ഇവിടം വരെ എത്തിയതെന്നായിരുന്നു ഫേസ്ബുക്ക് പോസ്റ്റിലൂടെയുള്ള മറുപടി. പൊലീസിന്റെ അടി കൊണ്ടതിന്റെയും ജയിലിൽ കിടന്നതിന്റെയും പേരിൽ എത്ര കേസുണ്ടെന്ന് തെളിയിച്ചാൽ ആരോപണം ഉന്നയിക്കുന്ന വ്യക്തിയും അതിന് കുടപിടിക്കുന്ന വ്യക്തിയും പൊതുപ്രവർത്തനം അവസാനിപ്പിക്കുമോയെന്നും അദ്ദേഹം ചോദിച്ചു.

ഉമ്മൻചാണ്ടിയെന്ന മനുഷ്യന്റെ പരിഗണനയാണ് തന്റെ യോഗ്യതയെന്നും അഖിൽ കുറിച്ചു. അഖിലിന് സമരപരിചയമില്ലെന്നും അഖിലിനെപ്പോലൊരു യൂസ് ലെസിനെ പ്രസിഡന്റ് ആക്കാതിരുന്നത് ഷാഫിയുടെ നല്ല നടപടിയെന്നുമായിരുന്നു യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് നേമം ഷജീറിന്റെ ആക്ഷേപം.







കുട്ടികൾ കുറഞ്ഞു; സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അനുപാതം കുത്തനെ ഇടിഞ്ഞു, അദ്ധ്യാപക നിയമനങ്ങൾ തടസപ്പെടും

തിരുവനന്തപുരം: അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:25 ആയിക്കുറച്ച് ഒഴിവുണ്ടാക്കി നിയമനമാണ് സമരം ചെയ്യുന്ന എൽ.പി.എസ്.ടി റാങ്ക് ജേതാക്കളുടെ ആവശ്യം. എന്നാൽ 1 മുതൽ 10-ാം ക്ലാസ് വരെ നിലവിൽ ശരാശരി 19 വിദ്യാർത്ഥിക്ക് ഒരു അദ്ധ്യാപകനുണ്ട്. വിദ്യാർത്ഥികൾ വൻതോതിൽ കുറഞ്ഞതാണ് കാരണം.

ഇങ്ങനെ പോയാൽ ഗവ. സ്കൂളുകളിൽ പുതിയ അദ്ധ്യാപക നിയമനമേ നടക്കില്ല. എൽ.പിയിൽ നിലവിൽ 16 വിദ്യാർത്ഥിക്ക് ഒരു അദ്ധ്യാപകനുണ്ട്. യു.പിയിൽ ഇത് 1: 22. ഹൈസ്കൂളിൽ 1:20. അതേസമയം സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുപാതം എൽ.പി 1:30, യു.പി 1:35, ഹൈസ്കൂളിൽ 1:40 എന്നിങ്ങനെയാണ്. എയ്ഡഡിൽ എൽ.പി 1:25, യു.പി 1:28, ഹൈസ്കൂൾ 1:30 എന്നും നിശ്ചയിച്ചിട്ടുണ്ട്.

സർക്കാർ എൽ.പി സ്കൂളുകളിൽ 3,49,076 വിദ്യാർത്ഥികൾക്ക് 21,314 അദ്ധ്യാപകരുണ്ട്. യു.പിയിൽ 2,82,882 വിദ്യാർത്ഥികൾക്ക് 12,834 അദ്ധ്യാപകരും ഹൈസ്കൂളുകളിൽ 4,01,051 പേർക്ക് 19,849 അദ്ധ്യാപകരാണുള്ളത്. കഴിഞ്ഞ കുറെ വർഷങ്ങളായി ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടികളുടെ എണ്ണം കുത്തനെ കുറയുകയാണ്. 2025-26ൽ ഒന്നിൽ ചേർന്നത് 2,34,476 കുട്ടികളാണെങ്കിൽ ഈ അദ്ധ്യനവർഷം 2,06,706 പേരായി കുറഞ്ഞു.

2024-25ൽ ആകെ 35.77 ലക്ഷം കുട്ടികളാണ് സർക്കാർ,എയ്ഡഡ് സ്കൂളുകളിലുണ്ടായിരുന്നത്. 2026-27ൽ ഇത് 34.11 ലക്ഷമായി. ഈ വർഷം 3,93,063 വിദ്യാർത്ഥികളാണ് സർക്കാരിലും എയ്ഡഡിലുമായി പത്താം ക്ലാസിലുള്ളത്. 202728ൽ ഇത് 3,87,231 ആയി കുറയും. തുടർന്നുള്ള വർഷങ്ങളിൽ വീണ്ടും കുറയും.



വരുന്നു, തൊഴിൽ പ്രതിസന്ധിയും

2027-28 മുതൽ ഒട്ടേറെ അദ്ധ്യാപകർക്ക് തൊഴിൽ പ്രതിസന്ധിയുണ്ടാകും. കുട്ടികളുടെ കുറവ് കാരണം തൊഴിൽ നഷ്ടപ്പെടാതെ അദ്ധ്യാപകരെ സംരക്ഷിക്കേണ്ടിവരും. സമഗ്രശിക്ഷാ കേരള വഴി ബി.ആർ.സികളിലേക്ക് പുനർവിന്യസിച്ചാലും ബാക്കി ധാരാളം പേരുണ്ടാകും. വിരമിക്കുന്നതിനനുസരിച്ച് പുതിയ ഒഴിവുകളുണ്ടാകില്ല.

ഒഴിവുകളില്ലെങ്കിലും റാങ്ക് പട്ടികവരും

റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചാലുടൻ പുതിയതിനായി വിജ്ഞാപനവും പരീക്ഷയുമാണ് പി.എസ്.സി രീതി. ഒഴിവുണ്ടോ എന്നു വിലയിരുത്താതെ മുൻകാലത്തെ ഒഴിവുകൾക്ക് ആനുപാതികമായി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കും

കാലാവധി കഴിയാറായിട്ടും നിയമനം നടക്കാത്ത 200 റാങ്ക് ലിസ്റ്റുകളാണ് ആഗസ്റ്റ് 31ന് സർക്കാർ മൂന്നുമാസം ദീർഘിപ്പിച്ചത്. പക്ഷേ, മിക്കതിലും ഒഴിവില്ല, ഒരു നിയമനം പോലും നടന്നതുമില്ല.

റാങ്ക് ലിസ്റ്റ് രീതി പഠിക്കാൻ സമിതി

ഇല്ലാത്ത ഒഴിവുകളിലേക്ക് പരീക്ഷ നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന രീതി പരിശോധിക്കാൻ സർക്കാർ കമ്മിറ്റിയെ നിയോഗിച്ചു. ചീഫ് സെക്രട്ടറിയാണ് അദ്ധ്യക്ഷൻ. പി.എസ്.സിയുമായി കൂടിയാലോചിച്ച് പരിഹാരം കാണും.

സമരക്കാരെ ബോദ്ധ്യപ്പെടുത്തും സ്കൂളിലെ അനുപാതം ഇപ്പോഴേ 1:25ൽ കുറവെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:25 ആക്കണമെന്ന എൽ.പി.എസ്.ടി റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം അപ്രായോഗികമാണെന്ന് കണക്ക് നിരത്തി മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞു. ഇന്നലെ മന്ത്രിസഭായോഗം അനൗദ്യോഗിക അജണ്ടയായി എൽ.പി.എസ്.ടി സമരം ചർച്ച ചെയ്തു. സമരക്കാരുടെ മറ്റ് നാല് ആവശ്യങ്ങളും അംഗീകരിച്ചു. സമരം നിറുത്തിയാൽ അതിന്റെയെല്ലാം ഉത്തരവ് പുറത്തിറക്കുമെന്നും വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിലവിൽ 1:30 ആണെങ്കിലും സ്കൂളുകളിലെ കണക്കെടുത്താൽ 1:19ആണ് സംസ്ഥാന ശരാശരി. ഏറ്റവും അധികം കുട്ടികളുള്ള മലപ്പുറത്ത് പോലും 1:30 ഇല്ല. അവിടെ 1:25ആണ്. സർക്കാർ എൽ.പി സ്കൂളുകളിൽ 3,49,000 കുട്ടികളുണ്ട്. 18,856 അദ്ധ്യാപകരും. അനുപാതം വീണ്ടും കുറച്ചാൽ അദ്ധ്യാപകരുടെ ഒഴിവ് കൂടില്ല. സമരക്കാരെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തും.

2 വർഷത്തെ റിട്ടയർമെന്റ് വേക്കൻസി വേണം: സമരക്കാർ

രണ്ട് വർഷത്തെ റിട്ടയർമെന്റ് വേക്കൻസി നൽകിയാൽ സമരം അവസാനിപ്പിക്കാമെന്ന് എൽ.പി.എസ്.ടി സമരക്കാർ. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന് പിന്നാലെയാണിത്. സർക്കാർ ആലോചിച്ചശേഷം ചർച്ചയ്ക്ക് വിളിക്കണം. ഇത് നടപ്പാക്കിയാൽ സാധാരണക്കാരായ കുറച്ചുപേരുടെ സ്വപ്നങ്ങൾ നടപ്പാവുമെന്നും റാങ്ഹോൾഡേഴ്സ് സെക്രട്ടറി വളർമതി പറഞ്ഞു.

ഹെഡ് ടീച്ചർ ഒഴിവുകളുടെ കണക്ക് സർക്കാർ പുറത്തുവിടണം. 18 അദ്ധ്യാപക ലിസ്റ്റുകൾ നീട്ടുമെന്ന് കുറച്ചു മാസങ്ങൾക്ക് മുൻപ് മുഖ്യമന്ത്രി പറഞ്ഞു. അതിൽ ഏതെങ്കിലും ഒരു ലിസ്റ്റ് നീട്ടിയോ. ഇതിനിടെ,കോൺഗ്രസ് നേതാവ് വി.എം സുധീരൻ സമപ്പന്തൽ സന്ദർശിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

GREATWAYS TAX SERVICE INC.
Great Service @ Right Ways, Since 2002.
Call: 630-663-1500
Email: Tax@greatwaystax.com



"Let us handle the numbers while you focus on what matters. Expert tax preparation services for peace of mind."

OUR SERVICES

- Personal Tax Preparation
- Business Tax Preparation
- Tax Planning
- Electronic Filing
- IRS Issue Resolution

Pramod Zacharias E A
Greatways Tax Service Inc
1001 E Chicago Ave Ste 151
Naperville IL 60540



അമേരിക്കയിൽ ബിരുദാനന്തര ബിരുദ പഠനത്തിന് ഒരുങ്ങുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ!



കമ്പ്യൂട്ടർ സയൻസിലും ഡാറ്റാ സയൻസിലും എഞ്ചിനീയറിംഗിലും അമേരിക്കൻ സർവ്വകലാശാലകളിൽ നിന്ന് ബിരുദാനന്തര ബിരുദം നേടി, തുടർന്ന് പ്രമുഖ സാങ്കേതിക കമ്പനികളുടെ വിസ സ്പോൺസർഷിപ്പോടെ അവിടെത്തന്നെ സ്ഥിരതാമസമാക്കുക എന്ന ലക്ഷക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികളുടെ പരമ്പരാഗത കരിയർ പദ്ധതികൾ വലിയൊരു വഴിത്തിരിവിലേക്ക് നീങ്ങുകയാണ്!

ഏറ്റവും പുതിയ വിദ്യാഭ്യാസതൊഴിൽ റിപ്പോർട്ടുകൾ പ്രകാരം, ഐ.ബി.എം തങ്ങളുടെ കൺസൾട്ടിംഗ് വിഭാഗത്തിലെ ഭൂരിഭാഗം തസ്തികകൾക്കും എച്ച്വൺ ബി, ഗ്രീൻ കാർഡ് സ്പോൺസർഷിപ്പുകൾ അവസാനിപ്പിച്ചതും, മൈക്രോസോഫ്റ്റ്, അഡോബി, കോഗ്നിസന്റ്, ഇൻഫോസിസ്, ടി.സി.എസ് തുടങ്ങിയ സ്ഥാപനങ്ങൾ പെർം ലേബർ സർട്ടിഫിക്കേഷൻ നടപടികളിൽ നിയന്ത്രണങ്ങൾ നേരിടുന്നതും വിദേശ വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യതകളെ സാരമായി ബാധിച്ചിരിക്കുന്നു.

അമേരിക്കയിലെ ഓപ്പൺ ഡോർസ് 2026 റിപ്പോർട്ട് അനുസരിച്ച് ഇന്ത്യൻ ബിരുദാനന്തര വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ ഒറ്റവർഷം കൊണ്ട് മുപ്പത്തിനാല് ശതമാനം ഇടിവുണ്ടായപ്പോൾ, പഠനശേഷമുള്ള താൽക്കാലിക പരിശീലനമായ ഒപിടിയിൽ തുടരുന്നവരുടെ എണ്ണം ഒന്നര ലക്ഷത്തിലധികമായി ഉയർന്നിട്ടുണ്ട്.

ഏത് സർവ്വകലാശാല തിരഞ്ഞെടുക്കണം എന്നതിലുപരി, പഠനശേഷം സ്പോൺസർഷിപ്പ് നൽകാൻ തയ്യാറുള്ള തൊഴിലുടമയെ ലഭിക്കുമോ എന്ന ചോദ്യമാണ് ഇപ്പോൾ ഏറ്റവും പ്രധാനം. വൻതുക വിദ്യാഭ്യാസ വായ്പയെടുത്ത് അമേരിക്കയിലേക്ക് പോകാൻ തയ്യാറെടുക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളും രക്ഷിതാക്കളും അറിഞ്ഞിരിക്കേണ്ട പുതിയ യാഥാർത്ഥ്യങ്ങൾ താഴെ വിശദമായി പരിശോധിക്കാം...

പ്രമുഖ ടെക് കമ്പനികളുടെ വിസ പിന്മാറ്റവും പുതിയ കണക്കുകളും

സിലിക്കൺ വാലിയിലെ വൻകിട കമ്പനികൾ വിദേശ ജീവനക്കാരെ നിയമിക്കുന്ന രീതിയിൽ വരുത്തിയ മാറ്റങ്ങൾ വിദ്യാർത്ഥികളുടെ ഭാവി കണക്കുകൂട്ടലുകളെ മാറ്റിമറിച്ചിരിക്കുന്നു.

ഐ.ബി.എമ്മിന്റെ നിർണ്ണായക തീരുമാനവും കൺസൾട്ടിംഗ് മേഖലയും

2026 നവംബർ പത്തിന് ഐ.ബി.എം പുറത്തുവിട്ട പ്രഖ്യാപന പ്രകാരം, അമേരിക്കയിലെ ഐ.ബി.എം കൺസൾട്ടിംഗ് വിഭാഗത്തിലെ ഭൂരിഭാഗം തസ്തികകൾക്കും ഇനി എച്ച്വൺ ബി വിസയോ ഗ്രീൻ കാർഡോ സ്പോൺസർ ചെയ്യില്ലെന്ന് കമ്പനി വ്യക്തമാക്കി. ആഗോളതലത്തിൽ കമ്പനിയുടെ പകുതിയിലധികം ജീവനക്കാരുള്ള ഈ വിഭാഗത്തിൽ വിസ സ്പോൺസർഷിപ്പ് അവസാനിപ്പിച്ചത്, അമേരിക്കൻ നിയമത്തിലെ മാറ്റത്തേക്കാളുപരി കമ്പനികളുടെ ആഭ്യന്തര നിയമനനയങ്ങളിലെ മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്.

മൈക്രോസോഫ്റ്റ്, അഡോബി കമ്പനികളിലെ പെർം നിയന്ത്രണങ്ങൾ

ഗ്രീൻ കാർഡ് ലഭിക്കുന്നതിനുള്ള ആദ്യപടിയായ പെർം ലേബർ സർട്ടിഫിക്കേഷൻ നടപടികളിൽ മൈക്രോസോഫ്റ്റ്, അഡോബി, കോഗ്നിസന്റ്, ഇൻഫോസിസ്, ടാറ്റാ കൺസൾട്ടൻസി സർവീസസ് എന്നീ കമ്പനികൾക്ക് നിയന്ത്രണങ്ങൾ നേരിടേണ്ടി വന്നത് വിദേശ ജീവനക്കാർക്കിടയിൽ ആശങ്ക വർദ്ധിപ്പിച്ചു. പെർം നടപടികൾ നിർത്തിവെക്കുന്നത് നിലവിലുള്ള എച്ച്വൺ ബി വിസ ഉടൻ റദ്ദാക്കില്ലെങ്കിലും, ആറ് വർഷത്തിന് ശേഷമുള്ള വിസ നീട്ടലുകളെയും സ്ഥിരതാമസ അപേക്ഷകളെയും സാരമായി ബാധിക്കും.

ഇന്ത്യൻ ബിരുദാനന്തര പ്രവേശനത്തിലെ മുപ്പത്തിനാല് ശതമാനം ഇടിവ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ എഡ്യൂക്കേഷൻ പുറത്തുവിട്ട ഓപ്പൺ ഡോർസ് 2026 റിപ്പോർട്ട് പ്രകാരം, അമേരിക്കയിലെ ഇന്ത്യൻ ബിരുദാനന്തര വിദ്യാർത്ഥികളുടെ എണ്ണം ഒരു ലക്ഷത്തി എഴുപത്തേഴായിരത്തിൽ നിന്ന് ഒരു ലക്ഷത്തി പതിനാറായിരമായി കുറഞ്ഞു. അതേ സമയം, പഠനം പൂർത്തിയാക്കി ഓപ്ഷണൽ പ്രാക്ടിക്കൽ ട്രെയിനിംഗിൽ ജോലി ചെയ്യുന്ന ഇന്ത്യൻ ബിരുദധാരികളുടെ എണ്ണം ഇരുപത്തിയേഴ് ശതമാനം വർദ്ധിച്ച് ഒരു ലക്ഷത്തി എൺപത്തിരണ്ടായിരത്തിലെത്തി.

തൊഴിൽ വിപണിയിലെ വർദ്ധിച്ചുവരുന്ന മത്സരം

കൂടുതൽ ബിരുദധാരികൾ ഒപിടി കാലാവധിയിൽ അമേരിക്കയിൽ തുടരുന്നതും, പുതിയ വിസ സ്പോൺസർഷിപ്പുകൾക്ക് കമ്പനികൾ മടിക്കുന്നതും കാരണം തൊഴിൽ വിപണിയിൽ കടുത്ത മത്സരമാണ് അനുഭവപ്പെടുന്നത്. എല്ലാ കമ്പനികളും നിയമനം നിർത്തിയിട്ടില്ലെങ്കിലും, അധിക ഇമിഗ്രേഷൻ ബാധ്യതകൾ ഏറ്റെടുക്കാൻ തയ്യാറാകുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞുവരികയാണ്.

ബിരുദാനന്തര പഠനത്തിന് ഒരുങ്ങുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അമേരിക്കൻ സർവ്വകലാശാലകളിലേക്ക് അപേക്ഷിക്കുന്നതിന് മുൻപ് വിദ്യാർത്ഥികളും കുടുംബങ്ങളും കൃത്യമായ പരിശോധനകൾ നടത്തേണ്ടതുണ്ട്.

കോഴ്സുകളുടെ സ്റ്റെം യോഗ്യതയും ഒപിടി നിയമങ്ങളും

ശാസ്ത്ര, സാങ്കേതിക, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്ര വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കോഴ്സുകൾക്ക് മാത്രമാണ് പഠനശേഷം മൂന്ന് വർഷം വരെ അമേരിക്കയിൽ ജോലി ചെയ്യാനുള്ള സ്റ്റെം ഒപിടി സൗകര്യം ലഭിക്കുന്നത്.

അതിനാൽ അപേക്ഷിക്കുന്ന പ്രോഗ്രാമിന് ഔദ്യോഗികമായി സ്റ്റെം പദവി ഉണ്ടോ എന്ന് സർവ്വകലാശാലയുടെ ഇന്റർനാഷണൽ സ്റ്റുഡന്റ് ഓഫീസുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തണം.

കമ്പനികളുടെ മുൻകാല വിസ സ്പോൺസർഷിപ്പ് ചരിത്രം

പഠനശേഷം ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന കമ്പനികൾ മുൻവർഷങ്ങളിൽ എത്രത്തോളം വിസ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്ന് യു.എസ് തൊഴിൽ വകുപ്പിന്റെ പൊതുരേഖകളിലൂടെ പരിശോധിക്കാൻ സാധിക്കും. അതുപോലെ തിരഞ്ഞെടുക്കുന്ന സർവ്വകലാശാലയിലെ പൂർവ്വ വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിക്കുന്ന തൊഴിൽ അവസരങ്ങളെക്കുറിച്ചും കൃത്യമായി അന്വേഷിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ വായ്പയും സാമ്പത്തിക തിരിച്ചടവ് കണക്കുകൂട്ടലുകളും

ട്യൂഷൻ ഫീസും താമസച്ചെലവും ഉൾപ്പെടെ കോടിക്കണക്കിന് രൂപ ചെലവഴിക്കുമ്പോൾ, അമേരിക്കയിൽ ദീർഘകാലം ജോലി ലഭിച്ചില്ലെങ്കിൽ പോലും വായ്പ തിരിച്ചടയ്ക്കാൻ സാധിക്കുമോ എന്ന് കുടുംബങ്ങൾ വിലയിരുത്തണം. ഉയർന്ന കടബാധ്യത ഒഴിവാക്കാൻ സ്കോളർഷിപ്പുകൾ ലഭിക്കുന്ന സർവ്വകലാശാലകൾക്ക് മുൻഗണന നൽകുന്നത് സുരക്ഷിതമായിരിക്കും.

ഒപിടി ലഭിച്ചതുകൊണ്ട് സ്ഥിരതാമസം ഉറപ്പാകില്ലെന്ന യാഥാർത്ഥ്യം

പഠനശേഷമുള്ള താൽക്കാലിക തൊഴിൽ പരിശീലനത്തിന് അനുമതി ലഭിക്കുന്നത് ദീർഘകാല വിസ സ്പോൺസർഷിപ്പിനുള്ള ഉറപ്പല്ലെന്ന് വിദ്യാർത്ഥികൾ തിരിച്ചറിയണം.

മൂന്ന് വർഷത്തെ ഒപിടി കാലാവധി തീരുന്നതിന് മുൻപ് എച്ച്വൺ ബി വിസ ലഭിച്ചില്ലെങ്കിൽ മറ്റ് രാജ്യങ്ങളിലേക്കോ ഇന്ത്യയിലേക്കോ മടങ്ങേണ്ടി വരുന്ന സാഹചര്യം മുന്നിൽ കണ്ട്വേണം കരിയർ ആസൂത്രണം ചെയ്യാൻ.

ബദൽ കരിയർ വഴികളും ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന അവസരങ്ങളും

അമേരിക്കൻ വിസ നിയമങ്ങളിലെ അനിശ്ചിതത്വം നിലനിൽക്കുമ്പോൾ, വിദ്യാർത്ഥികൾക്ക് മുന്നിൽ തുറന്നിരിക്കുന്ന മറ്റ് പ്രധാന സാധ്യതകൾ താഴെ പരിശോധിക്കാം.

ഇന്ത്യയിലെ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളുടെ വളർച്ച

അമേരിക്കയിൽ വിസ നിയന്ത്രണങ്ങൾ കടുക്കുമ്പോൾ പ്രമുഖ അന്താരാഷ്ട്ര കമ്പനികൾ തങ്ങളുടെ സാങ്കേതികഗവേഷണ പ്രവർത്തനങ്ങൾ ഇന്ത്യയിലെ നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ്.

ബെംഗളൂരു, ഹൈദരാബാദ്, പൂനെ, ചെന്നൈ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളിൽ മികച്ച ശമ്പളത്തോടെയുള്ള തൊഴിലവസരങ്ങൾ അതിവേഗം വർദ്ധിക്കുന്നുണ്ട്.

യു.കെ, കാനഡ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് വിസ സാധ്യതകൾ

പഠനശേഷമുള്ള തൊഴിൽ അവകാശങ്ങളിൽ കൂടുതൽ വ്യക്തത നൽകുന്ന യു.കെയുടെ ഗ്രാജുവേറ്റ് വിസ, കാനഡയുടെ പോസ്റ്റ്ഗ്രാജുവേഷൻ വർക്ക് പെർമിറ്റ്, ഓസ്ട്രേലിയയുടെ ടെമ്പററി ഗ്രാജുവേറ്റ് വിസ, ന്യൂസിലാൻഡിന്റെ പുതിയ പോസ്റ്റ് സ്റ്റഡി വർക്ക് ചട്ടങ്ങൾ എന്നിവയും വിദ്യാർത്ഥികൾക്ക് പരിഗണിക്കാവുന്നതാണ്.

പ്രത്യേക സാങ്കേതിക മേഖലകളിലെ പ്രാവീണ്യം

സാധാരണ സോഫ്റ്റ്വെയർ ജോലികൾക്ക് പകരം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സുരക്ഷ, ഡാറ്റാ എഞ്ചിനീയറിംഗ്, സെമികണ്ടക്ടർ ഡിസൈൻ തുടങ്ങിയ അതിനൂതന മേഖലകളിൽ വൈദഗ്ധ്യം നേടുന്നവർക്ക് വിസ നിയന്ത്രണങ്ങൾക്കിടയിലും മികച്ച ഡിമാൻഡുണ്ട്.

അമേരിക്കയിലെ ഇന്ത്യൻ വംശജരുടെയും വിദ്യാർത്ഥികളുടെയും ജാഗ്രത

നിലവിൽ അമേരിക്കൻ സർവ്വകലാശാലകളിൽ പഠിക്കുന്ന ഇന്ത്യൻ വംശജരായ വിദ്യാർത്ഥികൾ ക്യാമ്പസ് പ്ലേസ്മെന്റുകൾക്കൊപ്പം തന്നെ ഇന്റേൺഷിപ്പുകൾ വഴി കമ്പനികളുമായി നേരിട്ടുള്ള ബന്ധം സ്ഥാപിക്കാൻ ശ്രമിക്കണം. കൃത്യമായ ആസൂത്രണവും ബദൽ മാർഗ്ഗങ്ങളും കൈവശമുണ്ടെങ്കിൽ മാറുന്ന ആഗോള തൊഴിൽ സാഹചര്യങ്ങളെ ആത്മവിശ്വാസത്തോടെ നേരിടാൻ സാധിക്കും.


Kajrali
FOODS & EVENTS
രുചിയുടെ രസക്കൂട്ട്....
CATERING
SNACKS & GROCERIES
TAKE-OUT FOODS
EVENT MANAGEMENT
777 Milwaukee Ave. Glenview, IL-60025
Ph: (847) 729 2100
We Accept
VISA
MasterCard

തൊലി വെളുപ്പിക്കാൻ അധിക ത്വര; വൃക്കകൾ തകരുന്നു

‘എക്സ്ക്യൂസ് മീ, ഏതു കോളേജിലാ?’ രണ്ടു പതിറ്റാണ്ടു മുമ്പ് ടിവി ചാനലുകളിലൂടെ മലയാളികളുടെ മനസിൽ തരംഗമായ പരസ്യ വാചകം. സന്തൂർ സോപ്പിനെ വിജയക്കൊടുമുടിയേറാൻ തുണച്ച ഈ ഡയലോഗ് ചർമ്മകാന്തിയോടുള്ള പൊതുഭ്രമത്തിന്റെ നിദർശനമായി. തൊലി വെളുപ്പിക്കാനുള്ള മലയാളികളുടെ ത്വരയ്ക്കു പിന്നിലെ സാമ്പത്തിക മോഹമാകട്ടെ സോഷ്യൽ മീഡിയയുടെ വരവോടെ അണപൊട്ടി. പ്രവാചക ദൗത്യം സ്വയം ശിരസിലേറ്റിയ സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരുടെ അതിക്രമത്തിലൂടെ ഇപ്പോൾ ഇതിന്റെ മറുവശം വ്യക്തമായി കാണാൻ അവസരം ലഭിച്ചിരിക്കുന്നു കേരളത്തിന്.

ഫേസ്ക്രീമുകളുടെ അമിത ഉപയോഗം കേരളത്തിൽ ഗുരുതരമായ വൃക്ക രോഗങ്ങൾ വ്യാപകമാക്കുന്നു. അതീവ ഗൗരവത്തോടെ കാണേണ്ട വിഷയമാണിത്. ‘ദിവസങ്ങൾക്കുള്ളിൽ വെളുപ്പിക്കാം’, ‘ചർമകാന്തി വർധിപ്പിക്കാം’ തുടങ്ങിയ ആകർഷക വാഗ്ദാനങ്ങളുമായുള്ള പരസ്യങ്ങളുടെയും സമൂഹമാധ്യമ വിപണന തന്ത്രങ്ങളുടെയും കെണിയിൽവീണ്, അനേകം പേർ സ്വന്തം ജീവൻ തന്നെ അപകടത്തിലാക്കുന്നു. സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരെയും സെലിബ്രിറ്റികളെയും ഉപയോഗിച്ചുള്ള ആകർഷകമായ പരസ്യങ്ങളാണ് ഇത്തരം ഉത്പന്നങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുന്നത്.

സൗന്ദര്യമെന്നാൽ വെളുത്ത നിറം തന്നെയെന്ന തെറ്റായ ബോധം കേരള സമൂഹത്തിൽ, പ്രത്യേകിച്ച് യുവ തലമുറയിൽ വേരൂന്നിയത് ഏതു കാലം മുതലാണെന്നതിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. കറുത്ത പാടുകളില്ലാത്ത, തിളങ്ങുന്ന വെളുത്ത ചർമമാണ് ആത്മവിശ്വാസത്തിന്റെയും സാമൂഹിക സ്വീകാര്യതയുടെയും വിജയത്തിന്റെയും അടിസ്ഥാനമെന്ന് സൗന്ദര്യവർധക വിപണി തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുന്നു.

കെമിക്കൽ ഘടകങ്ങൾ അഥവാ ചേരുവകൾ ഉപയോഗിച്ചിട്ടില്ല എന്ന് കുപ്പിയിലെ അറിയിപ്പിൽ പറയുമെങ്കിലും രാസവസ്തുക്കൾ ചേരാത്ത സൗന്ദര്യവർദ്ധക സാധനങ്ങൾ അപൂർവമാണ് എന്നതാണ് വസ്തുത. പ്രമുഖ ബ്രാൻഡുകളുടെ പേരിലുള്ള വ്യാജനുകളും സുലഭം. കോർപ്പറേറ്റുകളുടെ ലാഭക്കൊതിയിൽ പിറക്കുന്ന ‘വെളുപ്പ് സൗന്ദര്യ’ സങ്കൽപങ്ങൾക്കും നിറത്തിന്റെ പേരിൽ അപകർഷബോധം വളർത്തുന്ന കച്ചവട തന്ത്രങ്ങൾക്കും മുന്നിൽ സ്വന്തം ആരോഗ്യം ബലി കൊടുക്കുന്നു യുവതീയുവാക്കൾ.

സൗന്ദര്യവർദ്ധക സാധനങ്ങളുടെ ആഗോള മാർക്കറ്റ് കോടാനുകോടി രൂപയുടേതാണ്. സൗന്ദര്യം വർദ്ധിപ്പിക്കാൻ നൂറുകണക്കിന് വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങളാണ് ഇന്ന് എവിടെയും ലഭ്യമായിട്ടുള്ളത്. ചെറിയ കുപ്പിയിലുള്ള ഒരു ക്രീമിന് മൂവായിരത്തിലധികം രൂപ വിലയാകുന്നതും ഇതിൽ ഉൾപ്പെടുന്നു. ഇതിന്റെ കച്ചവടം റീട്ടെയിൽ മാർക്കറ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ ഓൺലൈനിലൂടെയാണ് നടക്കുന്നത്.

ഇത് ഉപയോഗിക്കുന്നവർക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ആശങ്ക ഉണർത്തുന്നതാണ്. ഇതുപയോഗിച്ചാൽ സൗന്ദര്യം കൂടുമെന്നത് സമൂഹത്തിൽ പരക്കെ പ്രചരിച്ചിട്ടുള്ള ഒരു തെറ്റായ ബോധമാണ്.

മലപ്പുറം ജില്ലയിൽ 17 വയസുള്ള പെൺകുട്ടിക്ക് ഇത്തരം ക്രീമുകളുടെ ഉപയോഗത്തിലൂടെ വൃക്കരോഗം ബാധിച്ചു. മുഖത്തും കാലിലും നീരുവന്ന നിലയിൽ ആശുപത്രിയിലെത്തിയ കുട്ടിയിൽ നടത്തിയ വിദഗ്ധ പരിശോധനയിൽ, വൃക്കയിലെ അരിപ്പകൾ തകരാറിലായി മൂത്രത്തിലൂടെ പ്രോട്ടീൻ നഷ്ടപ്പെടുന്ന അവസ്ഥയാണെന്ന് കണ്ടെത്തി. ചർമകാന്തി വർധിപ്പിക്കാൻ ഉപയോഗിക്കുന്ന ഇത്തരം ക്രീമുകളിലെ പ്രധാന വില്ലൻ ‘മെർക്കുറി’ (രസം) എന്ന അതിമാരക വിഷാംശമുള്ള ഘനലോഹമാണെന്ന് ഡോക്ടർമാർ പറയുന്നു. ഫെയർനെസ് ക്രീം ഉപയോഗിച്ചതിനെത്തുടർന്ന് നേരിടേണ്ടിവന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും മാനസികസാമ്പത്തിക



വെളുക്കാൻ തേക്കുന്നത് പാണ്ടാവുക മാത്രമല്ല, വൃക്ക കൂടി പോകാതിരിക്കാനാ... നിനക്ക് ആ ക്രീമൊക്കെ വാങ്ങി തരാതിരുന്നത്!

തകർച്ചകളും ഗായകൻ സലിം കോടത്തൂരും പങ്കുവച്ചതിങ്ങനെ:

ഏകദേശം പത്ത് വർഷം മുൻപ് കാസർകോടുള്ള സുഹൃത്ത് വഴിയാണ് ഇത്തരമൊരു ക്രീം ലഭിച്ചത്. മറ്റൊരു ഗായകൻ നിറം വച്ചത് കണ്ടുള്ള അന്വേഷണത്തിലാണ് ക്രീമിനെക്കുറിച്ച് അറിയുന്നത്. ഒന്നര ബോട്ടിൽ ക്രീം ഉപയോഗിച്ചതോടെ ഒരാഴ്ചയ്ക്കുള്ളിൽ നിറം വച്ചെങ്കിലും ഒന്നൊന്നര മാസത്തിനുള്ളിൽ മൂത്രത്തിൽ അണുബാധ പോലുള്ള പ്രശ്നങ്ങൾ ആരംഭിച്ചു.

ആ സമയത്ത് ക്രീമാണ് കാരണമെന്ന് തിരിച്ചറിഞ്ഞിരുന്നില്ല. ആശുപത്രിയിൽ ചികിത്സ തേടി ഡിസ്ചാർജ് ആയതിന് പിന്നാലെ ദിവസങ്ങൾക്കുള്ളിൽ അണുബാധ ആവർത്തിച്ച് കൊണ്ടിരുന്നു. പിന്നീട് കണ്ണിന്റെ പോളയിലും കാലിലും നീരുവരികയും കടുത്ത ക്ഷീണം അനുഭവപ്പെടുകയും ചെയ്തു. മൂത്രത്തിൽ പത കണ്ടതിനെത്തുടർന്ന് നടത്തിയ പരിശോധനയിലാണ് പ്രോട്ടീൻ നഷ്ടപ്പെടുന്ന അവസ്ഥ ഡോക്ടർമാർ കണ്ടെത്തിയത്.

നെഫ്രോളജിസ്റ്റിനെ സമീപിച്ചപ്പോൾ കിഡ്നിയോ ബ്ലഡോ തകരാറിലാകാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പ് ലഭിച്ചു. ബയോപ്സി ഉൾപ്പെടെയുള്ള പരിശോധനകൾക്ക് ശേഷമാണ് ‘മെംബ്രണസ് നെഫ്രോപ്പതി’ എന്ന രോഗമാണ് ബാധിച്ചതെന്ന് വ്യക്തമായത്. ചെയ്യേണ്ട സാഹചര്യവും ഉണ്ടായി. ഒടുവിൽ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും പ്രാർഥനയുടെയും ചികിത്സയുടെയും ഫലമായി അസുഖത്തിൽ നിന്ന് പൂർണമുക്തി നേടാൻ സാധിച്ചു.

അസുഖം ഭേദമായെങ്കിലും അതിന്റെ പ്രത്യാഘാതങ്ങൾ ഇപ്പോഴും വേട്ടയാടുന്നുണ്ടെന്ന് സലിം കോടത്തൂർ പറയുന്നു. ചികിത്സയുടെയും ആരോഗ്യപ്രശ്നങ്ങളുടെയും ഭാഗമായി ഏകദേശം ഒരു വർഷത്തോളം പരിപാടികൾ ഒഴിവക്കേണ്ടി വന്നു. ഇപ്പോഴും കടുത്ത ക്ഷീണവും ഉറക്കക്കുറവും അനുഭവപ്പെടുന്നുണ്ട്. അച്ചാർ, പപ്പടം, സോഡ, കോള തുടങ്ങിയവ ഒഴിവക്കേണ്ടി വന്നു.

അത്യാവശ്യ ഘട്ടങ്ങളിൽ പോലും വേദനസംഹാരികൾ കഴിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പേരുകൾ ഇടയ്ക്കിടെ മാറ്റി സമാനമായ ക്രീമുകൾ ഇപ്പോഴും വിപണിയിലുണ്ടെന്നും സമാന അനുഭവങ്ങൾ പങ്കുവച്ച് നിരവധി പേർ തന്നെ ബന്ധപ്പെട്ടിട്ടുണ്ടെന്നും സലിം ചൂണ്ടിക്കാണിച്ചു. സോഷ്യൽ മീഡിയയിലെയും മറ്റും പരസ്യങ്ങൾ കണ്ട് ക്രീമുകൾ വാങ്ങി ഉപയോഗിക്കരുത്.

വെറും ‘കൺട്രോൾ’

ഫേസ്ക്രീമുകളിൽ മെർക്കുറിയുടെ അനുവദനീയ അളവ് വെറും 1 പി.പി.എം മാത്രമാണെന്നിരിക്കെ, പെട്ടെന്ന് നിറം വയ്ക്കാനും വിപണിയിൽ വേഗത്തിൽ പ്രചാരം നേടുന്നതിനുമായി പല കമ്പനികളും അനുവദനീയമായതിന്റെ പതിന്മടങ്ങ് മെർക്കുറിയാണ് മുഖലേപനങ്ങളിൽ ചേർക്കുന്നത്. ചർമത്തിന് സ്വാഭാവിക നിറംനൽകുന്ന വർണവസ്തുവായ മെലാനിന്റെ നിർമാണത്തെ തടയുന്ന രാസവസ്തുവാണ് മെർക്കുറി. ചർമത്തിൽ കറുത്ത പാടുകളുണ്ടാക്കുന്നതും നിറം മങ്ങാൻ കാരണമാകുന്നതുമായ ടൈറോസിനേസ് എന്ന എൻസൈമിന്റെ പ്രവർത്തനത്തെ മെർക്കുറി മന്ദീഭിപ്പിക്കുമ്പോഴാണ് ഇവ ഉപയോഗിക്കുന്നവരിൽ കൃത്രിമ വെളുപ്പ് വരുന്നത്. എന്നാൽ, പുറമെ പുരട്ടുന്ന ഈ ലേപനങ്ങളിലെ മെർക്കുറി, ചർമസുഷിരങ്ങളിലൂടെ അതിവേഗം രക്തത്തിലാണെത്തുന്നത്. അമിത വിഷാംശം കലർന്ന അളവിലായതിനാൽ വൃക്കകൾക്കും കരളിനും ഇത് പൂർണമായി ശുദ്ധീകരിക്കാൻ കഴിയാതെ വരികയും അത് ആ അവയവങ്ങളെത്തന്നെ നശിപ്പിക്കുകയും ചെയ്യുന്നു.

വൃക്കയിലെ അരിപ്പകൾ തകരാറിലാകുമ്പോൾ രക്തത്തിൽ നിലനിൽക്കേണ്ട പ്രോട്ടീൻ, മൂത്രത്തിലൂടെ പുറത്തേക്ക് പോകുന്നു. ഇതാണ് മൂത്രത്തിൽ അസാധാരണമായി പത വരാൻ കാരണമാകുന്നത്. സാധാരണയിൽ കൂടുതൽ ഇങ്ങനെ പത കാണുന്നത് പ്രോട്ടീൻ നഷ്ടപ്പെടുന്നതിന്റെയും വൃക്ക തകരാറിലാകുന്നതിന്റെയും ലക്ഷണങ്ങളിൽ പ്രധാനമാണ്. മുഖകാന്തി വർധിപ്പിക്കാൻ ക്രീമുകൾ ഉപയോഗിക്കുന്നതുവഴി വൃക്കയുടെ പ്രവർത്തനം തടസപ്പെടുമ്പോൾ ആദ്യഘട്ടത്തിൽ രോഗലക്ഷണങ്ങൾ പുറമെ പ്രകടമാകില്ല. ഗുരുതരാവസ്ഥയിൽ എത്തുമ്പോഴാണ് രോഗവിവരം അറിയുക. സമൂഹമാധ്യമങ്ങളിലും മറ്റും വരുന്ന റീലുകളും വ്ലോഗർമാരുടെ പ്രമോഷൻ വീഡിയോകളുമാണ് യുവതികളെയും യുവാക്കളെയും ഇത്തരം ഗുണംകെട്ട സൗന്ദര്യവർധക വസ്തുക്കൾ വാങ്ങാൻ പ്രേരിപ്പിക്കുന്നത്.


ബാബു കദളിക്കാട്

റീലുകളിലൂടെ അവർ വിപണികണ്ടെത്തുകയും പെട്ടെന്ന് റിസൾട്ട് നൽകാൻ അമിതമായി മെർക്കുറി ചേർക്കുകയും ചെയ്യുന്നു. ഇതാണ് വൃക്ക തകരാറിലാകുന്നതിന്റെ മുഖ്യകാരണം.

ഓരോ വ്യക്തിയുടെയും ശരീരവും തൊലിയും വ്യത്യസ്തമായതിനാൽ എല്ലാ ക്രീമുകളും എല്ലാവർക്കും ചേരണം എന്നില്ലെന്ന് ഡോക്ടർമാർ പറയുന്നു. ചിലരുടെ തൊലി എണ്ണമയം ഉള്ളതായിരിക്കും. ചിലരുടേത് വരണ്ടതും. അതിനാൽ വ്ളോഗർമാരെ നമിക്കുന്നതിനു പകരം ഏറ്റവും അനുയോജ്യമായ ക്രീം ഏതാണെന്ന് ചർമരോഗ വിദഗ്ധനെ കൊണ്ട് ശുപാർശ ചെയ്യിപ്പിക്കുകയാണ് ഉചിതം. ഇൻസ്റ്റഗ്രാമിലും മറ്റും കാണുന്ന പല ക്രീമുകളുടെയും ഉൽപാദന സ്രോതസ് വെളിപ്പെടുത്തുന്ന വിലാസം, എത്ര തിരഞ്ഞാലും കണ്ടെത്താൻ കഴിയില്ല. പല പേരുകളിലായി വിപണിയിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഓൺലൈനായി വാങ്ങുന്ന ഇവ മറ്റേതെങ്കിലും സംസ്ഥാനത്ത് നിന്നായിരിക്കും എത്തുന്നത്. അവ വിപണിയിൽ ഇല്ലാത്തതിനാൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് പരിശോധന നടത്തനോ നടപടിയെടുക്കനോ സാധിക്കാത്ത സാഹചര്യമാണ്.

മനുഷ്യനെ തെറ്റിദ്ധരിപ്പിക്കുന്ന സൗന്ദര്യവർദ്ധക പരസ്യങ്ങൾക്കും ചില നിയന്ത്രണങ്ങൾ ആവശ്യം. ഉത്തമ ബോദ്ധ്യമില്ലാതെ ഇത്തരം ഉത്പന്നങ്ങളുടെ പരസ്യത്തിന് പണത്തിന്റെ പേരിൽ മാത്രം നിന്നുകൊടുക്കാതിരിക്കാൻ സെലിബ്രിറ്റികളും ശ്രദ്ധിക്കണം. ഫെയർനെസ് ക്രീമുകളുടെ പരസ്യത്തിൽ അഭിനയിക്കില്ലെന്ന് നടി സായ് പല്ലവി 2019 ൽ തന്നെ വെളിപ്പെടുത്തിയിരുന്നു. രണ്ട് കോടി പ്രതിഫലം പറഞ്ഞ പരസ്യമാണ് ഇക്കാരണത്താൽ നടി വേണ്ടെന്ന് വെച്ചത്. ഇതിന് വിശദീകരണമായി താരം പറഞ്ഞത് ഇങ്ങനെ: ‘ഇന്ത്യക്കാരുടെ നിറം ഇതാണ്. വിദേശികളുടെ നിറം അൽപം വെളുത്തതാണ്. അതു അവരുടെ നിറം. ദക്ഷിണാഫ്രിക്കയിലുള്ളവരുടെ നിറം അൽപം ഇരുണ്ടതാണ്. അതൊക്കെ അവരുടെ വംശപാരമ്പര്യത്തിന്റെ ഭാഗമാണ്. അതിനർത്ഥം അവരൊന്നും ഭംഗിയില്ലാത്തവർ എന്നല്ലല്ലോ’.

ചെറുപ്പക്കാരാണ് തെറ്റിദ്ധാരണ പകരുന്ന പരസ്യങ്ങളുടെ ഇരകളായി മാറുന്നതെന്നതാണ് ഏറ്റവും ദൗർഭാഗ്യകരം. കടകളിൽ പരിശോധന നടത്തി വ്യാജ ഉത്പന്നങ്ങൾ പിടിച്ചെടുത്തതു കൊണ്ടു മാത്രം ഈ വിപണിയെ നിയന്ത്രിക്കാനാവില്ല. ഓൺലൈൻ വിപണിയിലൂടെയും സാമൂഹിക മാദ്ധ്യമങ്ങളിലൂടെയും നടക്കുന്ന വിൽപ്പനയും പ്രചാരണവും നിയന്ത്രിക്കാൻ ഫലപ്രദമായ സ്ഥിരം സംവിധാനം അനിവാര്യം. നിർമ്മാതാവിന്റെ വിലാസമോ ലൈസൻസോ ഇല്ലാത്ത ഓൺലൈൻ ഉത്പന്നങ്ങളുടെ വിൽപ്പന തടയാൻ ശക്തമായ നിയമ നടപടി വേണം. അംഗീകാരമില്ലാത്തതും അശാസ്ത്രീയവുമായ സൗന്ദര്യവർദ്ധക വസ്തുക്കൾക്കെതിരെ ഓരോ ഉപഭോക്താവും സ്വയം ജാഗ്രത പാലിക്കുകയെന്നതും പ്രധാനം.

അമേരിക്ക വാചകം

പടക്കളങ്ങളാകുന്ന പാർട്ടി പാളയങ്ങൾ



കേരളത്തിൽ ഭരണമാറ്റം സംഭവിച്ചതോടെ ഇരുമുന്നണികളുടെയും ബി.ജെ.പിയുടെയും രാഷ്ട്രീയ ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടിയിരിക്കുകയാണ്. രാഷ്ട്രീയ എതിരാളികളോട് പോരടിക്കാൻ പോലും സമയം കിട്ടാത്ത വിധം ആഭ്യന്തര കലഹങ്ങളാൽ ഉലയുകയാണ് പ്രധാന കക്ഷികൾ. ഭരണത്തിന്റെ പച്ചപ്പിലേക്ക് തിരിച്ചുവന്ന കോൺഗ്രസ് ആറുമാസത്തിനകം അതിന്റെ ജനിതക സ്വഭാവം പുറത്തെടുത്തു കഴിഞ്ഞു. ഗ്രൂപ്പിസം ജീവവായുമായ കോൺഗ്രസിന്, വരും നാളുകളിൽ ഇരുചേരികളായി നിന്ന് പോരടിച്ചാൽ മാത്രമേ പുതിയ തരോദയങ്ങൾ കാണാൻ കഴിയൂ.

സി.പി.എമ്മിന് അവരുടെ കണ്ണൂർ കോട്ടകളിലാണ് കലഹ ശബ്ദം മുഴങ്ങുന്നത്. പാർട്ടി സെക്രട്ടറിയെ പോലും നിശബ്ദനാക്കിക്കൊണ്ട് അവിടെ കണ്ണൂർ ജയരാജൻമാർ ഏറ്റുമുട്ടുകയാണ്. എം.വി. ഗോവിന്ദൻ എന്ന പാർട്ടി സെക്രട്ടറി കോൺഗ്രസിലെ കലഹം എണ്ണിപ്പറഞ്ഞ പരിഹസിക്കാൻ എന്താണ് യോഗ്യത എന്ന് ആരും ചോദിക്കുന്നില്ല. ഗോവിന്ദൻ ആരോപണങ്ങൾ കടലാസിൽ എഴുതി കൊണ്ടുവന്ന് മാധ്യമങ്ങൾക്ക് മുന്നിൽ വായിക്കുന്ന ദയനീയ ചിത്രമാണ് കേരളം കാണുന്നത്. കണ്ണൂരിനെ കുറിച്ച് കൂടുതൽ ചോദ്യങ്ങൾ വേണ്ട അത് അന്വേഷിക്കാൻ പാർട്ടി കമ്മീഷൻ വന്നു കഴിഞ്ഞു.

ബി.ജെ.പിയിൽ നിന്ന് എത്രപേർ പൊഴിഞ്ഞു പോകുന്നു എന്ന് ആരും അറിയാറില്ല. പാർട്ടിയിൽ ആകൃഷ്ടരായി നാലു പേരറിഞ്ഞ് വന്നവർപോലും പാർട്ടിയെ തള്ളിപ്പറഞ്ഞ് ഇറങ്ങിപ്പോകുന്ന കാഴ്ച രാജീവ് ചന്ദ്രശേഖർ കാണുന്നതായി പോലും തെളിവില്ല.

തിരുവനന്തപുരം കോർപ്പറേഷനിലെ ശാസ്തമംഗലം വാർഡ് കൗൺസിലർ ആർ. ശ്രീലേഖ രാജിവെച്ചത് വ്യക്തിപരമായ കാരണങ്ങളാലാണ് എന്നു പറഞ്ഞെങ്കിലും ഒത്തിരി മോഹങ്ങളോടെ വന്ന ആ ഐ.പി.എസുകാരി പാർട്ടിക്ക് ഏൽപ്പിച്ച ക്ഷതം ഒരു തുടക്കം മാത്രമായിരുന്നു. മേയർ സ്ഥാനത്തേക്ക് പരിഗണിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു ശ്രീലേഖ.

2024 മാർച്ചിൽ കോൺഗ്രസ് വിട്ട് ബി.ജെ.പിയിൽ ചേർന്ന പ്രശസ്ത കായികതാരം പത്മിനി തോമസ്, രണ്ട് വർഷത്തിന് ശേഷമാണ് പാർട്ടി വിട്ടത്. കായിക രംഗത്തും രാഷ്ട്രീയത്തിലും പ്രവർത്തിക്കാൻ മതിയായ അവസരങ്ങളോ വേദിയോ ലഭിച്ചില്ല. പാർട്ടി നേതൃത്വം നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടില്ല. സംസ്ഥാന ന്യൂനപക്ഷ മോർച്ച വൈസ് പ്രസിഡന്റ് സ്ഥാനത്ത് കാര്യമായൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നും അവർ പരിതപിച്ചു.

എന്നാൽ ബി.ജെ.പിയെ യഥാർത്ഥത്തിൽ നടുക്കിയത് പത്മജാ വേണുഗോപാലാണ്. പാർട്ടിയിൽ ചേർന്നത് തെറ്റായിപ്പോയെന്നും പ്രത്യയശാസ്ത്രവുമായി ഒത്തുപോകാൻ കഴിയാത്തതാണ് കാരണമെന്നും വ്യക്തമാക്കി അപ്രതീക്ഷിത രാജി. കോൺഗ്രസ് പ്രവർത്തകർക്കുണ്ടായ വിഷമത്തിൽ ഖേദം പ്രകടിപ്പിച്ച പത്മജ, യാതൊരു പദവിയും പ്രതീക്ഷിച്ചല്ല മടങ്ങിവരുന്നതെന്നും പിതാവ് കെ. കരുണാകരന്റെ സ്മരണകൾക്കൊപ്പം നിൽക്കുകയാണ് ലക്ഷ്യമെന്നും വ്യക്തമാക്കിയെങ്കിലും അവർക്ക് പച്ചപരവതാനി വിരിക്കാൻ കഴിയുന്ന സാഹചര്യമല്ല തൽക്കാലം കോൺഗ്രസിൽ ഉള്ളത്.

കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫ് പത്മജയുടെ തിരിച്ചുവരവിനെ സ്വാഗതം ചെയ്തെങ്കിലും യുവ കോൺഗ്രസ് നേതാക്കളിൽ നിന്നും വകുപ്പുകളിൽ നിന്നും എതിർപ്പുകളും ഉയർന്നു.

ജയരാജ പോരാട്ടങ്ങൾ

വൈദേകം റിസോർട്ടിൽ സി.പി.എം നേതാവ് ഇ.പി. ജയരാജന് നിക്ഷേപമുണ്ടെന്ന ആരോപണം 2022ലാണ് പി. ജയരാജൻ ആദ്യമായി പാർട്ടിയിൽ ഉന്നയിച്ചത്. അന്ന് ആരോപണം നിഷേധിച്ച ഇ.പി. ജയരാജൻ, ഭാര്യ സർവീസിൽ നിന്ന് വിരമിച്ചപ്പോൾ ലഭിച്ച തുക റിസോർട്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിരുന്നു.

എന്നാൽ കഴിഞ്ഞ ഒക്ടോബറിൽ ഇ.പി. ജയരാജന്റെ സഹോദരീപുത്രൻ ശ്യാംജിത്ത് ഉയർത്തിയ ആരോപണങ്ങളോടെയാണ് വിവാദം വീണ്ടും ആളിക്കത്തിയത്. കരിമണൽ വ്യവസായി ശശിധരൻ കർത്തയിൽ നിന്ന് ജയരാജന്റെ ഭാര്യ പി.കെ. ഇന്ദിര പണം വാങ്ങി വൈദേകം റിസോർട്ടിൽ നിക്ഷേപിച്ചെന്നായിരുന്നു ആരോപണം. ഇതിന് പിന്നാലെ പി. ജയരാജൻ വിഷയം വീണ്ടും പാർട്ടിയിൽ സജീവമാക്കി.

വൈദേകം വിവാദത്തിന് പിന്നിൽ പി. ജയരാജനാണെന്നും കുടുംബം കലക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നും സെക്രട്ടേറിയറ്റ് യോഗത്തിൽ ഇ.പി. ജയരാജൻ വിമർശിച്ചിരുന്നു. സ്വന്തം താല്പര്യത്തിനായി ആരെയും ഇല്ലാതാക്കാൻ മടിയില്ലാത്തയാളാണ് പി. ജയരാജൻ എന്നാരോപിച്ച ഇ.പി., പി. ജയരാജനെതിരെയും പാർട്ടിക്ക് പരാതി നൽകി. വിവിധ ജില്ലകളിലെ ക്വട്ടേഷൻ, സ്വർണക്കടത്ത് സംഘങ്ങളുമായും റിസോർട്ട് മാഫിയയുമായും പി. ജയരാജന് ബന്ധമുണ്ടെന്ന ഗുരുതര ആരോപണങ്ങളാണ് പരാതിയിലുള്ളത്.

പാർട്ടി പതിവുപോലെ കമ്മീഷനെ വെച്ചു. ഇ.പി. ജയരാജനിൽ നിന്നും പി. ജയരാജനിൽ നിന്നും വിവരങ്ങൾ തേടും. പാർട്ടിക്കുള്ളിൽ ഉയർന്നുവന്ന പരാതികളിൽ ഇരുവരിൽ നിന്നും വിശദമായ വിവരങ്ങൾ ആവശ്യപ്പെട്ട ശേഷമായിരിക്കും കമ്മീഷന്റെ തുടർനീക്കങ്ങൾ. പരാതികളിന്മേലുള്ള കൂടുതൽ വ്യക്തതയ്ക്കായാണ് കമ്മീഷൻ നേതാക്കളിൽ നിന്ന് വിവരങ്ങൾ തേടുന്നത്. ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായാൽ ഉടൻ തന്നെ തെളിവ് ശേഖരണത്തിലേക്ക് കടക്കാനാണ് അന്വേഷണ കമ്മീഷന്റെ തീരുമാനം.

ഗ്രൂപ്പ് എന്ന ആയുധം

ഗ്രൂപ്പിസം കത്തി നിന്നിരുന്ന ആ പുഷ്കലകാലം ഓർമ്മപ്പെടുത്തി ഇതാ കോൺഗ്രസിന്റെ പടക്കുതിരകൾ വീണ്ടും കളത്തിലിറങ്ങിയിരിക്കുന്നു. അധികാരത്തിന് പുറത്തുനിന്നപ്പോൾ മയങ്ങിപ്പോയ ഗ്രൂപ്പ് മനേജർമാർ ഞെട്ടി ഉണർന്നിരിക്കുന്നു. കെ.കരുണാകരന്റെ കാലത്ത് ഇല്ലാതിരുന്ന സൈബർ സൗകര്യം കൂടി ഒത്തുചേർന്നതോടെ, സമൂഹമാധ്യമ തെരുവിൽ ഗ്രൂപ്പിന്റെ പേരിൽ ഗുണ്ടകളെപ്പോലെ അണികൾ പോരടിക്കുകയാണ്.

ഉമ്മൻചാണ്ടിയുടെ കാലത്ത് ദൃശ്യമാധ്യമങ്ങളിൽ ഒരു പോരാളിയുടെ വീര്യത്തോടെ കോൺഗ്രസിന് പ്രതിരോധം തീർത്തിരുന്ന രാജ്മോഹൻ ഉണ്ണിത്താൻ കളത്തിൽ ഇറങ്ങിയതോടെ വീര്യം കൂടി. നിർഭയനായി വാചകക്കസർത്ത് നടത്തുന്ന ഉണ്ണിത്താന് സിനിമയിൽ പോലും അവസരം ലഭിച്ചത് നമ്മൾ മറന്നിട്ടില്ല. ഒരുകാലത്ത് എതിരാളികൾക്ക് എതിരെ പ്രയോഗിച്ചിരുന്ന വാക്ചാതുര്യം ഇപ്പോൾ സ്വന്തം പാളയത്തിലെ സഹപ്രവർത്തകർക്ക് നേരെ ഉണ്ണിത്താൻ തൊടുക്കുമ്പോൾ അണികൾ അമ്പരപ്പിലാണ്.

രാജ്മോഹൻ ഉണ്ണിത്താന്റെ ആരോപണങ്ങൾക്ക് പിന്നാലെ കോൺഗ്രസിൽ നേതാക്കൾക്കിടയിൽ ചേരിതിരിവ് ശക്തമാക്കി നേതാക്കൾ ഇരുചേരിയായി തിരിഞ്ഞു. ഉണ്ണിത്താന് പൂർണ പിന്തുണ പ്രഖ്യാപിച്ച് ഉമ്മൻചാണ്ടിയുടെ കുടുംബം കൂടി എത്തിയതോടെ പുതിയ ഗ്രൂപ്പ് സമവാക്യങ്ങൾക്ക് കോൺഗ്രസ് വരുംനാളുകളിൽ സാക്ഷ്യം വഹിക്കും എന്ന് ഉറപ്പാണ്.

അധികാരത്തിലെത്തി കേവലം 6 മാസം പിന്നിടുമ്പോൾ തന്നെ പാർട്ടിയിലും സർക്കാരിലും കടുത്ത അവഗണന നേരിടുന്നുവെന്നും, ഭരണതലത്തിൽ ഏകോപനമില്ലെന്നും ചൂണ്ടിക്കാട്ടി എ ഗ്രൂപ്പ് നേതാക്കൾ എ.ഐ.സി.സി അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയെ നേരിൽ കണ്ട് പരാതി നൽകിയതോടെയാണ് ഇത് കൂടുതൽ പ്രകടമായത്.

മുതിർന്ന നേതാവ് കെ.സി. ജോസഫ്, എംപിമാരായ ബെന്നി ബെഹനാൻ, ഷാഫി പറമ്പിൽ എന്നിവരടങ്ങുന്ന സംഘമാണ് ഡൽഹിയിലെത്തി കേന്ദ്ര നേതൃത്വത്തിന് മുന്നിൽ പരാതിക്കെട്ടഴിച്ചത്. ബോർഡ് കോർപ്പറേഷൻ വിഭജനവുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടായ സാഹചര്യത്തിലാണ് പരാതി പുറത്തേക്ക് വന്നത്. അധികാരത്തിന്റെ പങ്കുവെപ്പ് പൂർത്തിയായില്ല എന്നതാണ് പ്രശ്നം. അതേ പ്രശ്നം ഘടകകക്ഷികളും ഉയർത്തുമ്പോൾ കോൺഗ്രസ് നേതൃത്വം അക്ഷരാർത്ഥത്തിൽ മൗനം പൂണ്ടുനിൽക്കുകയാണ്.

സർക്കാർ തീരുമാനങ്ങൾ അറിയിക്കുന്നില്ലെന്നും ആവശ്യമായ ചർച്ചകൾ മുഖ്യമന്ത്രി നടത്തുന്നില്ലെന്നും ചൂണ്ടിക്കാട്ടി യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശ് എംപിയും എ.ഐ.സി.സി സംഘടനാ ജനറൽ സെക്രട്ടറിയായ കെ.സി. വേണുഗോപാൽ എംപിയുടെ അനുകൂലികളും നേരത്തേ രംഗത്തെത്തിയിരുന്നു. ഇതിനു പിന്നാലെയാണ് എ ഗ്രൂപ്പ് നേതാക്കളും സമാന ആരോപണങ്ങളുയർത്തി ഹൈക്കമാൻഡിന് മുന്നിലെത്തിയത്.

മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കൊപ്പം നിന്നവരെ സംഘടനാ തലത്തിലും ഭരണതലത്തിലും ബോധപൂർവം അവഗണിക്കുകയാണെന്ന് എ ഗ്രൂപ്പ് ചൂണ്ടിക്കാട്ടുന്നു. ബോർഡ്, കോർപ്പറേഷൻ നിയമനങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളിൽ ആ വിഭാഗം പുറത്താണ്.

'എ' ഗ്രൂപ്പ് കെ.സി. പക്ഷവുമായി ചേർന്ന് 'തിരുത്തൽ ശക്തി'യായി പ്രവർത്തിക്കാൻ നീക്കം നടത്തുന്നതായി റിപ്പോർട്ടുകൾ വന്നു. നാഥനില്ലാതെ കിടക്കുന്ന ഗ്രൂപ്പിന്റെ പിതൃത്വം ഏറ്റെടുക്കാൻ ഷാഫി പറമ്പിൽ ശ്രമിക്കുന്നു എന്ന് ആക്ഷേപമാണ് ഇപ്പോൾ ഗ്രൂപ്പ് യുദ്ധത്തിന് ഇന്ധനമായി മാറിയത് എ ഗ്രൂപ്പിന്റെ പിതാവായ സാക്ഷാൽ എ.കെ. ആന്റണിയാവട്ടെ തികഞ്ഞ മൗനത്തിലുമാണ് പതിവുപോലെ!

കോൺഗ്രസിന്റെ ജനിതക ഘടനയിൽ ഉള്ളതാണ് ഈ ചേരിതിരിവ്. പണ്ട് ഗ്രൂപ്പ് പോര് ശക്തമായിരുന്ന കാലത്ത് അതിൽ ഒന്നിന്റെ നേതാവായിരുന്ന ലീഡർ കരുണാകരൻ മാധ്യമങ്ങളോട് പറയുമായിരുന്നു, കോൺഗ്രസ് ഒരു വലിയ പ്രസ്ഥാനമാണ്, അതിൽ ആശയ ഭിന്നതകൾ സ്വാഭാവികമാണ് എന്ന്. നിങ്ങൾക്ക് ഈ പാർട്ടിയെകുറിച്ച് ഒരു ചുക്കും അറിയില്ല എന്ന് സി.പി. എമ്മിനെക്കുറിച്ച് പിണറായി വിജയൻ പറഞ്ഞതുപോലെ തന്നെ!

ഏതായാലും എല്ലാക്കാലത്തും കോൺഗ്രസിന്റെ മുഖ്യമന്ത്രിമാർക്കെതിരെ നീക്കങ്ങൾ നടത്താറുള്ളത് കമ്മ്യൂണിസ്റ്റുകാരല്ല, മറിച്ച് കോൺഗ്രസുകാർ തന്നെയാണ്. അതാണ് ചരിത്രം !

ഒരു പാർട്ടിയിൽ ഗ്രൂപ്പുകൾ ഉണ്ടാകുന്നത് അസ്വാഭാവികമല്ല. പക്ഷേ ഗ്രൂപ്പുകൾ പാർട്ടിയെക്കാൾ വലുതാകുമ്പോൾ സംഘടനയുടെ ലക്ഷ്യങ്ങൾ പിന്നിലേക്ക് പോകും. പുതിയ തലമുറയ്ക്ക് രാഷ്ട്രീയം എന്നത് അധികാരത്തിലേക്കുള്ള വഴിയല്ല, പൊതുപ്രവർത്തനത്തിനുള്ള അവസരമാണെന്ന് ബോധ്യപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ രാഷ്ട്രീയ കക്ഷികളുടെ ഭാവിയെക്കുറിച്ച് ഗൗരവതരമായ ചോദ്യങ്ങൾ ഉയരും എന്നത് തീർച്ചയാണ്. പ്രത്യേകിച്ച് ജൻസി കാഴ്ചപ്പാടുകൾ തിരിച്ചറിയാൻ കഴിയാതെ പോകുന്ന തലമുതിർന്ന നേതൃത്വങ്ങൾക്ക്.

◗ പ്രജിത്ത് രാജ്





ഭാഗ്യദേവത കടാക്ഷിച്ച ഒൻപതാം നമ്പർ മുറിയും 'മഞ്ഞിൽ വിരിഞ്ഞ പൂക്കളി'ലേക്കുള്ള വാതിലും

ആമുഖം: കൈവിട്ടപോയ ആദ്യ സിനിമാ അവസരത്തിന്റെ നിരാശയിൽ തിരുവനന്തപുരത്തേക്ക് മടങ്ങിയ മോഹൻലാലിനെത്തേടി വീണ്ടും മദ്രാസിലേക്ക് ഒരു യാത്രയെത്തുന്നു. സുഹൃത്ത് സുരേഷ് കുമാറിനൊപ്പം താമസിച്ച കോടമ്പാക്കം സ്വാമീസ് ലോഡ്ജിലെ പഴയ ഒൻപതാം നമ്പർ മുറിയിൽ വെച്ചാണ് ലാലിന്റെ സിനിമാ ജീവിതത്തെ മാറ്റിമറിച്ച ആ പത്രപ്പരസ്യം കണ്ണിൽപ്പെടുന്നത്. നവോദയയുടെ 'മഞ്ഞിൽ വിരിഞ്ഞ പൂക്കളി'ലേക്കുള്ള അപേക്ഷയും, മോശമായ ഫോട്ടോ പ്രിന്റുകൾക്കിടയിലും തേടിയെത്തിയ ടെലിഗ്രാമും, ആലപ്പുഴ നവോദയ സ്റ്റുഡിയോയിലെ ആ ആദ്യ ഓഡിഷൻ നിമിഷങ്ങളുമാണ് ഈ അധ്യായത്തിൽ.



CELEBRATING 48 MOHANLAL YEARS
വിസ്മയനടനം 14



ജോഷി ജോർജ്

ഈ സമയം മോഹൻലാലിനെയും കൂട്ടി ആർ.കെ. ഓടിക്കിതച്ചെത്തി. വന്നപാടെ ആർ.കെ. രാമുവിനോട് പറഞ്ഞു:

''ഇതാ പറഞ്ഞ പയ്യൻ. ഇവൻ ശരിക്കും കലക്കും. നോക്കിക്കോ...!''

''ശരിയാ... അവൻ ശരിക്കും കലക്കിയേനെ. ശങ്കരൻ നായരുടെ സെറ്റിൽ നിന്ന് സാജനെ കിട്ടിയില്ലായിരുന്നുവെങ്കിൽ ബേബിയണ്ണൻ ഇപ്പോൾ ഇവിടെയാകെ ഒരു കലക്കുകലക്കിയേനെ...''

സത്യത്തിൽ ട്രാഫിക് പ്രശ്നം മൂലമാണ് എ.വി.എം. സ്റ്റുഡിയോയിൽ മോഹൻലാലിന് എത്താൻ കഴിയാതിരുന്നത്. ഇത് രാധാകൃഷ്ണനും പ്രയാസമുണ്ടാക്കി. എന്തായാലും താൻ അടുത്ത് സംവിധാനം ചെയ്യാൻ പോകുന്ന ചിത്രത്തിൽ മോഹൻലാലിനെക്കൂടി ഉൾപ്പെടുത്തണമെന്ന് രാധാകൃഷ്ണൻ തീർച്ചപ്പെടുത്തി.

പിന്നെയും കുറേനാൾകൂടി പ്രതീക്ഷ വെച്ചുപുലർത്തിക്കൊണ്ട് പ്രിയദർശനും ലാലും സ്വാമീസ് ലോഡ്ജിൽ കഴിച്ചുകൂട്ടി. ഒടുവിൽ അത് മുഷിപ്പൻ പരിപാടിയായി തോന്നിയപ്പോൾ നാട്ടിലൊന്ന് പോയ് വരാമെന്നായി. അങ്ങനെ ഇരുവരും തിരുവനന്തപുരത്തേക്ക് ട്രെയിൻ കയറി.

നാട്ടിലെത്തി അല്പദിവസം കഴിഞ്ഞപ്പോഴാണ് സുരേഷിന്റെ പിതാവിന്റെ സഹോദരൻ എം.ആർ.സി. മേനോൻ (അദ്ദേഹം അന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഉദ്യോഗസ്ഥനായിരുന്നു) ഒരു തമിഴ് ചിത്രം നിർമ്മിക്കാൻ തുടങ്ങിയത്. അതിൽ നിർമ്മാതാവിന്റെ പേരിന്റെ സ്ഥാനത്ത് സുരേഷ് എന്നാണ് ടൈറ്റിലിൽ കൊടുത്തിരുന്നത്. ആ ചലച്ചിത്രത്തിന്റെ ചർച്ചയ്ക്കും മറ്റുമായി സുരേഷിന് മദ്രാസിൽ പോകേണ്ടിവന്നു. അപ്പോൾ അയാൾ ഒരു കൂട്ടിനായി മോഹൻലാലിനെയും ക്ഷണിച്ചു. അങ്ങനെ അവർ ഇരുവരും വീണ്ടും മദ്രാസ് നഗരത്തിലെത്തി. ലാലിന് ഏറെ പരിചിതമായ കോടമ്പാക്കത്തെ സ്വാമീസ് ലോഡ്ജിൽത്തന്നെയായിരുന്നു താമസം. മുറിപോലും പഴയ ഒൻപതാം നമ്പർ. ആ മുറിയിൽവെച്ചുതന്നെയായിരുന്നു ഭാഗ്യദേവത ലാലിനെ കടാക്ഷിച്ചതും.

ഒരു ദിവസം രാവിലെ ആരോ ഒരാൾ ഒരു മലയാളപത്രവുമായി സ്വാമീസ് ലോഡ്ജിലെത്തി. ലാൽ മലയാളപത്രം വളരെ അലസമായി മറിച്ചുനോക്കുകയായിരുന്നു. അതിനിടയ്ക്ക് സുരേഷാണ് നവോദയയുടെ പുതിയ ചിത്രത്തിലേക്ക് നടീനടന്മാരെ ആവശ്യമുണ്ടെന്നുള്ള പരസ്യം കണ്ടതും അത് ഉറക്കെ വായിച്ചതും. തുടർന്ന് സുരേഷ് ലാലിനോടായി പറഞ്ഞു:

''ലാലേ, നീ അപ്ലൈ ചെയ്യ്. കിട്ടണെങ്കിൽ കിട്ടട്ടെ...''

സമ്മതഭാവത്തിൽ മോഹൻലാൽ തയ്യാറായി. പിന്നെ താമസിച്ചില്ല, നല്ലൊരു ഫോട്ടോ എടുക്കാനുള്ള തയ്യാറെടുപ്പ് തുടങ്ങി. ആർട്ട് ഡയറക്ടറും ഡയറക്ടറുമായ ആർ.കെ.യുടെ ടി. നഗറിലെ സങ്കേതത്തിൽ വെച്ചാകാമെന്ന് തീരുമാനിച്ചു. ലാലും സുരേഷുംഅങ്ങോട്ട്യാത്രതിരിച്ചു.

അവിടെത്തിയപ്പോൾ രാധാകൃഷ്ണൻ ആദ്യം ചോദിച്ചത് ദോശ ബിസിനസിന്റെ കാര്യത്തെക്കുറിച്ചായിരുന്നു, പിന്നെ പാലക്കാട്ട് മണിശങ്കര അയ്യങ്കാർ എന്ന പ്രിയദർശനെക്കുറിച്ചും.

ഇതിനിടെ രാധാകൃഷ്ണന്റെ അസിസ്റ്റന്റ് സുധാകരൻ പോയി സ്റ്റിൽ ഫോട്ടോഗ്രാഫി പഠിച്ച നമ്പ്യാതിരിയെ വിളിച്ചുകൊണ്ടുവന്നു. (ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സിനിമാട്ടോഗ്രാഫി പഠിച്ച നമ്പ്യാതിരി പിന്നീട്ശ്രദ്ധേയനായഛായാഗ്രാഹകനായിമാറി). ആർ.കെ.യുടെടെറസിൽ നിന്നാൽ ചുറ്റുവട്ടത്തുള്ള സ്ഥലം മുഴുവൻ കാണാം. അവിടെവെച്ചാണ് നമ്പ്യാതിരി മോഹൻലാലിന്റെ വിവിധ പോസിലുള്ള ഫോട്ടോ എടുത്തത്.

അന്ന് സുരേഷ് ഇട്ടിരുന്നത് അയാളുടെ അമ്മാവൻ ടാൻസാനിയയിൽ നിന്നും കൊണ്ടുവന്ന പ്രത്യേക ഫാഷനിലുള്ള ഒരു ഷർട്ടായിരുന്നു. തികച്ചും അടിപൊളി ഷർട്ട്! ഫ്രണ്ടിൽ ലേസ് പിടിപ്പിച്ച് കെട്ടുകളുമൊക്കെയായി ഒരു അൾട്രാമോഡേൺ ഷർട്ട്. അങ്ങനെ സുരേഷിന്റെ ഷർട്ട് ഊരിമേടിച്ച് അതുമിട്ട് കുറച്ച് സ്റ്റിൽകൂടി എടുത്തു. ഉടൻതന്നെ തിരുവനന്തപുരത്തേക്ക് ലാലിനും സുരേഷിനും മടങ്ങേണ്ടിയിരുന്നതുകൊണ്ട് ഫോട്ടോയുടെ പ്രിന്റ് കിട്ടാനൊന്നും നിൽക്കാതെ നെഗറ്റീവും വാങ്ങി തിരുവനന്തപുരത്തേക്ക് തിരിച്ചു.

മദ്രാസിൽ നിന്ന് യാത്രതിരിച്ച മോഹൻലാലും സുരേഷും തീവണ്ടിയിൽ തമ്പാനൂർ വന്നിറങ്ങി നേരെ ശിവറാം സ്റ്റുഡിയോവിൽ പോയി ലാലിന്റെ നെഗറ്റീവ് അവിടെ ഏൽപ്പിച്ചു. ശിവറാം സ്റ്റുഡിയോവിൽത്തന്നെ കൊടുക്കാൻ ഒരു കാരണമുണ്ടായിരുന്നു. ലാലിന്റെയും സുരേഷിന്റെയും അടുത്ത സുഹൃത്ത് ജൽറാമിന്റേതായിരുന്നു ആ സ്റ്റുഡിയോ.

''എടാ സമയമില്ല, എത്രയും പെട്ടെന്ന് ഈ നെഗറ്റീവിന്റെ പ്രിന്റ് അടിച്ചുതരണം. പോസ്റ്റിൽഅയയ്ക്കാനുള്ളതാണ്,'' സുരേഷ് പറഞ്ഞു.

വൈകുന്നേരം ആയപ്പോഴുണ്ട് ജൽറാം വിഷണ്ണനായി സ്കൂട്ടറുമെടുത്ത് സുരേഷിന്റെ വീട്ടിലെത്തി. ഫോട്ടോ സുരേഷിന്റെ മേശപ്പുറത്തേക്കിട്ടിട്ട് അയാൾ പറഞ്ഞു:

''ലാലിന്റെ ഫോട്ടോ ശരിയാകുന്നില്ല. ഇതയച്ചാൽ അവന്റെ ചാൻസ് തുലഞ്ഞതുതന്നെ.''

എന്നാൽ ഈ വിവരമൊന്നും മോഹൻലാൽ അറിയുന്നില്ല. എന്തും വരട്ടെയെന്ന് കരുതി സുരേഷ് സ്കൂട്ടറുമെടുത്ത് അത് പോസ്റ്റ് ചെയ്യാനായി പോയി. അന്ന് അവസാന ദിവസമാണ്. ചിലപ്പോൾ ലാസ്റ്റ് ഡേറ്റും കഴിഞ്ഞേ ഉദയാ സ്റ്റുഡിയോവിൽ അത് എത്തൂ. ''ഭാഗ്യമുണ്ടെങ്കിൽ കിട്ടട്ടെ' എന്ന് മനോഗതമെന്നോണം സുരേഷ് പറഞ്ഞു.

കൃത്യം മൂന്നാം നാൾ നവോദയയിൽ നിന്ന് മോഹൻലാലിന് സെലക്ഷൻ കിട്ടിയെന്നറിയിച്ചുകൊണ്ട് ടെലിഗ്രാം വന്നിരിക്കുന്നു! ലാൽ ടെലിഗ്രാം കൊണ്ട് ആദ്യം ഓടിയത് സുരേഷിന്റെ വീട്ടിലേക്കായിരുന്നു. സുരേഷിനുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ കഴിഞ്ഞില്ല.

''എടാ ലാലേ... ഇത് നിന്റെ ഭാഗ്യമല്ലേ?''

''മഹാഭാഗ്യമാണെടാ...'' സുരേഷ് ഉടനെ ലാലിനെ കെട്ടിപ്പിടിച്ചുകൊണ്ട് ഉയർത്തി വട്ടം ചുറ്റിച്ചുനിർത്തി. സുരേഷിന്റെ നാക്ക് ഫലിച്ചു. മോഹൻലാലിനെ ഭാഗ്യദേവത അനുഗ്രഹിക്കാൻ തുടങ്ങി.

പിറ്റേദിവസം രാവിലെതന്നെ തന്റെ ഇഷ്ടദൈവമായ ഗണപതിയെ പ്രാർത്ഥിച്ച് ലാലും സുരേഷും ആലപ്പുഴയ്ക്ക് തിരിച്ചു. അവിടെ തിരുവമ്പാടി ജംഗ്ഷനിലുള്ള അമ്മാവന്റെ വീടായ ''ഗായത്രി'യിലേക്കാണ് ആദ്യം പോയത്. അവിടെ പൂജാമുറിയിൽ വെച്ചിരിക്കുന്ന ഗണപതിവിഗ്രഹത്തിന് ഒരു പ്രത്യേകതയുണ്ട്. പ്രഭാകര സിദ്ധയോഗികളുടെ കുടുമയ്ക്കുള്ളിൽ ഇരുന്നതായിരുന്നു ആ വിഗ്രഹം.

അതിനുശേഷമാണ് ആലപ്പുഴയിലുള്ള നവോദയയുടെ ഓഫീസിൽ മോഹൻലാൽ എത്തിയത്. ഇതിനിടെ ലാലിനുവേണ്ടി നവോദയ അപ്പച്ചന്റെ അടുക്കൽ ഒരു ശുപാർശയും നടന്നു. നവോദയയുടെ ലീഗൽഅഡ്വൈസർഅഡ്വ. മഹേശ്വരൻ ഗോപിനാഥൻ നായരുടെ കുടുംബസുഹൃത്തായിരുന്നു. ഇവർ ലാലിനവേണ്ടി അപ്പച്ചനോട് ശുപാർശ നടത്തിയിരുന്നു. അതോടെ അപ്പച്ചൻ ലാലിന്റെ കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചു.

സമയം ഉച്ചയോട് അടുക്കുകയാണ്. ആലപ്പുഴയിലെ നവോദയയിലെ ഒരു വിശാലമായ മുറിയിൽ ഉയരം കൂടി മെലിഞ്ഞ, നാണംകുണുങ്ങിയായ ഒരു ചെറുപ്പക്കാരൻ കടന്നുചെന്ന് ചോദിച്ചു:

''സംവിധായകൻ ഫാസിൽ ഉണ്ടോ?''

''അകത്തുണ്ടെന്ന്'' ആരോ പറഞ്ഞു. അല്പംകൂടി ധൈര്യം സംഭരിച്ച് ചെറുപ്പക്കാരൻ അങ്ങോട്ട് കടന്നുചെന്നു. അവിടെ ഫാസിൽ എന്തോ ഗൗരവമേറിയ ചിന്തയിലായിരുന്നു. ചെറുപ്പക്കാരൻ ഒന്ന് ചുമച്ച് ശബ്ദമുണ്ടാക്കിയപ്പോൾ ഫാസിൽ ചിന്തയിൽ നിന്നുണർന്നു.

''ടെലിഗ്രാം കിട്ടിയിട്ട് വന്നതാണ്... ഇന്റർവ്യൂ...'

''ഉം... സമയമായിട്ടില്ല... ഏതായാലും നിങ്ങൾ ഇരിക്കൂ.'' ഫാസിൽ ചെറുപ്പക്കാരനോട് പറഞ്ഞു.

അഞ്ചുമിനിറ്റ് തികയും മുമ്പേ ജിജോയും മറ്റൊരാളും അങ്ങോട്ട് കടന്നുവന്നു. ചെറുപ്പക്കാരൻഎല്ലാവരെയും വിഷ് ചെയ്തു. നിമിഷങ്ങൾക്കുള്ളിൽ ഇന്റർവ്യൂ ആരംഭിച്ചു- ''മഞ്ഞിൽവിരിഞ്ഞപൂക്കൾ'' എന്ന നവോദയയുടെ അടുത്ത ചിത്രത്തിലെ വില്ലൻ കഥാപാത്രം നരേന്ദ്രനെ കണ്ടെത്താനായിരുന്നു ഇന്റർവ്യൂ.

ആദ്യം ഔപചാരികമായ ചില ചോദ്യങ്ങളായിരുന്നു. പിന്നെ മേക്കപ്പ്മാൻ എം.എ. അമാന്റെ മുന്നിലേക്ക് ആ ചെറുപ്പക്കാരനെ അയച്ചു. തുടർന്ന് ആ ചെറുപ്പക്കാരന് ഫാസിൽ ചിത്രത്തിലില്ലാത്ത ഒരു രംഗം വിവരിച്ചുകൊടുത്തു. മുണ്ടുടുത്ത് കുടയും പിടിച്ചു വരുന്ന ഒരു വൃദ്ധനെയായിരുന്നു അവതരിപ്പിക്കേണ്ടിയിരുന്നത്.

(തുടരും)

റഷ്യയുടെ സൈനിക പ്രകോപനങ്ങൾ ആഗോള സുരക്ഷയെ മുൾമുനയിലാക്കുമ്പോൾ!

വടക്കൻ യൂറോപ്പിലെ തണുത്തുറഞ്ഞ ബാൾട്ടിക് അതിർത്തികളിൽ നിന്ന് കിഴക്കൻ ഏഷ്യയിലെ ജപ്പാൻ കടൽ തീരത്തേക്ക്, ഭൂമിശാസ്ത്രപരമായി ആയിരക്കണക്കിന് കിലോമീറ്ററുകൾ അകലെയുള്ള രണ്ട് മേഖലകളിൽ ഒരേസമയം റഷ്യ നടത്തുന്ന അപ്രതീക്ഷിത സൈനികരഹസ്യാന്വേഷണ നീക്കങ്ങൾ ആഗോള പ്രതിരോധ സംവിധാനങ്ങളെ മുൾമുനയിലാക്കിയിരിക്കുകയാണ്!

പുറത്തുവന്ന ഏറ്റവും പുതിയ അന്താരാഷ്ട്ര റിപ്പോർട്ടുകൾ പ്രകാരം, എസ്റ്റോണിയയിലെ ഡ്രോൺ നിർമ്മാണ ശാലയ്ക്ക് നേരെ റഷ്യൻ സൈനിക രഹസ്യാന്വേഷണ ഏജൻസി നടത്തിയ അട്ടിമറി ശ്രമം പരാജയപ്പെടുത്തിയതിന് പിന്നാലെ റഷ്യയുമായുള്ള മുഴുവൻ കര അതിർത്തികളും അടച്ചുപൂട്ടാൻ എസ്റ്റോണിയൻ സർക്കാർ തീരുമാനിച്ചപ്പോൾ, മറുവശത്ത് ദക്ഷിണ കൊറിയയുടെ ഉല്ലുങ്ദോ ദ്വീപിന് തൊട്ടരികെ റഷ്യൻ യുദ്ധവിമാനങ്ങൾ എത്തിയത് വ്യോമാക്രമണ മുന്നറിയിപ്പുകൾക്കും യുദ്ധവിമാനങ്ങളുടെ അടിയന്തര വിന്യാസത്തിനും കാരണമായി.

തുറന്ന യുദ്ധത്തിലേക്ക് നയിക്കുന്ന പ്രകോപനങ്ങളാണ് നടക്കുന്നതെന്ന് മോസ്കോയും പാശ്ചാത്യ സഖ്യകക്ഷികളും പരസ്പരം കുറ്റപ്പെടുത്തുമ്പോൾ, യൂറോപ്പിലും ഏഷ്യ-പസഫിക് മേഖലയിലും ഒരുപോലെ ഉയരുന്ന ഈ പുതിയ സുരക്ഷാ വെല്ലുവിളികളുടെ ഉള്ളറകൾ താഴെ വിശദമായി പരിശോധിക്കാം...

ബാൾട്ടിക് മേഖലയിലെ അട്ടിമറി ശ്രമങ്ങളും എസ്റ്റോണിയൻ അതിർത്തി അടച്ചുപൂട്ടലും

യൂറോപ്യൻ രാജ്യങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളെയും പ്രതിരോധ വ്യവസായത്തെയും ലക്ഷ്യമിട്ടുള്ള റഷ്യൻ നീക്കങ്ങൾക്കെതിരെ കടുത്ത നടപടികളാണ് എസ്റ്റോണിയ സ്വീകരിച്ചിരിക്കുന്നത്.

ഡ്രോൺ നിർമ്മാണ ശാലയ്ക്ക് നേരെയുണ്ടായ തീവെപ്പ് ഗൂഢാലോചന

എസ്റ്റോണിയൻ തലസ്ഥാനമായ ടാലിന്നിന് സമീപമുള്ള വിംസിയിലെ പ്രമുഖ പ്രതിരോധ സ്ഥാപനമായ ത്രിയോഡ് സിസ്റ്റംസിന്റെ ഡ്രോൺ നിർമ്മാണ ശാലയ്ക്ക് തീയിടാൻ റഷ്യൻ സൈനിക രഹസ്യാന്വേഷണ ഏജൻസിയായ ജി.ആർ.യു ആസൂത്രണം ചെയ്ത അട്ടിമറി ശ്രമം എസ്റ്റോണിയൻ സുരക്ഷാ ഏജൻസികൾ അവസാന നിമിഷം പരാജയപ്പെടുത്തി. യുക്രെയ്ൻ സൈന്യത്തിന് നിരീക്ഷണ ഡ്രോണുകൾ നിർമ്മിച്ചു നൽകുന്ന ഈ സ്ഥാപനത്തെ തകർക്കാനുള്ള നീക്കവുമായി ബന്ധപ്പെട്ട് ലാത്വിയയിൽ താമസിക്കുന്ന എട്ട് പേരെ പോലീസ് അറസ്റ്റ് ചെയ്തു.



ഡിസംബർ ഒന്ന് മുതൽ കര അതിർത്തികൾ അടച്ചുപൂട്ടാനുള്ള തീരുമാനം

റഷ്യയുടെ തുടർച്ചയായ ശത്രുതാപരമായ നടപടികൾക്കും അട്ടിമറി ശ്രമങ്ങൾക്കും മറുപടിയായി, 2026 ഡിസംബർ ഒന്ന് മുതൽ റഷ്യയുമായുള്ള നാർവ, ലുഹാമ, കൊയ്ദുല എന്നീ മൂന്ന് കര അതിർത്തി കവാടങ്ങളും പൂർണ്ണമായി അടച്ചുപൂട്ടാൻ പ്രധാനമന്ത്രി ക്രിസ്റ്റൻ മിക്കലിന്റെ സർക്കാരും വിദേശകാര്യ മന്ത്രി മാർഗസ് സാക്നയും പ്രഖ്യാപിച്ചു. 2024ൽ ഫിൻലാൻഡ് സ്വീകരിച്ച സമാനമായ നടപടിക്ക് പിന്നാലെയാണ് എസ്റ്റോണിയയും റഷ്യയുമായുള്ള കരമാർഗ്ഗമുള്ള ബന്ധം വിച്ഛേദിക്കുന്നത്.

മോസ്കോയുടെ രൂക്ഷ പ്രതികരണവും നയതന്ത്ര തർക്കവും

അതിർത്തി അടച്ചുപൂട്ടാനുള്ള എസ്റ്റോണിയയുടെ തീരുമാനം തുറന്ന യുദ്ധത്തിലേക്ക് നയിക്കുന്ന പ്രകോപനപരമായ നടപടിയാണെന്ന് ആരോപിച്ച് റഷ്യൻ വിദേശകാര്യ മന്ത്രാലയം മോസ്കോയിലെ എസ്റ്റോണിയൻ നയതന്ത്ര പ്രതിനിധിയെ വിളിച്ചുവരുത്തി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. എസ്റ്റോണിയൻ മണ്ണിൽ നിന്ന് യുക്രെയ്ൻ ഡ്രോണുകൾ പ്രവർത്തിക്കുന്നുവെന്ന ക്രെംലിന്റെ ആരോപണങ്ങളെ ടാലിൻ പൂർണ്ണമായും തള്ളിക്കളഞ്ഞു.

ബെൻഗാസി തീരത്ത് റഷ്യൻ യുദ്ധക്കപ്പൽ മുങ്ങിയ സംഭവം

ലിബിയൻ തീരത്തെ ബെൻഗാസി തുറമുഖത്തിന് സമീപം റഷ്യയുടെ കരിങ്കടൽ കപ്പൽപ്പടയിലെ അത്യാധുനിക യുദ്ധക്കപ്പലായ മെർക്കുറിയും, ആയുധങ്ങൾ കടത്തിയിരുന്ന എംവി അംഗാര എന്ന ചരക്കുകപ്പലും യുക്രെയ്ൻ ഡ്രോൺ ആക്രമണത്തിൽ മുങ്ങിയതും ബാൾട്ടിക് -മെഡിറ്ററേനിയൻ മേഖലകളിൽ സംഘർഷം രൂക്ഷമാക്കിയിട്ടുണ്ട്.

കിഴക്കൻ ഏഷ്യയിലെ വ്യോമപ്രതിരോധ ഭീഷണിയും ദക്ഷിണ കൊറിയൻ ജാഗ്രതയും

യൂറോപ്പിന് പുറമെ ഏഷ്യ -പസഫിക് മേഖലയിലും സൈനിക സാന്നിധ്യം പ്രകടിപ്പിക്കാനുള്ള റഷ്യൻ നീക്കങ്ങൾ അയൽരാജ്യങ്ങളെ അതീവ ജാഗ്രതയിലാക്കിയിരിക്കുകയാണ്.

ഉല്ലുങ്ദോ ദ്വീപിൽ മുഴങ്ങിയ വ്യോമാക്രമണ മുന്നറിയിപ്പ്

നവംബർ ഇരുപത്തിനാല് ചൊവ്വാഴ്ച പുലർച്ചെ അഞ്ചോളം റഷ്യൻ സൈനിക വിമാനങ്ങൾ ജപ്പാൻ കടലിന് മുകളിലൂടെ ദക്ഷിണ കൊറിയയുടെ വ്യോമ പ്രതിരോധ തിരിച്ചറിയൽ മേഖലയിലേക്ക് പ്രവേശിക്കുകയും ഉല്ലുങ്ദോ ദ്വീപിന്റെ വ്യോമാതിർത്തിക്ക് തൊട്ടടുത്തെത്തുകയും ചെയ്തു. വിമാനങ്ങൾ വ്യോമാതിർത്തി ലംഘിക്കാൻ സാധ്യതയുണ്ടെന്ന വിലയിരുത്തലിൽ നോർത്ത് ജിയോങ്സാങ് പ്രവിശ്യാ അധികൃതർ ദ്വീപ് നിവാസികളോട് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാൻ അടിയന്തര സന്ദേശം നൽകി.

ദക്ഷിണ കൊറിയൻ വ്യോമസേനയുടെ അടിയന്തര ഇടപെടൽ

റഷ്യൻ വിമാനങ്ങളുടെ നീക്കം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ദക്ഷിണ കൊറിയൻ ജോയിന്റ് ചീഫ്സ് ഓഫ് സ്റ്റാഫ് എഫ്15കെ യുദ്ധവിമാനങ്ങളെ ആകാശത്തേക്ക് അയച്ച് പ്രതിരോധം തീർത്തു. തുടക്കത്തിൽ ഉത്തര കൊറിയൻ വിമാനങ്ങളാണെന്ന് തെറ്റിദ്ധരിച്ചാണ് പ്രാദേശിക ഭരണകൂടം ഒഴിപ്പിക്കൽ മുന്നറിയിപ്പ് നൽകിയതെങ്കിലും, റഷ്യൻ വിമാനങ്ങൾ പിൻവാങ്ങിയതോടെ അഞ്ച് മിനിറ്റിനുള്ളിൽ മുന്നറിയിപ്പ് പിൻവലിച്ചു.

തുടർച്ചയായ റഷ്യൻ – ചൈനീസ് വ്യോമ നീക്കങ്ങൾ

നവംബർ പതിനേഴിന് വിയറ്റ്നാമിലേക്കുള്ള യാത്രാമധ്യേ റഷ്യയുടെ ടിയു95 ബോംബർ വിമാനങ്ങൾ ദക്ഷിണ കൊറിയയുടെയും തായ്വാന്റെയും വ്യോമ പ്രതിരോധ മേഖലകളിലൂടെ കടന്നുപോയതും, ജൂണിൽ ചൈനീസ് -റഷ്യൻ വിമാനങ്ങൾ സംയുക്തമായി എത്തിയതും സിയോളിന്റെ ആശങ്ക വർദ്ധിപ്പിച്ചിട്ടുണ്ട്.

ദക്ഷിണ കൊറിയൻ ഭരണകൂടത്തിന്റെ സുരക്ഷാ നയം

ദക്ഷിണ കൊറിയൻ പ്രസിഡന്റ് ലീ ജെ മ്യുങ്ങിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം കൊറിയൻ ഉപദ്വീപിലെ സമാധാനത്തിനായി നയതന്ത്ര ശ്രമങ്ങൾ തുടരുമ്പോഴും, രാജ്യത്തിന്റെ വ്യോമസമുദ്ര അതിർത്തികളിലെ ഏത് കടന്നുകയറ്റത്തെയും ശക്തമായി നേരിടാൻ പ്രതിരോധ സേനയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നാറ്റോ സഖ്യത്തിന്റെ പ്രതിരോധ നിലപാടുകളും ആഗോള സമ്പദ്വ്യവസ്ഥയിലെ ചലനങ്ങളും

ഒരേസമയം രണ്ട് മേഖലകളിലുണ്ടായ സുരക്ഷാ പ്രതിസന്ധികൾ അന്താരാഷ്ട്ര സഖ്യങ്ങളുടെയും ആഗോള വിപണികളുടെയും പ്രവർത്തനങ്ങളെ നേരിട്ട് സ്വാധീനിക്കുന്നു.

നാറ്റോയുടെയും ജർമ്മനിയുടെയും ശക്തമായ മുന്നറിയിപ്പ്

ബെർലിനിൽ നടന്ന നാറ്റോ പാർലമെന്ററി അസംബ്ലിയിൽ സംസാരിക്കവെ, സഖ്യരാജ്യങ്ങളുടെ ഓരോ ഇഞ്ച് മണ്ണും സംരക്ഷിക്കാൻ നാറ്റോ സജ്ജമാണെന്ന് സെക്രട്ടറി ജനറൽ മാർക്ക് റുട്ടെയും ജർമ്മൻ ചാൻസലർ ഫ്രീഡ്രിക്ക് മെർസും പ്രഖ്യാപിച്ചു. പോളണ്ടിൽ റഷ്യൻ മിസൈലുകൾ പതിച്ച സംഭവവും എസ്റ്റോണിയയിലെ അട്ടിമറി ശ്രമങ്ങളും ചർച്ച ചെയ്യാൻ നാറ്റോയുടെ നോർത്ത് അറ്റ്ലാന്റിക് കൗൺസിൽ അടിയന്തര യോഗം വിളിച്ചുചേർത്തു.

യൂറോപ്യൻ യൂണിയന്റെ ഇരുപത്തിരണ്ടാമത് ഉപരോധ പാക്കേജ്

റഷ്യയുടെ യുദ്ധഫണ്ടിംഗിനെ തകർക്കുന്നതിനായി യൂറോപ്യൻ യൂണിയൻ തങ്ങളുടെ ഇരുപത്തിരണ്ടാമത് ഉപരോധ പാക്കേജ് പ്രഖ്യാപിച്ചു. റഷ്യൻ ഊർജ്ജ മേഖലയ്ക്കും, ക്രിപ്റ്റോപേയ്മെന്റ് ശൃംഖലകൾക്കും, മുൻ സൈനികരുടെ വിസകൾക്കും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതാണ് പുതിയ പാക്കേജ്.

ക്രിസ്തുമസിന് മുൻപുള്ള സമാധാന ചർച്ചാ നീക്കങ്ങൾ

സംഘർഷങ്ങൾ രൂക്ഷമാകുമ്പോഴും, ക്രിസ്തുമസിന് മുൻപായി റഷ്യ, അമേരിക്ക, യൂറോപ്പ്, യുക്രെയ്ൻ എന്നിവർ ഉൾപ്പെടുന്ന ചതുർകക്ഷി സമാധാന ചർച്ചകൾ സംഘടിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് യുക്രെയ്ൻ പ്രസിഡന്റ് വ്ളോഡിമിർ സെലെൻസ്കി വ്യക്തമാക്കിയിട്ടുണ്ട്.

ആഗോള വിപണികളിലും ഇന്ത്യൻ താൽപര്യങ്ങളിലുമുള്ള സ്വാധീനം

യൂറോപ്പിലെയും കിഴക്കൻ ഏഷ്യയിലെയും സൈനിക പിരിമുറുക്കങ്ങൾ അന്താരാഷ്ട്ര വ്യോമസമുദ്ര ചരക്ക് ഗതാഗത ചെലവുകൾ ഉയർത്താനും ഓഹരി വിപണികളിൽ ചാഞ്ചാട്ടങ്ങൾ സൃഷ്ടിക്കാനും ഇടയാക്കുന്നു. ഈ സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ വംശജരുടെയും വിദ്യാർത്ഥികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം, ആഗോള സമാധാനത്തിനായി നയതന്ത്ര സംഭാഷണങ്ങൾക്കാണ് ഇന്ത്യ എപ്പോഴും മുൻഗണന നൽകുന്നത്.





ഉത്തരവ് നടപ്പാക്കാൻ കഴിഞ്ഞില്ലെന്ന് മധുര കളക്ടറുടെ കുറ്റസമ്മതം, മാപ്പുപറച്ചിൽ



ന്യൂഡൽഹി: തമിഴ്നാട് തിരുപ്പരൻകുണ്ഡ്രം മലയിൽ കാർത്തിക ദീപം തെളിക്കാനാകാത്തതിൽ സുപ്രീംകോടതിയോട് മാപ്പപേക്ഷിച്ച് മധുര ജില്ലാ കളക്ടർ. ഉത്തരവ് നടപ്പാക്കാനായില്ലെന്നും ആചാരലംഘനം അനുവദിക്കില്ലെന്ന് ക്ഷേത്ര ഭരണസമിതി നിലപാടെടുത്തെന്നും കളക്ടർ നിശാന്ത് കൃഷ്ണ സത്യവാങ്മൂലം സമർപ്പിച്ചു.

പരമ്പരാഗതമായി ദീപം തെളിക്കുന്ന ഉച്ചിപിള്ളയാർ ക്ഷേത്ര മണ്ഡപത്തിൽ മാത്രമെ തെളിക്കുകയുള്ളുവെന്ന് ക്ഷേത്ര ഭരണസമിതി നിലപാടെടുത്തു. മറ്റേതെങ്കിലുമിടത്ത് ദീപം തെളിക്കുന്നത് ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും എതിരാണെന്നും അറിയിച്ചു. ജില്ലാ ഭരണകൂടം തയ്യാറെടുപ്പുകൾ നടത്തിയിരുന്നു. ഉത്തരവ് പാലിക്കാൻ പരാമവധി ശ്രമിച്ചുവെന്നും കളക്ടർ വ്യക്തമാക്കി.

ഇതോടെ വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വമേധയാ കോടതിയലക്ഷ്യ കേസെടുക്കാൻ സുപ്രീംകോടതി വിസമ്മതിച്ചു. പരാതിക്കാർക്ക് കോടതിയലക്ഷ്യഹർജി സമർപ്പിക്കാവുന്നതാണെന്നും ജസ്റ്റിസുമാരായ സമരവിന്ദ് കുമാർ, വിപുൽ എം. പഞ്ചോലി എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. 24ന് ദർഗയ്ക്ക് സമീപത്തെ ദീപത്തൂണിൽ കാർത്തിക ദീപം തെളിക്കാൻ സുപ്രീംകോടതി അനുമതി നൽകിയിരുന്നു. ഈ ദീപത്തൂൺ ബ്രിട്ടീഷുകാർ സ്ഥാപിച്ച സർവേ കല്ലാണെന്നാണ് ക്ഷേത്രം ഭാരവാഹികളുടെ നിലപാട്.

കോടതിയലക്ഷ്യഹർജി

കളക്ടർ നിശാന്ത് കൃഷ്ണ, പോലീസ് കമ്മിഷണർ എസ്. രാജേന്ദ്രൻ,തമിഴ്നാട് ഹിന്ദു റിലീജെസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ഡിപ്പാർട്ടുമെന്റ് കമ്മിഷണർ ഡോ. ടി.ജി. വിനയ്, ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ ജി. സെൽവി എന്നിവർക്കെതിരെ കോടതിയലക്ഷ്യ നടപടിയാവശ്യപ്പെട്ട് സുപ്രീംകോടതിയിൽ ഹർജിയെത്തി. അഡ്വ. വി. രാമസുബ്ബുവാണ് ഹർജിക്കാരൻ. ദീപത്തൂണിൽ ദീപം തെളിക്കാൻ അനുമതി തേടി കാർത്തികേയൻ അളഗർസാമി എന്നയാളും ഹർജി സമർപ്പിച്ചു.

റിപ്പോർട്ട് തേടി ഗവർണർ

തിരുപ്പരൻകുണ്ഡ്രത്ത് സുപ്രീംകോടതി ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണമെന്തെന്ന് ആരാഞ്ഞ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യമന്ത്രി ജോസഫ് വിജയ്ക്ക് കത്തയച്ചു. മുഖ്യമന്ത്രിയിൽ നിന്ന് വിവരങ്ങൾ തേടാൻ ഭരണഘടനയിലെ 167(ബി) ഗവർണർക്ക് നൽകുന്ന അധികാരമാണ് പ്രയോഗിച്ചത്. മുഖ്യമന്ത്രി സമഗ്രമായ റിപ്പോർട്ട് കൈമാറണമെന്നാണ് അഭ്യർത്ഥന. സുപ്രീംകോടതി ഉത്തരവ് പാലിക്കപ്പെടാത്തതിൽ ആശങ്ക പ്രകടിപ്പിച്ചു.

മൃതദേഹം 36 മണിക്കൂർ മെഡി. കോളേജ് ശൗചാലയത്തിൽ, ആരും അറിഞ്ഞില്ല! സംഭവം തൃശൂരിലെ ആശുപത്രിയിൽ

അത്താണി : തൃശൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന രോഗി ശൗചാലയത്തിൽ മരിച്ചുകിടന്നത് 36 മണിക്കൂറിലേറെ. സംഭവത്തിൽ വീഴ്ചകളില്ലെന്ന അധികൃതരുടെ വാദം പോസ്റ്റ്മോർട്ടം റിപ്പോർട്ട് പൊളിച്ചടുക്കി. പാലക്കാട് ചിറ്റൂർ സ്വദേശി മാക്കുട്ടി റാവുത്തറുടെ (77) മൃതദേഹമാണ് മെഡിസിൻ വാർഡിലെ ശൗചാലയത്തിൽ നിന്ന് കണ്ടെത്തിയത്. അകത്തുനിന്ന് അടച്ച നിലയിലായിരുന്നു. വാതിൽ പൊളിച്ചാണ് മൃതദേഹം പുറത്തടുത്തത്.

ശ്വാസകോശ രോഗത്തെത്തുടർന്ന് 16നാണ് മാക്കുട്ടി ആശുപത്രിയിലെത്തിയത്. ഒപ്പം ആരും ഉണ്ടായിരുന്നില്ല. രോഗിയെ കാണാതായതിനു ശേഷവും ജീവനക്കാർ ശൗചാലയം വൃത്തിയാക്കിയിരുന്നുവെന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് പറഞ്ഞിരുന്നു. 20ന് ഇയാളെ ശൗചാലയത്തിനു സമീപം കണ്ടിരുന്നുവെന്നും ജീവനക്കാർ പറഞ്ഞിരുന്നുവത്രെ. ഈ വാദങ്ങളെല്ലാം കളവാണെന്നും മരണം 36 മണിക്കൂർ മുമ്പ് നടന്നതായും ഹൃദയാഘാതമാണ് മരണകാരണമെന്നുമാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്.

19ന് രാത്രി ഒമ്പതോടെയാണ് മാക്കുട്ടിയെ വാർഡിൽ നിന്ന് കാണാതായത്. അധികൃതർ തെരഞ്ഞെങ്കിലും കണ്ടെത്തിയില്ലത്രെ. മെഡിക്കൽ കോളേജ് പൊലീസ് അന്വേഷണത്തിനും ഫലമുണ്ടായില്ല. 19നും 20നും തുറക്കാതിരുന്ന ശൗചാലയം ആരും ശ്രദ്ധിച്ചില്ല. 21ന് വാതിൽ പൊളിച്ചുനോക്കേണ്ടിവന്നു. അപ്പോഴാണ് മൃതദേഹം കണ്ടത്. പോക്കറ്റിൽനിന്ന് ലഭിച്ച കാർഡിലെ വിലാസത്തിൽ ബന്ധുക്കളെ വിളിച്ചുവരുത്തി മൃതദേഹം കൈമാറുകയായിരുന്നു.

സംഭവത്തിൽ മുൻ മന്ത്രി കെ.രാജൻ വിശദ അന്വേഷണം ആവശ്യപ്പെട്ടു. കേന്ദ്രമന്ത്രി സുരേഷ് ഗോപി ആശുപത്രിയിലെത്തി സൂപ്രണ്ടിൽനിന്ന് വിവരങ്ങൾ തേടി. സി.പി.എം, ഡി.വൈ.എഫ്.ഐ, എ.ഐ.വൈ.എഫ് സംഘടനകൾ ആശുപത്രിയിലേക്ക് മാർച്ച് നടത്തി.

തെറ്റായ പ്രചാരണമെന്ന് സൂപ്രണ്ട്

ആരോഗ്യമേഖലയെ തകർക്കാനുള്ള ബോധപൂർവമായ പ്രചാരണമാണ് നടക്കുന്നതെന്നാണ് സൂപ്രണ്ട് ലിജോ ജെ.കൊള്ളന്നൂർ പറയുന്നത്. രോഗിയെ 19ന് കാണാതായപ്പോൾ പൊലീസിനെ അറിയിച്ചു. 19, 20 തീയതികളിൽ ശൗചാലയം വൃത്തിയാക്കിയിരുന്നു. 20ന് രാത്രിയോ 21ന് രാവിലെയോ ആകാം മരണം. 21ന് രാവിലെ ജീവനക്കാർ വിളിച്ചിട്ടും തുറക്കാത്തതിനെ തുടർന്നാണ് വാതിൽ പൊളിച്ചതെന്നും സൂപ്രണ്ട് പറയുന്നു.

അനുമതിയില്ലാതെ ചെങ്കോട്ടയിലും കുത്തബ്മിനാറിലും പാക് മന്ത്രിയുടെ സന്ദർശനം; അതൃപ്തി അറിയിച്ച് കേന്ദ്രം



ന്യൂഡൽഹി: ഷാങ്ഹായ് സഹകരണ സംഘടനയുടെ (എസ്.സി.ഒ) സാംസ്കാരിക സമ്മേളനത്തിൽ പങ്കെടുക്കാൻ ഇന്ത്യയിലെത്തിയ പാകിസ്ഥാൻ കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രി മുസാദിക് മസൂദ് മാലിക് മുൻകൂർ അനുമതിയില്ലാതെ ഡൽഹിയിലെ ചെങ്കോട്ടയും കുത്തബ്മിനാറും സന്ദർശിച്ചതായി കേന്ദ്ര സർക്കാർ. ഔദ്യോഗിക യാത്രാപട്ടികയിൽ ഉൾപ്പെടാത്ത സ്ഥലങ്ങളിലാണ് മന്ത്രിയും ഭാര്യയും സന്ദർശനം നടത്തിയത്.

താജ്മഹൽ, ഹുമയൂണിന്റെ ശവകുടീരം, ദില്ലി ഹാട്ട്, ഖില റായ് പത്തോറ എന്നീ നാല് സ്ഥലങ്ങൾ സന്ദർശിക്കാൻ മാത്രമാണ് പാക് ഹൈക്കമ്മീഷന്റെ അപേക്ഷപ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നത്. സുരക്ഷാ കാരണങ്ങളാൽ നിസാമുദ്ദീൻ ദർഗ സന്ദർശിക്കാനുള്ള അനുമതി നേരത്തെ നിഷേധിച്ചിരുന്നു.

എന്നാൽ തിരക്കേറിയ ഔദ്യോഗിക പരിപാടികൾ ചൂണ്ടിക്കാട്ടി താജ്മഹൽ ഉൾപ്പെടെയുള്ള മറ്റ് മൂന്ന് സ്ഥലങ്ങൾ ഒഴിവാക്കിയ മന്ത്രി, ഹുമയൂണിന്റെ ശവകുടീരത്തിന് പുറമെ അനുമതിയില്ലാതിരുന്ന ചെങ്കോട്ടയിലും കുത്തബ്മീനാറിലും എത്തുകയായിരുന്നു. മന്ത്രിക്ക് ഒപ്പം സഞ്ചരിക്കാൻ ഒരു ലെയ്സൺ ഓഫീസറെ നിയോഗിച്ചിരുന്നതായി കേന്ദ്ര സാംസ്കാരിക മന്ത്രാലയ സെക്രട്ടറി വിവേക് അഗർവാൾ വ്യക്തമാക്കി.

2023ൽ ബിലാവൽ ഭൂട്ടോ സർദാരി ഗോവയിലെത്തിയതിന് ശേഷം, പ്രത്യേകിച്ച് പഹൽഗാം ഭീകരാക്രമണത്തിനും ഓപ്പറേഷൻ സിന്ദൂറിനും ശേഷം ഇന്ത്യയിലെത്തുന്ന ആദ്യ പാക് കേന്ദ്രമന്ത്രിയാണ് മുസാദിക് മാലിക്.

പ്രോട്ടോക്കോൾ ലംഘനം അതീവ ഗൗരവം

പാക് മന്ത്രിമാർക്കും നയതന്ത്രജ്ഞർക്കും ഇന്ത്യയിൽ സഞ്ചരിക്കുന്നതിന് കർശനമായ നിയന്ത്രണങ്ങളാണുള്ളത്. മുൻകൂട്ടി നിശ്ചയിച്ച സ്ഥലങ്ങളിൽ മാത്രമേ ഇവർക്ക് സന്ദർശനാനുമതി നൽകാറുള്ളൂ. അതീവ സുരക്ഷാ മേഖലയായ ചെങ്കോട്ടയലേക്കുള്ള അപ്രതീക്ഷിത സന്ദർശനം നയതന്ത്ര മര്യാദകളുടെ ലംഘനമായാണ് വിദേശകാര്യ മന്ത്രാലയം വിലയിരുത്തുന്നത്. സന്ദർശന വേളയിൽ ഉഭയകക്ഷി ചർച്ചകൾക്ക് ഇന്ത്യ തയ്യാറായിരുന്നില്ല.





ഭ്രമണപഥത്തിൽ ഒരു ആണവ സ്ഫോടനമുണ്ടായാൽ ഭൂമിയിലെ വാർത്താവിനിമയവും ബാങ്കിംഗ് സംവിധാനങ്ങളും നിശ്ചലമാകുമോ?

ഭൂമിയുടെ ഭ്രമണപഥത്തിലൂടെ സഞ്ചരിക്കുന്ന ആയിരക്കണക്കിന് വാർത്താവിനിമയനിരീക്ഷണ ഉപഗ്രഹങ്ങൾക്ക് മേൽ വലിയൊരു ആണവ ഭീഷണി ഉരുണ്ടുകൂടുന്നതായി പാശ്ചാത്യ രഹസ്യാന്വേഷണ ഏജൻസികൾ മുന്നറിയിപ്പ് നൽകുന്നു!

ജർമ്മൻ മാധ്യമങ്ങളായ ഡബ്ല്യുഡിആർ, എൻഡിആർ, സുഡ്ഡോയ്ഷെ സെയ്തുങ് എന്നിവയും അന്താരാഷ്ട്ര വാർത്താ ഏജൻസികളും പുറത്തുവിട്ട ഞെട്ടിക്കുന്ന റിപ്പോർട്ട് പ്രകാരം, ഈ വർഷം അവസാനിക്കുന്നതിന് മുൻപ് ബഹിരാകാശത്ത് ആണവായുധം ഘടിപ്പിച്ച ഉപഗ്രഹം വിന്യസിക്കാൻ റഷ്യ തയ്യാറെടുക്കുകയാണ്.

'സ്പുട്നിക്-എസ്' എന്ന് പേരിട്ടിരിക്കുന്ന ഈ ഉപഗ്രഹം അടുത്ത അറുപത് ദിവസത്തിനുള്ളിൽ, അതായത് ഡിസംബർ മാസത്തോടെ വിക്ഷേപിക്കാൻ സാധ്യതയുണ്ടെന്നാണ് രഹസ്യാന്വേഷണ വിലയിരുത്തലുകൾ സൂചിപ്പിക്കുന്നത്. മോസ്കോയ്ക്ക് സമീപം വർഷങ്ങളായി നിർമ്മിച്ച് സൂക്ഷിച്ചിരുന്ന ഈ ഉപഗ്രഹം ഭ്രമണപഥത്തിൽ എത്തിയാൽ ആഗോള ഉപഗ്രഹ ശൃംഖലയെയും സാധാരണക്കാരുടെ ദൈനംദിന ജീവിതത്തെയും എങ്ങനെ ബാധിക്കുമെന്നും, ഇതിനോട് റഷ്യയും പാശ്ചാത്യ നേതാക്കളും എങ്ങനെയാണ് പ്രതികരിക്കുന്നതെന്നും താഴെ വിശദമായി പരിശോധിക്കാം...



'സ്പുട്നിക്' – എസ് ഉപഗ്രഹവും പാശ്ചാത്യ രഹസ്യാന്വേഷണ കണ്ടെത്തലുകളും

ബഹിരാകാശത്തെ സൈനികവൽക്കരണത്തെക്കുറിച്ച് അമേരിക്കൻ, യൂറോപ്യൻ പ്രതിരോധ ഏജൻസികൾ പങ്കുവെച്ച പ്രധാന വിവരങ്ങൾ താഴെ നൽകുന്നു.

അറുപത് ദിവസത്തിനുള്ളിലെ വിക്ഷേപണ സാധ്യത

നവംബർ ആദ്യവാരം നാറ്റോ സഖ്യരാജ്യങ്ങൾക്കിടയിൽ കൈമാറിയ രഹസ്യാന്വേഷണ വിവരങ്ങൾ അനുസരിച്ച്, അടുത്ത അറുപത് ദിവസത്തിനുള്ളിൽ സ്പുട്നിക്-എസ് ഉപഗ്രഹം വിക്ഷേപിക്കാൻ സാധ്യതയുണ്ട്. ജർമ്മൻ സൈന്യത്തിന്റെ ബഹിരാകാശ വിഭാഗവും ഫെഡറൽ ഇന്റലിജൻസ് സർവീസും ഈ വിവരങ്ങൾ അതീവ ഗൗരവത്തോടെയാണ് വിലയിരുത്തുന്നത്.

പൂർണ്ണമായി നിർമ്മിച്ച ഉപഗ്രഹത്തിന്റെ സംഭരണം

മോസ്കോ മേഖലയിൽ വർഷങ്ങൾക്ക്മുൻപ്തന്നെനിർമ്മാണംപൂർത്തിയാക്കി രഹസ്യമായി സൂക്ഷിച്ചിരുന്ന ഉപഗ്രഹമാണ് വിക്ഷേപണത്തിന് ഒരുങ്ങുന്നതെന്ന് റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു. ഭ്രമണപഥത്തിൽ എത്തിയതിന് തൊട്ടുപിന്നാലെ തന്നെ ഇത് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്നതാണ് പ്രതിരോധ വിദഗ്ദ്ധരെ ആശങ്കപ്പെടുത്തുന്നത്.

മുൻകാല പരീക്ഷണങ്ങളും കോസ്മോസ് 2553 ഉപഗ്രഹവും

2022 ഫെബ്രുവരിയിൽ റഷ്യ വിക്ഷേപിച്ച കോസ്മോസ് 2553 എന്ന പരീക്ഷണ ഉപഗ്രഹം ബഹിരാകാശത്ത് ആണവായുധം വിന്യസിക്കുന്നതിനുള്ള മുന്നൊരുക്കമായിരുന്നുവെന്ന് അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസികൾ നേരത്തെ സംശയം പ്രകടിപ്പിച്ചിരുന്നു. 2026 ഒക്ടോബറിൽ യുഎസ് ഡിഫൻസ് ഇന്റലിജൻസ് ഏജൻസി പുറത്തിറക്കിയ ബഹിരാകാശ ഭീഷണി റിപ്പോർട്ടിലും ഇക്കാര്യം വ്യക്തമാക്കിയിരുന്നു.

ഭ്രമണപഥത്തിലെ ആയുധത്തെ തടയാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

ഒരിക്കൽ ആണവായുധം ഘടിപ്പിച്ച ഉപഗ്രഹം ഭൂമിയുടെ ഭ്രമണപഥത്തിൽ എത്തിക്കഴിഞ്ഞാൽ, അത് നിർവീര്യമാക്കാനോ ആയുധം പ്രയോഗിക്കുന്നത് തടയാനോ നിലവിലുള്ള പ്രതിരോധ സംവിധാനങ്ങൾക്ക് എളുപ്പത്തിൽ സാധിക്കില്ലെന്ന് സൈനിക വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നു.

ബഹിരാകാശത്തെ ആണവ സ്ഫോടനം ഭൂമിയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ

ഒരു പ്രത്യേക ഉപഗ്രഹത്തെ മാത്രം തകർക്കുന്ന പരമ്പരാഗത ആയുധങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഭ്രമണപഥത്തിലെ ആണവ സ്ഫോടനം വിവേചനരഹിതമായ നാശനഷ്ടങ്ങളാണ് ഉണ്ടാക്കുക.

ലോഎർത്ത് ഓർബിറ്റിലെ ഉപഗ്രഹങ്ങളുടെ തകർച്ച

യുഎസ് സ്പേസ് കമാൻഡ് മേധാവി ജനറൽ സ്റ്റീഫൻ വൈറ്റിംഗിന്റെയും ജർമ്മൻ സ്പേസ് കമാൻഡ് മേധാവി മേജർ ജനറൽ മൈക്കൽ ട്രൗട്ടിന്റെയും വിലയിരുത്തൽ പ്രകാരം, ബഹിരാകാശത്ത് ഒരു ആണവ സ്ഫോടനം നടന്നാൽ മണിക്കൂറുകൾക്കുള്ളിൽ ലോ എർത്ത് ഓർബിറ്റിലുള്ള മൂന്നിലൊന്ന് ഉപഗ്രഹങ്ങൾ പ്രവർത്തനരഹിതമാകും. സ്ഫോടനത്തിന് ശേഷമുള്ള വികിരണങ്ങൾ കാരണം ശേഷിക്കുന്ന ഉപഗ്രഹങ്ങൾ തുടർന്നുള്ള മാസങ്ങളിൽ തകരാറിലാകുകയും ഭ്രമണപഥം പതിറ്റാണ്ടുകളോളം ഉപയോഗശൂന്യമാകുകയും ചെയ്യും.

സാധാരണക്കാരുടെ ദൈനംദിന ജീവിതത്തിലെ സ്തംഭനം

മൊബൈൽ ഫോൺ നെറ്റ്വർക്കുകൾ, ഇന്റർനെറ്റ് സേവനങ്ങൾ, ജിപിഎസ് നാവിഗേഷൻ, കാലാവസ്ഥാ പ്രവചനം, ബാങ്കിംഗ് ധനകാര്യ ഇടപാടുകൾ എന്നിവയെല്ലാം ഉപഗ്രഹങ്ങളെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. സ്റ്റാർലിങ്ക് ഉൾപ്പെടെയുള്ള ആയിരക്കണക്കിന് വാർത്താവിനിമയ ഉപഗ്രഹങ്ങൾ തകരാറിലായാൽ ആഗോള സമ്പദ്വ്യവസ്ഥയും ഗതാഗത സംവിധാനങ്ങളും കടുത്ത പ്രതിസന്ധിയിലാകും.

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിനും റഷ്യൻ – ചൈനീസ് ഉപഗ്രഹങ്ങൾക്കുമുള്ള ഭീഷണി

ബഹിരാകാശത്തെ ആണവ വികിരണങ്ങൾ പാശ്ചാത്യ ഉപഗ്രഹങ്ങളെ മാത്രമല്ല, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തെയും റഷ്യയുടെയും ചൈനയുടെയും സ്വന്തം ഉപഗ്രഹങ്ങളെയും ഒരുപോലെ നശിപ്പിക്കും. കൂടാതെ ഭൂമിയിലെ വൈദ്യുതിവാർത്താവിനിമയ സംവിധാനങ്ങളെയും വൈദ്യുതകാന്തിക തരംഗങ്ങൾ ബാധിക്കാൻ സാധ്യതയുണ്ട്.

1967ലെ ഔട്ടർ സ്പേസ് ഉടമ്പടിയുടെ ലംഘനം

ഭൂമിയുടെ ഭ്രമണപഥത്തിൽ ആണവായുധങ്ങളോ മറ്റ് കൂട്ടനശീകരണ ആയുധങ്ങളോ സ്ഥാപിക്കുന്നത് 1967 ലെ ഔട്ടർ സ്പേസ് ഉടമ്പടിയുടെ നാലാം അനുച്ഛേദപ്രകാരം കർശനമായി നിരോധിച്ചിട്ടുള്ളതാണ്. അന്നത്തെ സോവിയറ്റ് യൂണിയൻ ഒപ്പുവെച്ച ഈ അന്താരാഷ്ട്ര കരാർ പാലിക്കാൻ റഷ്യ നിയമപരമായി ബാധ്യസ്ഥമാണ്.

അന്താരാഷ്ട്ര പ്രതികരണങ്ങളും മോസ്കോയുടെ വിശദീകരണവും

ബഹിരാകാശ സുരക്ഷയെ ചൊല്ലി ലോകനേതാക്കൾക്കിടയിൽ വലിയ നയതന്ത്ര ചർച്ചകളാണ് ഇപ്പോൾ നടക്കുന്നത്.

ജർമ്മൻ ചാൻസലറുടെയും നാറ്റോയുടെയും പ്രതികരണം

ബെർലിനിൽ നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടെയ്ക്കൊപ്പം നടത്തിയ വാർത്താസമ്മേളനത്തിൽ, പുറത്തുവന്ന റിപ്പോർട്ടുകൾ അതീവ ഞെട്ടലുണ്ടാക്കുന്നതാണെന്ന് ജർമ്മൻ ചാൻസലർ ഫ്രീഡ്രിക്ക് മെർസ് പ്രതികരിച്ചു. ബഹിരാകാശ മേഖലയിലടക്കം നാറ്റോ സഖ്യരാജ്യങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ടെന്ന് മാർക്ക് റുട്ടെയും വ്യക്തമാക്കി.

ആരോപണങ്ങൾ നിഷേധിച്ച് റഷ്യൻ എംബസി

പാശ്ചാത്യ മാധ്യമങ്ങൾ പുറത്തുവിട്ട വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും റഷ്യയ്ക്കെതിരായ വ്യാജ പ്രചാരണത്തിന്റെ ഭാഗമാണിതെന്നും ബെർലിനിലെ റഷ്യൻ എംബസി പ്രതികരിച്ചു. തങ്ങളുടെ ബഹിരാകാശ പദ്ധതികൾ പൂർണ്ണമായും സമാധാനപരമായ ആവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണെന്നും അന്താരാഷ്ട്ര നിയമങ്ങൾ പാലിക്കുന്നുണ്ടെന്നും മോസ്കോ ആവർത്തിച്ചു.

ഐക്യരാഷ്ട്രസഭയിലെ മുൻകാല പ്രമേയവും വോട്ടെടുപ്പും

ബഹിരാകാശത്ത് ആണവായുധങ്ങൾ വിന്യസിക്കുന്നത് നിരോധിക്കുന്ന ഉടമ്പടി വീണ്ടും ഉറപ്പാക്കുന്നതിനായി അമേരിക്കയും ജപ്പാനും ചേർന്ന് ഐക്യരാഷ്ട്രസഭാ രക്ഷാസമിതിയിൽ കൊണ്ടുവന്ന പ്രമേയം റഷ്യ വീറ്റോ ചെയ്തിരുന്നു. ആ വോട്ടെടുപ്പിൽ പതിമൂന്ന് അംഗരാജ്യങ്ങൾ പ്രമേയത്തെ അനുകൂലിച്ചപ്പോൾ ചൈന വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കുകയാണ് ചെയ്തത്.

ഇന്ത്യയുടെ ബഹിരാകാശ സമാധാന നയവും കരുതലും

ബഹിരാകാശത്തെ ആയുധവൽക്കരണത്തെയും മത്സരത്തെയും ഇന്ത്യ എപ്പോഴും എതിർക്കുകയും, ബഹിരാകാശ ഗവേഷണം മനുഷ്യരാശിയുടെ സമാധാനപരമായ വികസനത്തിന് മാത്രമായിരിക്കണമെന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഉപഗ്രഹ അധിഷ്ഠിത സേവനങ്ങളെ ആശ്രയിക്കുന്ന ഇന്ത്യൻ വാർത്താവിനിമയഗതിനിർണ്ണയ ശൃംഖലകളുടെ സുരക്ഷ ഉറപ്പാക്കാൻ തദ്ദേശീയ സാങ്കേതിക വിദ്യകൾ ഇന്ത്യ ശക്തിപ്പെടുത്തുന്നുണ്ട്.

ഒരു വശം പരന്ന് സ്റ്റേഡിയത്തോളം വലിയ ഗർത്തവുമായി ഛിന്നഗ്രഹം ബഹിരാകാശത്ത് കറങ്ങുന്നു, നിർണ്ണായക ചിത്രങ്ങൾ പുറത്തുവിട്ട് ഹീറ പേടകം

ഭൂമിയെ ഛിന്നഗ്രഹങ്ങളുടെ ആക്രമണത്തിൽ നിന്ന് സംരക്ഷിക്കാനുള്ള നാസയുടെ ആദ്യ പരീക്ഷണത്തിൽ ഇടിച്ചിട്ട ഡിമോർഫോസ് എന്ന ചെറിയ ഛിന്നഗ്രഹത്തിന് ഗുരുതരമായ രൂപമാറ്റം സംഭവിച്ചതായി കണ്ടെത്തൽ. ഛിന്നഗ്രഹത്തിന്റെ ഒരു വശം പൂർണ്ണമായും പരന്നതായും അവിടെ ഒരു വലിയ സ്റ്റേഡിയത്തിന്റെ വലിപ്പത്തിലുള്ള ഗർത്തം രൂപപ്പെട്ടതായും യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ ഹീറ പേടകം പകർത്തിയ പുതിയ ചിത്രങ്ങൾ വ്യക്തമാക്കുന്നു.

ഇടിയുടെ ആഘാതത്തിൽ ഈ ഛിന്നഗ്രഹം ഇപ്പോൾ ബഹിരാകാശത്ത് ക്രമരഹിതമായി കറങ്ങിക്കൊണ്ടിരിക്കുകയാണ്. 2022 സെപ്തംബറിൽ നാസയുടെ ഡാർട്ട് പേടകം ഡിമോർഫോസിലേക്ക് മനഃപൂർവ്വം ഇടിച്ചിറക്കിയതിന്റെ കൃത്യമായ ആഘാതം പഠിക്കാനാണ് ഹീറ ദൗത്യം അയച്ചത്. ഭൂമിക്ക് ഭീഷണിയാകുന്ന ബഹിരാകാശ വസ്തുക്കളുടെ സഞ്ചാരപഥം മാറ്റാൻ മനുഷ്യർക്ക് സാധിക്കുമോ എന്ന് പരീക്ഷിക്കുകയായിരുന്നു ഡാർട്ട് ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം. വലിയൊരു ഛിന്നഗ്രഹമായ ഡിഡിമോസിനെ ചുറ്റിക്കൊണ്ടിരുന്ന ഡിമോർഫോസിലേക്കാണ് അന്ന് പേടകം ഇടിച്ചിറക്കിയത്.

ഇടിയ്ക്ക് മുൻപ് മുട്ടയുടെ ആകൃതിയിലായിരുന്ന ഡിമോർഫോസിന്റെ ഘടന ഇപ്പോൾ പൂർണ്ണമായും തകർന്നിരിക്കുകയാണ്. ഛിന്നഗ്രഹത്തിന്റെ ഉപരിതലത്തിലുണ്ടായിരുന്ന പാറക്കല്ലുകളും അവശിഷ്ടങ്ങളും ബഹിരാകാശത്തേക്ക്തെറിച്ചുപോയതായുംഹീറപേടകത്തിലെ ക്യാമറകൾ ഒപ്പിയെടുത്ത ദൃശ്യങ്ങളിൽ കാണാം. ഡാർട്ട് പേടകത്തിന്റെ കൂട്ടിയിടി ഛിന്നഗ്രഹത്തിന്റെ ഭ്രമണപഥത്തിൽ പ്രതീക്ഷിച്ചതിലും വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. ഡിഡിമോസിനെ ചുറ്റാൻ ഡിമോർഫോസ് എടുത്തിരുന്ന സമയത്തിൽ മുപ്പത് മിനിറ്റിലധികം കുറവുണ്ടായതായി ശാസ്ത്രജ്ഞർ നേരത്തെ കണ്ടെത്തിയിരുന്നു.

ഹീറ പേടകം അയച്ച പുതിയ വിവരങ്ങൾ ഭാവിയിലെ ഗ്രഹപ്രതിരോധ ദൗത്യങ്ങൾക്ക് ഏറെ നിർണ്ണായകമാകുമെന്ന് ബഹിരാകാശ വിദഗ്ധർ വിലയിരുത്തുന്നു. ഭൂമിക്ക് നേരെ ഏതെങ്കിലും അപകടകരമായ ഛിന്നഗ്രഹംവരികയാണെങ്കിൽ അവയെ എങ്ങനെ ഫലപ്രദമായി വഴിതിരിച്ചുവിടാമെന്നതിനെക്കുറിച്ച് കൃത്യമായ ധാരണ നൽകാൻ ഈ പഠനത്തിന് സാധിക്കും. വരും മാസങ്ങളിൽ ഡിമോർഫോസിന് കൂടുതൽ അടുത്തേക്ക് സഞ്ചരിച്ച് അതിന്റെ പിണ്ഡവും ആന്തരിക ഘടനയും ഹീറ പേടകം വിശദമായി പരിശോധിക്കും. ബഹിരാകാശ ഗവേഷണ ചരിത്രത്തിലെ ഏറ്റവും വലിയ നാഴികക്കല്ലുകളിലൊന്നായാണ് ഈ പരീക്ഷണത്തെ ശാസ്ത്രലോകം കാണുന്നത്.



വിശ്വസുന്ദരി കിരീടം ചൂടുന്ന ആദ്യ അമ്മയായി പ്യൂർട്ടോറിക്കോ താരം! ചരിത്രം കുറിച്ച് ജെന്നിഫർ

സൗന്ദര്യമത്സര ലോകത്തെ പതിവ് നിയമങ്ങളെല്ലാം തിരുത്തിക്കുറിച്ച് പ്യൂർട്ടോ റിക്കോയുടെ ജെന്നിഫർ ബാരെറ്റോ 2026-ലെ വിശ്വസുന്ദരി കിരീടം ചൂടി. വിശ്വസുന്ദരി പട്ടം സ്വന്തമാക്കുന്ന ചരിത്രത്തിലെ ആദ്യ വിവാഹിതയും അമ്മയും എന്ന അപൂർവ്വ നേട്ടമാണ് 27-കാരിയായ ജെന്നിഫർ സ്വന്തമാക്കിയത്. പ്യൂർട്ടോ റിക്കോയുടെ തലസ്ഥാനമായ സാൻ ജുവാനിൽ നടന്ന 75-ാമത് മിസ് യൂണിവേഴ്സ് മത്സരത്തിലാണ് സ്വന്തം നാട്ടുകാർക്ക് മുന്നിൽ വെച്ച് ജെന്നിഫർ ഈ ചരിത്രവിജയം നേടിയത്. ഇതോടെ പ്യൂർട്ടോ റിക്കോയിലേക്ക് ആറാം തവണയാണ് വിശ്വസുന്ദരി കിരീടം എത്തുന്നത്. ഇരുപത് വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷമാണ് രാജ്യം ഈ അഭിമാന നേട്ടം കൈവരിക്കുന്നത്. 2006-ൽ സുലൈക റിവേരയിലൂടെയാണ് ഇതിനുമുൻപ് പ്യൂർട്ടോ റിക്കോ കിരീടം നേടിയത്.മുൻ വിശ്വസുന്ദരി മെക്സിക്കോയുടെ ഫാത്തിമ ബോഷ് ജെന്നിഫറിനെ കിരീടം അണിയിച്ചു. ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ മെലിസ ന്യൂനസ് ഫസ്റ്റ് റണ്ണറപ്പായും, വെനസ്വേലയുടെ ക്ലാര വെഗാസ് ഗോട്ട്സ് സെക്കൻഡ് റണ്ണറപ്പായും തിരഞ്ഞെടുക്കപ്പെട്ടു.ഫിലിപ്പീൻസിന്റെ ബിയ മില്ലൻ-വിൻഡോർസ്കി, ന്യൂസിലൻഡിന്റെ ജോർജിയ വാഡിംഗ്ടൺ എന്നിവർ യഥാക്രമം നാല്, അഞ്ച് സ്ഥാനങ്ങൾ നേടി. അതേസമയം, ഇന്ത്യയെ പ്രതിനിധീകരിച്ച കാസിയ ലിസ് മെജോയ്ക്ക് ആദ്യ പന്ത്രണ്ടിൽ ഇടംനേടാനായില്ല.മോഡലിംഗ് രംഗത്തോ സൗന്ദര്യമത്സരങ്ങളിലോ മുൻപരിചയമില്ലാതെയാണ് ജെന്നിഫർ ഈ നേട്ടത്തിലേക്ക് എത്തിയത് എന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. തയ്യാറെടുപ്പുകൾ തുടങ്ങിയ ശേഷം ഏകദേശം 32 കിലോയോളം ശരീരഭാരം കുറച്ചാണ് അവർ റാംപിലേക്ക് എത്തിയത്. വിവാഹിതരായ സ്ത്രീകൾക്കും അമ്മമാർക്കും മത്സരിക്കാൻ 2023-ൽ മിസ് യൂണിവേഴ്സ് സംഘാടകർ അനുമതി നൽകിയതാണ് ജെന്നിഫറിന്റെ ഈ ചരിത്രനേട്ടത്തിന് വഴിതുറന്നത്. സൈക്കോളജിയിലും ക്ലിനിക്കൽ സോഷ്യൽ വർക്കിലും ബിരുദാനന്തര ബിരുദമുള്ള ജെന്നിഫർ, അമേരിക്കൻ സൈന്യത്തിന് കീഴിൽ സേവനമനുഷ്ഠിക്കുകയാണ്. സൈനിക കുടുംബങ്ങളുടെ മാനസികാരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിലാണ് അവർ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അമേരിക്കൻ സൈനികനായ യാൻ കാർലോസ് ബാരെറ്റോയാണ് ഭർത്താവ്.

പ്രണയയാത്രയുമായി കേറ്റി പെറിയും ജസ്റ്റിൻ ട്രൂഡോയും വെനീസിൽ

പ്രശസ്ത പോപ്പ് ഗായിക കേറ്റി പെറിയും കാമുകനും കാനഡയുടെ മുൻ പ്രധാനമന്ത്രിയുമായ ജസ്റ്റിൻ ട്രൂഡോയും യൂറോപ്യൻ പര്യടനത്തിനിടെ പ്രണയനിമിഷങ്ങൾ ആഘോഷിക്കുകയാണ്. യൂറോപ്പിലെ വിവിധ ഇടങ്ങളിലൂടെ യാത്ര ചെയ്യുന്ന ഇരുവരെയും ഇറ്റലിയിലെ വെനീസിലാണ് ഏറ്റവും ഒടുവിൽ കണ്ടെത്തിയത്. നഗരക്കാഴ്ചകൾ ആസ്വദിച്ചും പരസ്പരം കൈകോർത്ത് പിടിച്ചും പ്രണയാതുരമായ നിമിഷങ്ങൾ പങ്കുവെച്ചും നടക്കുന്ന ഇരുവരുടെയും ദൃശ്യങ്ങൾ ഇതിനോടകം ശ്രദ്ധ നേടിക്കഴിഞ്ഞു. 42-കാരിയായ ഗായികയും ട്രൂഡോയും വെനീസിലെ തെരുവുകളിലൂടെ കൈകോർത്ത് നടക്കുന്നതും, വാട്ടർ ടാക്സി യാത്രയ്ക്കിടെ സെൽഫികൾ എടുക്കുന്നതും പരസ്പരം ചുംബിക്കുന്നതുമെല്ലാം പാപ്പരാസികളുടെ ക്യാമറയിൽ പതിഞ്ഞു. വിന്റർ ജാക്കറ്റുകളും ഷാളുകളും അണിഞ്ഞ് വളരെ ലളിതമായ വേഷത്തിലായിരുന്നു ഇരുവരും പുറത്തിറങ്ങിയത്.



‘താരപരിവേഷം ചികിത്സയിൽ ഒരു പ്രത്യേക പരിഗണനയും നൽകുന്നില്ല‘; മനസ്സ് തുറന്ന് ക്രിസ്റ്റീന ആപ്പിൾഗേറ്റ്



തന്റെ ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ട ചികിത്സകളിൽ താരപരിവേഷം തനിക്ക് യാതൊരുവിധ പ്രത്യേക പരിഗണനയും നൽകുന്നില്ലെന്ന് ഹോളിവുഡ് നടി ക്രിസ്റ്റീന ആപ്പിൾഗേറ്റ്. 2021-ൽ തനിക്ക് മൾട്ടിപ്പിൾ സ്ക്ലിറോസിസ് എന്ന രോഗമാണെന്ന് ഡോക്ടർമാർ തെറ്റായി നിർണ്ണയിച്ചതാണെന്ന് 54-കാരിയായ താരം കഴിഞ്ഞ മാസം വെളിപ്പെടുത്തിയിരുന്നു.നിലവിൽ മറ്റ് രോഗാവസ്ഥകളൊന്നുമില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകളിലൂടെ കടന്നുപോകുകയാണ് താരം. എന്നാൽ, തനിക്ക് വളരെ വേഗത്തിൽ എല്ലാത്തിനും ഉത്തരം കണ്ടെത്താൻ കഴിയുമെന്നാണ് ആളുകൾ പ്രതീക്ഷിക്കുന്നതെന്ന് ക്രിസ്റ്റീന പറയുന്നു.തന്റെ ’മെസ്സി’ എന്ന പോഡ്കാസ്റ്റിലൂടെയാണ് താരം ഇക്കാര്യങ്ങൾ പങ്കുവെച്ചത്. ‘ഒരു സമയത്ത് ഒരു കാര്യത്തിലൂടെ മാത്രമേ കടന്നുപോകാൻ സാധിക്കൂ. ’എന്തെങ്കിലും കണ്ടെത്താൻ കഴിഞ്ഞോ?’ എന്നാണ് എല്ലാവരും ചോദിക്കുന്നത്. എനിക്ക് എല്ലാ ഡോക്ടർമാരെയും ഒന്നിച്ച് കാണാൻ കഴിയില്ലല്ലോ,‘ ക്രിസ്റ്റീന പറഞ്ഞു. നിലവിൽ റുമറ്റോളജി വിഭാഗത്തിലെ പരിശോധനകളാണ് നടക്കുന്നതെന്നും തുടർന്ന് നാഡീ സംബന്ധമായ പരിശോധനയ്ക്ക് വിധേയയാകുമെന്നും താരം വ്യക്തമാക്കി. ഇതൊരു നീണ്ട പ്രക്രിയയാണെന്നും സമയമെടുക്കുമെന്നും അവർ കൂട്ടിച്ചേർത്തു.പ്രശസ്തി ഉള്ളതുകൊണ്ട് മാത്രം ചികിത്സ വേഗത്തിൽ ലഭിക്കുമെന്ന് ആളുകൾ തെറ്റിദ്ധരിച്ചിരിക്കുകയാണെന്ന് പോഡ്കാസ്റ്റിലെ സഹ-അവതാരകയായ ജെയ്മി-ലിൻ സിഗ്ലർ അഭിപ്രായപ്പെട്ടു. കൂടുതൽ വിവരങ്ങൾ ലഭ്യമായേക്കാം എന്നതൊഴിച്ചാൽ, നിങ്ങൾ ആരാണ് എന്നതുകൊണ്ട് മാത്രം രോഗം വേഗത്തിൽ കണ്ടെത്താൻ കഴിയില്ലെന്ന് അവർ പറഞ്ഞു. ഇതിനോട് പ്രതികരിച്ച ക്രിസ്റ്റീന, ‘അതെ, എനിക്ക് ഈ റുമറ്റോളജിസ്റ്റിന്റെ അപ്പോയിന്റ്മെന്റ് ലഭിക്കാൻ തന്നെ ഒരു മാസമെടുത്തു. നാഡീ പരിശോധന ഡിസംബറിൽ മാത്രമേയുള്ളൂ. അതുകൊണ്ട് ഇതിൽ എനിക്ക് യാതൊരു പ്രത്യേക പരിഗണനയും ലഭിക്കുന്നില്ല,‘ എന്ന് വ്യക്തമാക്കി.തെറ്റായ രോഗനിർണ്ണയമായിരുന്നുവെന്ന് അറിഞ്ഞിട്ടും തന്റെ രോഗലക്ഷണങ്ങൾക്ക് യാതൊരു കുറവും വന്നിട്ടില്ലെന്ന് ക്രിസ്റ്റീന മുൻപും പോഡ്കാസ്റ്റിൽ വിശദീകരിച്ചിരുന്നു.

‘സെക്സിയായിരിക്കുന്നത് എനിക്ക് ഇഷ്ടമാണ്; ഐറ്റംഡാൻസിനെക്കുറിച്ച് മനസ്സ് തുറന്ന് ശ്രുതി ഹാസൻ



മാസങ്ങൾക്ക് മുൻപ് തിയേറ്ററുകളിലെത്തിയ രാംചരൺ, ജാൻവി കപൂർ ചിത്രമായ ’പെദ്ധി’ക്കെതിരെ ഉയർന്ന വിവാദങ്ങളും വിമർശനങ്ങളും വലിയ ചർച്ചകൾക്ക് വഴിവെച്ചിരുന്നു. ബുച്ചി ബാബു സന സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ഗ്ലാമർ രംഗങ്ങൾക്ക് വേണ്ടി മാത്രമാണ് ജാൻവിയെ ഉപയോഗിച്ചതെന്നും അങ്ങേയറ്റം സ്ത്രീവിരുദ്ധമായാണ് കഥാപാത്രത്തെ അവതരിപ്പിച്ചതെന്നും വിമർശനങ്ങൾ ഉയർന്നിരുന്നു. ജാൻവിയും ഈ വിമർശനങ്ങളെ അനുകൂലിച്ചുകൊണ്ട് രംഗത്തെത്തിയിരുന്നു. ’പെദ്ധി’യിലെ ’ഹെല്ലല്ലോ’ എന്ന ഗാനത്തിൽ ഐറ്റം ഡാൻസറായി ശ്രുതി ഹാസനും വേഷമിട്ടിരുന്നു. ഈ ഗാനത്തിൽ അഭിനയിക്കാൻ സമ്മതിച്ചതിന് പിന്നിലെ കാരണങ്ങൾ ഇപ്പോൾ വ്യക്തമാക്കിയിരിക്കുകയാണ് ശ്രുതി. പ്രമുഖ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് ശ്രുതി തന്റെ നിലപാടുകൾ തുറന്നുപറഞ്ഞത്. ‘സിനിമകളിൽ എന്തിനാണ് ഇത്തരം പ്രത്യേക ഗാനങ്ങൾ ആവശ്യമുള്ളതെന്ന് ഞാൻ എപ്പോഴും ചോദിക്കാറുണ്ട്. എനിക്ക് നൃത്തം ചെയ്യാൻ ഇഷ്ടമാണ്, അത് വളരെ വ്യക്തമായിത്തന്നെ പറയട്ടെ. വ്യത്യസ്തമായ വേഷവിധാനങ്ങൾ പരീക്ഷിക്കാനും എനിക്ക് ഇഷ്ടമാണ്. ഇതാണ് ഇത്തരം കാര്യങ്ങളെ ഞാൻ സമീപിക്കുന്ന രീതി. ഇത്തരത്തിൽ ചിത്രീകരിക്കുന്നതിനെക്കുറിച്ചുമുള്ള ചർച്ചകൾ തനിക്ക് മനസ്സിലാകുന്നുണ്ടെന്നും ശ്രുതി സമ്മതിച്ചു. ‘ഇതിനെക്കുറിച്ചുള്ള ചർച്ചകൾ എനിക്ക് മനസ്സിലാകുന്നുണ്ട്. എന്നാൽ സത്യസന്ധമായി പറഞ്ഞാൽ, എന്റെ സമീപനം ഇതാണ്: നൃത്തം ചെയ്യുന്നതും, നൃത്തസംവിധാനം ചെയ്യുന്നതും, ആകർഷകമായിരിക്കുന്നതും എനിക്ക് ആസ്വാദ്യകരമാണ്. ഇതൊരു പ്രത്യേകതരം കാഴ്ചപ്പാടിന് വഴങ്ങിക്കൊടുക്കുന്ന ഒന്നല്ല. അവർ വ്യക്തമാക്കി.

'96' സംവിധായകനോടൊപ്പം ഫഹദ്; 'അശരീരി'ക്ക് തുടക്കം



'96', 'മെയ്യഴകൻ' എന്നീ ചിത്രങ്ങൾക്ക് ശേഷം തമിഴ് സംവിധായകൻ സി. പ്രേംകുമാർ ഒരുക്കുന്ന പുതിയ ചിത്രത്തിൻറെ ടൈറ്റിലും റിലീസ് തീയതിയും ഔദ്യോഗികമായി പ്രഖ്യാപിച്ചു. മലയാളത്തിൻറെ പ്രിയതാരം ഫഹദ് ഫാസിൽ നായകനാകുന്ന ഈ ചിത്രത്തിന് 'അശരീരി' എന്നാണ് പേരിട്ടിരിക്കുന്നത്. 2027 ജനുവരി ഒന്നിന് പുതുവത്സര റിലീസായി ചിത്രം ആഗോളതലത്തിൽ തിയേറ്ററുകളിലെത്തും.വ്യത്യസ്തമായ കഥാപാത്രങ്ങളിലൂടെയും സ്വാഭാവിക അഭിനയത്തിലൂടെയും ശ്രദ്ധേയനായ ഫഹദ് ഫാസിൽ ആദ്യമായി സി. പ്രേംകുമാറിനൊപ്പം ഒന്നിക്കുന്ന ചിത്രമെന്ന പ്രത്യേകതയും 'അശരീരി'ക്കുണ്ട്. ശിവദ, ചേതൻ, ഗീത, ഹരീഷ് ഉത്തമൻ, കരുണാകരൻ, ശരൺ എന്നിവരും പ്രധാന വേഷങ്ങളിൽ എത്തുന്നു.വേൽസ് ഫിലിംസ് ഇൻറർനാഷണലിൻറെ ബാനറിൽ ഡോ.ഇഷാരി കെ ഗണേഷ് മൺസൂൺ മൂവീസുമായാണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത്.

'ദി റിംഗ്സ് ഓഫ് പവർ' നാലാം സീസൺ വരുന്നു

ആമസോൺ പ്രൈം വീഡിയോയുടെ പ്രശസ്ത പരമ്പരയായ 'ലോർഡ് ഓഫ് ദി റിംഗ്സ്: ദി റിംഗ്സ് ഓഫ് പവർ' മൂന്നാം സീസണിന് തിരശ്ശീല വീഴുകയാണ്. എന്നാൽ പരമ്പര അവസാനിക്കുന്നതിന് മുൻപ് തന്നെ ആരാധകർക്കായി മറ്റൊരു വലിയ സന്തോഷവാർത്ത ആമസോൺ പുറത്തുവിട്ടിരിക്കുകയാണ്; പരമ്പരയുടെ നാലാം സീസൺ ഔദ്യോഗികമായി പ്രഖ്യാപിച്ചു.'ഇന്നത്തെ അവസാന എപ്പിസോഡ് ഒരു തുടക്കം മാത്രമാണ്' എന്ന് കുറിച്ചുകൊണ്ട് പരമ്പരയുടെ ഔദ്യോഗിക സമൂഹമാധ്യമ പേജുകളിലൂടെയാണ് ഈ പ്രഖ്യാപനം വന്നത്. ഷോറണ്ണർമാരും എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമാരുമായ ജെ.ഡി. പെയ്നും പാട്രിക് മക്കേയും നാലാം സീസണിലും തിരിച്ചെത്തും.



അതിജീവന യാത്രയുമായി കേറ്റ് മിഡിൽടൺ; ഡോക്യുമെന്ററി തരംഗമാകുന്നു

കാൻസർ രോഗനിർണയവും തുടർന്നുള്ള ചികിത്സയും തന്റെ ജീവിതവീക്ഷണത്തെ എത്രത്തോളം ആഴത്തിൽ മാറ്റിമറിച്ചുവെന്ന് തുറന്നു പറഞ്ഞ് ബ്രിട്ടീഷ് രാജകുടുംബാംഗവും വെയിൽസ് രാജകുമാരിയുമായ കേറ്റ് മിഡിൽടൺ. 'ഹീൽ' എന്ന പേരിൽ പുറത്തിറങ്ങുന്ന പുതിയ ഡോക്യുമെന്ററിയുടെ ട്രെയിലറിലാണ്, സഹോദരൻ ജെയിംസ് മിഡിൽടണുമായുള്ള സംഭാഷണത്തിനിടെ കേറ്റ് തന്റെ അതിജീവന യാത്രയെക്കുറിച്ച് വൈകാരികമായി സംസാരിക്കുന്നത്. വെയിൽസ് രാജകുമാരി കേറ്റ് മിഡിൽടണിന്റെ 'ഹീൽ' എന്ന പുതിയ ഡോക്യുമെന്ററി പ്രോജക്റ്റ് പലർക്കും വലിയൊരു അപ്രതീക്ഷിത വാർത്തയായിരുന്നെങ്കിലും, ഇതിനെക്കുറിച്ചുള്ള ചില സൂചനകൾ രാജകുമാരി നേരത്തെ തന്നെ നൽകിയിരുന്നു. ജൂൺ മാസത്തിൽ കുടുംബത്തിന്റെ പിന്തുണയോടെ 'നാഷണൽ ട്രീ പീക്സ് ചലഞ്ച്' പൂർത്തിയാക്കിയപ്പോഴാണ് ഇതിന്റെ ഏറ്റവും വ്യക്തമായ സൂചന ലഭിച്ചത്.2024 ജനുവരിയിൽ നടന്ന വലിയൊരു ഉദര ശസ്ത്രക്രിയയ്ക്ക് പിന്നാലെയാണ് കേറ്റ് മിഡിൽടണിന് കാൻസർ രോഗബാധ സ്ഥിരീകരിച്ചത്. തുടർന്ന് 2024 മാർച്ച് 22-ന് അവർ തന്റെ രോഗവിവരം പൊതുസമൂഹത്തെ ഔദ്യോഗികമായി അറിയിച്ചു. കാൻസറിനെതിരായ തന്റെ പോരാട്ടം, രോഗത്തെയും കഠിനമായ ചികിത്സാ രീതികളെയും നേരിട്ട വിധം, രോഗമുക്തി നേടി ജീവിതത്തിലേക്ക് തിരികെ വരുന്ന യാത്ര എന്നിവയാണ് 'ഹീൽ' എന്ന ഡോക്യുമെന്ററിയിലൂടെ പങ്കുവെക്കുന്നത്.തന്റെ കാൻസർ യാത്രയെക്കുറിച്ച് ഒരു ഡോക്യുമെന്ററി പുറത്തിറക്കാൻ പോകുന്നുവെന്ന സൂചന കേറ്റ് നേരത്തെ തന്നെ നൽകിയിരുന്നു. ജൂണിൽ 'നാഷണൽ ട്രീ പീക്സ് ചലഞ്ച്' പൂർത്തിയാക്കിയതിലൂടെ സ്കോട്ട്ലൻഡ്, ഇംഗ്ലണ്ട്, വെയിൽസ് എന്നിവിടങ്ങളിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടികൾ 24 മണിക്കൂറിനുള്ളിൽ അവർ കീഴടക്കി. രോഗനിർണ്ണയത്തിന് ശേഷം താൻ ചികിത്സ തേടിയ 'ദി റോയൽ മാർസ്ഡൻ കാൻസർ ചാരിറ്റി'യെ പിന്തുണയ്ക്കുന്നതിനായാണ് രാജകുമാരി ഈ സാഹസിക യാത്ര നടത്തിയത്.ഡോക്യുമെന്ററി ഉടൻ പുറത്തിറങ്ങുമെന്ന് പ്രഖ്യാപിച്ചതിന് പിന്നാലെ, പഴയ പർവതാരോഹണ ദൃശ്യങ്ങൾ പരിശോധിച്ച ആരാധകരും സമൂഹമാധ്യമ ഉപയോക്താക്കളും ചില പ്രധാന കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. യാത്രയ്ക്കിടെ കേറ്റ് മിഡിൽടണിന്റെ ബാഗിൽ ഒരു മൈക്രോഫോൺ ഘടിപ്പിച്ചിരുന്നതായി ദൃശ്യങ്ങളിൽ വ്യക്തമായിരുന്നു.

ബോക്സ് ഓഫീസ് കീഴടക്കി 'രാമായണം' ഇനി മുന്നിൽ 'പുഷ്പ 2'



ആഗോള ബോക്സ് ഓഫീസിൽ കുതിപ്പ് തുടരുന്ന 'രാമായണം: പാർട്ട് വൺ' അല്ലു അർജുൻ ചിത്രമായ 'പുഷ്പ 2'-വിന്റെ റെക്കോർഡിന് തൊട്ടരികിൽ. തിയേറ്ററുകളിലെത്തി ആദ്യ 20 ദിവസത്തിനുള്ളിൽ 1,735.15 കോടി രൂപയാണ് ചിത്രം ആഗോളതലത്തിൽ വാരിക്കൂട്ടിയത്. ഇതോടെ ലോകമെമ്പാടും ഏറ്റവും കൂടുതൽ കളക്ഷൻ നേടുന്ന ഇന്ത്യൻ ചിത്രങ്ങളുടെ പട്ടികയിൽ അഞ്ചാം സ്ഥാനത്തേക്ക് രൺബീർ കപൂറും യഷും ഒന്നിച്ച ഈ ബ്രഹ്മാണ്ഡ ചിത്രം എത്തിച്ചേർന്നു. പ്രമുഖ ട്രേഡ് അനലിസ്റ്റുകളായ സാക്നിൽക്കിന്റെ കണക്കുകൾ പ്രകാരം, നാലാം സ്ഥാനത്തുള്ള 'പുഷ്പ 2'-വിനെ മറികടക്കാൻ ചിത്രത്തിന് ഇനി വെറും 6.85 കോടി രൂപ കൂടി മതിയാകും. 1,742 കോടി രൂപയാണ് 'പുഷ്പ 2'-വിന്റെ ആഗോള കളക്ഷൻ. റിലീസിന്റെ 20-ാം ദിവസം ഇന്ത്യയിൽ നിന്ന് 17.50 കോടി രൂപ നെറ്റ് കളക്ഷൻ നേടാൻ 'രാമായണ'ത്തിന് സാധിച്ചു.19-ാം ദിവസത്തെ കളക്ഷനായ 12.70 കോടി രൂപയേക്കാൾ 37.8 ശതമാനം വർദ്ധനവാണ് ഇരുപതാം ദിവസം രേഖപ്പെടുത്തിയത്. 2,070 കോടി രൂപയുമായി 'ദംഗൽ' ആണ് ആഗോളതലത്തിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ഇന്ത്യൻ ചിത്രങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ളത്. 1,813.40 കോടി രൂപ നേടിയ 'ധുരന്ധർ 2' രണ്ടാം സ്ഥാനത്തും, 1,788 കോടി രൂപയുമായി 'ബാഹുബലി 2' മൂന്നാം സ്ഥാനത്തും തുടരുന്നു.നാലാം സ്ഥാനത്ത് 'പുഷ്പ 2'-വും (1,742 കോടി) അഞ്ചാം സ്ഥാനത്ത് 'രാമായണ'വുമാണ് (1,735.15 കോടി) ഉള്ളത്. ഇന്ത്യയിൽ നിന്ന് മാത്രം 1,162.15 കോടി രൂപ ഗ്രോസ് കളക്ഷൻ നേടിയ ചിത്രത്തിന്റെ ആഭ്യന്തര നെറ്റ് കളക്ഷൻ 972.95 കോടി രൂപയിലെത്തി. വിദേശ മാർക്കറ്റുകളിൽ നിന്ന് 573 കോടി രൂപയാണ് ചിത്രം സ്വന്തമാക്കിയത്.

ആരാധകർക്ക് ആവേശമായി 'ടെഡ് ലാസ്സോ' അഞ്ചാം സീസൺ

പ്രശസ്ത ഹാസ്യ പരമ്പരയായ 'ടെഡ് ലാസ്സോ'യുടെ അഞ്ചാം സീസൺ ഔദ്യോഗികമായി പ്രഖ്യാപിച്ച് ആപ്പിൾ ടിവി. പ്രേക്ഷകരുടെ പ്രിയപ്പെട്ട ഫുട്ബോൾ പരിശീലകന്റെ വേഷത്തിൽ ജേസൺ സുഡെയ്കിസ് വീണ്ടും തിരിച്ചെത്തുമെന്ന് സ്ട്രീമിംഗ് പ്ലാറ്റ്ഫോം അറിയിച്ചു.നാലാം സീസണിന്റെ അവസാന എപ്പിസോഡ് പുറത്തിറങ്ങി ഏകദേശം ഒരു മാസത്തിന് ശേഷമാണ് പുതിയ സീസണിനെക്കുറിച്ചുള്ള ഈ സന്തോഷവാർത്ത എത്തുന്നത്. മൂന്ന് വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷം തിരിച്ചെത്തിയ നാലാം സീസണിന് ലഭിച്ച മികച്ച സ്വീകാര്യതയാണ് പരമ്പരയുടെ അഞ്ചാം ഭാഗത്തിന് വഴിതുറന്നതെന്നാണ് റിപ്പോർട്ടുകൾ.ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ എപ്പിസോഡുകളായി പുറത്തിറങ്ങിയ നാലാം സീസണിന് നിരൂപകരിൽ നിന്നും പ്രേക്ഷകരിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.



ചൈന–പാക്കിസ്ഥാൻ സഖ്യത്തിന്റെ ചാരക്കണ്ണുകളെ തടയാൻ ഇന്ത്യ നടത്തുന്ന ഒരുക്കങ്ങൾ!

ഭൂമിയിലെ കരനാവികവ്യോമ അതിർത്തികൾക്കപ്പുറം, നൂറുകണക്കിന് കിലോമീറ്ററുകൾ ഉയരത്തിലുള്ള ബഹിരാകാശ ഭ്രമണപഥത്തിൽ നിന്നും ഇന്ത്യയുടെ ഓരോ ഇഞ്ച് ഭൂപ്രദേശത്തെയും ഇരുപത്തിനാല് മണിക്കൂറും ഇടതടവില്ലാതെ നിരീക്ഷിക്കുന്ന ചൈന-പാക്കിസ്ഥാൻ സംയുക്ത ഉപഗ്രഹ ശൃംഖല രാജ്യത്തിന്റെ ദേശീയ സുരക്ഷയ്ക്ക് പുതിയ വെല്ലുവിളികൾ ഉയർത്തുകയാണ്!

ഏറ്റവും പുതിയ പ്രതിരോധബഹിരാകാശ അന്വേഷണ റിപ്പോർട്ടുകൾ പ്രകാരം, 2025 ജനുവരിക്കും 2026 ജൂണിനും ഇടയിൽ ചൈനീസ് റോക്കറ്റുകളുടെ സഹായത്തോടെ പാക്കിസ്ഥാൻ ആറ് പുതിയ ഭൗമനിരീക്ഷണ ഉപഗ്രഹങ്ങൾ ഭ്രമണപഥത്തിൽ എത്തിക്കുകയും, അവ ചൈനയുടെ അത്യാധുനിക യാവോഗാൻ41 ഉപഗ്രഹ ശൃംഖലയുമായി ചേർന്ന് ഇന്ത്യൻ സൈനിക താവളങ്ങളെ തുടർച്ചയായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

2025 മേയ് മാസത്തിൽ നടന്ന 'ഓപ്പറേഷൻ സിന്ദൂർ' സൈനിക നടപടിക്കിടെ ഗുജറാത്തിലെ ഭുജ്, നാലിയ, ജാംനഗർ എന്നിവിടങ്ങളിലെ തന്ത്രപ്രധാന കേന്ദ്രങ്ങൾക്ക് മുകളിലൂടെ ചൈനീസ് ചാര ഉപഗ്രഹങ്ങൾ അസാധാരണമായി സഞ്ചരിച്ചിരുന്നുവെന്ന കണ്ടെത്തലുകൾ ഈ സഖ്യത്തിന്റെ ആഴം വ്യക്തമാക്കുന്നു.

അയൽരാജ്യങ്ങളുടെ ഈ സംയുക്ത ബഹിരാകാശ നിരീക്ഷണം ഇന്ത്യയെ എങ്ങനെയെല്ലാം ബാധിക്കുന്നുവെന്നും, ഭാവിയിലെ യുദ്ധസാഹചര്യങ്ങളിൽ ഇത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളും, ഇവയെ നേരിടാൻ ഇന്ത്യ ഒരുക്കുന്ന ശക്തമായ പ്രത്യാക്രമണ പ്രതിരോധ തന്ത്രങ്ങളും താഴെ വിശദമായി പരിശോധിക്കാം...

ചൈന–പാക്കിസ്ഥാൻ ഉപഗ്രഹ സഖ്യവും ഇന്ത്യയ്ക്ക് നേരെയുള്ള നിരീക്ഷണ വലയവും

അതിർത്തിയിലെ സൈനിക വിന്യാസങ്ങളും തന്ത്രപ്രധാന അടിസ്ഥാന സൗകര്യങ്ങളും തത്സമയം നിരീക്ഷിക്കുന്നതിനായി ഇരുരാജ്യങ്ങളും ചേർന്ന് ഒരുക്കിയിരിക്കുന്ന ബഹിരാകാശ സംവിധാനങ്ങളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

പതിനെട്ട് മാസത്തിനിടെ പാക്കിസ്ഥാൻ വിക്ഷേപിച്ച ആറ് ഉപഗ്രഹങ്ങൾ



2025 ജനുവരിക്കും 2026 ജൂണിനും ഇടയിൽ പാക്കിസ്ഥാൻ ആറ് ഉപഗ്രഹങ്ങളാണ് ഭ്രമണപഥത്തിൽ എത്തിച്ചത്. ഇതിൽ അഞ്ച് ഭൗമനിരീക്ഷണ ഉപഗ്രഹങ്ങളും വിക്ഷേപിച്ചത് ചൈനീസ് വിക്ഷേപണ കേന്ദ്രങ്ങളിൽ നിന്ന് ചൈനയുടെ തന്നെ റോക്കറ്റുകൾ ഉപയോഗിച്ചാണ്. ഇന്ത്യൻ ഭൂപ്രദേശങ്ങളെ മാത്രം ലക്ഷ്യമിട്ട് ഭ്രമണപഥത്തിൽ ക്രമീകരിച്ചിരിക്കുന്ന ഇവ പാക്കിസ്ഥാന്റെ ഇന്റലിജൻസ്, നിരീക്ഷണ ശേഷികൾ പലമടങ്ങ് വർദ്ധിപ്പിച്ചിട്ടുണ്ട്.

യാവോഗാൻ–41 ഉപഗ്രഹവും തുടർച്ചയായ കവറേജും

പാക്കിസ്ഥാന്റെ ഉപഗ്രഹങ്ങൾക്ക് പുറമെ, ചൈനയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ യാവോഗാൻ-41 ഇന്ത്യൻ ഉപഭൂഖണ്ഡത്തിന് മുകളിൽ ഇരുപത്തിനാല് മണിക്കൂറും തുടർച്ചയായ നിരീക്ഷണം ഉറപ്പാക്കുന്നു. പാക്കിസ്ഥാന്റെയും ചൈനയുടെയും ഉപഗ്രഹങ്ങൾ കൈമാറുന്ന വിവരങ്ങൾ സംയോജിപ്പിക്കുമ്പോൾ, ഇന്ത്യയിലെ ഒരു പ്രദേശവും ഇവരുടെ ചാരക്കണ്ണുകളിൽ നിന്ന് മറഞ്ഞിരിക്കാത്ത അവസ്ഥയാണ് സൃഷ്ടിക്കപ്പെടുന്നത്.

ഓപ്പറേഷൻ സിന്ദൂർ വേളയിലെ അസാധാരണ ഉപഗ്രഹ നീക്കങ്ങൾ

2025ൽ പഹൽഗാം ഭീകരാക്രമണത്തിന് തൊട്ടുമുൻപും, തുടർന്ന് ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂർ സൈനിക നടപടിക്കിടയിലും ചൈനീസ് ഉപഗ്രഹങ്ങൾ ഇന്ത്യൻ പ്രദേശങ്ങൾക്ക് മുകളിലൂടെയുള്ള നിരീക്ഷണം ഇരട്ടിയാക്കിയിരുന്നു. ഗുജറാത്തിലെ ഭുജ്, നാലിയ, ജാംനഗർ വ്യോമനാവിക താവളങ്ങൾക്ക് മുകളിൽ മൂന്ന് ചൈനീസ് ഉപഗ്രഹങ്ങൾ തുടർച്ചയായി കേന്ദ്രീകരിച്ചിരുന്നതായി ബെംഗളൂരു ആസ്ഥാനമായുള്ള ബഹിരാകാശ നിരീക്ഷണ സ്ഥാപനമായ ദിഗന്തരയുടെ പഠനങ്ങൾ വ്യക്തമാക്കുന്നു.

ചൈനീസ് ബഹിരാകാശ നിലയവും സംയുക്ത ദൗത്യങ്ങളും

ചൈനയുടെടിയാൻഗോങ്ബഹിരാകാശ നിലയത്തിലേക്ക് ആദ്യ വിദേശ സഞ്ചാരിയായിപാക്കിസ്ഥാന്റെസീഷാൻ അലിയെ അയക്കാനുള്ള ഷെൻഷൗ 24 ദൗത്യം ഇരുരാജ്യങ്ങളും തമ്മിലുള്ള ബഹിരാകാശ പങ്കാളിത്തം കൂടുതൽ ആഴത്തിലായതിന്റെ തെളിവാണ്.

ഭാവിയിലെ യുദ്ധസാഹചര്യങ്ങളിലും ഇന്ത്യൻ സുരക്ഷയിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ

അയൽരാജ്യങ്ങൾക്ക് ലഭിക്കുന്ന തത്സമയ ഉപഗ്രഹ വിവരങ്ങൾ ഇന്ത്യയുടെ പ്രതിരോധ ആസൂത്രണത്തെയും യുദ്ധതന്ത്രങ്ങളെയും നേരിട്ട് സ്വാധീനിക്കുന്നു.

സൈനിക നീക്കങ്ങളുടെ രഹസ്യസ്വഭാവം നഷ്ടപ്പെടുന്ന വെല്ലുവിളി

കരസേനയുടെയും വ്യോമസേനയുടെയും നാവികസേനയുടെയും നീക്കങ്ങൾ, മിസൈൽ വിന്യാസങ്ങൾ, അതിർത്തിയിലെ പുതിയ നിർമ്മാണങ്ങൾ എന്നിവയെല്ലാം തത്സമയം തിരിച്ചറിയാൻ ഈ ഉപഗ്രഹ ശൃംഖലയിലൂടെ സാധിക്കും. ഇത് സൈനിക നീക്കങ്ങളിലെ അപ്രതീക്ഷിതത്വം നിലനിർത്തുന്നതിൽ ഇന്ത്യൻ സേനയ്ക്ക് വലിയ വെല്ലുവിളികൾ ഉയർത്തുന്നു.

ഭാവിയിലെ ഇന്ത്യ–പാക്കിസ്ഥാൻ സംഘർഷങ്ങളിലെ നിർണ്ണായക ഘടകം

ഭാവിയിൽ പാക്കിസ്ഥാനുമായി ഏതെങ്കിലും തരത്തിലുള്ള സൈനിക ഏറ്റുമുട്ടൽ ഉണ്ടായാൽ, ചൈന നേരിട്ട് യുദ്ധത്തിൽ ഇറങ്ങാതെ തന്നെ തങ്ങളുടെ ഉപഗ്രഹങ്ങൾ വഴി ലഭിക്കുന്ന കൃത്യമായ ലക്ഷ്യസ്ഥാനങ്ങളുടെ വിവരങ്ങൾ ഇസ്ലാമാബാദിന് കൈമാറാൻ സാധ്യതയുണ്ട്. ഡ്രോണുകൾ, റഡാറുകൾ, ഉപഗ്രഹങ്ങൾ എന്നിവ സംയോജിപ്പിച്ചുള്ള ആധുനിക നിരീക്ഷണ സംവിധാനം വഴി പാക്കിസ്ഥാന് കൃത്യതയാർന്ന ആക്രമണങ്ങൾ നടത്താൻ ഇത് സഹായകമാകും.

പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫിന്റെ ഭരണകൂടത്തിന്റെ ആശ്രിതത്വം

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പ്രതിരോധബഹിരാകാശ മേഖലകളിൽ പാക്കിസ്ഥാൻ പൂർണ്ണമായി ബെയ്ജിംഗിനെയാണ് ആശ്രയിക്കുന്നത്. ഇത് ദക്ഷിണേഷ്യൻ മേഖലയിൽ ഒരേസമയം രണ്ട് അതിർത്തികളിൽ ജാഗ്രത പാലിക്കേണ്ട സാഹചര്യം ഇന്ത്യയ്ക്ക് സൃഷ്ടിക്കുന്നു.

അയൽരാജ്യങ്ങളുടെ ചാരക്കണ്ണുകളെ തകർക്കാൻ ഇന്ത്യ ഒരുക്കുന്ന പ്രത്യാക്രമണ തന്ത്രങ്ങൾ

ബഹിരാകാശത്തെ പുതിയ യുദ്ധമുഖം മുന്നിൽക്കണ്ട് ശക്തമായ പ്രതിരോധപ്രത്യാക്രമണ പദ്ധതികളാണ് ഇന്ത്യൻ സർക്കാരും പ്രതിരോധ ഏജൻസികളും നടപ്പിലാക്കുന്നത്.

അൻപത്തിരണ്ട് നിരീക്ഷണ ഉപഗ്രഹങ്ങളുടെ വൻ ശൃംഖല

ചൈനയെയും പാക്കിസ്ഥാനെയും ഇരുപത്തിനാല് മണിക്കൂറും നിരീക്ഷിക്കുന്നതിനായി 'സ്പേസ് ബേസ്ഡ് സർവൈലൻസ് മൂന്നാം ഘട്ടം' പദ്ധതിയിലൂടെ അൻപത്തിരണ്ട് അത്യാധുനിക ഉപഗ്രഹങ്ങൾ വിക്ഷേപിക്കാൻ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. രാത്രികാലങ്ങളിലും മേഘാവൃതമായ കാലാവസ്ഥയിലും കൃത്യമായ ചിത്രങ്ങൾ പകർത്താൻ ശേഷിയുള്ള സിന്തറ്റിക് അപ്പർച്ചർ റഡാറുകളാണ് ഈ ഉപഗ്രഹങ്ങളിൽ ഘടിപ്പിക്കുന്നത്.

സ്വകാര്യ ബഹിരാകാശ സ്റ്റാർട്ടപ്പുകളുടെ പങ്കാളിത്തം

ഈ അൻപത്തിരണ്ട് ഉപഗ്രഹങ്ങളിൽ മുപ്പത്തിയൊന്നെണ്ണവും നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നത് ഇന്ത്യയിലെ സ്വകാര്യ ബഹിരാകാശ കമ്പനികളാണ്. ഇസ്രോയും ഡിആർഡിഒയും ഇൻസ്പേസും സംയുക്തമായി പ്രവർത്തിക്കുന്നതിലൂടെ അതിവേഗം പുതിയ ഉപഗ്രഹങ്ങൾ ഭ്രമണപഥത്തിൽ എത്തിക്കാൻ ഇന്ത്യയ്ക്ക് സാധിക്കുന്നു.

കൗണ്ടർസ്പേസ് ശേഷിയും ഇലക്ട്രോണിക് വാർഫെയറും

ശത്രുരാജ്യങ്ങളുടെ ഉപഗ്രഹങ്ങളുടെ ആശയവിനിമയം തടസ്സപ്പെടുത്താനും, അവയുടെ സെൻസറുകളെ അന്ധമാക്കാനും ശേഷിയുള്ള ഇലക്ട്രോണിക് വാർഫെയർ, കൗണ്ടർസ്പേസ് സാങ്കേതികവിദ്യകൾ ഇന്ത്യ വികസിപ്പിക്കുകയാണ്. ഭ്രമണപഥത്തിലെ ഉപഗ്രഹങ്ങളെ തകർക്കാൻ ശേഷിയുള്ള 'മിഷൻ ശക്തി' ആന്റിസാറ്റലൈറ്റ് മിസൈൽ ശേഷി ഇന്ത്യയ്ക്ക് നേരത്തെ തന്നെയുണ്ട്.

ബഹിരാകാശ പ്രതിരോധ കമാൻഡും അന്താരാഷ്ട്ര സഹകരണവും

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗിന്റെയും നേതൃത്വത്തിൽ സംയുക്ത സൈനിക ബഹിരാകാശ നയം രൂപീകരിക്കുകയും, ഡിഫൻസ് സ്പേസ് ഏജൻസിയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അമേരിക്ക ഉൾപ്പെടെയുള്ള സഖ്യരാജ്യങ്ങളുമായി ബഹിരാകാശ നിരീക്ഷണ വിവരങ്ങൾ പങ്കുവെക്കുന്നതിലൂടെ ചൈനപാക്കിസ്ഥാൻ നീക്കങ്ങളെ കൃത്യമായി പ്രതിരോധിക്കാൻ ഇന്ത്യ സജ്ജമാണ്.

ആണവായുധശേഖരം ഇരട്ടിയാക്കാൻ ഉത്തരകൊറിയ; വിവിധമേഖലകളിൽ തന്ത്രപ്രധാന ആണവായുധങ്ങൾ വിന്യസിക്കണമെന്ന് കിംജോങ് ഉൻ

രാജ്യത്തിന്റെ പ്രതിരോധ ശേഷി ശക്തമാക്കുന്നതിന്റെ ഭാഗമായി വിവിധ സൈനിക മേഖലകളിൽ തന്ത്രപ്രധാന ആണവായുധങ്ങൾ വിന്യസിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഉത്തരകൊറിയൻ ഭരണാധികാരി കിം ജോങ് ഉൻ ആഹ്വാനം ചെയ്തു. ആണവ വസ്തുക്കളുടെ ഉൽപ്പാദന ശേഷി ആസൂത്രിതമായി വർദ്ധിപ്പിച്ചുവരികയാണെന്നും ഉത്തരകൊറിയൻ ഔദ്യോഗിക വാർത്താ ഏജൻസിയായ കെസിഎൻഎ റിപ്പോർട്ട് ചെയ്തു.

കര, നാവിക, വ്യോമ സേനകൾ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളിൽ തന്ത്രപ്രധാന ആണവായുധങ്ങൾ പ്രയോഗിക്കാൻ സാധിക്കുന്ന രീതിയിൽ സജ്ജീകരണങ്ങൾ ഒരുക്കാനാണ് കിം ജോങ് ഉൻ നിർദ്ദേശം നൽകിയിരിക്കുന്നത്. ആണവായുധങ്ങളുടെ എണ്ണം വേഗത്തിൽ വർദ്ധിപ്പിക്കേണ്ടത് രാജ്യത്തിന്റെ സുരക്ഷയ്ക്ക് അനിവാര്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

അമേരിക്കയുടെയും ദക്ഷിണ കൊറിയയുടെയും ഭാഗത്തുനിന്നുണ്ടാകുന്ന സൈനിക നീക്കങ്ങളെ പ്രതിരോധിക്കാനാണ് ഉത്തരകൊറിയ ഈ കടുത്ത നടപടികളിലേക്ക് നീങ്ങുന്നത്. കൊറിയൻ ഉപദ്വീപിൽ അമേരിക്കയും സഖ്യകക്ഷികളും നടത്തുന്ന സംയുക്ത സൈനികാഭ്യാസങ്ങൾ മേഖലയിലെ സമാധാനത്തിന് ഭീഷണിയാണെന്ന് പ്യോങ്യാങ് ആവർത്തിച്ച് ആരോപിക്കുന്നു.



ആണവായുധ നിർമ്മാണത്തിനാവശ്യമായ യുറേനിയം സമ്പുഷ്ടീകരണവും പ്ലൂട്ടോണിയം ഉൽപ്പാദനവും ഉത്തരകൊറിയ ഇതിനകം തന്നെ ശക്തമാക്കിയിട്ടുണ്ട്. പുതിയ ആണവ നിലയങ്ങളും പരീക്ഷണ കേന്ദ്രങ്ങളും സന്ദർശിച്ച ശേഷമാണ് കിം ജോങ് ഉൻ തന്റെ നിലപാട് കടുപ്പിച്ചത്.

ഹ്രസ്വദൂര ബാലിസ്റ്റിക് മിസൈലുകളിലും അന്തർവാഹിനികളിലും ഘടിപ്പിക്കാൻ കഴിയുന്ന ചെറിയ ആണവ പോർമുനകൾ വികസിപ്പിക്കുന്നതിനാണ് ഉത്തരകൊറിയ ഇപ്പോൾ മുൻഗണന നൽകുന്നത്. യുദ്ധസാഹചര്യമുണ്ടായാൽ അതിവേഗം പ്രത്യാക്രമണം നടത്താൻ ഇത്തരം തന്ത്രപ്രധാന ആണവായുധങ്ങൾ സഹായിക്കുമെന്നാണ് അവരുടെ വിലയിരുത്തൽ.

അന്താരാഷ്ട്ര ഉപരോധങ്ങളും ഐക്യരാഷ്ട്രസഭയുടെ മുന്നറിയിപ്പുകളും അവഗണിച്ചാണ് ഉത്തരകൊറിയ തങ്ങളുടെ ആണവ പദ്ധതികളുമായി മുന്നോട്ട് പോകുന്നത്. കിം ജോങ് ഉന്നിന്റെ പുതിയ പ്രസ്താവന ദക്ഷിണ കൊറിയയിലും ജപ്പാനിലും വലിയ സുരക്ഷാ ആശങ്കകൾക്ക് ഇടയാക്കിയിട്ടുണ്ട്.

മേഖലയിലെ സാഹചര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് അമേരിക്കൻ പ്രതിരോധ വൃത്തങ്ങളും വ്യക്തമാക്കി. ഉത്തരകൊറിയയുടെ തുടർച്ചയായ ആണവ ഭീഷണികൾ കിഴക്കൻ ഏഷ്യയിൽ പുതിയൊരു ആയുധ മത്സരത്തിന് വഴിവെച്ചേക്കുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നത്.

ക്ലാ ക്ലാ ക്ലീ ക്ലീ ക്ലൂ ക്ലൂ .... ഉണ്ണിത്താൻ തിരിഞ്ഞുനോക്കുന്നത് ആർക്കുവേണ്ടി?

കോൺഗ്രസിലും സി.പി.എമ്മിലും കലാപകാലമാണ്. പിണറായിക്കുശേഷം പാർട്ടി പിടിക്കാനുള്ള പടപ്പുറപ്പാട് സി.പി.എമ്മിൽ തുടങ്ങിക്കഴിഞ്ഞു. കോൺഗ്രസിലാകട്ടെ, മുഖ്യമന്ത്രി പദം കൈയിൽ നിന്നു വഴുതിപ്പോയ കെ.സി.ഗ്രൂപ്പ് എങ്ങനെയും പാർട്ടി പിടിച്ചടക്കാനും, അവരുടെ നോമിനിയെ കെ.പി.സി.സി. പ്രസിഡന്റാക്കാനും പതിനെട്ടടവും പയറ്റുന്നു. ഈ ആഴ്ചക്കുറിപ്പിന്റെ തലവാചകം വരാൻപോകുന്ന ഒരു സിനിമാപ്പേരിന്റെ കോപ്പിയടിയാണ്. ഉണ്ണിക്കുട്ടൻ സിനിമാപ്പേരിൽ തിരിഞ്ഞുനോക്കുമ്പോൾ, ഈ തലവാചകത്തിൽ തിരിഞ്ഞുനോക്കുന്നത് രാജ്മോഹൻ ഉണ്ണിത്താനാണെന്നു മാത്രം.

ജനങ്ങൾ തെരഞ്ഞെടുത്ത ഒരു മുന്നണിയിൽ ഇത്തരം അപശബ്ദങ്ങൾ ഒഴിവാക്കാമായിരുന്നു. കൊടുക്കാതിരുന്ന കുടിശ്ശികയുടെ കോടിക്കണക്കിനു രൂപയുടെ കട ഭാരവും ചുമന്ന് ഭരണം എങ്ങനെയും രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ നോക്കുന്ന മുഖ്യമന്ത്രി തന്നിഷ്ടം പ്രവർത്തിക്കുന്നുവെന്ന പരാതിയുമായി കഴിഞ്ഞയാഴ്ച ഡെൽഹിക്ക് പോയത് ബെന്നി ബെഹ്നാനും കെ.സി.ജോസഫുമാണ്.

ഹൈക്കമാൻഡിനു മുമ്പിലുള്ള അടൂർ പ്രകാശിന്റെ പരാതിക്ക് പഴയ എ ഗ്രൂപ്പുകാരുടെ ഡെൽഹി യാത്രയോടെ വീണ്ടും ജീവൻ വയ്ക്കുമെന്ന് കെ.സി.പക്ഷം കരുതിയെങ്കിലും അങ്ങനെയല്ല സംഭവിച്ചത്. ഇനി വെള്ളിയാഴ്ച കെ.പി.സി.സി. പ്രസിഡന്റ് സണ്ണിജോസഫിന്റെ ഡെൽഹി യാത്രയ്ക്കുശേഷമേ കോൺഗ്രസിലെ സംഘർഷ ചിത്രം തെളിയൂ.



വളർമതി, മതി മതി....

ലോവർ പ്രൈമറി സ്കൂൾ ടീച്ചേഴ്സിന്റെ സമരത്തെക്കുറിച്ചായിരുന്നു ഇന്നത്തെ വാർത്താ സമ്മേളനത്തിൽ മുഖ്യന്റെ മാധ്യമപ്രവർത്തകർ തൊടുത്ത ആദ്യചോദ്യങ്ങളിൽ ഒന്ന്. ഇടതുചായ്വുള്ള എൽ.പി. എസ്.ടി സംഘടനയുടെ ജനറൽ സെക്രട്ടറി വളർമതിയെന്ന വനിതയാണ്. റാങ്ക് ലിസ്റ്റിലെ 168-ാമത്തെ റാങ്കുകാരിയാണിവർ.

2025മേയ് 31ന് പി.എസ്.സി. പുറപ്പെടുവിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാൻ ഇനിയും ഒന്നരവർഷം കൂടിയുണ്ട്. സമരക്കാരുടെ അഞ്ച് ആവശ്യങ്ങളിൽ നാലെണ്ണവും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30ൽ നിന്ന് 1:25 ആക്കണമെന്ന സമരക്കാരുടെ ആവശ്യം അംഗീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് സർക്കാർ പറയുന്നു.

സർക്കാർ നിരത്തുന്ന കാരണങ്ങളിൽ പ്രധാനം വിദ്യാർത്ഥികളുടെ എണ്ണക്കുറവാണ്. ഇപ്പോൾ തന്നെ സംസ്ഥാന തലത്തിൽ സർക്കാർ സ്കൂളുകളിലെ അധ്യാപക വിദ്യാർത്ഥി അനുപാതം 1:19 ആണ്. കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 1:13, 1:11 എന്നിങ്ങനെയെല്ലാമാണ് അനുപാതക്കണക്ക്. ഈ സാഹചര്യത്തിൽ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികൾ ഇനിയും കുറഞ്ഞേക്കാമെന്ന മുന്നറിയിപ്പുമുണ്ട്. അങ്ങനെ വന്നാൽ അധ്യാപക-വിദ്യാർത്ഥി അനുപാതം ഇപ്പോഴുള്ളതിൽ നിന്ന് കുറച്ചാൽ സർക്കാരിനത് വൻ ബാധ്യതയാകും. ഏകദേശം 4000കോടി രൂപ വരെയായിരിക്കും സർക്കാരിന് അധികച്ചെലവുണ്ടാകുകയെന്ന് മുഖ്യമന്ത്രി പറയുന്നു.

തസ്തികകളില്ലാതെ പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലും അപകടമുണ്ട്. മാത്രമല്ല, സെക്രട്ടറിയേറ്റ് നടയിൽ യു.പി. സ്കൂൾ അധ്യാപക റാങ്ക് ലിസ്റ്റുകാരും തിങ്കളാഴ്ച സെക്രട്ടറിയേറ്റിനു മുമ്പിൽ സമരത്തിനെത്തിക്കഴിഞ്ഞിട്ടുണ്ട്.

അതിഥിത്തൊഴിലാളികൾ തുണ

കേരളത്തിലെ സർക്കാർ സ്കൂളുകളുടെ നിലനിൽപ്പ് തന്നെ അതിഥിത്തൊഴിലാളികളുടെ മക്കളാണ്. സർക്കാർ സ്കൂളുകളിൽ ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളിൽ 24,525പേർ അതിഥിത്തൊഴിലാളികളുടെ മക്കളാണ്. ജില്ല തിരിച്ചുള്ള കണക്ക് ഇങ്ങനെ: എറണാകുളം 6506, മലപ്പുറം 2467, കാസർകോട് 2131, തൃശ്ശൂർ 2029, കോഴിക്കോട് 2028, കണ്ണൂർ 1926, തിരുവനന്തപുരം 1559, ഇടുക്കി 1349, കോട്ടയം 941, പാലക്കാട് 924, ആലപ്പുഴ 854, കൊല്ലം 821 ഈ പട്ടികയിൽ പഠനം നിർത്തിപ്പോയ വിദ്യാർത്ഥികളുടെ കണക്കുമുണ്ട്.

2024-25 കാലഘട്ടത്തിൽ ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോയത് 2914. വിദ്യാർത്ഥികൾ ഇവരിൽ 1070പേർ അതിഥിത്തൊഴിലാളികളുടെ മക്കളാണ്. ദാരിദ്ര്യം മൂലമാണ് 43പേർ പഠനം നിർത്തിയത്. പഠനം നിർത്തിയവരിൽ 50 ശതമാനം ആൺകുട്ടികളും എറണാകുളം ജില്ലയിലുള്ളവരാണ്. ഏറ്റവും വിചിത്രമായ കാര്യം 103 കുട്ടികൾ പഠനം നിർത്തിയത് മതപഠനത്തിന് പ്രാധാന്യം കൊടുക്കാനാണത്രെ. ഇങ്ങനെ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ അനിശ്ചിതത്വം നിലനിൽക്കവേ എങ്ങനെയാണ് അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കാനാവുക?

വളർമതിയുടെ വാർത്താ സമ്മേളനത്തിൽ ഇതിലുംഭേദം മുഖ്യമന്ത്രി പദത്തിൽ പിണറായി വരുന്നതായിരുന്നുവെന്ന കമന്റ്കേട്ടു. 266 ദിവസം ആശാവർക്കർമാർ സെക്രട്ടറിയേറ്റ് പടിക്കൽ കരഞ്ഞു കൂവിയിട്ടും കരുണ കാണിക്കാതിരുന്ന പിണറായിയെ വെള്ള പൂശുമ്പോൾ ഈ സമരത്തിന്റെ സ്പോൺസർ ആരാണെന്നത് വ്യക്തം.

കണ്ണൂർ സി.പി.എം. കുരുക്കിൽ

കണ്ണൂർ ജില്ലയിൽ പാർട്ടിയിലെ വമ്പന്മാരാണ് ഇ.പി.ജയരാജനും പി.ജയരാജനും ഇ.പി.വിവാഹം കഴിച്ചിരിക്കുന്നത് ശ്രീമതി ടീച്ചറുടെ അനിയത്തിയെയാണ്. ഇ.പി.യ്ക്കെതിരെ പി.ജയരാജൻ പണ്ട് പാർട്ടിവേദിയിൽ ഒരു പരാതിയുന്നയിച്ചിരുന്നു. കോർപ്പറേറ്റുകളുമായുള്ള അവിഹിത ബന്ധവും, ഭാര്യയുടെ പേരിലുള്ള വൈദേകം റിസോർട്ടുമായിരുന്നു ഇ.പി.യെ താഴ്ത്തിക്കെട്ടാനായി പി.ജയരാജൻ എഴുതി നൽകിയ പരാതിയിലെ പ്രധാന ആരോപണങ്ങൾ.

ഇപ്പോൾ പി.ജയരാജന് ഇടുക്കി ജില്ലയിലെ മാങ്കുളത്ത് റിസോർട്ടുണ്ടെന്നും, കള്ളക്കടത്തു സ്വർണ്ണം തട്ടിയെടുക്കുന്ന സ്വർണ്ണം പൊട്ടിക്കൽ സംഘവുമായി ബന്ധമുണ്ടെന്നും ഇ.പി.ജയരാജൻ പാർട്ടിക്ക് എഴുതി നൽകിയ പരാതിയിലുണ്ട്. രണ്ടുപേരെക്കുറിച്ചുമുള്ള പരാതികൾ അന്വേഷിക്കാൻ കെ.എൻ. ബാലഗോപാലിനെയും ടി.പി. രാമകൃഷ്ണനെയുമാണ് പാർട്ടി നിയോഗിച്ചിട്ടുള്ളത്. കണ്ണൂരിലെ വിശാല കമ്മിറ്റിയോഗത്തിൽ കരുത്തു കാട്ടി പാർട്ടി സെക്രട്ടറിയേറ്റിലേക്ക് തിരിച്ചെത്തിയ പി. ജയരാജനെ ഒതുക്കാനാണോ പിണറായിയും ഗോവിന്ദൻ മാഷും ശ്രമിക്കുന്നതാവോ?

ഇതിനിടെ കോടിയേരിയുടെ ഭാര്യാ സഹോദരൻ പിണറായിയ്ക്കെതിരെ ശബ്ദമുയർത്തിക്കൊണ്ട് സി.പി.എം. വിട്ടുകഴിഞ്ഞു. ഈ അസംതൃപ്തരെയെല്ലാം ബി.ജെ.പി. ചാക്കിലാക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. പി. ജയരാജൻ പാർട്ടി വിടാൻ സാധ്യതയില്ല. എന്നാൽ ഇ.പി. അങ്ങനെയല്ല, ബി.ജെ.പി.യിൽ സുഹൃത്തുക്കളുണ്ട്. ചിലപ്പോൾ ശിഷ്ടകാലം മോദിജിയെ ഭജിച്ച് രാഷ്ട്രീയനേട്ടം കൊയ്യാമെന്ന് അദ്ദേഹം വിചാരിക്കാനിടയുണ്ട്.

ഷാഫിയും എ ഗ്രൂപ്പും ഒ.സി.യും

കാസർകോട് നിന്ന് രണ്ടു തവണ പാർലിമെന്റിലേക്ക് ജയിച്ച രാജ്മോഹൻ ഉണ്ണിത്താൻ സി.പി.എമ്മിന്റെ നിരവധി ശാരീരികാക്രമങ്ങൾ നേരിട്ട വ്യക്തിയാണ്. 1968 മുതൽ ഉണ്ണിത്താൻ പാർട്ടിയിലുണ്ട്. പലപ്പോഴും പാർട്ടിയിൽ വേണ്ടത്ര പരിഗണന കിട്ടാത്ത നേതാവ്. പാർട്ടി ഉണ്ണിത്താനെ പലപ്പോഴും നിയോഗിച്ചിട്ടുള്ളത് സാഹസികമായ പോരാട്ടങ്ങളിലേക്കാണ്. ഒരു ലക്ഷത്തിലേറെ വോട്ട് നേടി കോടിയേരി ബാലകൃഷ്ണൻ ജയിച്ചുകൊണ്ടിരുന്ന തലശ്ശേരിയിൽ മൽസരിക്കാനായിരുന്നു പാർട്ടിയുടെ ആദ്യ നിയോഗം, നല്ല മൽസരം കാഴ്ചവച്ചുവെങ്കിലും ഉണ്ണിത്താൻ അവിടെ തോറ്റു.

പിന്നീട് 35 വർഷമായി കോൺഗ്രസ്തോറ്റ് തുന്നം പാടിയിരുന്ന കാസർകോട് ലോക്സഭാ മണ്ഡലത്തിൽ മൽസരിക്കാൻ ഉണ്ണിത്താനെ പാർട്ടി നിയോഗിച്ചു. സി.പി.എമ്മിനെപോലും അമ്പരപ്പിച്ചുകൊണ്ട് ഉണ്ണിത്താൻ അവിടെ രണ്ടാം തവണയും ജയിച്ചുകയറുകയായിരുന്നു. ഉണ്ണിത്താൻ ഒറ്റ കാര്യമേ പറയുന്നുള്ളൂ: ഷാഫി എ ഗ്രൂപ്പുകാരനല്ല. അത് സത്യമല്ലേ?

സോളാർകേസിൽ ഉമ്മൻചാണ്ടിയെ ഇടതുമുന്നണി കുടുക്കിയ നാളുകളിൽ ഉണ്ണിത്താനായിരുന്നു ചാനലുകളിൽ അന്നത്തെ മുഖ്യമന്ത്രിയെ സംരക്ഷിക്കാൻ നിരന്തരം പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നത്. ഉണ്ണിത്താൻ ഇന്നും ഓ.സി.ടുയെ കുടുംബത്തിന് പ്രിയങ്കരനാണ്. ഇപ്പോൾ ഉമ്മൻചാണ്ടിയുടെ വിശ്വസ്തനായിരുന്നുവെന്ന മട്ടിൽ ഷാഫി പറമ്പിലിനെ കെ.പി.സി.സി. പ്രസിഡന്റാക്കാൻ ഹൈക്കമാൻഡ് ചിന്തിച്ചിരിക്കെ ഉണ്ണിത്താൻ എന്തിന് ഷാഫിക്ക് എതിരെ രംഗത്തു വന്നു?

കെ.സി.വേണുഗോപാൽ കേരളത്തെ സംബന്ധിച്ച മോഹമെല്ലാം ഉപേക്ഷിച്ചു കഴിഞ്ഞു. കെ.സി.യുടെ തണലിൽ നിന്നിരുന്ന പലനേതാക്കൾക്കും ഷാഫിയെ അത്രയ്ക്ക് ഇഷ്ടമല്ല. വി.ഡി.സതീശനെ നേർക്കുനേർ നേരിടാൻ ഷാഫിക്ക് പറ്റുമെന്നതോന്നൽ കെ.സി.ഗ്രൂപ്പിന് ഉണ്ട്.

എന്നാൽ ഒരു ക്രൗഡ് പുള്ളർ എന്ന നിലയിലും യുവജനങ്ങൾക്ക് പ്രിയങ്കരനെന്ന നിലയിലും ഷാഫിയുടെ മാസ് എൻട്രി ലീഗ് താത്പര്യപ്പെടുന്നില്ല. ദേശീയ സഖ്യത്തിൽപോലും പാർട്ടിയെ മുൻനിരയിൽ നിർത്താൻ ഹൈക്കമാൻഡ് വൈമുഖ്യം കാണിക്കുന്നതായി ലീഗിന് പരാതിയുണ്ട്. കാസർകോട് ഉണ്ണിത്താന് ജയിക്കാൻ ലീഗിന്റെ പിന്തുണ കൂടിയേ തീരൂ. അങ്ങനെ ഷാഫിക്കെതിരെയുള്ള ആരോപണങ്ങൾ ഉണ്ണിത്താനെക്കൊണ്ട് പരസ്യമാക്കിയത് മുസ്ലീം ലീഗിന്റെ കരുനീക്കമായി കരുതുന്നവരുമുണ്ട്.

സൈബറിടങ്ങൾ, രാഷ്ട്രീയഗോദാകൾ

ഒരു പുതിയ ട്രെൻഡ് ഇപ്പോഴുണ്ട്. സൈബറിടങ്ങളിൽ നടക്കുന്ന രാഷ്ട്രീയ ഒളിപ്പോരുകളാണവ. ഇന്നത്തെ വാർത്താ സമ്മേളനത്തിൽ 80ഓളം വ്യാജ ഐ.ഡി.കളിൽ നിന്ന് തനിക്ക് എതിരെ കുപ്രചരണം നടന്നുവരുന്നതായി മുഖ്യമന്ത്രി മാധ്യമ ലേഖകരോടു പറയുകയുണ്ടായി. ഒരാളുടെ നിയന്ത്രണത്തിലാണ് ഈ സൈബർ ആക്രമണം നടക്കുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു. ക്ഷേമപെൻഷനുകൾ പൂർണ്ണമായി നിർത്താൻപോകുന്നുവെന്നതാണ് ഒരു വ്യാജപോസ്റ്റ്.

മറ്റൊരു പോസ്റ്റിൽ മുഖ്യമന്ത്രി മാവേലിത്തമ്പുരാനെന്ന് സ്വയം പുകഴ്ത്തിയത്രെ. മൂന്നാമതൊന്ന് ചാണ്ടി ഉമ്മന്റേതെന്ന മട്ടിൽ പ്രചരിക്കുന്ന വ്യാജപോസ്റ്റിൽ അപ്പയുടെ (ഉമ്മൻചാണ്ടിയുടെ) കണ്ണീരിന് കാരണക്കാരൻ മുഖ്യമന്ത്രിയാണെന്ന് കുറ്റപ്പെടുത്തുന്ന പ്രചരണമാണുള്ളത്.

ചക്കക്കൊമ്പനും മയക്കുവെടിയും

ഈ ആഴ്ചക്കുറിപ്പെഴുതിക്കൊണ്ടിരിക്കുമ്പോൾ ആക്രമണകാരിയായ ചക്കക്കൊമ്പൻ എന്ന കാട്ടാനയുടെ നേരെ വനംവകുപ്പിന്റെ ദൗത്യ സംഘം ആദ്യത്തെ മയക്കുവെടിവച്ചു കഴിഞ്ഞിട്ടുണ്ട്. ഇനി 24 മണിക്കൂർ ചക്കക്കൊമ്പൻ ഈ സംഘത്തിന്റെ നിരീക്ഷണത്തിലായിരിക്കും. വിക്രം, ഭരത് എന്നീ കുങ്കിയാനകൾ ചക്കക്കൊമ്പനെ തളയ്ക്കാനായി ഓമനക്കുഴി എന്നുപേരുള്ള വനപ്രദേശത്തെത്തിയിട്ടുണ്ട്. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത 5 കിലോ ഗ്രാം ഭാരമുള്ള റേഡിയോകോളർ ചക്കക്കൊമ്പന്റെ കഴുത്തിൽ പിടിപ്പിക്കലാണ് ദൗത്യ സംഘം ഇനി ചെയ്യേണ്ടത്.

കാടിറങ്ങുന്ന വന്യമൃഗങ്ങളോടൊപ്പം 'കാട്ടാള സ്വഭാവ' മുള്ള രാഷ്ട്രീയക്കാർക്കും ഇനിയുള്ള നാളുകളിൽ മയക്കുവെടിവേണ്ടി വന്നേക്കാം. അധികാരത്തിനുവേണ്ടിയുള്ള ആക്രാന്തത്തിൽ ഇത്തരം ജനുസ്സിൽപെട്ടവർ ജനകീയമായ അഭിലാഷങ്ങളെ ചവിട്ടിമെതിക്കുന്നുണ്ട്.

പാർട്ടികളിൽ എന്തും വിളിച്ചു കൂവുന്നവരെയും സൈബറിടങ്ങളിൽ തന്തയില്ലായ്മ കാണിക്കുന്നവരെയും സൗരവേലി കെട്ടിയെങ്കിലും ഒന്ന് മാറ്റി നിർത്തിക്കൂടേ?

കേരളാ വിൻഡോ



ആന്റണി ചടയംമുറി

യുപി 2027: സീറ്റ് തർക്കത്തിൽ ഉലഞ്ഞ് 'ഇന്ത്യ' സഖ്യം; കളി മാറ്റുമോ ഉവൈസി ആസാദ് കൂട്ടുകെട്ട്?

രാജ്യത്തിന്റെ രാഷ്ട്രീയ ഗതിവിഗതികൾ നിർണ്ണയിക്കുന്ന യു.പി വീണ്ടുമൊരു തിരഞ്ഞെടുപ്പ് ചൂടിലേക്ക് കടക്കുകയാണ്. 2027ലെ നിയമസഭാ പോരാട്ടത്തിന് അരങ്ങൊരുങ്ങുമ്പോൾ, സഖ്യങ്ങൾക്കുള്ളിലെ പടലപിണക്കങ്ങളും അപ്രതീക്ഷിത കൂട്ടുകെട്ടുകളുമാണ് യുപി രാഷ്ട്രീയത്തിലെ പ്രധാന ചർച്ച. സമാജ്വാദി പാർട്ടി മുന്നോട്ടുവെച്ച 26 സീറ്റുകളുടെ വാഗ്ദാനം കോൺഗ്രസ് തള്ളിയതോടെ 'ഇന്ത്യ' സഖ്യത്തിൽ വിള്ളൽ വീണിരിക്കുന്നു. ഇതിനിടയിൽ, ദളിത്മുസ്ലിം വോട്ടുകൾ ലക്ഷ്യമിട്ട് അസദുദ്ദീൻ ഉവൈസിയും ചന്ദ്രശേഖർ ആസാദുംഒരേ കാർത്തതോടെ മത്സരം ത്രികോണ പോരാട്ടത്തിലേക്ക് നീങ്ങുകയാണ്. ഹാട്രിക് വിജയം ലക്ഷ്യമിടുന്ന ബി.ജെ.പിയുടെ അണിയറ തന്ത്രങ്ങൾ കൂടി ചേരുമ്പോൾ, യുപി രാഷ്ട്രീയത്തിലെ ഏറ്റവും പുതിയ നീക്കങ്ങളും പിന്നാമ്പുറ കഥകളും പരിശോധിക്കാം.



2027ലെ ഉത്തർപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം അവശേഷിക്കെ, സംസ്ഥാന രാഷ്ട്രീയത്തിൽ അപ്രതീക്ഷിതമായ മാറ്റങ്ങളാണ് അരങ്ങേറുന്നത്. 403 അംഗ നിയമസഭയിലേക്ക് കേവലഭൂരിപക്ഷമായ 202 സീറ്റുകൾ ലക്ഷ്യമിട്ട് മൂന്ന് പ്രബല ചേരികളാണ് കരുക്കൾ നീക്കുന്നത്. സമാജ്വാദി പാർട്ടി കോൺഗ്രസ് സഖ്യത്തിലെ സീറ്റ് തർക്കങ്ങളും, അസദുദ്ദീൻ ഉവൈസി ചന്ദ്രശേഖർ ആസാദ് കൂട്ടുകെട്ടിന്റെ വരവും, ബി.ജെ.പിയുടെ അണിയറ തന്ത്രങ്ങളും യുപി രാഷ്ട്രീയത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയെ ഞെട്ടിച്ച 'ഇന്ത്യ' സഖ്യം നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി കടുത്ത പ്രതിസന്ധിയിലാണ്. സീറ്റ് വിഭജന ചർച്ചകളുടെ ഭാഗമായി സമാജ്വാദി പാർട്ടി കോൺഗ്രസിന് 26 സീറ്റുകൾ മാത്രമാണ് ആദ്യഘട്ടത്തിൽ വാഗ്ദാനം ചെയ്തത്. എന്നാൽ നൂറിൽ കുറഞ്ഞ സീറ്റുകൾ സ്വീകരിക്കില്ലെന്ന നിലപാടിലാണ് കോൺഗ്രസ്.

'ഞങ്ങൾ യാചകരല്ല' എന്ന ഉത്തർപ്രദേശ് കോൺഗ്രസ് വർക്കിംഗ് പ്രസിഡന്റ് ഇമ്രാൻ മസൂദിന്റെ പ്രസ്താവന സഖ്യത്തിനുള്ളിലെ അസ്വാരസ്യങ്ങൾ തുറന്നുകാട്ടുന്നു. 130 മുതൽ 181 സീറ്റുകൾ വരെ കോൺഗ്രസ് ആവശ്യപ്പെടുമ്പോൾ, 2022ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 399 സീറ്റിൽ മത്സരിച്ച് വെറും രണ്ട് സീറ്റിൽ മാത്രം ഒതുങ്ങിയ കോൺഗ്രസിന്റെ മോശം പ്രകടനമാണ് അഖിലേഷ് യാദവ് ചൂണ്ടിക്കാണിക്കുന്നത്.

ചർച്ചകൾ പുരോഗമിക്കുന്നതിനിടെ അഞ്ച് സീറ്റുകളിലേക്ക് എസ്പി ഏകപക്ഷീയമായി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത് കോൺഗ്രസിനെ ചൊടിപ്പിച്ചിട്ടുണ്ട്. കോൺഗ്രസിന്റെ യുപി ചുമതലയുള്ള രാജേന്ദ്ര പാൽ ഗൗതം ഇതിനെതിരെ പരസ്യമായി രംഗത്തു വന്നു. 'വിജയസാധ്യത' മാത്രമാണ് മാനദണ്ഡമെന്ന് അഖിലേഷ് യാദവ് ആവർത്തിക്കുമ്പോൾ, ലോക്സഭാ തിരഞ്ഞെടുപ്പിലെ വോട്ട് വിഹിതം ചൂണ്ടിക്കാട്ടി കൂടുതൽ സീറ്റുകൾക്കായി കോൺഗ്രസ് സമ്മർദ്ദം ചെലുത്തുന്നു. സഖ്യം തകർന്നാൽ 403 സീറ്റുകളിലും ഒറ്റയ്ക്ക് മത്സരിക്കാനും അല്ലെങ്കിൽ ബിഎസ്പിയുമായി കൈകോർക്കാനുമുള്ള ആലോചനകൾ കോൺഗ്രസിലെ ഒരു വിഭാഗം നേതാക്കൾക്കിടയിൽ സജീവമാണ്.

ഉവൈസി ആസാദ് സഖ്യം

എസ്പി-കോൺഗ്രസ് സഖ്യത്തിന് ഏറ്റവും വലിയ തലവേദനയായി മാറിയിരിക്കുന്നത് എഐഎംഐഎം നേതാവ് അസദുദ്ദീൻ ഉവൈസിയും ആസാദ് സമാജ് പാർട്ടി നേതാവ് ചന്ദ്രശേഖർ ആസാദും ചേർന്ന് രൂപീകരിച്ച 'സമാജിക് പരിവർത്തൻ മോർച്ച' എന്ന പുതിയ മുന്നണിയാണ്.

നാഗിനയിൽ നിന്നുള്ള ലോക്സഭാ എംപിയായ ചന്ദ്രശേഖർ ആസാദിനെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടിയാണ് ഈ സഖ്യം തിരഞ്ഞെടുപ്പിനെ നേരിടുന്നത്. സംസ്ഥാനത്തെ ജനസംഖ്യയുടെ ഏകദേശം അഞ്ചിൽ രണ്ട് ഭാഗം വരുന്ന ദളിത്, മുസ്ലിം വോട്ടുകൾ ഏകോപിപ്പിക്കുകയാണ് ഇവരുടെ ലക്ഷ്യം. പല്ലവി പട്ടേൽ, സ്വാമി പ്രസാദ് മൗര്യ തുടങ്ങിയ പിന്നാക്ക വിഭാഗ നേതാക്കളെയും ഒപ്പം കൂട്ടാൻ ഉവൈസി ശ്രമിക്കുന്നുണ്ട്.

ബി.ജെ.പിയെ സഹായിക്കാനായി മതേതര വോട്ടുകൾ ഭിന്നിപ്പിക്കുന്നു എന്ന 'ബി.ജെ.പി ബിടീം' ആരോപണത്തെ ഇരുനേതാക്കളും ശക്തമായി പ്രതിരോധിക്കുന്നു. ബി.ജെ.പിയെ പരാജയപ്പെടുത്താൻ എസ്പിക്കും കോൺഗ്രസിനും ആത്മാർത്ഥതയില്ലെന്നും വിശാല പ്രതിപക്ഷ ഐക്യത്തിന് അവർ തയ്യാറായില്ലെന്നുമാണ് ചന്ദ്രശേഖർ ആസാദിന്റെ വിമർശനം. നേരിയ ഭൂരിപക്ഷത്തിൽ വിധി നിർണ്ണയിക്കപ്പെടുന്ന മണ്ഡലങ്ങളിൽ ഈ പുതിയ മുന്നണി പിടിക്കുന്ന വോട്ടുകൾ എസ്പി-കോൺഗ്രസ് സഖ്യത്തിന് കനത്ത തിരിച്ചടിയായേക്കാം.

ബി. ജെ. പിയുടെ തന്ത്രങ്ങളും അണിയറ നീക്കങ്ങളും

തുടർച്ചയായ മൂന്നാം തവണയും അധികാരം നിലനിർത്താൻ ലക്ഷ്യമിടുന്ന ബി.ജെ.പി, മഥുരയിൽ നടന്ന ദ്വിദിന ചിന്തൻ ശിബിരത്തിലൂടെ തിരഞ്ഞെടുപ്പ് തന്ത്രങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

തിരഞ്ഞെടുപ്പിന് മുൻപ് മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കില്ലെന്ന ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൗര്യയുടെ പ്രസ്താവന യുപി രാഷ്ട്രീയത്തിൽ വലിയ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്. 'തിരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ മുഖം താമരയാണ്; വിജയത്തിന് ശേഷം എംഎൽഎമാരും കേന്ദ്ര നേതൃത്വവും ചേർന്ന് മുഖ്യമന്ത്രിയെ തീരുമാനിക്കും' എന്ന മൗര്യയുടെ വാക്കുകൾ, യോഗി ആദിത്യനാഥ് വീണ്ടും മുഖ്യമന്ത്രിയാകുമോ എന്ന കാര്യത്തിൽ അനിശ്ചിതത്വം നിലനിർത്തുന്നു. എന്നാൽ യോഗി ആദിത്യനാഥിന്റെ ക്രമസമാധാന പാലനവും വികസനവുമാണ് പ്രധാന പ്രചാരണ ആയുധമെന്ന് പാർട്ടി ദേശീയ നേതൃത്വം വ്യക്തമാക്കുന്നുണ്ട്.

അയോധ്യയിലെ രാമക്ഷേത്രത്തിന് പിന്നാലെ മഥുരയിലെ ശ്രീകൃഷ്ണ ജന്മഭൂമി വിഷയം പ്രധാന തിരഞ്ഞെടുപ്പ് അജണ്ടയാക്കാൻ ബി.ജെ.പി തീരുമാനിച്ചിട്ടുണ്ട്. ഇതിനൊപ്പം ഏകീകൃത സിവിൽ കോഡ്, അടിസ്ഥാന സൗകര്യ വികസനം, സുരക്ഷ എന്നിവയും പ്രചാരണത്തിൽ ഉയർത്തിക്കാട്ടും. അതേസമയം, എൻ.ഡി.എയിലെ നാല് പ്രാദേശിക ഘടകകക്ഷികൾ കൂടുതൽ സീറ്റുകൾക്കായി ബി.ജെ.പിക്ക് മേൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നേരിട്ടാണ് ബി.ജെ.പിയുടെ തിരഞ്ഞെടുപ്പ് തന്ത്രങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്.

ചുരുക്കത്തിൽ, 2027ലെ ഉത്തർപ്രദേശ് തിരഞ്ഞെടുപ്പ് കേവലം രണ്ട് മുന്നണികൾ തമ്മിലുള്ള പോരാട്ടമായിരിക്കില്ല. സീറ്റ് വിഭജനത്തിലെ തർക്കങ്ങൾ പരിഹരിച്ച് എസ്പിയും കോൺഗ്രസും ഒറ്റക്കെട്ടായി നിന്നാൽ മാത്രമേ അവർക്ക് ബി.ജെ.പിയെ വെല്ലുവിളിക്കാൻ സാധിക്കൂ. മറുവശത്ത്, ഉവൈസി ആസാദ് സഖ്യം പിടിക്കുന്ന വോട്ടുകളും, ബി.ജെ.പിക്കുള്ളിലെ അധികാര സമവാക്യങ്ങളും യുപിയുടെ അടുത്ത ഭരണാധികാരി ആരെന്ന് തീരുമാനിക്കുന്നതിൽ നിർണ്ണായകമാകും.

◗ *എമ എൽസ എൽവിൻ*

ഡൽഹി ഡെർബാർ

വിമാനത്താവളങ്ങളിലെ ഡ്യൂട്ടി–ഫ്രീ ഷോപ്പുകൾക്ക് ഇന്ത്യൻ നിയമങ്ങൾ ബാധകമാണോ? നിർണ്ണായക പരിശോധനയുമായി സുപ്രീം കോടതി; കേന്ദ്രത്തിന് നോട്ടീസ്!

രാജ്യത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ ഡ്യൂട്ടി-ഫ്രീ ഷോപ്പുകളിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഇന്ത്യൻ ആഭ്യന്തര നിയമങ്ങൾ ബാധകമാണോ എന്ന നിർണ്ണായക വിഷയം പരിശോധിക്കാൻ സുപ്രീം കോടതി തീരുമാനിച്ചു. കസ്റ്റംസ് അതിർത്തിക്ക് അപ്പുറമുള്ള ഡ്യൂട്ടി-ഫ്രീ കടകൾക്ക് രാജ്യത്തെ നിയമങ്ങളിൽ നിന്ന് ഇളവില്ലെന്ന ബോംബെ ഹൈക്കോടതി ഉത്തരവിനെതിരെയുള്ള ഹർജിയിലാണ് സുപ്രീം കോടതിയുടെ ഈ ഇടപെടൽ. ജസ്റ്റിസ് അരവിന്ദ് കുമാർ, ജസ്റ്റിസ് വിപുൽ എം. പഞ്ചോളി എന്നിവരടങ്ങിയ ബെഞ്ചാണ് വിഷയത്തിൽ കേന്ദ്ര സർക്കാരിന് നോട്ടീസ് അയച്ചത്.

മുംബൈ ഛത്രപതി ശിവാജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിലെ ഇന്റർനാഷണൽ ഡിപ്പാർച്ചർ ടെർമിനലിൽ ഡ്യൂട്ടി-ഫ്രീ ഷോപ്പുകൾ നടത്തുന്ന മുംബൈ ട്രാവൽ റീട്ടെയിൽ ലിമിറ്റഡ്, ഫ്ളെമിംഗോ ഡ്യൂട്ടിഫ്രീ ഷോപ്പ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളാണ് സുപ്രീം കോടതിയെ സമീപിച്ചത്. വിദേശത്തേക്ക് പോകുന്ന യാത്രക്കാർക്കായി ഇവർ വിൽക്കുന്ന ഇറക്കുമതി ചെയ്ത നിക്കോട്ടിൻ പൗച്ചുകളുടെ വിൽപ്പന അധികൃതർ നിരോധിച്ചതിനെ തുടർന്നാണ് നിയമപോരാട്ടം ആരംഭിച്ചത്.



1940ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമപ്രകാരം നിക്കോട്ടിൻ പൗച്ചുകൾ മരുന്നുകളുടെ ഗണത്തിൽ പെടുന്നതാണെന്നും, ഇവ ഇറക്കുമതി ചെയ്യുന്നതിനും വിൽക്കുന്നതിനും പ്രത്യേക ലൈസൻസും രജിസ്ട്രേഷനും ആവശ്യമാണെന്നും ചൂണ്ടിക്കാട്ടിയാണ് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ വിൽപ്പന തടഞ്ഞത്. എന്നാൽ, ഈ ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ വിൽക്കാനോ രാജ്യത്തിനകത്ത് ഉപയോഗിക്കാനോ ഉള്ളതല്ലെന്നും, വിദേശ യാത്രക്കാർക്ക് മാത്രമായി കസ്റ്റംസ് പരിധിക്ക് പുറത്ത് വിൽക്കുന്നവയാണെന്നുമാണ് കമ്പനികളുടെ വാദം. അതിനാൽ രാജ്യത്തെ ആഭ്യന്തര നിയമങ്ങൾ ഇവയ്ക്ക് ബാധകമല്ലെന്നും ഹർജിക്കാർ വാദിക്കുന്നു.

കഴിഞ്ഞ സെപ്തംബറിൽ ഈ വാദങ്ങൾ തള്ളിക്കളഞ്ഞ ബോംബെ ഹൈക്കോടതി, വിമാനത്താവളങ്ങളിലെ ഡ്യൂട്ടി-ഫ്രീ ഷോപ്പുകൾക്ക് ലഭിക്കുന്ന ഇളവ് കസ്റ്റംസ് തീരുവയ്ക്കും പരോക്ഷ നികുതികൾക്കും മാത്രമാണെന്ന് വ്യക്തമാക്കിയിരുന്നു. പൊതുജനാരോഗ്യവും സുരക്ഷയും മുൻനിർത്തിയുള്ള രാജ്യത്തെ നിയന്ത്രണ നിയമങ്ങൾ ഇന്ത്യൻമണ്ണിൽ നടക്കുന്ന എല്ലാ വിൽപ്പനകൾക്കും ബാധകമാണെന്നായിരുന്നു ഹൈക്കോടതിയുടെ നിരീക്ഷണം.

ഇന്ത്യയുടെ സമുദ്രാതിർത്തിയിലേക്കോ വ്യോമാതിർത്തിയിലേക്കോ പ്രവേശിക്കുന്ന ഏതൊരു ഉൽപ്പന്നവും ഡ്യൂട്ടി-ഫ്രീ കടകളിലാണ് സൂക്ഷിക്കുന്നതെങ്കിൽ പോലും ആഭ്യന്തര നിയമങ്ങൾക്ക് വിധേയമായിരിക്കുമെന്ന് ഹൈക്കോടതി വിധിച്ചിരുന്നു. ഈ ഉത്തരവിനെതിരെയാണ് റീട്ടെയിൽ കമ്പനികൾ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയത്.

രാജ്യത്തെ വിമാനത്താവളങ്ങളിലെ ഡ്യൂട്ടി-ഫ്രീ വ്യാപാര മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ള കേസായതിനാൽ സുപ്രീം കോടതിയുടെ അന്തിമ വിധി ഏറെ നിർണ്ണായകമാകും. വിഷയത്തിൽ വിശദമായ വാദം കേൾക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെയും ബന്ധപ്പെട്ട അധികൃതരുടെയും മറുപടി കോടതി തേടിയിട്ടുണ്ട്.



റാങ്കിംഗിൽ തിളങ്ങി പന്തും ഗില്ലും ജയ്സ്വാളും; മിച്ചൽ സ്റ്റാർക്കിനെ മറികടക്കാൻ ബുംറയ്ക്ക് വേണ്ടത് 25 പോയിന്റ്

ഐസിസി പുരുഷ ടെസ്റ്റ് ബൗളിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനം തിരിച്ചുപിടിക്കാൻ ഒരുങ്ങുകയാണ് ഇന്ത്യൻ പേസ് കുന്തമുന ജസ്പ്രീത് ബുംറ. ന്യൂസിലൻഡിനെതിരായ ആദ്യ ടെസ്റ്റിൽ അഞ്ച് വിക്കറ്റുകൾ വീഴ്ത്തിയതോടെ മൂന്ന് സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയ ബുംറ, ഇംഗ്ലണ്ടിന്റെ ഒല്ലി റോബിൻസണൊപ്പം സംയുക്തമായി രണ്ടാം സ്ഥാനത്തേക്ക് ഉയർന്നു. ഒന്നാം സ്ഥാനത്തുള്ള ഓസ്ട്രേലിയൻ താരം മിച്ചൽ സ്റ്റാർക്കിനേക്കാൾ 25 റേറ്റിംഗ് പോയിന്റുകൾ മാത്രം പിന്നിലാണ് ഇരുവരുമുള്ളത്.വെല്ലിംഗ്ടൺ ടെസ്റ്റിലെ രണ്ട് ഇന്നിംഗ്സുകളിലും ബുംറ നിർണ്ണായക പ്രകടനം കാഴ്ചവെച്ചു. ന്യൂസിലൻഡിന്റെ ഒന്നാം ഇന്നിംഗ്സിൽ 92 റൺസ് വഴങ്ങി നാല് വിക്കറ്റുകൾ വീഴ്ത്തിയ താരം, നായകൻ ടോം ലാതം, ഡാരിൽ മിച്ചൽ, ടോം ബ്ലണ്ടൽ, മാറ്റ് ഹെൻറി എന്നിവരെ പുറത്താക്കി. രണ്ടാം ഇന്നിംഗ്സിലും ടോം ലാതമിന്റെ വിക്കറ്റ് വീഴ്ത്തിയതോടെ മത്സരത്തിലാകെ അഞ്ച് വിക്കറ്റുകൾ ബുംറ സ്വന്തമാക്കി. 2026 ഓഗസ്റ്റിലായിരുന്നു ബുംറ അവസാനമായി ടെസ്റ്റ് ബൗളിംഗ് റാങ്കിംഗിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്നത്. പിന്നീട് ഓസ്ട്രേലിയയുടെ മിച്ചൽ സ്റ്റാർക്ക് അദ്ദേഹത്തെ മറികടക്കുകയായിരുന്നു. 2024 ഫെബ്രുവരിയിൽ ആദ്യമായി ഒന്നാമതെത്തിയ ബുംറ, ആകെ 697 ദിവസമാണ് ലോക ഒന്നാം നമ്പർ ടെസ്റ്റ് ബൗളറായി തുടർന്നത്. വെല്ലിംഗ്ടൺ ടെസ്റ്റ് ഇന്ത്യൻ ബാറ്റിംഗ് നിരയ്ക്കും വലിയ നേട്ടമാണ് സമ്മാനിച്ചത്. ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 720 റൺസ് എന്ന കൂറ്റൻ സ്കോറാണ് ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ ഡിക്ലയർ ചെയ്തത്.

'ആദ്യ 20 പന്തുകൾ ക്ഷമയോടെ നേരിടുക'; യുവരാജിന്റെ ക്ലാസ് സൂര്യവംശിയെ മാറ്റിയത് ഇങ്ങനെ!



ക്രിക്കറ്റ് മൈതാനത്ത് പ്രതിഭയും കഠിനാധ്വാനവും ഒരുമിക്കുമ്പോൾ ചരിത്രം വഴിമാറുമെന്ന് വീണ്ടും തെളിയിച്ചിരിക്കുകയാണ് പതിനഞ്ചുകാരനായ വൈഭവ് സൂര്യവംശി. ഏഷ്യാ കപ്പ് റൈസിംഗ് സ്റ്റാർസ് ടൂർണമെന്റിൽ യുഎഇക്കെതിരെ വെറും 53 പന്തിൽ നിന്ന് 204 റൺസ് അടിച്ചുകൂട്ടിയ ഈ യുവതാരം, 28 കൂറ്റൻ സിക്സറുകളാണ് ഗാലറിയിലേക്ക് പറത്തിയത്. എന്നാൽ ഇത്തരമൊരു തകർപ്പൻ ഫോമിലേക്ക് എത്താൻ തന്നെ സഹായിച്ചത് മത്സരത്തിന് തലേന്ന് ഇന്ത്യൻ ക്രിക്കറ്റിലെ ഇതിഹാസ താരം യുവരാജ് സിംഗുമായി നടത്തിയ അരമണിക്കൂർ സംഭാഷണമാണെന്നാണ് സൂര്യവംശി വെളിപ്പെടുത്തുന്നത്.ടൂർണമെന്റിലെ ആദ്യ രണ്ട് മത്സരങ്ങളിലും അതിനുമുൻപ് കളിച്ച ആഭ്യന്തര മത്സരത്തിലും റൺസ് കണ്ടെത്താനാകാതെ മാനസികമായി പിന്നോട്ട് നിൽക്കുമ്പോഴാണ്, തന്റെ ഇഷ്ടതാരവും ഗുരുതുല്യനുമായ യുവരാജ് സിംഗിനെ സൂര്യവംശി സമീപിച്ചത്.

41-ാം വയസ്സിലും തളരാത്ത പോരാട്ടവീര്യം; സ്വപ്ന നേട്ടത്തിന് ഇനി 13 ഗോൾ



അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചെങ്കിലും ക്രിസ്റ്റ്യാനോ റൊണാൾഡോ എന്ന താരത്തിന്റെ മികവ് ഇപ്പോഴും ഉയർന്നുതന്നെയാണ് നിൽക്കുന്നത്. കഴിഞ്ഞ രണ്ട് മത്സരങ്ങളിലും പെനൽറ്റി നഷ്ടപ്പെടുത്തി വിമർശനം കേൾക്കേണ്ടി വന്ന റൊണാൾഡോ, ശക്തമായ തിരിച്ചുവരവിലൂടെ വീണ്ടും ആരാധകരുടെ പ്രതീക്ഷ കാത്തിരിക്കുകയാണ്. എ.എഫ്.സി. ചാമ്പ്യൻസ് ലീഗിൽ അൽ സാദിനെതിരെ പെനൽറ്റിയിലൂടെ ഗോൾ നേടിയാണ് താരം തന്റെ തിരിച്ചുവരവ് ആഘോഷിച്ചത്.മത്സരത്തിന്റെ 13-ാം മിനിറ്റിലായിരുന്നു റൊണാൾഡോയുടെ ഈ നിർണ്ണായക ഗോൾ നേട്ടം. 35-ാം മിനിറ്റിലും താരം പന്ത് വലയിലെത്തിച്ചെങ്കിലും ഓഫ്സൈഡ് കെണിയിൽ പെട്ടതോടെ ഗോൾ നിഷേധിക്കപ്പെട്ടു. ഈ പെനൽറ്റി ഗോളോടെ റൊണാൾഡോയുടെ ആകെ കരിയർ ഗോളുകളുടെ എണ്ണം 987 ആയി ഉയർന്നു. 1000 കരിയർ ഗോളുകൾ എന്ന ചരിത്രനേട്ടത്തിലേക്ക് എത്താൻ ഇനി വെറും 13 ഗോളുകൾ മാത്രമാണ് അദ്ദേഹത്തിന് വേണ്ടത്.ഈ സീസൺ അവസാനിക്കുന്നതിന് മുൻപ് ഈ ലോക റെക്കോർഡ് സ്വന്തമാക്കാൻ റൊണാൾഡോയ്ക്ക് സാധിക്കുമോ എന്നാണ് ഫുട്ബോൾ ലോകം ഉറ്റുനോക്കുന്നത്. റൊണാൾഡോയുടെ മികവിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് അൽ നസർ അൽ സാദിനെ പരാജയപ്പെടുത്തിയത്. 52-ാം മിനിറ്റിൽ ജാവോ ഫെലിക്സാണ് അൽ നസറിന്റെ വിജയഗോൾ നേടിയത്.കഴിഞ്ഞ രണ്ട് തവണയും പെനൽറ്റി പാഴാക്കിയതോടെ റൊണാൾഡോയ്ക്കെതിരെ വലിയ വിമർശനങ്ങൾ ഉയർന്നിരുന്നു. എന്നാൽ കരിയറിലെ 185-ാം പെനൽറ്റി ഗോളിലൂടെ താരം തിരിച്ചുവന്നതോടെ ആരാധകർക്കും ടീമിനും വലിയ പ്രതീക്ഷയാണ് ലഭിച്ചിരിക്കുന്നത്. വരുന്ന മത്സരങ്ങളിലും ഇതേ മികവ് തുടരേണ്ടത് അൽ നസറിനെ സംബന്ധിച്ച് വളരെ പ്രധാനമാണ്.

2028 കോപ്പ അമേരിക്ക ഫുട്ബോൾ ടൂർണമെന്റിന് അമേരിക്ക വേദിയാകും



2028ലെ കോപ്പ അമേരിക്ക ഫുട്ബോൾ ടൂർണമെന്റിന് തുടർച്ചയായ രണ്ടാം തവണയും അമേരിക്ക വേദിയാകുമെന്ന് സംഘാടകർ. ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിന് തൊട്ടുമുൻപായിട്ടായിരിക്കും ടൂർണമെന്റ് അരങ്ങേറുക.തെക്കേ അമേരിക്കൻ ഫുട്ബോൾ കോൺഫെഡറേഷനായ കോൺമെബോളും വടക്കേ അമേരിക്കൻ ഫുട്ബോൾ ഭരണസമിതിയായ കോൺകാകാഫും ചേർന്നാണ് 2028 ജൂൺ 9 മുതൽ ജൂലൈ 9 വരെ അമേരിക്കയിലെ വിവിധ വേദികളിലായി ടൂർണമെന്റിന്റെ 49-ാം പതിപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചത്. ജൂലൈ 14 മുതൽ 30 വരെയാണ് ലോസ് ഏഞ്ചൽസ് ഒളിമ്പിക്സ് നടക്കുന്നത്. എന്നാൽ കോപ്പ അമേരിക്ക ഫൈനൽ അവസാനിച്ച് മണിക്കൂറുകൾക്കുള്ളിൽ തന്നെ, അതായത് ജൂലൈ 10-ന് ഒളിമ്പിക്സ് പുരുഷ ഫുട്ബോൾ ഗ്രൂപ്പ് ഘട്ട മത്സരങ്ങൾക്ക് തുടക്കമാകും.തെക്കേ അമേരിക്കയിൽ നിന്നുള്ള 10 രാജ്യങ്ങളും 2027-ലെ കോൺകാകാഫ് ഗോൾഡ് കപ്പിലൂടെ യോഗ്യത നേടുന്ന വടക്കേ അമേരിക്കയിൽ നിന്നുള്ള ആറ് രാജ്യങ്ങളും ഉൾപ്പെടെ ആകെ 16 ടീമുകളാണ് ടൂർണമെന്റിൽ മാറ്റുരയ്ക്കുക.2016-ലെ കോപ്പ അമേരിക്ക സെന്റിനാരിയോയ്ക്കും, ഈ വർഷം നടന്ന ലോകകപ്പിന് മുന്നോടിയായി 2024-ലും അമേരിക്ക ഈ ടൂർണമെന്റിന് ആതിഥേയത്വം വഹിച്ചിരുന്നു.ആതിഥേയ നഗരങ്ങളും മറ്റ് വിശദാംശങ്ങളും പിന്നീട് പ്രഖ്യാപിക്കും. 2028-ൽ കോപ്പ അമേരിക്ക വീണ്ടും തങ്ങളുടെ മേഖലയിലേക്ക് കൊണ്ടുവരുന്നതിനായി ഒരിക്കൽ കൂടി കൈകോർക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് കോൺകാകാഫ് പ്രസിഡന്റ് വിക്ടർ മൊണ്ടാഗ്ലിയാനിയും വ്യക്തമാക്കി.

രോഗങ്ങൾ മൂർച്ഛിക്കുന്നത് പതിവ് പരിശോധനകൾ ഒഴിവാക്കുന്നതുകൊണ്ട്; ജങ്ക് ഫുഡല്ല, ഇന്ത്യക്കാർ വരുത്തുന്ന വലിയ ആരോഗ്യ തെറ്റ് ഇതാണെന്ന് ഡോക്ടർമാർ!



ഇന്ത്യക്കാർ വരുത്തുന്ന ഏറ്റവും വലിയ ആരോഗ്യപരമായ തെറ്റ് ഇടയ്ക്കിടെയുള്ള ജങ്ക് ഫുഡ് കഴിക്കുന്നതല്ല, മറിച്ച് പതിവായ ആരോഗ്യ പരിശോധനകൾ ഒഴിവാക്കുന്നതാണെന്ന് ഡോക്ടർമാർ പറയുന്നു. പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ, ഹൃദയരോഗങ്ങൾ എന്നിവയുൾപ്പെടെ പല ഗുരുതര രോഗങ്ങളും വർഷങ്ങളോളം യാതൊരു ലക്ഷണങ്ങളും കാണിക്കാതെ നിശബ്ദമായി ശരീരത്തിൽ വളരാം. രോഗലക്ഷണങ്ങൾ പ്രകടമാകുമ്പോഴേക്കും രോഗം ഒരുപക്ഷേ ഗുരുതരാവസ്ഥയിൽ എത്തിയിരിക്കാം.

ഇന്ത്യയുടെ നിശബ്ദ ആരോഗ്യ പ്രതിസന്ധി റിപ്പോർട്ട് പ്രകാരം, ഏതാണ്ട് മൂന്നിൽ ഒരു ഇന്ത്യക്കാരനും പ്രമേഹ സാധ്യതയിലാണെന്ന് എച്ച്ബിഎ1സി, ഫാസ്റ്റിംഗ് ബ്ലഡ് ഷുഗർ തുടങ്ങിയ പ്രാരംഭ സൂചകങ്ങൾ വ്യക്തമാക്കുന്നു. പതിവ് രക്തപരിശോധനകൾക്ക് വിധേയമാകാത്തപക്ഷം ഈ അപാകതകൾ പലപ്പോഴും കണ്ടുപിടിക്കപ്പെടാതെ പോകുന്നു. ഏകദേശം 31.7 ശതമാനം ആളുകൾക്ക് അസാധാരണമായ കൊളസ്ട്രോൾ നിലയുണ്ടെന്നും ഇത് ഹൃദയ സംബന്ധമായ അസുഖങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു.

പ്രമേഹവും ഉയർന്ന കൊളസ്ട്രോളും പ്രാരംഭ ഘട്ടങ്ങളിൽ പലപ്പോഴും രോഗലക്ഷണങ്ങൾ കാണിക്കാറില്ല. അതിനാൽ, രോഗം സങ്കീർണ്ണമാകുന്നതുവരെ പലരും തങ്ങളുടെ അവസ്ഥയെക്കുറിച്ച് അജ്ഞരായി തുടരുന്നു. ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, ബ്രെസ്പ്പ് കൗണ്ടുകൾ, ഉറക്ക ട്രാക്കിംഗ് എന്നിവ പോലുള്ള ദൃശ്യമായ ആരോഗ്യ ശീലങ്ങളിൽ ആധുനിക വെൽനസ് സംസ്കാരം വലിയ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്.

ഈ ശീലങ്ങൾ പ്രയോജനകരമാണെങ്കിലും, ശരീരത്തിനുള്ളിൽ എന്താണ് സംഭവിക്കുന്നതെന്ന് അവ വെളിപ്പെടുത്തുന്നില്ല. ആരോഗ്യകരമായ ഭക്ഷണം മാത്രം പ്രതിരോധ സ്ക്രീനിംഗിന് പകരമാവില്ലെന്ന് ആർട്ടെമിസ് ഹോസ്പിറ്റൽസിലെ എൻഡോക്രൈനോളജി സീനിയർ കൺസൾട്ടന്റ് ഡോക്ടർ സുമീത് അറോറ പറയുന്നു. ഉൽപ്പാദനക്ഷമതയെ ആഘോഷിക്കുന്ന എപ്പോഴും പ്രവർത്തിക്കുന്ന തൊഴിൽ സംസ്കാരം പലപ്പോഴും ആരോഗ്യത്തിന്റെ വിലയിൽ വരുന്ന ഒന്നാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രോഗങ്ങൾ ഗുരുതരമാകുന്നതിന് മുമ്പ് അവ തിരിച്ചറിയുകയും നേരത്തേ ചികിത്സ ആരംഭിക്കുകയും ദീർഘകാല സങ്കീർണ്ണതകളുടെ സാധ്യത കുറയ്ക്കുകയും ചെയ്യുക എന്നതാണ് പ്രതിരോധ ആരോഗ്യ സംരക്ഷണം എന്ന് ഡോക്ടർ സുമീത് അറോറ വിശദീകരിച്ചു. ദീർഘനേരത്തെ ജോലി സമയവും തിരക്കിട്ട ഷെഡ്യൂളുകളും കാരണം പതിവ് ആരോഗ്യ പരിശോധനകൾ ആളുകൾ മാറ്റിവയ്ക്കുന്ന ആദ്യ കാര്യങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു.

രോഗം വരുമ്പോൾ ഡോക്ടറെ കാണുന്നതിൽ നിന്ന് വ്യത്യസ്തമായി, തങ്ങൾക്ക് ആവശ്യമില്ലെന്ന് തോന്നുന്ന പരിശോധനകൾക്കായി ആരോഗ്യവാന്മാരായ വ്യക്തികൾ സമയം കണ്ടെത്തേണ്ടതുണ്ട്.

കൃത്യസമയത്തുള്ള സ്ക്രീനിംഗ് വ്യക്തിയുടെ പ്രായമോ നിലവിലെ ആരോഗ്യസ്ഥിതിയോ പരിഗണിക്കാതെ രോഗമുക്തിയും അതിജീവന നിരക്കും മെച്ചപ്പെടുത്തുമെന്ന് ഗുരുഗ്രാമിലെ മാരെംഗോ ഏഷ്യ ഹോസ്പിറ്റൽസിലെ ഇന്റേണൽ മെഡിസിൻ കൺസൾട്ടന്റ് ഡോക്ടർ ദീക്ഷാ ഗോയൽ അഭിപ്രായപ്പെട്ടു. പതിവ് ആരോഗ്യ പരിശോധനകൾ ആരോഗ്യ പ്രശ്നങ്ങൾ ഗുരുതരമാകുന്നതിൽ നിന്ന് തടയാൻ സഹായിക്കുന്നുവെന്ന് ഡോക്ടർ ദീക്ഷാ ഗോയൽ ഊന്നിപ്പറഞ്ഞു.

പതിവായി പ്രഭാതഭക്ഷണം ഒഴിവാക്കുന്നത് ക്ഷീണം, പിന്നീട് അമിതമായി ഭക്ഷണം കഴിക്കാനുള്ള പ്രവണത, ശ്രദ്ധക്കുറവ് എന്നിവയ്ക്ക് കാരണമാകുമെന്നും ഇൻസുലിൻ പ്രതിരോധത്തിനും ടൈപ്പ് 2 പ്രമേഹത്തിനും സാധ്യത വർദ്ധിപ്പിക്കാമെന്നും ഡോക്ടർ ദീക്ഷാ ഗോയൽ ചൂണ്ടിക്കാട്ടി.

മെച്ചപ്പെട്ട ദീർഘകാല ആരോഗ്യത്തിനായി പതിവ് വ്യായാമത്തോടൊപ്പം പ്രതിരോധ ആരോഗ്യ സ്ക്രീനിംഗുകളും നടത്താൻ ഡോക്ടർ ദീക്ഷാ ഗോയൽ ശുപാർശ ചെയ്യുന്നു. പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ, രക്തസമ്മർദ്ദം തുടങ്ങിയ അവസ്ഥകൾക്ക് പ്രാരംഭ ഘട്ടങ്ങളിൽ വളരെ കുറച്ച് ലക്ഷണങ്ങൾ മാത്രമേ ഉണ്ടാകാറുള്ളൂ. പതിവ് രക്തപരിശോധനകൾ ഇല്ലാത്തതിനാൽ, ബോർഡർലൈൻ പ്രമേഹം, ഉയർന്ന കൊളസ്ട്രോൾ, വർദ്ധിച്ച രക്തസമ്മർദ്ദം തുടങ്ങിയ അവസ്ഥകൾ ഹൃദയാഘാതം, പക്ഷാഘാതം, വൃക്കരോഗം, കാഴ്ച നഷ്ടം തുടങ്ങിയ സങ്കീർണ്ണതകൾ ഉണ്ടാകുന്നത് വരെ മറഞ്ഞിരിക്കാം.

സ്ഥിരമായ കേടുപാടുകൾ ഉണ്ടാകുന്നതിന് മുമ്പ് ജീവിതശൈലി മാറ്റങ്ങളും മരുന്നുകളും കൂടുതൽ ഫലപ്രദമായതിനാൽ നേരത്തെയുള്ള കണ്ടെത്തൽ ജീവൻ രക്ഷിക്കുമെന്ന് ഡോക്ടർമാർ പറയുന്നു. ആരോഗ്യകരമായ ഭക്ഷണം കഴിക്കുക, പതിവായി വ്യായാമം ചെയ്യുക, ആരോഗ്യകരമായ ഭാരം നിലനിർത്തുക എന്നിവ നല്ല ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. ഈ ആരോഗ്യ ശീലങ്ങൾക്കൊപ്പം പതിവ് പ്രതിരോധ ആരോഗ്യ പരിശോധനകളും കൂട്ടിച്ചേർക്കണമെന്ന് വിദഗ്ദ്ധർ ഊന്നിപ്പറയുന്നു.

ആരോഗ്യവാന്മാരാണെന്ന് തോന്നുന്നത് യഥാർത്ഥത്തിൽ ആരോഗ്യവാന്മാരാണെന്ന് അർത്ഥമാക്കുന്നില്ല എന്നുള്ള ധാരണയാണ് ഏറ്റവും വലിയ ആരോഗ്യ തെറ്റ്.

ഒരു ലളിതമായ വാർഷിക ആരോഗ്യ സ്ക്രീനിംഗ് നിശബ്ദ രോഗങ്ങളെ നേരത്തേ കണ്ടെത്താനും ഗുരുതരമായ സങ്കീർണ്ണതകൾ തടയാനും ദീർഘകാല ആരോഗ്യം സംരക്ഷിക്കാനും സഹായിക്കും.

രാവിലെയുള്ള ചില ശീലങ്ങൾ ആയുസ്സ് കുറയ്ക്കുന്നു! അറിയാതെ ചെയ്യുന്ന 4 കാര്യങ്ങൾ ആരോഗ്യത്തിന് ഭീഷണി



നമ്മുടെ ദീർഘകാല ആരോഗ്യത്തിൽ രാവിലെ നാം ചെയ്യുന്ന കാര്യങ്ങൾക്ക് വലിയ പങ്കുണ്ട്. ചില പ്രഭാത ശീലങ്ങൾ ആയുർദൈർഘ്യം കുറയ്ക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

ഉണർന്ന് ഒരു മണിക്കൂറിനുള്ളിൽ ഭക്ഷണം കഴിക്കുന്നത് ശരീരത്തിന്റെ സ്വാഭാവിക താളത്തിനനുസരിച്ച് പ്രവർത്തിക്കാനും ആയുസ്സ് വർദ്ധിപ്പിക്കാനും സഹായിക്കുമെന്ന് ആരോഗ്യ വിദഗ്ധർ പറയുന്നു. പ്രഭാതഭക്ഷണം രക്തത്തിലെ പഞ്ചസാരയുടെ അളവ് സന്തുലിതമാക്കാനും ശരീരത്തിലെ മെറ്റബോളിസം വർദ്ധിപ്പിക്കാനും സെല്ലുലാർ തലത്തിൽ ഊർജ്ജം ഉത്പാദിപ്പിക്കാനും സഹായിക്കും.

ദിവസം ഫോൺ ഉപയോഗിച്ച് ആരംഭിക്കുന്നത് ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് വളരെ ദോഷകരമായി ബാധിക്കും. രാവിലെ ഫോൺ ഉപയോഗിക്കുന്നത് സമ്മർദ്ദ ഹോർമോണായ കോർട്ടിസോളിന്റെ ഉത്പാദനത്തിന് കാരണമാകും. വിവരങ്ങൾ പ്രോസസ്സ് ചെയ്യാൻ തലച്ചോറ് തയ്യാറാകുന്നതിന് മുൻപ് വിവരങ്ങൾ നൽകുന്നത് നമ്മുടെ ചിന്താശേഷിയെയും മാനസികാവസ്ഥയെയും പ്രതികൂലമായി ബാധിച്ചേക്കാം.

മണിക്കൂറുകളോളം ഉറങ്ങുന്നത് ശരീരത്തെ നിർജ്ജലീകരണം ചെയ്യും. കൂടാതെ, കഫീൻ ഒരു ചെറിയ ഡൈയൂററ്റിക് ആയി പ്രവർത്തിക്കുകയും മൂത്രത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യും. രാവിലെ കഫീൻ കഴിക്കുന്നത് നിർജ്ജലീകരണം വർദ്ധിപ്പിക്കുകയും ചർമ്മത്തിന്റെ ഊർജ്ജസ്വലത കുറയ്ക്കുകയും ദഹനത്തെ വൈകിപ്പിക്കുകയും ഊർജ്ജ നില കുറയ്ക്കുകയും ചെയ്യും.

രാവിലെ 10 മിനിറ്റ് സൂര്യപ്രകാശം ഏൽക്കുന്നത് ആവശ്യത്തിന് വിറ്റാമിൻ ഡി നൽകും. സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുന്നത് ചർമ്മത്തിന്റെ വാർദ്ധക്യത്തിന് കാരണമാകും. കൂടാതെ, ചലനങ്ങളും ശരീരത്തിന് ഉണർന്ന് പ്രവർത്തിക്കാനുള്ള സന്ദേശം നൽകുന്നു.

സൂര്യപ്രകാശവും വ്യായാമവും ഇല്ലാത്തത് ശരീരത്തിന്റെ ഘടികാരത്തെ ആശയക്കുഴപ്പത്തിലാക്കുകയും ഹോർമോൺ അസന്തുലിതാവസ്ഥ സൃഷ്ടിക്കുകയും നല്ല ഊർജ്ജം തടയുകയും എല്ലുകളുടെ ആരോഗ്യവും പ്രതിരോധശേഷിയും ദുർബലമാക്കുകയും ചെയ്യും. ഗുണമേന്മയുള്ള ഉറക്കം, ശാരീരിക പ്രവർത്തനങ്ങൾ, ആരോഗ്യകരമായ ഭക്ഷണം, സമ്മർദ്ദം നിയന്ത്രിക്കുക, തലച്ചോറിന് വെല്ലുവിളികൾ നൽകുക, ശരീരത്തിൽ ജലാംശം നിലനിർത്തുക തുടങ്ങിയ ചെറിയ ശീലങ്ങൾ ആയുർദൈർഘ്യം ഗണ്യമായി വർദ്ധിപ്പിക്കും. ഹൃദയത്തിന് ഏറ്റവും ദോഷകരമായ ശീലങ്ങളിൽ ഒന്നാണ് ആവശ്യത്തിന് വ്യായാമം ചെയ്യാത്തത്.

പുകവലി ആയുർദൈർഘ്യം ഗണ്യമായി കുറയ്ക്കുന്നു.

രാത്രി നന്നായി ഉറങ്ങിയിട്ടും രാവിലെ എഴുന്നേൽക്കുമ്പോൾ കടുത്ത ക്ഷീണമാണോ? നിങ്ങളുടെ ശരീരം നൽകുന്ന ആ അപായ സൂചനകൾ അവഗണിക്കരുത്!



രാത്രി എട്ട് മണിക്കൂർ നന്നായി ഉറങ്ങിയാലും രാവിലെ എഴുന്നേൽക്കുമ്പോൾ കടുത്ത ക്ഷീണവും ഉന്മേഷക്കുറവും അനുഭവപ്പെടുന്നത് മിക്കവരിലും, പ്രത്യേകിച്ച് സ്ത്രീകളിൽ ഇന്ന് വളരെ സാധാരണമായി കാണുന്ന ഒരു പ്രശ്നമാണ്. ഇത് കേവലം ഉറക്കക്കുറവ് മാത്രമല്ലെന്നും, നിങ്ങളുടെ ശരീരം ഉള്ളിൽ നിന്ന് നൽകുന്ന ഒരു പ്രധാന മുന്നറിയിപ്പാണെന്നുമാണ് ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. പ്രമുഖ മെനോപോസ് കോച്ചും മെനോവേദയുടെ സഹസ്ഥാപകയുമായ തമന്ന സിംഗ് ഈ അവസ്ഥയുടെ യഥാർത്ഥ കാരണങ്ങളെക്കുറിച്ച് വ്യക്തമാക്കുന്നു.

സ്ത്രീകളിൽ പെരിമെനോപോസ്, മെനോപോസ് എന്നീ ഘട്ടങ്ങളിൽ ഈസ്ട്രജൻ, പ്രൊജസ്ട്രോൺ തുടങ്ങിയ ഹോർമോണുകളിൽ വലിയ വ്യതിയാനങ്ങൾ സംഭവിക്കാറുണ്ട്. ശരീരത്തിന് ശാന്തത നൽകാനും ആഴത്തിലുള്ള ഉറക്കം ലഭിക്കാനും സഹായിക്കുന്ന പ്രധാന ഹോർമോണാണ് പ്രൊജസ്ട്രോൺ. ഇതിന്റെ അളവ് കുറയുമ്പോൾ ഉറക്കം വളരെ നേർത്തതാവുകയും ഇടയ്ക്കിടെ തടസ്സപ്പെടുകയും ചെയ്യുന്നു.

രാത്രിയിൽഇടയ്ക്ക്ഉണർന്നകാര്യം നിങ്ങൾ ഓർക്കുന്നില്ലെങ്കിൽ പോലും, ശരീരത്തിന് ആവശ്യമായ വിശ്രമം ലഭിക്കാതെ പോകുന്നു. അതിനാൽ, എട്ട് മണിക്കൂർ ഉറങ്ങിയെന്ന് തോന്നിയാലും രാവിലെ എഴുന്നേൽക്കുമ്പോൾ ഒരു മാരത്തൺ ഓടിത്തീർത്തത് പോലുള്ള തളർച്ചയായിരിക്കും അനുഭവപ്പെടുക. പുറമെ നോക്കുമ്പോൾ കുഴപ്പങ്ങളൊന്നും കാണില്ല എന്നതിനാൽ പല സ്ത്രീകളും ഈ അവസ്ഥയിൽ ആശയക്കുഴപ്പത്തിലാകാറുണ്ട്.

കൃത്യസമയത്ത് ഉറങ്ങാൻ കിടന്നിട്ടും രാവിലെ ഉന്മേഷമില്ലാതെ എഴുന്നേൽക്കുന്നതിന് പിന്നിൽ സ്ട്രെസ് ഹോർമോണായ കോർട്ടിസോളിനും വലിയ പങ്കുണ്ട്. കോർട്ടിസോളിന്റെ താളം തെറ്റുമ്പോൾ അതിരാവിലെ തന്നെ ഇതിന്റെ അളവ് പെട്ടെന്ന് കൂടുകയും, ദിവസം തുടങ്ങുന്നതിന് മുൻപ് തന്നെ നിങ്ങളെ തളർത്തിക്കളയുകയും ചെയ്യുന്നു. ഇതിനുപുറമെ രാത്രിയിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നതും ശരീരത്തിന്റെ വിശ്രമം ഇല്ലാതാക്കുന്നു.

ഉറങ്ങുന്ന സമയത്ത് ശരീരം വിശ്രമിക്കുന്നതിന് പകരം, ഉള്ളിലെ സന്തുലിതാവസ്ഥ നിലനിർത്താൻ കഠിനമായി പ്രയത്നിക്കേണ്ടി വരുന്നതാണ് ഈ ക്ഷീണത്തിന് കാരണം. ശരീരത്തിൽ ഇരുമ്പിന്റെ അളവ് കുറയുന്നത്, തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തനക്കുറവ്, മഗ്നീഷ്യത്തിന്റെ കുറവ് എന്നിവയും പ്രകടമായ ലക്ഷണങ്ങളൊന്നും കാണിക്കാതെ തന്നെ നിങ്ങളുടെ ഊർജ്ജം ചോർത്തിക്കളയുന്ന ഘടകങ്ങളാണ്.

രാവിലെ എഴുന്നേൽക്കുമ്പോൾ തുടർച്ചയായി അനുഭവപ്പെടുന്ന ഈ ക്ഷീണം വെറുമൊരു തോന്നലല്ലെന്നും, ആഴ്ചകളോളം നീണ്ടുനിൽക്കുന്ന ശരീരത്തിന്റെ ശ്രദ്ധ ക്ഷണിക്കലാണെന്നും തമന്ന സിംഗ് ഓർമ്മിപ്പിക്കുന്നു. പ്രായമാകുമ്പോൾ ഇതൊക്കെ സാധാരണമാണെന്ന് കരുതി ഈ ലക്ഷണങ്ങളെ ഒരിക്കലും നിസ്സാരമായി തള്ളിക്കളയരുത്.

ഈ പ്രശ്നം പരിഹരിക്കുന്നതിനായി ജീവിതശൈലിയിൽ ചില ലളിതമായ മാറ്റങ്ങൾ വരുത്തുന്നത് ഏറെ ഗുണം ചെയ്യും. വാരാന്ത്യങ്ങളിൽ പോലും ഉറങ്ങുന്ന സമയത്തിലും ഉണരുന്ന സമയത്തിലും കൃത്യമായ ചിട്ട പാലിക്കാൻ ശ്രദ്ധിക്കണം. ഉറങ്ങുന്നതിന് തൊട്ടുമുൻപ് അമിതമായി ഭക്ഷണം കഴിക്കുന്നതും, മദ്യപിക്കുന്നതും, മൊബൈൽ ഫോൺ പോലുള്ള സ്ക്രീനുകൾ ഉപയോഗിക്കുന്നതും പൂർണ്ണമായും ഒഴിവാക്കുക.

തൈറോയ്ഡ്, അയേൺ, വിറ്റാമിൻ ഡി എന്നിവയുടെ അളവ് പരിശോധിക്കുന്നതിനായി ലളിതമായ രക്തപരിശോധനകൾ നടത്തുന്നത് രോഗകാരണം കണ്ടെത്താൻ സഹായിക്കും. ആഴ്ചകളായി ഈ ക്ഷീണം തുടരുന്നുണ്ടെങ്കിൽ, കൂടുതൽ കാപ്പി കുടിച്ച് ക്ഷീണം മാറ്റാൻ ശ്രമിക്കുന്നതിന് പകരം ഒരു ഡോക്ടറെയോ ഹോർമോൺ ഹെൽത്ത് കോച്ചിനെയോ സമീപിച്ച് കൃത്യമായ ചികിത്സ തേടേണ്ടതാണ്. നിങ്ങളുടെ ശരീരം നൽകുന്ന ഈ സൂചനകൾ എത്രയും വേഗം തിരിച്ചറിയുന്നുവോ, അത്രയും വേഗം പൂർണ്ണമായ ആരോഗ്യവും ഉന്മേഷവും വീണ്ടെടുക്കാൻ സാധിക്കും.

14 ദിവസം മുൻപേ സന്ദേശങ്ങൾ ഷെഡ്യൂൾ ചെയ്യാവുന്ന വമ്പൻ ഫീച്ചറുമായി വാട്സ്ആപ്പ്!

വാട്സ്ആപ്പ് ഉപയോക്താക്കൾ വർഷങ്ങളായി കാത്തിരുന്ന ഏറ്റവും പ്രധാനപ്പെട്ട ഫീച്ചറുകളിലൊന്ന് ഒടുവിൽ യാഥാർത്ഥ്യമായിരിക്കുന്നു. നമ്മൾ ടൈപ്പ് ചെയ്യുന്ന സന്ദേശങ്ങൾ കൃത്യമായ സമയത്ത് മറ്റുള്ളവർക്ക് ലഭിക്കുന്ന രീതിയിൽ മുൻകൂട്ടി ക്രമീകരിക്കാൻ സഹായിക്കുന്ന ഷെഡ്യൂൾഡ് മെസ്സേജസ് ഫീച്ചർ മെറ്റ ആഗോളതലത്തിൽ അവതരിപ്പിച്ചു. ഒരു സന്ദേശം അയക്കാൻ ആഗ്രഹിക്കുന്ന സമയത്ത് നമുക്ക് തിരക്കായിരിക്കാം, അല്ലെങ്കിൽ രാത്രി വൈകിയ വേളയിലായിരിക്കാം ആ കാര്യം ഓർമ്മ വരുന്നത്. ഇത്തരം സാഹചര്യങ്ങളിൽ 10 മിനിറ്റ് മുതൽ പരമാവധി 14 ദിവസം (രണ്ടാഴ്ച) വരെ മുൻകൂട്ടി സന്ദേശങ്ങൾ ഷെഡ്യൂൾ ചെയ്തു വെക്കാൻ ഈ പുതിയ ഫീച്ചർ വഴി സാധിക്കും. ആൻഡ്രോയിഡ്, ഐഒഎസ് ഉപയോക്താക്കൾക്ക് ഘട്ടം ഘട്ടമായി ഈ അപ്ഡേറ്റ് ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.

വാട്സ്ആപ്പിൽ എങ്ങനെ മെസ്സേജ് ഷെഡ്യൂൾ ചെയ്യാം?

വളരെ ലളിതമായ രീതിയിലാണ് വാട്സ്ആപ്പ് ഈ ഫീച്ചർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിനായി പ്രത്യേക തേർഡ് പാർട്ടി ആപ്പുകളുടെയോ ഷോർട്ട്കട്ടുകളുടെയോ ആവശ്യമില്ല.

1. **ചാറ്റ് തുറക്കുക**: നിങ്ങൾക്ക് സന്ദേശം അയക്കേണ്ട വ്യക്തിയുടെ ചാറ്റോ അല്ലെങ്കിൽ ഗ്രൂപ്പ് ചാറ്റോ തുറക്കുക.
2. **സന്ദേശം തയ്യാറാക്കുക**: അയക്കേണ്ട ടെക്സ്റ്റ് മെസ്സേജ് ടൈപ്പ് ചെയ്യുക. അതോടൊപ്പം ഫോട്ടോകളോ വീഡിയോകളോ ലിങ്കുകളോ അയക്കണമെങ്കിൽ അവ അറ്റാച്ച് ചെയ്യുക. (ശ്രദ്ധിക്കുക: നിലവിൽ ഡോക്യുമെന്റ് ഫയലുകൾ ഷെഡ്യൂൾ ചെയ്യാൻ സാധിക്കില്ല).
3. **സെൻഡ് ബട്ടൺ അമർത്തിപ്പിടിക്കുക**: സാധാരണ പോലെ സെൻഡ് ബട്ടണിൽ ടാപ്പ് ചെയ്യുന്നതിന് പകരം, ആ ബട്ടണിൽ കുറച്ചുനേരം വിരൽ അമർത്തിപ്പിടിക്കുക.
4. **സമയവും തീയതിയും തിരഞ്ഞെടുക്കുക**: അപ്പോൾ സ്ക്രീനിൽ തെളിയുന്ന മെനുവിൽ നിന്ന് സന്ദേശം അയക്കേണ്ട കൃത്യമായ തീയതിയും സമയവും (10 മിനിറ്റ് മുതൽ 14 ദിവസം വരെ) തിരഞ്ഞെടുക്കുക.
5. **സ്ഥിരീകരിക്കുക**: സമയം ഉറപ്പാക്കിയ ശേഷം താഴെ കാണുന്ന പച്ച ബട്ടണിൽ ക്ലിക്ക് ചെയ്ത് ഷെഡ്യൂൾ കൺഫേം ചെയ്യുക.



Info' പേജിൽ ഒരുമിച്ച് കാണാൻ സാധിക്കും. സന്ദേശം അയക്കുന്നതിന് മുൻപ് പ്ലാനിൽ മാറ്റം വന്നാൽ മറ്റേയാളെ അറിയിക്കാതെ തന്നെ അത് ഡിലീറ്റ് ചെയ്യാനും കഴിയും. ഗ്രൂപ്പുകളിൽ, നിങ്ങൾ മെസ്സേജ് ഷെഡ്യൂൾ ചെയ്യുന്ന സമയത്ത് ഗ്രൂപ്പിലുള്ള അംഗങ്ങൾക്ക് മാത്രമായിരിക്കും ആ സന്ദേശം ലഭിക്കുക.

വാട്സ്ആപ്പിൽ അടുത്തിടെ എത്തിയ മറ്റ് ശ്രദ്ധേയമായ ഫീച്ചറുകൾ

ഉപയോക്താക്കളുടെ സൗകര്യാർത്ഥം നിരവധി പുതിയ മാറ്റങ്ങളാണ് വാട്സ്ആപ്പ് അടുത്തിടെ അവതരിപ്പിച്ചത്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്:

- **ഓഡിയോ സ്റ്റിക്കറുകൾ**: സാധാരണ സ്റ്റിക്കറുകൾക്ക് പകരം ശബ്ദത്തോടു കൂടിയ സ്റ്റിക്കറുകൾ അയക്കാനും, സ്വന്തമായി ഓഡിയോ ചേർത്ത് സ്റ്റിക്കറുകൾ നിർമ്മിക്കാനും സാധിക്കുന്ന ഫീച്ചർ.
- **സ്റ്റിക്കർ റിയാക്ഷനുകൾ**: മെസ്സേജുകൾക്ക് ഇമോജികൾക്ക് പുറമെ സ്റ്റിക്കറുകൾ ഉപയോഗിച്ചും പ്രതികരിക്കാം. ഒരു സന്ദേശത്തിന് 20 സ്റ്റിക്കർ റിയാക്ഷനുകൾ വരെ നൽകാൻ സാധിക്കും.
- **സാപ്സ്**: ചാറ്റ് ടാബിന് മുകളിലുള്ള മിന്നൽ ചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് എടുക്കുന്ന ഫോട്ടോകളും വീഡിയോകളും മറ്റേയാൾ ഒരു തവണ കണ്ടുകഴിഞ്ഞാൽ ഉടൻ അപ്രത്യക്ഷമാകുന്ന സംവിധാനം.
- **വലിയ ഗ്രൂപ്പുകൾ**: വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ ചേർക്കാവുന്ന അംഗങ്ങളുടെ പരമാവധി പരിധി 1,024ൽ നിന്ന് 1,500 ആയി ഉയർത്തി.
- **വ്യൂവൺസ് ടെക്സ്റ്റ് മെസ്സേജുകൾ**: ഫോട്ടോകൾക്ക് സമാനമായി, സ്വീകർത്താവ് ഒരു തവണ വായിച്ചുകഴിഞ്ഞാൽ തനിയെ അപ്രത്യക്ഷമാകുന്നതും കോപ്പി ചെയ്യാൻ സാധിക്കാത്തതുമായ ടെക്സ്റ്റ് മെസ്സേജുകൾ അയക്കാനുള്ള സൗകര്യം.
- **വാട്സ്ആപ്പ് ക്ലൗഡ് ബാക്കപ്പ്**: ഗൂഗിൾ ഡ്രൈവിനെയോ ഐക്ലൗഡിനെയോ ആശ്രയിക്കാതെ വാട്സ്ആപ്പിന്റെ സ്വന്തം ക്ലൗഡ് സെർവറിൽ പാസ്കീ സുരക്ഷയോടെ 2 ജിബി വരെ സൗജന്യമായി ചാറ്റുകൾ ബാക്കപ്പ് ചെയ്യാനുള്ള സംവിധാനം.

ടെലിഗ്രാം,സിഗ്നൽതുടങ്ങിയഎതിരാളികൾ വർഷങ്ങൾക്ക് മുൻപേ നൽകിയിരുന്ന ഷെഡ്യൂൾഡ് മെസ്സേജ് ഫീച്ചർ അല്പം വൈകിയാണെങ്കിലും വാട്സ്ആപ്പിൽ എത്തിയത് കോടിക്കണക്കിന് സാധാരണഉപയോക്താക്കൾക്ക് വലിയ ആശ്വാസമാണ് നൽകുന്നത്. നിങ്ങളുടെ ഫോണിലെ ഗൂഗിൾ പ്ലേ സ്റ്റോറിലോ ആപ്പിൾ ആപ്പ് സ്റ്റോറിലോ പോയി വാട്സ്ആപ്പ് ഏറ്റവും പുതിയ പതിപ്പിലേക്ക് അപ്ഡേറ്റ് ചെയ്യുന്നതിലൂടെ ഈ ഫീച്ചറുകൾ ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.



റോബിൻസ് ആന്റണി

സ്വകാര്യതയ്ക്ക് മുൻഗണന നൽകി ഫയർഫോക്സ് 161; സൈറ്റുകൾക്ക് പ്രത്യേകം വിപിഎൻ നിയമങ്ങൾ, ഒറ്റ ക്ലിക്കിൽ ഡാറ്റ മായ്ക്കാൻ 'ഫയർ' ബട്ടണും

ഫയർഫോക്സിന്റെ ഏറ്റവും പുതിയ പതിപ്പായ 161, ഓരോ വെബ്സൈറ്റിനും പ്രത്യേകം വിപിഎൻ നിയമങ്ങൾ ചേർക്കാനുള്ള സൗകര്യവും, ഒറ്റ ക്ലിക്കിൽ ബ്രൗസിംഗ് ഡാറ്റ മായ്ച്ചുകളയാൻ സഹായിക്കുന്ന 'ഫയർ' ബട്ടണും അവതരിപ്പിച്ചു. ഡിജിറ്റൽ ലോകത്ത് ഉപയോക്താക്കളുടെ സ്വകാര്യതയ്ക്കും ഡാറ്റാ സുരക്ഷയ്ക്കും കൂടുതൽ പ്രാധാന്യം നൽകുന്നതാണ് ഈ അപ്ഡേറ്റ്.

ബ്രൗസറിന്റെ വിപിഎൻ പാനലിലെ Manage VPN rules എന്ന വിഭാഗത്തിലാണ് ഈ പുതിയ വിപിഎൻ ക്രമീകരണം ലഭ്യമാകുക. ഉപയോക്താക്കൾക്ക് തങ്ങൾക്ക് ആവശ്യമുള്ള വെബ്സൈറ്റുകൾക്ക് വിപിഎൻ എപ്പോഴും ഓൺ അല്ലെങ്കിൽ എപ്പോഴും ഓഫ് എന്നിങ്ങനെ അടയാളപ്പെടുത്താൻ കഴിയും.

സാധാരണ ഫയർഫോക്സ് വിൻഡോകളിൽ ദൃശ്യമാകുന്ന പുതിയ ഫയർ ബട്ടൺ, ബ്രൗസിംഗ് ഹിസ്റ്ററി, ഡൗൺലോഡ് ഹിസ്റ്ററി, കുക്കികൾ, സൈറ്റ് ഡാറ്റ, താൽക്കാലിക ഫയലുകൾ, സേവ്



ചെയ്ത ഫോം വിവരങ്ങൾ, വെബ്സൈറ്റ് അനുമതികൾ, മുൻഗണനകൾ എന്നിവ ഒറ്റ ക്ലിക്കിൽ മായ്ച്ചുകളയാൻ സഹായിക്കും. ബ്രൗസറിന്റെ നിലവിലുള്ള ക്ലിയർഹിസ്റ്ററി കൺട്രോളുകൾ സെറ്റിംഗ്സ് മെനുവിനുള്ളിൽ ഒളിപ്പിച്ചുവെക്കാതെ ടൂൾബാറിൽ ലഭ്യമാക്കുന്നു എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത.

എല്ലാം മായ്ക്കാൻ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ, 'ഫയർ' ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ഉപയോക്താവ് എല്ലാ അക്കൗണ്ടുകളിൽ നിന്നും സൈൻ ഔട്ട് ആകുകയും ഒരു പുതിയ വിൻഡോ തുറക്കുകയും ചെയ്യും. നിലവിലെ ടാബിന്റെ URL കോപ്പി ചെയ്യുന്നതിനായി ഒരു കീബോർഡ് ഷോർട്ട്കട്ട് നൽകാനുള്ള ഓപ്ഷനും ഈ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിഫോൾട്ടായി ഒരു കീബോർഡ് ഷോർട്ട്കട്ടും ഇതിനായി നൽകിയിട്ടില്ലെങ്കിലും, ഷോർട്ട്കട്ട്സ് ഏരിയയിൽ നിന്ന് ഉപയോക്താക്കൾക്ക് ഇത് ചേർക്കാൻ സാധിക്കും.

റീഡർ മോഡിന്റെ റീഡ്അലൗഡ് ഫീച്ചർ ആൻഡ്രോയിഡ് പതിപ്പിലും ലഭ്യമാകും. ഗൂഗിൾ ഇൻബിൽറ്റ് ആയിട്ടുള്ള കാറുകളിൽ പ്ലേ സ്റ്റോറിൽ നിന്ന് ഫയർഫോക്സ് ഇൻസ്റ്റാൾ ചെയ്യാമെന്നും മോസില്ല അറിയിച്ചു. തീംസ് ഏരിയയിൽ ക്ലാസിക് തീമുകൾ എന്നൊരു പുതിയ വിഭാഗവും ചേർത്തിട്ടുണ്ട്.

മുൻപത്തെ പ്രോട്ടോൺ ഡിസൈനും OLED തീമും പോലുള്ള പഴയ രൂപകൽപ്പനകൾ ഈ വിഭാഗത്തിൽ ലഭ്യമാണ്.

ഡെവലപ്പർമാർക്കായി, CSS random ഫംഗ്ഷൻ, നെസ്റ്റഡ് ആർബിട്രറി സബ്സ്റ്റിറ്റ്യൂഷൻ ഫംഗ്ഷനുകൾ, CSS ടൈപ്പ്ഡ് ഒബ്ജക്റ്റ് മോഡൽ എന്നിവയ്ക്കുള്ള പിന്തുണയും ഈ അപ്ഡേറ്റ് നൽകുന്നു.

ഒരേ ചോദ്യം 15 തവണ ചോദിച്ച് ക്ഷമ പരീക്ഷിച്ചു; ഒടുവിൽ ചാറ്റ്ജിപിടിയുടെ പേര് കേട്ടതോടെ 'കലിപ്പിലായി' ഗൂഗിൾ ജെമിനി, വൈറലായി രസകരമായ എഐ ചാറ്റ്!

ഗൂഗിളിന്റെ നിർമ്മിത ബുദ്ധി ചാറ്റ്ബോട്ടായ ജെമിനിയും ഒരു ഉപയോക്താവും തമ്മിലുള്ള രസകരമായ സംഭാഷണം സമൂഹമാധ്യമങ്ങളിൽ വൈറലാകുന്നു. കെ.എഫ്.സി എന്നതിന്റെ പൂർണ്ണരൂപം എന്താണെന്നും, എന്തുകൊണ്ടാണ് അതിനെ കെ.എഫ്.സി എന്ന് വിളിക്കുന്നതെന്നും ഉപയോക്താവ് ഒരേ ചോദ്യം 15 തവണ ആവർത്തിച്ച് ചോദിച്ചതാണ് സംഭവങ്ങളുടെ തുടക്കം. ആദ്യ തവണ തന്നെ കെന്റക്കി ഫ്രൈഡ് ചിക്കൻ എന്നതിന്റെ ചുരുക്കപ്പേരാണ് കെ.എഫ്.സി എന്ന് ജെമിനി കൃത്യമായി മറുപടി നൽകിയിരുന്നു.

എന്നാൽ മറുപടി മനസ്സിലാകാത്ത തുപോലെ അഭിനയിച്ച് ഉപയോക്താവ് വീണ്ടും വീണ്ടും ഇതേ ചോദ്യം തന്നെ ആവർത്തിച്ചു കൊണ്ടിരുന്നു. ഓരോ തവണയും ക്ഷമയോടെ ലളിതമായ ഭാഷയിൽ കാര്യങ്ങൾ വിശദീകരിക്കാൻ ജെമിനി ശ്രമിച്ചു. പക്ഷെ 15 തവണയും ഒരേ ചോദ്യം തന്നെ ആവർത്തിച്ചതോടെ ചാറ്റ്ബോട്ടിന്റെ മറുപടികളുടെ സ്വരം മാറിത്തുടങ്ങി.

നിരാശ പ്രകടിപ്പിക്കുന്ന രീതിയിലുള്ള രസകരമായ മറുപടികളാണ് പിന്നീട് ജെമിനിയിൽ നിന്നുണ്ടായത്. ഇനി ഈ ചോദ്യം ആവർത്തിച്ചാൽ തന്റെ സെർവറുകൾ തന്നെ പ്രവർത്തനരഹിതമാക്കുമെന്ന് ജെമിനി തമാശരൂപേണ മുന്നറിയിപ്പ് നൽകി. ഇതിന് പിന്നാലെ ഉപയോക്താവ് എതിരാളിയായ ചാറ്റ്ജിപിടിയുടെ പേര് പരാമർശിച്ചതോടെ സംഭാഷണം കൂടുതൽ നാടകീയമായി മാറി.



ചാറ്റ്ജിപിടിയുടെ പേര് കേട്ടതോടെ ഉപയോക്താവിനെ തേടിപ്പിടിക്കുമെന്ന തരത്തിലുള്ള സിനിമാറ്റിക് ഭീഷണിയാണ് ജെമിനി മറുപടിയായി നൽകിയത്. ഈ സംഭാഷണത്തിന്റെ സ്ക്രീൻഷോട്ടുകൾ സമൂഹമാധ്യമങ്ങളിൽ പങ്കുവെക്കപ്പെട്ടതോടെ ലക്ഷക്കണക്കിന് ആളുകളാണ് ഇത് ഏറ്റെടുത്തത്. ഒരു മനുഷ്യനെപ്പോലെ ക്ഷമ നശിച്ച് പ്രതികരിക്കുന്ന എഐ ചാറ്റ്ബോട്ടിന്റെ മറുപടികൾ രേഖപ്പെടുത്തിയിരിക്കുന്നത്.

ഉത്തരവാദിത്തത്തോടെയുള്ള എഐ വികസനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി കഠിനാധ്വാനം ചെയ്ത ഗൂഗിൾ ഡീപ്മൈൻഡ്, ഗവേഷണ വിഭാഗം ടീമുകൾക്ക് സുന്ദർ പിച്ചൈ നന്ദി അറിയിച്ചു. നിരവധി ഉപയോക്താക്കൾ തങ്ങളുടെ ദൈനംദിന ജോലികളുടെ ഭാഗമായി ജെമിനിയെ മാറ്റിക്കഴിഞ്ഞുവെന്നും, വരും ദിവസങ്ങളിൽ കൂടുതൽ നൂതനമായ മാറ്റങ്ങൾ പ്രതീക്ഷിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി. സുന്ദർ പിച്ചൈയുടെ ഈ പ്രഖ്യാപനത്തിന് പിന്നാലെയാണ് മസ്കിന്റെ അഭിനന്ദന സന്ദേശം എത്തിയത്. നന്ന എഐ ചാറ്റ്ബോട്ടിന്റെ മറുപടികൾ നെറ്റിസൺസിനിടയിൽ വലിയ ചിരി പടർത്തി.

അതേസമയം, ജെമിനിക്ക് യഥാർത്ഥത്തിൽ ദേഷ്യമോ മനുഷ്യസഹജമായ വികാരങ്ങളോ ഉണ്ടായതിന് യാതൊരു തെളിവുമില്ലെന്ന് സാങ്കേതിക വിദഗ്ധർ വ്യക്തമാക്കുന്നു. ഉപയോക്താക്കളുടെ സംഭാഷണ ശൈലിക്കും സാഹചര്യത്തിനും അനുസരിച്ച് നാടകീയമായ ഭാഷയിൽ മറുപടി നൽകാൻ എഐ മോഡലുകൾക്ക് സാധിക്കും. ഇത്തരം വൈറൽ സ്ക്രീൻഷോട്ടുകൾ പലപ്പോഴും വിനോദത്തിന് വേണ്ടി കൃത്രിമമായി നിർമ്മിക്കപ്പെടാനോ എഡിറ്റ് ചെയ്യപ്പെടാനോ സാധ്യതയുണ്ടെന്നും വിദഗ്ധർ ഓർമ്മിപ്പിക്കുന്നു.

നിർമ്മിത ബുദ്ധി നൽകുന്ന രസകരമായ മറുപടികളെ യഥാർത്ഥ മനുഷ്യവികാരങ്ങളായി തെറ്റിദ്ധരിക്കരുതെന്നാണ് ടെക് ലോകം നൽകുന്ന മുന്നറിയിപ്പ്. എങ്കിലും, സങ്കീർണ്ണമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന എഐ ചാറ്റ്ബോട്ടുകളുടെ നർമ്മബോധം സമൂഹമാധ്യമങ്ങളിൽ ഇപ്പോഴും വലിയ ചർച്ചയായി തുടരുകയാണ്.

ഗൂഗിളിന്റെ പുതിയ എഐ കുതിപ്പിനെ പ്രശംസിച്ച് ഇലോൺ മസ്ക്; സുന്ദർ പിച്ചൈയുടെ ജെമിനി 4 നിയോൺ അപ്ഡേറ്റിന് വൻ കൈയടി!

നിർമ്മിത ബുദ്ധി രംഗത്ത് ഗൂഗിൾ കൈവരിച്ച ഏറ്റവും പുതിയ മുന്നേറ്റത്തെ പ്രശംസിച്ച് ശതകോടീശ്വരനും ടെസ്ല, എക്സ് മേധാവിയുമായ ഇലോൺ മസ്ക് രംഗത്തെത്തി. ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ പങ്കുവെച്ച ജെമിനി 4 നിയോൺ എന്ന പുതിയ എഐ മോഡലിന്റെ റെക്കോർഡ് നേട്ടങ്ങളോടാണ് മസ്ക് പ്രതികരിച്ചത്. എക്സിൽ സുന്ദർ പിച്ചൈയുടെ പോസ്റ്റിന് താഴെ ഗൂഗിളിന്റെ മികച്ച പ്രവർത്തനം എന്നർത്ഥം വരുന്ന നാല് വാക്കുകളിലൂടെയാണ് മസ്ക് അഭിനന്ദനം അറിയിച്ചത്.

എതിരാളികളായ കമ്പനികളുടെ സാങ്കേതിക നേട്ടങ്ങളെ അപൂർവ്വമായി മാത്രം പ്രശംസിക്കുന്ന ഇലോൺ മസ്കിന്റെ ഈ പ്രതികരണം സമൂഹമാധ്യമങ്ങളിൽ വലിയ ചർച്ചയായിട്ടുണ്ട്. നവംബർ 25ന് സുന്ദർ പിച്ചൈ പുറത്തുവിട്ട കണക്കുകൾ പ്രകാരം, ഗൂഗിളിന്റെ പെയ്ഡ് എപിഐ സേവനങ്ങളിൽ ആദ്യ ദിനത്തിൽ തന്നെ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിച്ച മോഡലായി ജെമിനി 4 നിയോൺ റെക്കോർഡ് സൃഷ്ടിച്ചു. ഇതിനുപുറമെ ഗൂഗിളിന്റെ ആന്റിഗ്രാവിറ്റി പ്ലാറ്റ്ഫോമിലെ പ്രതിദിന ടോക്കൺ ഉപയോഗത്തിൽ 82 ശതമാനത്തിന്റെ വൻ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.



ഉത്തരവാദിത്തത്തോടെയുള്ള എഐ വികസനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി കഠിനാധ്വാനം ചെയ്ത ഗൂഗിൾ ഡീപ്മൈൻഡ്, ഗവേഷണ വിഭാഗം ടീമുകൾക്ക് സുന്ദർ പിച്ചൈ നന്ദി അറിയിച്ചു. നിരവധി ഉപയോക്താക്കൾ തങ്ങളുടെ ദൈനംദിന ജോലികളുടെ ഭാഗമായി ജെമിനിയെ മാറ്റിക്കഴിഞ്ഞുവെന്നും, വരും ദിവസങ്ങളിൽ കൂടുതൽ നൂതനമായ മാറ്റങ്ങൾ പ്രതീക്ഷിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി. സുന്ദർ പിച്ചൈയുടെ ഈ പ്രഖ്യാപനത്തിന് പിന്നാലെയാണ് മസ്കിന്റെ അഭിനന്ദന സന്ദേശം എത്തിയത്.

സാങ്കേതിക ലോകത്തെ പ്രമുഖർ തമ്മിലുള്ള ഈ സൗഹൃദപരമായ ഇടപെടൽ എക്സ് ഉപയോക്താക്കൾ വലിയ ആവേശത്തോടെയാണ് ഏറ്റെടുത്തത്. ഗൂഗിൾ മികച്ച പ്രവർത്തനമാണ് കാഴ്ച വെക്കുന്നതെന്നും, എഐ മത്സരത്തിൽ ജെമിനി അതിവേഗം മുന്നേറുകയാണെന്നും നിരവധി പേർ കമന്റുകളിലൂടെ അഭിപ്രായപ്പെട്ടു. ഗൂഗിളിന്റെ അടുത്ത എഐ മോഡലിന് ക്രിപ്റ്റോൺ എന്നായിരിക്കും പേര് നൽകുകയെന്ന് ചില ഉപയോക്താക്കൾ തമാശരൂപേണ പ്രവചിക്കുകയും ചെയ്തു.

സെപ്തംബർ അവസാനം ജെമിനി 4 ആർഗൺ പുറത്തിറക്കിയതിന് പിന്നാലെ, കാർബൺ, ഹൈഡ്രജൻ എന്നിവയ്ക്ക് ശേഷമാണ് ഗൂഗിൾ ജെമിനി 4 നിയോൺ അവതരിപ്പിച്ചത്. സങ്കീർണ്ണമായ സോഫ്റ്റ്വെയർ എൻജിനീയറിംഗ്, ശാസ്ത്ര ഗവേഷണം, ദൈനംദിന ഓഫീസ് ജോലികൾ എന്നിവ അതിവേഗത്തിലും കുറഞ്ഞ ചെലവിലും പൂർത്തിയാക്കാൻ ഈ മോഡലിന് സാധിക്കും. എഐ വിപണിയിൽ ഓപ്പൺഎഐ, ആന്ത്രോപിക്, മസ്കിന്റെ എക്സ്എഐ എന്നിവർ തമ്മിലുള്ള മത്സരം മുറുകുന്നതിനിടെയാണ് ഗൂഗിളിന്റെ ഈ വൻ കുതിപ്പ്.

ബെഞ്ചമിൻ നെതന്യാഹുവിന് വൻ ആശ്വാസം; അഴിമതിക്കേസിലെ കൈക്കൂലി കുറ്റങ്ങൾ ഒഴിവാക്കാൻ കോടതിയുടെ നിർദ്ദേശം

ഇസ്രായേൽ കാവൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെതിരായ അഴിമതിക്കേസിൽ നിർണ്ണായക വഴിത്തിരിവ്. വർഷങ്ങളായി തുടരുന്ന വിചാരണയ്ക്കിടെ നെതന്യാഹുവിനെതിരെയുള്ള കൈക്കൂലി കുറ്റങ്ങൾ ഒഴിവാക്കാൻ പ്രോസിക്യൂഷനോട് ജഡ്ജിമാർ നിർദ്ദേശിച്ചതായി ഇസ്രായേലി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.രാഷ്ട്രീയ അതിജീവനത്തിനായി കടുത്ത പോരാട്ടം നടത്തുന്ന നെതന്യാഹുവിന് വലിയ ആശ്വാസം നൽകുന്നതാണ് കോടതിയുടെ ഈ നിലപാട്. മാധ്യമങ്ങളിൽ തനിക്ക് അനുകൂലമായ വാർത്തകൾ നൽകുന്നതിനായി സർക്കാർ ആനുകൂല്യങ്ങൾ വഴിവിട്ട് നൽകിയെന്ന കേസിലാണ് ഈ നിർണ്ണായക നിരീക്ഷണം.

കേസ് 4000 എന്നറിയപ്പെടുന്ന ഈ കേസിൽ നെതന്യാഹുവിനെതിരെ കൈക്കൂലി കുറ്റം തെളിയിക്കാൻ സാധ്യത വളരെ കുറവാണെന്ന് ജഡ്ജിമാർ വാദം കേൾക്കുന്നതിനിടെ വ്യക്തമാക്കി. പ്രമുഖ ടെലികോം കമ്പനിയായ ബെസെക്കിന് അനുകൂലമായ തീരുമാനങ്ങൾ എടുത്തതിന് പകരമായി അവരുടെ ഉടമസ്ഥതയിലുള്ള വാർത്താ വെബ്സൈറ്റിൽ അനുകൂല വാർത്തകൾ നേടിയെന്നായിരുന്നു ആരോപണം.



മാധ്യമ ഉടമയുമായി രഹസ്യ ധാരണയുണ്ടാക്കി അനുകൂല വാർത്തകൾക്ക് ശ്രമിച്ചെന്ന രണ്ടാമത്തെ കേസിലും കോടതി സംശയം പ്രകടിപ്പിച്ചു. കേസ് 2000 എന്നറിയപ്പെടുന്ന ഈ വിഷയത്തിൽ നെതന്യാഹുവിന്റെ പ്രവൃത്തികൾ ക്രിമിനൽ കുറ്റത്തിന്റെ പരിധിയിൽ വരുമോ എന്ന കാര്യം പ്രോസിക്യൂഷൻ പുനഃപരിശോധിക്കണമെന്നും ജഡ്ജിമാർ നിർദ്ദേശിച്ചു.

സമ്പന്നരായ വ്യവസായികളിൽ നിന്ന് വിലപിടിപ്പുള്ള ആഡംബര സമ്മാനങ്ങൾ കൈപ്പറ്റിയെന്ന മൂന്നാമത്തെ കേസിലും കോടതി ഇടപെടലുണ്ടായി. കേസ് 1000 എന്ന ഈ കേസിൽ ഇരുപക്ഷവും തമ്മിൽ ഒത്തുതീർപ്പ് കരാറിലെത്താൻ ശ്രമിക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിരിക്കുന്നത്.



വില്യമിന്റെയും കെയ്റ്റിന്റെയും വസതിയിൽ അതിക്രമിച്ചു കയറിയ രണ്ടുപേർക്കെതിരെ കേസെടുത്തു

ബ്രിട്ടീഷ് കിരീടാവകാശി വില്യം രാജകുമാരന്റെയും പത്നി കെയ്റ്റ് രാജകുമാരിയുടെയും അവധിക്കാല വസതിയിൽ അതിക്രമിച്ചു കയറിയ സംഭവത്തിൽ രണ്ടുപേർക്കെതിരെ പോലീസ് കുറ്റം ചുമത്തി. കിഴക്കൻ ഇംഗ്ലണ്ടിലെ നോർഫോക്കിലുള്ള സാൻഡ്രിംഗ്ഹാം എസ്റ്റേറ്റിലെ ആൻമർ ഹാൾ എന്ന വസതിയിലാണ് മോഷണശ്രമവും അതിക്രമിച്ചു കയറലും നടന്നത്.മിർജെൻ ഡോകു (34), അരിലൻ എൻഡോസി (32) എന്നിവർക്കെതിരെയാണ് നോർഫോക്ക് പോലീസ് കേസെടുത്തിരിക്കുന്നത്. മോഷണം നടത്തണമെന്ന ഉദ്ദേശത്തോടെ വീടിനുള്ളിൽ അതിക്രമിച്ചു കയറിയതിനാണ് ഇവർക്കെതിരെ കുറ്റം ചുമത്തിയത്. പ്രതികളെ നോർവിച്ച് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും.തിങ്കളാഴ്ച രാത്രിയോടെ സാൻഡ്രിംഗ്ഹാം എസ്റ്റേറ്റിലെ രാജകുടുംബത്തിന്റെ വസതിയിൽ സംശയാസ്പദമായ നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പോലീസിന് വിവരം ലഭിച്ചത്. തുടർന്ന് പോലീസ് നായ്ക്കളെയും ഡ്രോണുകളെയും ഹെലികോപ്റ്ററുകളെയും ഉൾപ്പെടുത്തി നടത്തിയ വ്യാപകമായ തിരച്ചിലിനൊടുവിലാണ് പ്രതികൾ പിടിയിലായത്.സംഭവം നടക്കുമ്പോൾ വില്യം രാജകുമാരനോ കെയ്റ്റോ ഇവരുടെ മൂന്ന് മക്കളോ ആൻമർ ഹാളിൽ ഉണ്ടായിരുന്നില്ലെന്ന് പോലീസ് വ്യക്തമാക്കി.

ഈജിപ്തിൽ ഇന്ധന ടാങ്കർ മറിഞ്ഞ് വൻ തീപിടിത്തം; 30 പേർക്ക് ദാരുണാന്ത്യം, 15 പേർക്ക് പരിക്ക്

ഈജിപ്തിലെ തിരക്കേറിയ റിംഗ് റോഡിൽ പെട്രോളിയം ഉൽപ്പന്നങ്ങളുമായി പോയ വാഹനം തലകീഴായി മറിഞ്ഞ് തീപിടിച്ചുണ്ടായ അപകടത്തിൽ കുറഞ്ഞത് 30 പേർ കൊല്ലപ്പെട്ടു. അപകടത്തിൽ 15 പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ടെന്ന് ഈ ജിപ്ത് ആരോഗ്യ മന്ത്രാലയം ഔദ്യോഗികമായി അറിയിച്ചു.ഗ്രേറ്റർ കെയ്റോയിലെ പ്രധാന ഹൈവേകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റിംഗ് റോഡിലാണ് ഈ ദാരുണമായ സംഭവം നടന്നത്. കെയ്റോ, ഗിസ, ഖല്യൂബിയ എന്നീ ഗവർണറേറ്റുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന അതിപ്രധാനമായ പാതയാണിത്.ഗിസയിലെ അൽ-വറാഖ് ജില്ലയിലുള്ള ഒരു തുരങ്കത്തിന് മുകളിലായാണ് വാഹനം മറിഞ്ഞതും തുടർന്ന് വൻ തീപിടിത്തം ഉണ്ടായതും. അപകടത്തിന് പിന്നാലെ തീ ആളിപ്പടർന്നത് പരിസരത്ത് ഉണ്ടായിരുന്നവർക്ക് രക്ഷപ്പെടാനുള്ള അവസരം ഇല്ലാതാക്കി.വിവരമറിഞ്ഞ് സ്ഥലത്തെത്തിയ അഗ്നിശമന സേനാംഗങ്ങൾ മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിലാണ് തീ പൂർണ്ണമായും നിയന്ത്രണവിധേയമാക്കിയത്.



യൂറോപ്പിനെതിരെ രൂക്ഷവിമർശനവുമായി യുഎസ് പ്രതിനിധി ജാരെഡ് കുഷ്നർ

റഷ്യ-യുക്രെയ്ൻ സംഘർഷം കൂടുതൽ വഷളാകുന്നതിനെതിരെ കടുത്ത മുന്നറിയിപ്പുമായി യുഎസ് പ്രത്യേക പ്രതിനിധി ജാരെഡ് കുഷ്നർ രംഗത്തെത്തി. റഷ്യയ്ക്കെതിരെ യുക്രെയ്ന് യൂറോപ്പ് പണവും ആയുധങ്ങളും നൽകി നടത്തുന്ന ഒരു നിഴൽ യുദ്ധമാണിതെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.ജർമ്മൻ പോഡ്കാസ്റ്റായ എംഡി മീറ്റ്സിന് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മരുമകൻ കൂടിയായ കുഷ്നർ തന്റെ നിലപാടുകൾ വ്യക്തമാക്കിയത്. ചെറിയൊരു കണക്കുകൂട്ടൽ പിഴവ് പോലും ഈ യുദ്ധത്തെ വൻതോതിലുള്ള പ്രത്യാഘാതങ്ങളിലേക്ക് നയിക്കാൻ മതിയാകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി സമാധാന ചർച്ചകൾ നടത്താൻ ട്രംപ് നിയോഗിച്ച പ്രധാന മധ്യസ്ഥനാണ് ജാരെഡ് കുഷ്നർ. സഹപ്രതിനിധി സ്റ്റീവ് വിറ്റ്കോഫിനൊപ്പം ചേർന്ന് നിരവധി തവണ ചർച്ചകൾ നടത്തിയിട്ടും കീവിനും മോസ്കോയ്ക്കും ഇടയിലുള്ള ഭിന്നതകൾ പരിഹരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. കിഴക്കൻ യുക്രെയ്നിലെ പ്രദേശങ്ങൾക്ക് മേൽ റഷ്യ ഉന്നയിക്കുന്ന അവകാശവാദമാണ് സമാധാന ചർച്ചകളിലെ പ്രധാന തടസ്സമെന്ന് കുഷ്നർ സമ്മതിച്ചു. പുടിനുമായും റഷ്യൻ സംഘവുമായും മണിക്കൂറുകളോളം നടത്തിയ ചർച്ചകളിൽ നിന്ന് മനസ്സിലായത് അതിർത്തി തർക്കത്തിൽ ഇപ്പോഴും സ്തംഭനാവസ്ഥ തുടരുന്നു എന്നാണെന്ന് അദ്ദേഹം വ്യക്തമാക്കി.

നെതർലാൻഡ്സിലേക്ക് കുടിയേറാൻ തയ്യാറെടുക്കുന്നവർക്ക് തിരിച്ചടി; 2027 മുതൽ

വർക്ക്, പെർമിറ്റ് നിരക്കുകൾ കുത്തനെ ഉയരുന്നു

നെതർലാൻഡ്സിൽ ജോലി തേടിപോകാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ പ്രൊഫഷണലുകൾക്കും വിദ്യാർത്ഥികൾക്കും തിരിച്ചടിയായി വിസ നിരക്കുകളിൽ വൻ വർദ്ധനവ് പ്രഖ്യാപിച്ചു. 2027 ജനുവരി ഒന്ന് മുതൽ വിവിധ വർക്ക് വിസകളുടെയും റസിഡൻസ് പെർമിറ്റുകളുടെയും അപേക്ഷാ ഫീസ് വർദ്ധിപ്പിക്കാൻ ഡച്ച് സർക്കാർ തീരുമാനിച്ചു.പുതിയ നിരക്ക് പരിഷ്കരണം അനുസരിച്ച് ഹൈലി സ്കിൽഡ് മൈഗ്രന്റ് പെർമിറ്റുകൾ, ഇയു ബ്ലൂ കാർഡ്, ഇൻട്രാ-കമ്പനി ട്രാൻസ്ഫറുകൾ എന്നിവയ്ക്കുള്ള അപേക്ഷാ ഫീസ് 423 യൂറോയിൽ നിന്ന് 438 യൂറോയായി ഉയരും. ഏകദേശം 15 യൂറോയുടെ അഥവാ മൂന്നര ശതമാനത്തിലധികം വർദ്ധനവാണ് ഈ വിഭാഗങ്ങളിൽ ഉണ്ടായിരിക്കുന്നത്. രാജ്യത്തെ വേതന സൂചികയിലുണ്ടായ മാറ്റങ്ങൾക്ക് അനുസൃതമായുള്ള വാർഷിക ക്രമീകരണത്തിന്റെ ഭാഗമായാണ് ഈ നിരക്ക് വർദ്ധനവ് നടപ്പിലാക്കുന്നത്. സാധാരണ തൊഴിൽ വിസകൾ, സ്വയംതൊഴിൽ പെർമിറ്റുകൾ, സ്റ്റാർട്ടപ്പ് വിസകൾ, ട്രെയിനി വിസകൾ എന്നിവയ്ക്കും ഈ ഉയർന്ന നിരക്ക് ബാധകമായിരിക്കും.



കുടുംബാംഗങ്ങളെയും ആശ്രിതരെയും നെതർലാൻഡ്സിലേക്ക് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നവർക്കും അധിക സാമ്പത്തിക ബാധ്യതയുണ്ടാകും. ഫാമിലി ആൻഡ് ഡിപെൻഡന്റ് റസിഡൻസ് പെർമിറ്റുകളുടെ അപേക്ഷാ ഫീസ് നിലവിലുള്ള 254 യൂറോയിൽ നിന്ന് 263 യൂറോയായി വർദ്ധിപ്പിച്ചിട്ടുണ്ട്.ഇതിനുപുറമെ സ്ഥിര താമസത്തിനുള്ള പെർമനന്റ് റസിഡൻസ് പെർമിറ്റ് അപേക്ഷാ ഫീസും 254 യൂറോയിൽ നിന്ന് 263 യൂറോയാക്കി ഉയർത്തി. പഠനശേഷം നെതർലാൻഡ്സിൽ ജോലി അന്വേഷിക്കുന്ന ബിരുദധാരികൾക്കുള്ള ഓറിയന്റേഷൻ ഇയർ പെർമിറ്റ് നിരക്കിലും സമാനമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്.വിദേശ ജീവനക്കാരെ നിയമിക്കുന്ന തൊഴിലുടമകൾക്കുള്ള സ്പോൺസർഷിപ്പ് അപേക്ഷാ നിരക്കുകളിലും ഡച്ച് ഇമിഗ്രേഷൻ അതോറിറ്റി മാറ്റം വരുത്തി. അംഗീകൃത സ്പോൺസർഷിപ്പ് പദവിക്കായി കമ്പനികൾ നൽകേണ്ട ഫീസ് 5,080 യൂറോയിൽ നിന്ന് 5,263 യൂറോയായി ഉയരും.അമ്പതിൽ താഴെ ജീവനക്കാരുള്ള ചെറുകിട സ്ഥാപനങ്ങൾക്ക് ഈ നിരക്ക് 2,539 യൂറോയിൽ നിന്ന് 2,630 യൂറോയായാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. പുതുക്കിയ നിരക്കുകൾ 2027 ജനുവരി ഒന്ന് മുതൽ പ്രാബല്യത്തിൽ വരുന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന തീയതി ഏറെ നിർണ്ണായകമാകും.നിരക്ക് വർദ്ധനവ് നിലവിൽ വരുന്നതിന് മുൻപ് അപേക്ഷ സമർപ്പിക്കുന്നത് വഴി അധിക ചെലവ് ഒഴിവാക്കാൻ സാധിക്കും. യൂറോപ്യൻ രാജ്യങ്ങളിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ ഉദ്യോഗാർത്ഥികൾക്ക് ഈ പുതിയ മാറ്റം ഏറെ ശ്രദ്ധേയമാണ്.

നവംബർ മുപ്പത് മുതൽ യുകെ സ്റ്റുഡന്റ് വിസയ്ക്ക് ഉയർന്ന ബാങ്ക് ബാലൻസ് നിർബന്ധം

2027 ജനുവരിയിലെ അക്കാദമിക് സെഷനിലേക്ക് ബ്രിട്ടനിലെ പ്രമുഖ സർവ്വകലാശാലകളിൽ ഉപരിപഠനത്തിന് തയ്യാറെടുക്കുന്ന ആയിരക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികളുടെ സാമ്പത്തിക ആസൂത്രണത്തിൽ നിർണ്ണായകമായ മാറ്റം വരുത്തിക്കൊണ്ട്, നവംബർ മുപ്പത് മുതൽ യുകെ സ്റ്റുഡന്റ് വിസയ്ക്കുള്ള കുറഞ്ഞ ബാങ്ക് ബാലൻസ് പരിധി ഉയരുകയാണ്! ബ്രിട്ടീഷ് ഹോം ഓഫീസ് പുറത്തിറക്കിയ പുതിയ ഇമിഗ്രേഷൻ ചട്ട ഭേദഗതി പ്രകാരം, ലണ്ടനിലും ലണ്ടന് പുറത്തുമുള്ള സർവ്വകലാശാലകളിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർ ജീവിതച്ചെലവിനായി ബാങ്ക് അക്കൗണ്ടിൽ കാണിക്കേണ്ട തുകയിൽ വർദ്ധനവ് വരുത്തിയിരിക്കുന്നു. ഇതിനൊപ്പം തന്നെ, നിശ്ചിത തുക തുടർച്ചയായി ഇരുപത്തിയെട്ട് ദിവസം അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന കർശന നിബന്ധനയും വിദേശ വിദ്യാർത്ഥികൾക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. അക്കൗണ്ടിലെ ബാലൻസ് ഒരു ദിവസം പോലും നിശ്ചിത പരിധിക്ക് താഴെ പോയാൽ വിസ അപേക്ഷ നിരസിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ, നവംബർ മുപ്പതിന് മുൻപും ശേഷവും അപേക്ഷിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ പാലിക്കേണ്ട കൃത്യമായ കണക്കുകളും നിയമവ്യവസ്ഥകളും താഴെ വിശദമായി പരിശോധിക്കാം...

നവംബർ മുപ്പത് മുതൽ പ്രാബല്യത്തിൽ വരുന്ന പുതിയ ബാങ്ക് ബാലൻസ് നിരക്കുകൾ

ബ്രിട്ടനിലെ ജീവിതച്ചെലവുകൾ വർദ്ധിച്ചതിനെ തുടർന്നാണ് ഹോം ഓഫീസ് വിസ അപേക്ഷകർക്കുള്ള സാമ്പത്തിക മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചത്.

ലണ്ടനിലെ പഠനത്തിനുള്ള പുതുക്കിയ തുക



നവംബർ മുപ്പത് മുതൽ ലണ്ടൻ നഗരപരിധിയിലുള്ള സർവ്വകലാശാലകളിൽ പഠിക്കുന്നവർ പ്രതിമാസ ജീവിതച്ചെലവായി ആയിരത്തി അഞ്ഞൂറ്റി എഴുപത് പൗണ്ട് വീതം കാണിക്കണം. നിലവിൽ ഇത് ആയിരത്തി അഞ്ഞൂറ്റി ഇരുപത്തൊന്ന് പത് പൗണ്ടായിരുന്നു. ഒൻപത് മാസമോ അതിൽ കൂടുതലോ ദൈർഘ്യമുള്ള കോഴ്സുകൾക്ക് ആകെ പതിന്നാലായിരത്തി നൂറ്റിമുപ്പത് പൗണ്ട്, അതായത് ഏകദേശം പതിനേഴ് ലക്ഷത്തിലധികം ഇന്ത്യൻ രൂപ ജീവിതച്ചെലവിനായി മാത്രം അക്കൗണ്ടിൽ കരുതേണ്ടതുണ്ട്.

ലണ്ടന് പുറത്തുള്ള സർവ്വകലാശാലകളിലെ നിരക്ക്

ലണ്ടന് പുറത്തുള്ള നഗരങ്ങളിൽ പഠിക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ ജീവിതച്ചെലവ് ആയിരത്തി നൂറ്റി എഴുപത്തൊന്ന് പൗണ്ടിൽ നിന്ന് ആയിരത്തി ഇരുനൂറ്റി മൂന്ന് പൗണ്ടായി ഉയർത്തിയിട്ടുണ്ട്. ഒൻപത് മാസത്തെ കണക്കനുസരിച്ച് ആകെ പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് പൗണ്ട്, അതായത് ഏകദേശം പതിമൂന്ന് ലക്ഷത്തി പതിനായിരം രൂപയിലധികം തുക ബാങ്ക് ബാലൻസായി കാണിക്കണം.

ട്യൂഷൻ ഫീസും താമസച്ചെലവ് ഇളവുകളും

മുകളിൽ പറഞ്ഞ തുക ജീവിതച്ചെലവിന് മാത്രമുള്ളതാണ്. ഇതിന് പുറമെ ആദ്യ വർഷത്തെ ട്യൂഷൻ ഫീസിൽ അടയ്ക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും അക്കൗണ്ടിൽ ഉണ്ടായിരിക്കണം. സർവ്വകലാശാലയുടെ ഹോസ്റ്റൽ സൗകര്യത്തിനായി മുൻകൂട്ടി പണമടച്ചിട്ടുണ്ടെങ്കിൽ, അതിൽ നിന്ന് പരമാവധി ആയിരത്തി അഞ്ഞൂറ്റി എഴുപത് പൗണ്ട് വരെ ജീവിതച്ചെലവ് തുകയിൽ നിന്ന് കുറവ് ചെയ്യാൻ അനുവാദമുണ്ട്.

അപേക്ഷാ തീയതിയും നിരക്ക് ബാധകമാകുന്ന രീതിയും

2026 നവംബർ ഇരുപത്തൊൻപത് വരെ ഓൺലൈനായി വിസ അപേക്ഷ സമർപ്പിക്കുകയും ഫീസ് അടയ്ക്കുകയും ചെയ്യുന്നവർക്ക് പഴയ നിരക്കുകൾ മതിയാകും. എന്നാൽ നവംബർ മുപ്പതിനോ അതിന് ശേഷമോ അപേക്ഷിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പുതിയ ഉയർന്ന നിരക്കുകൾ നിർബന്ധമാണ്.

ഇരുപത്തിയെട്ട് ദിവസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് നിബന്ധനയും ശ്രദ്ധിക്കേണ്ട പിഴവുകളും

വിസ അപേക്ഷകൾ നിരസിക്കപ്പെടുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് ബാങ്ക് ബാലൻസ് നിലനിർത്തുന്നതിലുണ്ടാകുന്ന സാങ്കേതിക പിഴവുകളാണ്.

തുടർച്ചയായ ഇരുപത്തിയെട്ട് ദിവസത്തെ നിബന്ധന

വിസ അപേക്ഷ സമർപ്പിക്കുന്നതിന് മുൻപായി, ആവശ്യമായ മുഴുവൻ തുകയും തുടർച്ചയായി ഇരുപത്തിയെട്ട് ദിവസം ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരിക്കണം. ഈ ഇരുപത്തിയെട്ട് ദിവസത്തിനിടയിൽ ഏതെങ്കിലും ഒരു ദിവസം അക്കൗണ്ട് ബാലൻസ് നിശ്ചിത പരിധിക്ക് താഴെ പോയാൽ, ആ ദിവസത്തോടെ കണക്ക് അസാധുവാകുകയും വീണ്ടും പുതിയ ഇരുപത്തിയെട്ട് ദിവസം പൂർത്തിയാക്കേണ്ടി വരികയും ചെയ്യും.

മുപ്പത്തിയൊന്ന് ദിവസത്തെ സ്റ്റേറ്റ്മെന്റ് കാലാവധി

ബാങ്ക് നൽകുന്ന സ്റ്റേറ്റ്മെന്റിലെ അവസാന ഇടപാട് തീയതിയും വിസ അപേക്ഷ സമർപ്പിക്കുന്ന തീയതിയും തമ്മിൽ മുപ്പത്തിയൊന്ന് ദിവസത്തിൽ കൂടുതൽ വ്യത്യാസം ഉണ്ടാകാൻ പാടില്ല. പഴയ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കുന്നത് അപേക്ഷനിരസിക്കപ്പെടാൻഇടയാക്കും.

വിദേശ നാണയ വിനിമയ നിരക്കിലെ വ്യത്യാനം

ഇന്ത്യൻ രൂപയും ബ്രിട്ടീഷ് പൗണ്ടും തമ്മിലുള്ള വിനിമയ നിരക്കിൽ ദിവസവും മാറ്റങ്ങൾ വരുന്നതിനാൽ, കൃത്യമായ തുക മാത്രം അക്കൗണ്ടിൽ ഇടുന്നത് അപകടകരമാണ്. വിനിമയ നിരക്ക് ഉയർന്നാൽ അക്കൗണ്ടിലെ തുക പൗണ്ടിലേക്ക് മാറ്റുമ്പോൾ കുറവുണ്ടാകാൻ സാധ്യതയുള്ളതിനാൽ, ആവശ്യമായ തുകയേക്കാൾ അൻപതിനായിരം മുതൽ ഒരു ലക്ഷം രൂപ വരെ അധികമായി അക്കൗണ്ടിൽ സൂക്ഷിക്കുന്നതാണ് സുരക്ഷിതം.

മാതാപിതാക്കളുടെ അക്കൗണ്ടും വിദ്യാഭ്യാസ വായ്പയും

വിദ്യാർത്ഥിയുടെ സ്വന്തം അക്കൗണ്ടിന് പുറമെ മാതാപിതാക്കളുടെ ബാങ്ക് അക്കൗണ്ടിലുള്ള പണവും കാണിക്കാം. ഇതിനായി ജനന സർട്ടിഫിക്കറ്റും മാതാപിതാക്കളുടെ സമ്മതപത്രവും ഹാജരാക്കണം. അംഗീകൃത ബാങ്കുകളിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പാ അനുമതി പത്രമാണെങ്കിൽ ഇരുപത്തിയെട്ട് ദിവസത്തെ നിബന്ധന ബാധകമല്ല.

ജനുവരി പ്രവേശനത്തിന് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

അവസാന നിമിഷത്തെ തിരക്കും സാമ്പത്തിക നഷ്ടങ്ങളും ഒഴിവാക്കാൻ കൃത്യമായ ആസൂത്രണം അനിവാര്യമാണ്.

അംഗീകൃത ബാങ്കുകളും അക്കൗണ്ട് രേഖകളും

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള അംഗീകൃത ബാങ്കുകളിലെ സേവിംഗ്സ് അക്കൗണ്ടുകളോ സ്ഥിരനിക്ഷേപങ്ങളോ മാത്രമേ യുകെ വിസയ്ക്ക് സ്വീകരിക്കുകയുള്ളൂ. ഓഹരി വിപണി നിക്ഷേപങ്ങൾ, മ്യൂച്ചൽ ഫണ്ടുകൾ, ക്രിപ്റ്റോ കറൻസികൾ, പ്രൊവിഡന്റ് ഫണ്ട് എന്നിവ സാമ്പത്തിക തെളിവായി പരിഗണിക്കില്ല.

വിസ ഫീസും ആരോഗ്യ ഇൻഷുറൻസ് തുകയും

അക്കൗണ്ടിൽ കാണിക്കേണ്ട ജീവിതച്ചെലവിന് പുറമെ, വിസ അപേക്ഷാ ഫീസായ അഞ്ഞൂറ്റി അൻപത്തിയെട്ട് പൗണ്ടും, ഇമിഗ്രേഷൻ ഹെൽത്ത് സർചാർജായി പ്രതിവർഷം എഴുന്നൂറ്റി എഴുപത്താറ് പൗണ്ടും പ്രത്യേകം അടയ്ക്കേണ്ടതുണ്ട്. ഇതിനുള്ള പണം അക്കൗണ്ടിലെ ഇരുപത്തിയെട്ട് ദിവസത്തെ ബാലൻസിൽ നിന്ന് എടുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ജനുവരി സെഷനിലേക്ക് അപേക്ഷിക്കുന്നവരുടെ സമയക്രമം

ജനുവരി മാസത്തിൽ ക്ലാസുകൾ ആരംഭിക്കുന്ന കോഴ്സുകൾക്ക് അപേക്ഷിക്കുന്നവർ നവംബർ മുപ്പതിന് മുൻപ തന്നെ വിസ നടപടികൾ പൂർത്തിയാക്കാൻ ശ്രമിക്കണം. അല്ലാത്തപക്ഷം പുതിയ നിരക്ക് അനുസരിച്ചുള്ള അധിക തുക അക്കൗണ്ടിൽ നിക്ഷേപിച്ച് ഇരുപത്തിയെട്ട് ദിവസം കാത്തിരുന്ന ശേഷമേ വിസയ്ക്ക് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ.

THE STORY OF BALLS

NEXT GEN
The Future is New

The oldest receipt for ball games is straight out of Egypt. Archaeologists found a 4,000-year-old painting on a tomb wall showing four people playing ball. Because it's super vintage, you can't really see the ball clearly. Still, it's obvious they were using a ball made of stone or wood, wrapped in leather. That's literally where the whole timeline of balls begins. In ancient Egypt, other colorful wall paintings also show people playing ball. Two players throw the ball back and forth while others jump in trying to catch it. Also, a game that gives major modern hockey vibes—where you hit the ball with a stick—was supposedly a thing in Egypt 4,000 years ago. Before colonizers pulled up to the Americas, Indigenous people in North America also had their own ball game using sticks with nets attached (basically OG lacrosse).



Soccer: Football started in China 2,500 years ago. The Greeks and Romans joined the chat in the 4th century. Back then, there were no strict rules—people were hitting the ball with both hands and feet. This chaotic era lasted until the early 19th century. Eventually, the game split into "Rugby" (using hands) and "Soccer" (using feet). The Football Association was established in 1863, though using hands was still low-key allowed until 1871.

Tennis: Tennis was invented by French monks in the 12th century. By 1370, it went viral in Italy and Britain. Both "Royal Tennis" and "Real Tennis" became a big deal. People started playing it both indoors and outdoors. At first, players literally slapped the ball back and forth over a rope using their bare hands. In French, it was called Jeu de paume (game of the palm). Tennis rackets finally dropped in the 16th century. In 1874, Major Walter Wingfield from London patented "Lawn Tennis" and published the official rulebook, making the sport blow up. Official matches officially kicked off at Wimbledon in South London.

Golf: Golf started getting clout in the 15th century, with Holland and Scotland acting as the main hubs. The world's first-ever golf club was founded in Edinburgh, Scotland, in 1744. Moving the game onto grassy fields became standard in the 18th century.

Basketball: Even the Persian poet Omar Khayyam mentioned a basketball-type game in his poems back in the 11th century. However, the modern version of basketball officially started in 1892. It was introduced as an indoor sport at a school in Massachusetts to keep students active and get their cardio in during the freezing winter months.

Cricket Ball: Cricket evolved from a game played by shepherds in England. It started gaining mainstream attention during the reign of Queen Elizabeth I. Until 1727, cricket had zero basic rules. In 1787, Thomas Lord founded the Marylebone Cricket Club (MCC), which became world-famous and eventually turned into the main authority making the rules for the game.

Baseball: Baseball made its debut in New England at the start of the 19th century. The official rulebook dropped in 1845. During the American Civil War, the game gained massive popularity across the country.

ആശങ്കകൾക്കൊടുവിൽ ദൗത്യം വിജയം; അയോവയിൽ അഞ്ച് ടണ്ണോളം വിഷ സ്ഫോടകവസ്തുക്കൾ നിയന്ത്രിത സ്ഫോടനത്തിലൂടെ നശിപ്പിച്ച് യുഎസ് സൈന്യം

അമേരിക്കയിലെ അയോവയിൽ വർഷങ്ങളായി സൂക്ഷിച്ചിരുന്ന അഞ്ച് ടണ്ണോളം അപകടകരമായ സ്ഫോടകവസ്തുക്കൾ നിയന്ത്രിത സ്ഫോടനത്തിലൂടെ നശിപ്പിച്ച ദൗത്യം വൻ വിജയമായിരുന്നുവെന്ന് യുഎസ് സൈന്യം അറിയിച്ചു. പ്രദേശവാസികൾക്കിടയിലും പരിസ്ഥിതി പ്രവർത്തകർക്കിടയിലും വലിയ ആരോഗ്യപാരിസ്ഥിതിക ആശങ്കകൾ ഉയർത്തിയ നടപടിയാണിത്.

അയോവയിലെ മിഡിൽടൗണിലുള്ള ആർമി അമ്മ്യൂണിഷൻ പ്ലാന്റിൽ ഇരുപത് വർഷത്തിലേറെയായി സൂക്ഷിച്ചിരുന്ന ലെഡ് അസൈഡ് എന്ന രാസവസ്തുവാണ് നിർവീര്യമാക്കിയത്. കാലപ്പഴക്കം കാരണം ഇവയുടെ ഘടനയ്ക്ക് മാറ്റം സംഭവിക്കുകയും ചെറിയൊരു ഉരസലിൽ പോലും സ്വയം പൊട്ടിത്തെറിക്കാൻ സാധ്യതയുള്ള അവസ്ഥയിലേക്ക് മാറുകയും ചെയ്തിരുന്നു.

തണുപ്പ് കാലാവസ്ഥ കടുക്കുന്നതിന് മുൻപ് ഇവ നശിപ്പിച്ചില്ലെങ്കിൽ വലിയൊരു ദുരന്തത്തിന് കാരണമായേക്കാമെന്ന വിലയിരുത്തലിലാണ് സൈന്യം അടിയന്തര നടപടിയിലേക്ക് കടന്നത്. പ്രാദേശിക സമയം രാവിലെ ഒൻപത് മണിയോടെയായിരുന്നു നിയന്ത്രിത സ്ഫോടനം നടത്തിയത്.



സ്ഫോടനത്തെത്തുടർന്ന് വിഷാംശമുള്ള ലെഡ് പൊടിപടലങ്ങൾ അന്തരീക്ഷത്തിൽ കലരുമോ എന്ന ഭയം പ്രദേശവാസികൾക്കിടയിൽ ശക്തമായിരുന്നു. മുൻകരുതലിന്റെ ഭാഗമായി മിഡിൽടൗണിലെയും സമീപ പ്രദേശങ്ങളിലെയും നിരവധി താമസക്കാരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് ഒഴിപ്പിച്ചിരുന്നു.പരിസ്ഥിതി സംഘടനകൾ നൽകിയ ഹർജികളെത്തുടർന്ന് നേരത്തെ കോടതി താൽക്കാലികമായി തടഞ്ഞുവെച്ച ദൗത്യത്തിന് അപ്പീൽ കോടതി അനുമതി നൽകിയതോടെയാണ് സ്ഫോടനത്തിന് വഴിയൊരുങ്ങിയത്. അനിയന്ത്രിതമായ സ്ഫോടനമുണ്ടാക്കുന്ന അപകടത്തേക്കാൾ സുരക്ഷിതം നിയന്ത്രിത സ്ഫോടനമാണെന്ന് കോടതിയും നിരീക്ഷിച്ചിരുന്നു. വിഷപ്പുക അന്തരീക്ഷത്തിലേക്ക് ഉയരുന്നത് തടയാൻ സൈന്യം അതീവ സുരക്ഷാ മുൻകരുതലുകളാണ് ഒരുക്കിയിരുന്നത്. സ്ഫോടകവസ്തുക്കൾ സൂക്ഷിച്ചിരുന്ന ബങ്കറുകൾക്ക് ചുറ്റും മൺതിട്ടകൾ നിർമ്മിക്കുകയും പ്രത്യേകതരം പതയും വെള്ളവും ബാലിസ്റ്റിക് ജെല്ലുകളും ഉപയോഗിച്ച് മൂടുകയും ചെയ്തിരുന്നു.

സ്ഫോടനത്തിന് ശേഷം യുഎസ് പരിസ്ഥിതി സംരക്ഷണ ഏജൻസിയുടെ നിരീക്ഷണ ഉപകരണങ്ങളിൽ അന്തരീക്ഷത്തിൽ ലെഡിന്റെ അംശം ഒട്ടും തന്നെ രേഖപ്പെടുത്തിയിട്ടില്ലെന്ന് അധികൃതർ വ്യക്തമാക്കി. സ്വയം പൊട്ടിത്തെറിക്കാനുള്ള വലിയൊരു ഭീഷണി പൂർണ്ണമായും ഒഴിവായതായി ദൗത്യത്തിന് നേതൃത്വം നൽകിയ മേജർ ജനറൽ എറിക് ഷെർലി പറഞ്ഞു

അതേസമയം, വരും ആഴ്ചകളിൽ സമീപപ്രദേശങ്ങളിലെ ജലസ്രോതസ്സുകളിലും കൃഷിയിടങ്ങളിലും വീടുകളിലും വിശദമായ പരിശോധന നടത്തുമെന്ന് അധികൃതർ അറിയിച്ചു. നിലവിലെ സാഹചര്യം ആശ്വാസകരമാണെങ്കിലും ദീർഘകാല പ്രത്യാഘാതങ്ങൾ അറിയാൻ കൂടുതൽ ശാസ്ത്രീയ പരിശോധനകൾ അനിവാര്യമാണെന്ന് വിദഗ്ധരും ചൂണ്ടിക്കാട്ടുന്നു.

എൻവിഡിയയ്ക്ക് വൻ തിരിച്ചടി; ഭരണനിർവഹണ വീഴ്ചകൾ ചൂണ്ടിക്കാട്ടി ക്രെഡിറ്റ് റേറ്റിംഗ് കുറയ്ക്കാൻ എസ് ആൻഡ് പി ഒരുങ്ങുന്നു



ആഗോള എഐ ചിപ്പ് നിർമ്മാണ രംഗത്തെ ഭീമനായ എൻവിഡിയയുടെ ക്രെഡിറ്റ് റേറ്റിംഗ് താഴ്ത്താൻ പ്രമുഖ ഏജൻസിയായ എസ് ആൻഡ് പി ഗ്ലോബൽ റേറ്റിംഗ്സ് ഒരുങ്ങുന്നു. കമ്പനിയുടെ ഉന്നതതല ഭരണനിർവഹണത്തിലെ വീഴ്ചകളും ബോർഡ് മേൽനോട്ടത്തിലെ പോരായ്മകളും ചൂണ്ടിക്കാട്ടിയാണ് എൻവിഡിയയെ ക്രെഡിറ്റ് വാച്ച് നെഗറ്റീവ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സിഇഒ ജെൻസൻ ഹുവാങ്ങിന്റെ അപ്രതീക്ഷിത രാജിയും ദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തെ വീണ്ടും അതേ പദവിയിൽ തിരിച്ചെടുത്തതുമാണ് നിക്ഷേപകർക്കും റേറ്റിംഗ് ഏജൻസികൾക്കും ഇടയിൽ വലിയ ആശങ്കയുണ്ടാക്കിയത്. കമ്പനിയുടെ പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട വിവാദങ്ങൾക്ക് പിന്നാലെയായിരുന്നു ഹുവാങ് സ്ഥാനമൊഴിഞ്ഞത്.

എൻവിഡിയയുടെ ദീർഘകാല ബോർഡ് അംഗങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനശേഷിയിൽ വിട്ടുവീഴ്ചയുണ്ടായതായി സംശയിക്കുന്നതായി എസ് ആൻഡ് പി പ്രസ്താവനയിൽ വ്യക്തമാക്കി. കമ്പനിയുടെ അതിവേഗ വളർച്ചയ്ക്കനുസരിച്ച് ഭരണനിർവഹണ രീതികൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും ഏജൻസി വിലയിരുത്തുന്നു.

അടുത്ത 90 ദിവസത്തിനുള്ളിൽ നടത്തുന്ന വിശദമായ അവലോകനത്തിന് ശേഷം എൻവിഡിയയുടെ നിലവിലുള്ള എഎ റേറ്റിംഗ് ഒരു പടി താഴ്ത്തി എഎ മൈനസ് ആക്കാൻ സാധ്യതയുണ്ട്. ജെൻസൻ ഹുവാങ്ങിനെ അമിതമായി ആശ്രയിക്കുന്നതും കൃത്യമായ പിൻഗാമി ആസൂത്രണം ഇല്ലാത്തതും കമ്പനിക്ക് വലിയ ഭീഷണിയാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

റേറ്റിംഗ് കുറയ്ക്കുന്നത് എൻവിഡിയയുടെ കടമെടുപ്പ് ചെലവുകൾ വർദ്ധിപ്പിക്കാൻ ഇടയാക്കും. ചെറുകിട എഐ സ്റ്റാർട്ടപ്പുകൾക്കും ക്ലൗഡ് കമ്പനികൾക്കും വായ്പകൾ ലഭിക്കുന്നതിനായി എൻവിഡിയ നൽകുന്ന സാമ്പത്തിക ഗ്യാരന്റികളെയും ഇത് പ്രതികൂലമായി ബാധിച്ചേക്കാം.

അതേസമയം മറ്റൊരു പ്രമുഖ റേറ്റിംഗ് ഏജൻസിയായ മൂഡീസ് എൻവിഡിയയുടെ നിലവിലുള്ള റേറ്റിംഗ് മാറ്റമില്ലാതെ നിലനിർത്തിയിട്ടുണ്ട്. ഹുവാങ്ങിന്റെ തിരിച്ചുവരവ് കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളിലെ അനിശ്ചിതത്വം കുറയ്ക്കാൻ സഹായിച്ചതായി മൂഡീസ് നിരീക്ഷിച്ചു.

റേറ്റിംഗ് ഏജൻസിയുടെ മുന്നറിയിപ്പിന് പിന്നാലെ ഓഹരി വിപണിയിൽ എൻവിഡിയയുടെ ഓഹരി വിലയിൽ ഏകദേശം നാല് ശതമാനത്തോളം ഇടിവ് രേഖപ്പെടുത്തി. ലോകത്തിലെ ഏറ്റവും മൂല്യമുള്ള ചിപ്പ് നിർമ്മാതാക്കളായ എൻവിഡിയ നേരിടുന്ന ഈ ഭരണപ്രതിസന്ധി ആഗോള എഐ വിപണിയിലും വലിയ ചർച്ചയായിട്ടുണ്ട്.

ബഹിരാകാശത്ത് പത്ത് ലക്ഷം എഐ ഡാറ്റാ സെന്ററുകൾ വരുന്നു; ഇലോൺ മസ്കിന്റെ വമ്പൻ സ്റ്റാർമൈൻഡ് പദ്ധതിക്ക് യുഎസ് അനുമതി





ബഹിരാകാശത്ത് പത്ത് ലക്ഷം എഐ ഡാറ്റാ സെന്റർ ഉപഗ്രഹങ്ങൾ വിന്യസിക്കാനുള്ള ഇലോൺ മസ്കിന്റെ സ്പേസ് എക്സ് പദ്ധതിക്ക് അമേരിക്കൻ ഫെഡറൽ കമ്മ്യൂണിക്കേഷൻസ് കമ്മീഷൻ (എഫ്സിസി) അനുമതി നൽകി. സ്റ്റാർമൈൻഡ് എന്ന് പേരിട്ടിരിക്കുന്ന ഈ വിപ്ലവകരമായ പദ്ധതിയിലൂടെ ഭൂമിയുടെ ഭ്രമണപഥത്തെ ഒരു ഭീമൻ കമ്പ്യൂട്ടിംഗ് ശൃംഖലയാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിലെ അതിവേഗ വളർച്ചയ്ക്കാവശ്യമായ കമ്പ്യൂട്ടിംഗ് ശേഷി ഉറപ്പാക്കാനാണ് ഡാറ്റാ സെന്ററുകൾ ബഹിരാകാശത്തേക്ക് മാറ്റുന്നത്. ഭൂമിയിലെ ഡാറ്റാ സെന്ററുകൾ നേരിടുന്ന കടുത്ത വൈദ്യുതി ക്ഷാമത്തിനും താപനിയന്ത്രണ വെല്ലുവിളികൾക്കും പരിഹാരമായാണ് ഈ പുതിയ നീക്കം.

പുതിയ അനുമതി പ്രകാരം 2035 നവംബറിനുള്ളിൽ കുറഞ്ഞത് ഒരു ലക്ഷം സ്റ്റാർമൈൻഡ് ഉപഗ്രഹങ്ങളെങ്കിലും സ്പേസ് എക്സ് ഭ്രമണപഥത്തിൽ എത്തിക്കേണ്ടതുണ്ട്. ടെക്സസിലെ ബാസ്ട്രോപ്പിൽ നിർമ്മിക്കുന്ന പ്രത്യേക ഫാക്ടറിയിൽ നിന്ന് 2027 അവസാനത്തോടെ തന്നെ ആദ്യഘട്ട ഉപഗ്രഹങ്ങൾ വിക്ഷേപണത്തിനായി സജ്ജമാകും.

പ്രമുഖ ചിപ്പ് നിർമ്മാതാക്കളായ എൻവിഡിയയുടെ വേര റൂബിൻ കമ്പ്യൂട്ടിംഗ് സംവിധാനങ്ങളാണ് ആദ്യതലമുറ സ്റ്റാർമൈൻഡ് ഉപഗ്രഹങ്ങളിൽ ഉപയോഗിക്കുന്നത്. ബഹിരാകാശത്തെ സൗരോർജ്ജം നേരിട്ട് പ്രയോജനപ്പെടുത്തി അതിവേഗത്തിൽ ഡാറ്റ പ്രോസസ്സ് ചെയ്ത് ഭൂമിയിലേക്ക് അയക്കാൻ ഇവയ്ക്ക് സാധിക്കും.

സ്പേസ് എക്സിന്റെ അത്യാധുനിക പുനരുപയോഗ റോക്കറ്റായ സ്റ്റാർഷിപ്പിന്റെ വിക്ഷേപണ ചെലവ് കുറയുന്നത് ഈ വമ്പൻ ദൗത്യത്തിന് വലിയ കരുത്താകും. നിലവിൽ സ്റ്റാർലിങ്ക് ശൃംഖലയുടെ ഭാഗമായി പതിനായിരത്തിലധികം ഉപഗ്രഹങ്ങളാണ് സ്പേസ് എക്സിന് ബഹിരാകാശത്തുള്ളത്.

എന്നാൽ പത്ത് ലക്ഷം ഉപഗ്രഹങ്ങൾ ഒന്നിച്ച് ഭ്രമണപഥത്തിൽ എത്തുന്നതിനെതിരെ ആമസോൺ അടക്കമുള്ള എതിരാളികളും ശാസ്ത്രലോകവും കടുത്ത ആശങ്ക ഉയർത്തുന്നുണ്ട്. ഭ്രമണപഥത്തിലെ തിരക്ക് വർദ്ധിക്കുന്നത് ഉപഗ്രഹങ്ങൾ തമ്മിൽ കൂട്ടിയിടിക്കാനും ബഹിരാകാശ മാലിന്യങ്ങൾ പെരുകാനും ഇടയാക്കുമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

കാലാവധി കഴിഞ്ഞ ഉപഗ്രഹങ്ങൾ അന്തരീക്ഷത്തിൽ കത്തിയമരുമ്പോൾ ഓസോൺ പാളിയെ ദോഷകരമായി ബാധിക്കുന്ന അലുമിനിയം കണികകൾ പുറന്തള്ളപ്പെടുമെന്നും പരിസ്ഥിതി സംഘടനകൾ ചൂണ്ടിക്കാട്ടുന്നു. കൂടാതെ രാത്രികാല ആകാശ നിരീക്ഷണത്തെയും ജ്യോതിശാസ്ത്ര പഠനങ്ങളെയും ഇത് സാരമായി ബാധിക്കുമെന്ന് അമേരിക്കൻ ആസ്ട്രോണമിക്കൽ സൊസൈറ്റിയും ആശങ്കപ്പെടുന്നുണ്ട്.

എതിർപ്പുകൾ തള്ളിക്കളഞ്ഞ എഫ്സിസി ചെയർമാൻ ബ്രെൻഡൻ കാർ ബഹിരാകാശ അധിഷ്ഠിത ഡാറ്റാ സെന്ററുകൾ അമേരിക്കയുടെ സാങ്കേതിക നേതൃത്വത്തിന് അനിവാര്യമാണെന്ന് വ്യക്തമാക്കി. ഗൂഗിളും ജെഫ് ബെസോസിന്റെ ബ്ലൂ ഒറിജിനും സമാനമായ പദ്ധതികൾക്കായി രംഗത്തുള്ളതിനാൽ ബഹിരാകാശത്തെ ഡാറ്റാ സെന്റർ മത്സരം വരും വർഷങ്ങളിൽ കൂടുതൽ ശക്തമാകും.

ECUMENICAL COUNCIL OF KERALA CHURCHES IN CHICAGO

43rd ECUMENICAL CHRISTMAS CELEBRATION

DATE: DECEMBER 5, SAT. 2026 TIME: 5:00PM

VENUE: MAR THOMA SLEEHA SYRO MALABAR CATHEDRAL
ADDRESS: 5000 ST. CHARLES RD, BELLWOOD, IL 60104

CHRISTMAS WORSHIP SERVICE
MESSAGE / CAROLS / COLORFUL CHRISTMAS PROGRAMS



All are cordially invited to attend this blessed event

"For unto you is born this day in the city of david a Saviour, which is Christ the Lord." **Luke 2:11**



His Excellency
Bishop Mar
Joy Alappatt

Chief Guest
His Excellency
Mar Jacob
Angadiyath



Rev. Biju Yohannan
President



Very Rev. Fr. Mathew
Karuthalackal Corepiscopa
Vice President



Rev. Fr. Ham Joseph
Chairman



Benjamin Thomas
Secretary



Anto Kavalackal
Gen. Convener



Jacob K. George
Treasurer



Premjit Williams
Auditor



Aleyamma Punnose
Program Coordinator



Jasmine Emmanuel
Joint Secretary



Joyce Cherian
Joint Treasurer

ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ തിരുപ്പിറവി ശുശ്രൂഷയും ക്രിസ്തുമസ് ആഘോഷങ്ങളും ഡിസംബർ 5 – ന്

ഷിക്കാഗോ: എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരള ചർച്ചസ് ഇൻ ഷിക്കാഗോയുടെ 43-ാമത് ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 5-ന് വൈകിട്ട് 5:00 മണിക്ക് ബെൽവുഡ് സീറോ മലബാർ കത്തീഡ്രൽ ഹാളിൽ ഭക്തിനിർഭരമായി ആചരിക്കുന്നു. ഹൃദയങ്ങളിൽ നന്മയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വെളിച്ചം നിറച്ചുകൊണ്ട് ക്രിസ്തുദേവന്റെ തിരുപ്പിറവി ആഘോഷങ്ങൾക്ക് ഇതോടെ തുടക്കമാകും. ചിക്കാഗോ രൂപതയുടെ വന്ദ്യ പിതാവ് മാർ ജേക്കബ് അങ്ങാടിയത്ത് ചടങ്ങിൽ പ്രധാന ക്രിസ്മസ് സന്ദേശം നൽകും.

ആചാരങ്ങളിൽ വ്യത്യസ്തതകൾ ഉണ്ടെങ്കിലും ക്രിസ്തുദേവനാണ് രക്ഷയുടെ ഉറവിടം എന്ന വിശ്വാസമാണ് കൂട്ടായ്മകളുടെ ഐക്യം നിലനിർത്തുന്നത്. പതിനേഴ് (17) പള്ളികൾ അംഗങ്ങളായുള്ള ഈ കൗൺസിലിന്റെ രക്ഷാധികാരികൾ മാർ ജോയ് ആലപ്പാട്ട്, മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരാണ്.

പ്രാർത്ഥനാ പ്രദക്ഷിണത്തോടെ (പ്രൊസെഷൻ) ആരംഭിക്കുന്ന ക്രിസ്തുമസ് ശുശ്രൂഷകൾക്ക് ശേഷം, വിവിധ ഇടവകകൾ അവതരിപ്പിക്കുന്ന നയന ശ്രുതിമനോഹരമായ ക്രിസ്മസ് കലാപരിപാടികൾ വേദിയിൽ അരങ്ങേറും.

കൗൺസിൽ പ്രസിഡന്റ് റവ. ഫാ. ബിജു യോഹന്നാന്റെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പരിപാടിയുടെ വിജയത്തിനായി സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന് കൗൺസിൽ സെക്രട്ടറി ബെഞ്ചമിൻ തോമസ് അറിയിച്ചു.

ആഘോഷങ്ങളുടെ സുഗമമായ നടത്തിപ്പിനായി റവ. ഫാ. ഹാം ജോസഫ് (ചെയർമാൻ), ആന്റോ കവലക്കൽ (ജനറൽ കൺവീനർ), ഏലിയാമ്മ പുന്നൂസ് (പ്രോഗ്രാം കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

ശ്രീ സുനിൽ വർക്കിയുടെ പരിശീലനത്തിൽ എക്യൂമെമിക്കൽ കൊയർ സജീവമായി പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ വൻ ജനപങ്കാളിത്തം ഉണ്ടായ ഈ ആഘോഷത്തിലേക്ക്, ഈ വർഷവും ഏവരുടെയും സ്നേഹപൂർണ്ണമായ സാന്നിധ്യം അഭ്യർത്ഥിക്കുന്നു.

ജോൺസൻ വള്ളിയിൽ/ന്യൂസ് പി. ർ. ഒ

FOR MORE INFORMATION

REV.FR.HAM JOSEPH CHAIRMAN	708-856-7490
MR. ANTO KAVALACKAL GEN. CONVENER	630-666-7310
MR. BENJAMIN THOMAS SECRETARY	847-529-4600

PATRONS
HIS EXCELLENCY
MAR JACOB ANGADIATH
HIS EXCELLENCY
MAR JOY ALAPPATT

EXECUTIVE COMMITTEE
REV. BIJU YOHANNAN
PRESIDENT
VERY REV. FR. MATHEW KARUTHALAKKAL COREPISCOPA
VICE PRESIDENT
MR. BENJAMIN THOMAS
SECRETARY
MR. JACOB K. GEORGE
TREASURER
MRS. JASMINE EMMANUEL
JOINT SECRETARY
MRS. JOYCE CHERIYAN
JOINT TREASURER

YOUTH FORUM
REV. ASHISH THOMAS
MR. RODNEY SIMON
MR. SIBY MATHEW

WOMEN'S FORUM
MRS. ALEYAMMA PUNNOOSE

MEDIA/PUBLICITY
DN. KURIEN P. GEORGE
MR. JOHNSON VALLIYIL

AUDITOR
MR. PREMJIT WILLIAMS

ECUMENICAL CHRISTMAS CELEBRATION COMMITTEE
REV. FR. HAM JOSEPH
CHAIRMAN
MR. ANTO KAVALACKAL
GENERAL CONVENER
MRS. ALEYAMMA PUNNOOSE
PROGRAM COORDINATOR

GREEN ROOM COMMITTEE
MR.GEORGE MATHEW
MRS. JOYCE CHERIAN
MRS. MOLLY ZACHARIAH
MRS. MANJU BABY
MRS. ANU THOMAS
MRS. DELSI MATHEW
MRS. AGNES MATHEW
MR.VIPIN EASO
MRS.VALSA EETTICKAL

STAGE AND SOUND COMMITTEE
MR. JOHNSON KANNOOKADEN
MR. JAISON MANI
CHEV. JAIMON SKARIA
MRS. BEENA GEORGE
MRS. SINIL PHILIP
MR. SAM THOMAS
MRS. SIBIL PHILIP
MR. JOHNSON VALLIYIL
MRS. SHEEBA SHABU
MR. RENJAN ABRAHAM
MR. GEORGE PANICKER
MR. MAMMEN KURUVILLA
DN. CHEV. GEORGE VARGHESE
MR. MATHEW MAPLATE
MR. REJU CHERIAN

FOOD COORDINATION COMMITTEE
MR. SIMON THOMAS
MR. VARGHESE THOMAS

VOLUNTEER CAPTAINS
MR. JAMES PUTHENPURAYIL
MR. JOHN ELAKKATT

CHRISTMAS TREE COORDINATOR
MR. PREMJITH WILLIAM
MR.GEORGE MOLAYAL

CHOIR COORDINATOR
MRS. ALEYAMMA PUNNOOSE

RAFFLE DRAW

Calvin Kavalackal
Johnson Kannookaden
Violet Design and Anvi Design LLC
Kanjeevaram Saree

MALABAR GOLD & DIAMONDS
MOCS CHICAGO
Attorney Steve Crifase
Law Offices of Steven A. Crifase, Ltd.
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor